# UNION CHRISTIAN COLLEGE MAGAZINE 1998



# അകക്കാമ്പ്
## the heart

**ഇനി വരാനിരിക്കുന്ന മഹാദുരന്തകാലത്തേയ്ക്ക്**
**ഒരുപിടി ശവനാറിപൂക്കൾ വെച്ച്**

# TOMORROW'S COMPUTER COURSE + FREE COLLEGE EDUCATION

*For more details contact :*

**APTECH**

**COMPUTER EDUCATION**

We *change* lives

**XVIII/310 Q, IInd Floor,**
**Mulavarickal Buildings,**
**Market Road, Opp. Private Bus Stand,**
**Aluva – 683 101.**
**Phone : 623779.**

# *The heart*

# അകക്കാമ്പ്

യൂണിയൻ ക്രിസ്ത്യൻ കോളേജ് മാഗസിൻ 1997- 98

## പത്രാധിപസമിതി

ഡോ :രാജൻ വർഗ്ഗീസ് (പ്രിൻസിപ്പാൾ )

*സ്റ്റാഫ് അഡ്വൈസർ*
ഡോ: കെ. വി. കുഞ്ഞികൃഷ്ണൻ

*സ്റ്റാഫ് എഡിറ്റേഴ്സ്*
പ്രൊഫ:എ. എം. ഗീവർഗ്ഗീസ്
ശ്രീ . വി.പി. മാർക്കോസ്

*സ്റ്റുഡന്റ് എഡിറ്റർ*
മനോജ് . ജി. കൃഷ്ണൻ

*സബ് എഡിറ്റേഴ്സ്*
രഞ്ജിത് കൃഷ്ണൻ
വിമൽ കെ. എം.
ടി. ഇ. ഇസ്മയിൽ
മാത്യൂസ് കളത്തിൽ

*അംഗങ്ങൾ*
ഷിജു ജോസഫ്
ബിന്ദിഷ് പെരിയാൻ
അൻവർ സാദത്ത്
അനിൽ
ബോബൻ

*വര*
സുനിൽ ജോസ്

*ശീർഷകം*
സോജു വർഗ്ഗീസ്

*രൂപകല്പന*
മാർക്കോസ്



# സമർപ്പണം

നമുക്ക് വഴികാട്ടിയായി ജീവിച്ചു മരിച്ച
മഹാന്മാർക്ക് മുമ്പിൽ..........

ദുരന്തങ്ങളിൽ, കലാപങ്ങളിൽ ജീവൻ നഷ്ടപ്പെട്ട
ആയിരങ്ങൾക്ക് മുമ്പിൽ .........

# From
# The Principal's Desk

We are passing through days of transition. The course contents, course formats and evalution procedures have changed - perhaps not to the extent that these should. But this definitely is a begining. We need to be together in this effort to make Higher Education meaningful.

The College is gearing itself up to submit to Accreditation Procedures. There is much introspection and analysis and stocktaking going on. It is hoped that within a few months Union Christian College will emerge as a nationally accreditred institution one among the handful across the nation.

Recognition certainly will bring the burden of responsibility. There will have to be a lot of relearning and abandoning of familiar habits. New questions are bound to come up, for which answers must be found. New problems will have to be solved.

The coming days will be siginificant for the future of this institution. The Faculty, Staff, Students and the management need to stand together to give new meaning and relevance to our classrooms, playing fields, performance areas and the life on the campus.

Let us do this with the Grace of God.

**Dr. Rajan Varughese**

Principal

Dr. Rajan Varughese



Our Principal

# ആദരാഞ്ജലികൾ



ഇട്ടിയവിര

എപ്പോഴുമുള്ള പുഞ്ചിരിയും
കുശലാന്വേഷണങ്ങളും
സഹായസന്നദ്ധതയും
ഇട്ടീരച്ചേട്ടന്റെ സവിശേഷതകളായിരുന്നു
അതെല്ലാം ഓർമ്മകൾക്ക് നൽകി
ആ യാത്ര അവസാനിച്ചു
തീക്ഷ്ണഗന്ധങ്ങളുടെ
കെമിസ്ട്രി ലാബിൽ ഇനി
ഒരു ദുഃഖസ്മരണ കൂടി.......



ശ്യാമേഷ് പി. എസ്

സൗഹൃദത്തിന്റെ പൂക്കണ്ണികൾ കോർത്തു കഴിഞ്ഞ ഞങ്ങൾക്കിടയിലേക്ക് മിഴികളിൽ ആശങ്കയും ചുണ്ടിൽ പുഞ്ചിരിയുമായ് ശ്യാമേഷ് കടന്നു വന്നു. വർണ്ണതാളങ്ങളുടെ നനുത്ത ചിത്രം തീർക്കുന്ന ക്യാമ്പസ് ക്യാൻവാസിൽ ദിശ മാറിയൊഴുകുന്ന നിറക്കൂട്ടുപോലെ ഏകനായി. ഒരു ചെറുചിരിയിലൊതുങ്ങുന്ന സൗഹൃദം ഒഴിച്ചാൽ മൗനത്തിന്റെ കരിമ്പടത്തിൽ സ്വയമൊതുങ്ങി കോലാഹലങ്ങളില്ലാതെ കടന്നുപോയ സഹപാഠിയുടെ തീരാമോഹങ്ങളുടെ ചിതയിൽ ഇനി കണ്ണീരിന്റെ ആർദ്രത മാത്രം.

ഒടുവിൽ മൊഴിഞ്ഞു തീർക്കാനാവാത്ത ദുഃഖങ്ങൾ ഞങ്ങളിലവശേഷിപ്പിച്ച് ഇരുട്ടിന്റെ ഗാഢമൂകതയിൽ ശ്യാമേഷ് വാനിൽ മറയുമ്പോൾ അടുക്കും മുമ്പേ അകന്നുപോയ സുഹൃത്തിന്റെ സ്മരണക്കു മുമ്പിൽ പ്രാർത്ഥനയുടെ പനിനീർ പുഷ്പങ്ങൾ അർപ്പിച്ചുകൊണ്ട്,

ഒന്നാംവർഷ ചരിത്ര വിദ്യാർത്ഥികൾ



എസ്. രാധാകൃഷ്ണൻ നായർ

മരണം മണക്കുന്ന വാക്കുകൾ
ഇടയ്ക്കു വെച്ച് നിർത്തി നീ
ഇറങ്ങിപ്പോയത്
പൊള്ളുന്ന നിരത്തിലേക്ക്
തൊണ്ടയിൽ കുടുങ്ങിയത്
മറുപടിയല്ല; മൗനം.
തിമിംഗല വേട്ടയ്ക്കുപോയ
കിഴവനെപ്പോൽ
ഉച്ചവെയിൽ വിറച്ചുകൊണ്ട്
നിരാശനായി-
മരണം കണ്ണുകെട്ടിപ്പിടുത്തം
നടത്തുമ്പോൾ-
ഊതിപറന്നു പൊന്തും
അപ്പൂപ്പൻതാടികൾ-
കിനിയുന്നതു രക്തം.
പഞ്ചക്ഷതങ്ങളിൽ വിങ്ങുന്ന
തീപ്പൊള്ളലുമായ്
യേശു വഴിയിറമ്പിൽ.
പിൻവരവില്ലാത്ത
ധൂർത്തപുത്രരെ കണക്ക്
വഴിവിളക്കുകൾ-
കിനാവുകൾ കരിയുന്നു-
കിട്ടാക്കടമായ് വാക്കുകൾ
ശേഷിക്കുന്നു-
വെയിലറിയുന്നിത്.

(കുശലാന്വേഷണത്തിനുശേഷം
ഒരു ഉച്ചവെയിലിലേയ്ക്ക്
ഇറങ്ങിപ്പോയ-
രാധാകൃഷ്ണനെക്കുറിച്ചുള്ള
ഓർമ്മകളോടെ. മ്യൂസ്)

സ്നേഹിതാ,
ഇനി നമുക്ക് സഞ്ചരിക്കാം.
നമ്മുടെ തന്നെ സ്വപ്നങ്ങളിലൂടെ.
നമ്മുടെ പ്രതീക്ഷകൾ ... നമ്മുടെ പ്രണയങ്ങൾ........

നമ്മുടെ അടക്കിപ്പിടിച്ച തേങ്ങലുകൾ ..
ആരും കാണാതെ നാമൊളിപ്പിച്ച
കിനാവിന്റെ കുന്നിമണികൾ .. നമ്മുടെ വിരഹവും വേദനയും..

നാം പരസ്പരം പങ്കു വെച്ച
കൊച്ചു കൊച്ചു തമാശകൾ .. നാം കൊളുത്തി വെച്ച
ആശയുടെ മെഴുതിരിനാളം .. ഇരുട്ടിൽ നിന്നെത്തി നോക്കുന്ന
നമ്മുടെ ആകാംക്ഷകൾ .. വിഹ്വലതകൾ..

ഒരു നീണ്ട മറവിയിൽ മരവിച്ച നമ്മുടെ കാലം...
സ്നേഹിതാ,
അകക്കാമ്പിൽ
എന്റെയും നിന്റെയും ലോകം..

എന്റെയും നിന്റെയും കാമ്പസ്..
- എന്റെയും നിന്റെയും
വാക്ക്.

സ്നേഹാദരങ്ങളോടെ,
മനോജ് ജി. കൃഷ്ണൻ

## STATEMENT OF OWNERSHIP

Statement of ownership and other partculars of the publication U.C. College,Aluva.

| | | |
|---|---|---|
| Place of publication | : | Aluva. |
| Periodicity of publication | : | Annually |
| Printer's Name | : | Dr. Rajan Varughese |
| Nationality | : | Indian |
| Address | : | Principal , U.C. College, Aluva. |
| Publisher's Name | : | Dr. Rajan Varughese |
| Nationality | : | Indian |
| Address | : | Principal, U.C. College, Aluva. |
| Editor's Name | : | Manoj. G. Krishnan |
| Nationality | : | Indian |
| Address | : | Editor, U.C. College, Aluva. |

I, Rajan Varughese hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

Principal



ഒക്ടോവിയോ പാസ് –
നീയെന്തിനായിരുന്നു ഇന്ത്യയെ സ്നേഹിച്ചത്?
– ഒരിക്കലും വറ്റാത്ത നിന്റെ സരസ്വതിയുടെ
പൗരാണികമായ മുജ്ജന്മ പ്രണയത്താലോ?
ഞങ്ങളെന്തിനായിരുന്നു നിന്നെ സ്നേഹിച്ചത്?
–ഞങ്ങളറിയാൻ ശ്രമിക്കാത്ത ഇന്ത്യയെ
ഞങ്ങൾക്കു കാണിച്ചു തന്നതിനാലോ?

## കവിത

കെ. ടോണി ജോസ്
രണ്ടാം വർഷ എം. എ. ഇംഗ്ലീഷ്.

*"A Poem should not mean
But be"*
**Archibald Macleish**



കവിത
ഒരു നദിയാണ്.
അജ്ഞാതമായ
ഏതെതൊക്കെയോ
അരുവികളൊന്നു ചേർന്ന്
അത് സംഭവിക്കുന്നു.
അതിന്റെ
പുറപ്പാടിന്
ഏറെപ്പാടി പ്പതിഞ്ഞ
ഏകാന്തധ്യാനങ്ങളുടെ
പശ്ചാത്തലമുണ്ട്.
പങ്കുവെയ്ക്കപ്പെടാത്ത
പ്രണയം പോലെ
നിഗൂഢമായ ചില
നൊമ്പരപ്പെടലുകളുണ്ട്.

കവിത
അങ്ങിനെ സംഭവിക്കുന്നു.
ഏതോ മലയടിവാരങ്ങളിൽ നിന്ന്.
പിന്നെ നിരന്തരമായ
ഒരു പ്രവാഹം.
ഒരു പുഴയിൽ
രണ്ടു തവണ
കൈനനയ്ക്കാൻ കഴിയില്ല.
ഒരു കവിതയിലും
രണ്ടാമതൊന്നു
കൈനനയ്ക്കുമ്പോഴേക്കും
കവിത
രണ്ടാമതൊന്നായി
ഒഴുകിത്തുടങ്ങുന്നു.

കവിത
ചിലപ്പോൾ
നീർച്ചാൽ പോലെ വറ്റി
നിളയാകുന്നു.
കണ്ണെത്തുവോളം
മണൽപ്പരപ്പിൽ
ആത്മാവിന്റെ കീറുപോലെ
മെലിഞ്ഞു മെലിഞ്ഞ് നിള.
മറ്റു ചിലപ്പോൾ
അത്
നിറഞ്ഞുനിറഞ്ഞ്
സാന്ദ്രഹരിത പ്രവാഹമാകുന്നു
-പെരിയാർ.

മഴയേറ്റ്
വെയിലേറ്റ്
നനഞ്ഞ്
നരച്ച്
പുതുമോടിയണിഞ്ഞ്
പുഴ പിന്നെയും
നിരന്തര പ്രവാഹം
-കവിതയും.

അക്ഷരങ്ങൾ
സ്വർണ മത്സ്യങ്ങൾ
-അവ മരണമില്ലാതെ
നവം നവമായി
പുഴയുടെ ജീവസ്പന്ദമാകുന്നു.

കവിത ഒന്നും അർത്ഥമാക്കുന്നില്ല.
അത് അങ്ങിനെ ആയിരിക്കുന്നു.
-പുഴയും.

*"A Poem should not mean
But be"*

കഥ

എസ്. ജി.
രണ്ടാം വർഷ രസതന്ത്രബിരുദം

# തടിയ്ക്കക്കടവ് പാസഞ്ചർ

തടിയ്ക്കക്കടവ് പാസഞ്ചർ ഒരു ദീർഘദൂരശകടമാണ്. ഈ ശകടവും ഞാനുമായി മൂന്നുവർഷത്തെ ബന്ധമുണ്ട്. വീട്ടിൽ നിന്നും കോളേജിലേയ്ക്കും കോളേജിൽ നിന്ന് വീട്ടിലേയ്ക്കും പോയ്‌വരാൻ എന്റെ ഉറ്റസഹായിയാണിവൻ.

സാക്ഷരകേരളം എന്ന ലക്ഷ്യം കൈവരിച്ചു എങ്കിലും നമ്മുടെ യാത്രാ മാർഗ്ഗങ്ങളെല്ലാം ദുർഗന്ധകേരളമാണ് വിളിച്ചറിയിയ്ക്കുന്നത്. എന്നാൽ തടിയ്ക്കക്കടവ് പാസഞ്ചറിന്റെ കാര്യം നേരേ വിപരീതമാണ്. രാവിലെ എട്ടരയ്ക്ക് ആലുവാ സ്റ്റാൻഡിൽ നിന്നും പുറപ്പെടുന്ന വണ്ടിയ്ക്കുള്ളിൽ പനിനീർപ്പൂവിന്റെ സുഗന്ധമാണ്. ഈ സുഗന്ധത്തിന്റെ ഉറവിടം ഒരു ശാലീന തരുണിയുടെ കാർകൂന്തലാണ്. അവൾ എന്നും രാവിലെ ഈറനോടെ മുടിത്തുമ്പുകെട്ടി പനിനീർപ്പൂവും ചൂടിവരും. വാസ്തവം പറഞ്ഞാൽ ഈ യുവതി വന്നിട്ടേ പാസഞ്ചർ സ്റ്റാൻഡു വിടുകയുള്ളൂ.

കേൾക്കുന്നവർക്കു തോന്നും ഈ യുവതി എല്ലാവരുമായിട്ടു സൗഹൃദത്തിലാണ്, ബസ്സിലുള്ള പതിവുയാത്രക്കാരോടെല്ലാം അവൾ സംസാരിക്കും എന്നൊക്കെ. എന്നാൽ അവൾ ഒരു മൗനി ബാബയാണ്. അവൾ യു.സി. എന്നു പറയുമ്പോൾ കണ്ടക്ടർ 'ഈ' എന്നു മാത്രമേ കേൾക്കുന്നുള്ളൂ. ചിലപ്പോൾ 'ഈ' കേട്ടില്ലെങ്കിലും കണ്ടക്ടർ ടിക്കറ്റ് കൊടുത്തിരിക്കും.

അങ്ങനെ സുഗന്ധം കലർന്ന ഒരു പ്രഭാതം. ബസ്സിൽ യാതൊരു തിരക്കുമില്ല. തരുണിയുടെ സീറ്റിൽ അവൾ തനിച്ച്. പനിനീർപ്പൂക്കൾ മാത്രമുള്ള ഒരു ലോകത്ത് തത്തിക്കളിയ്ക്കുകയായിരുന്നു എന്റെ മനസ്സ്. ബസ്സ് വിടാറായപ്പോൾ ഒരു അപ്പൂപ്പനും അയാളുടെ ഭാര്യയും കൂടി ഓടിവരുന്നു. കൈയിലൊരു കുടയുമുണ്ട്.

അപ്പൂപ്പന്റെ കൈയും പിടിച്ച് വാശിയോടെ ഓടുകയാണ് അമ്മൂമ്മ. ഉത്തമദാമ്പത്യബന്ധത്തിന്റെ ഉത്തമ ഉദാഹരണം. ബസ്സു നിന്നു, അപ്പൂപ്പനെയും വലിച്ചുകൊണ്ട് ആ സ്ത്രീ ബസ്സിനകത്തേയ്ക്ക് കയറി. സൗരഭ്യസാഗരങ്ങളിൽ നീന്തിത്തുടിച്ചുകൊണ്ടിരിക്കുകയായിരുന്ന യാത്രക്കാരുടെ നാസാദ്വാരങ്ങളിൽ തീമഴ പെയ്തതുപോലെ അനുഭവപ്പെട്ടു. മുനിസിപ്പാലിറ്റി മൂത്രപ്പുരയുടെ സുഗന്ധം ബസ്സിനകത്തേയ്ക്കും പുറത്തേയ്ക്കും പടർന്നു. സ്റ്റാൻഡിന്റെ തൊട്ടടുത്തുള്ള ഷോപ്പിങ്ങ് കോംപ്ലക്സിന്റെ മുകളിൽ നിന്നും എന്തിനോ കുറെ പ്രാവുകൾ പറന്നു പോകുന്നതു കണ്ടു. ഈ പാതാളവാസനയുടെ അക്ഷയപാത്രങ്ങൾ രണ്ടും കൂടി വന്നിരുന്നതോ സൗരഭ്യ

ത്തിന്റെ മൂർത്തിരൂപമായ തരുണീ മണിയുടെ സീറ്റിലും. അവരം സീറ്റിന്റെ ഒരു ഭാഗത്തേയ്ക്ക് ഒതു ങ്ങിയിരുന്നു.

അമ്മൂമ്മ അപ്പൂപ്പനെ തരുണിയുടെ അടുത്തിരുത്തിയിട്ട് ജനലിന്റെ അടുത്ത് പോയിരുന്നു. അതിന് അവർ പറഞ്ഞ ന്യായം 'എനിക്ക് കൊറേ കഴിയുമ്പോ ഛർദ്ദിയ്ക്കാൻ വരും, ഇവിടിരിക്കു മ്പോൾ സൗകര്യമാണല്ലോ.' അതു കേട്ടപ്പോഴേ പുറകിലിരുന്ന യാത്രക്കാരെല്ലാം ഷട്ടറിട്ടു.

ബസ്സ് വിട്ടുകഴിഞ്ഞാൽ കുറച്ചുനേരം ഞാൻ എന്റെ സ്വപ്നലോകത്തിലേക്ക് കൂപ്പുകുത്തും.

അപ്പോൾ
ടിക്കറ്റുമായ്
എന്നെ വർ
നകാലത്തി
തിരിച്ചുകൊ
കുറച്ചു കഴി
ഞാനൊരു
മായ കാഴ്ചക
പ്പൻ അയാളു
ല പോലെ
നഖം കൊണ്ട്
ടെ സുന്ദരമേ
മാന്തുന്നു!!
രക്തം തിളച്ചു
'എടീ പെ
കഴിഞ്ഞോ
ണിയുടെ
തുടുത്തു
'അ' എന്നു
ഉച്ച് എന്ന്
കുറച്ചുകഴി
അപ്പൂപ്പൻ
മാന്തി
കടുങ്ങല്ലൂരെ
ടീ?' 'എ
രം, ഇല്ല
തഥം. ഓരോ
വിട്ട് അപ്പൂപ്പ
തന്നെ
അപ്പൂപ്പന്റെ




കണ്ടക്ടർ
വന്ന
ത്ത മാ
ലേയ്ക്കു
ണ്ടുവരും.
ഞാപ്പോൾ
അതിഭീകര
ണ്ടു, അപ്പൂ
ടെ പുകയി
കരിഞ്ഞ
തരുണിയു
നിയിൽ
എന്റ
പൊന്തി.
ണ്ണ ആല്ലേവ
ടീ?' തരു
മുഖമാകെ
അവൾ
പുച്ഛിച്ചു
അർത്ഥം.
ഞാപ്പോൾ
വീണ്ടും
'പെണ്ണ
ത്തിയോ
എന്നു ത
എന്നർ
മിനിട്ട് ഇട
ന് ഇത്
തൊഴിൽ.
കരണകുറ്റി

യ്ക്ക് 'ഠേ' എന്നൊന്ന് പൊട്ടിച്ചാലോ എന്ന് തോന്നാതിരുന്നില്ല. പക്ഷേ, അഹിംസാതത്വമാകു ന്ന ചാക്കുനൂലിൽ ഞാൻ ഞാന്നു കിടന്നു.

ഒടുവിൽ വണ്ടി കടുങ്ങല്ലൂരെത്തി. ഞാൻ ആത്മസംയമനം പാലിച്ച് അപ്പൂപ്പനോട് പറഞ്ഞു: കടുങ്ങല്ലൂരെത്തി. നിങ്ങൾ ഇറങ്ങുന്നില്ലേ. അപ്പൂപ്പൻ പല്ലില്ലാത്ത മോണ കാട്ടിപ്പറഞ്ഞു: 'മോളെഞ്ഞ ങ്ങളിറങ്ങണത് സൂസീലാ' ഇതുകേട്ടപ്പോൾ ഞാൻ തൊല്ലൊന്നമ്പരന്നു. എങ്കിലും ധൈര്യം സംഭരിച്ചു ചോദിച്ചു: 'പിന്നെന്തിന് നിങ്ങൾ ഈ സ്ത്രീയേ ശല്യപ്പെടുത്തുന്നു. ഇറങ്ങേണ്ടിടത്ത് ഇറങ്ങിയാൽ പോരെ?' അപ്പൂപ്പന്റെ മറുപടി 'എഞ്ഞെത മോളോടു ഞാൻ മിണ്ടും, അത് ശോയ്ക്കാൻ താനാരാ?' ഞാനും അവിടുത്തെ യാത്രക്കാരും സ്തംഭിച്ചുപോയി. പകുതി പ്രജ്ഞയിൽ ഞാനൊ രു കിളിമൊഴികേട്ടു: 'അച്ഛനൊന്നു മിണ്ടാതിരുന്നൂകൂടെ?'

ലേഖനം
കെ. പി. ചിത്ര
ഒന്നാം വർഷ ഗണിതശാസ്ത്ര ബിരുദം

# ഒരു നിമിഷം, ഒന്നു ചിന്തിക്കൂ

രംഗം ഒരു കോളേജിന്റെ യുവജനോത്സവ വേദി. നടക്കുന്നത് പ്രച്ഛന്നവേഷമത്സരം.

ഭിക്ഷക്കാരനും ഭ്രാന്തിയും മന്ത്രവാദിയുമെല്ലാം തങ്ങളുടെ വേഷം അവതരിപ്പിച്ച് കടന്ന് പോയി. ശക്തിയുള്ളതെങ്കിലും പുതുമയില്ലാത്ത കഥാപാത്രങ്ങൾ! അറുപഴഞ്ചൻ വേഷങ്ങളെന്ന് ചില കോളേജ് പയ്യന്മാർക്കെങ്കിലും തോന്നിക്കാണണം. എല്ലാക്കാര്യത്തിനും വ്യത്യസ്തത ആഗ്രഹിക്കുന്നവരാണല്ലോ നമ്മൾ, പ്രത്യേകിച്ച് കൗമാരപ്രായക്കാർ. ഏതായാലും അടുത്ത കഥാപാത്രത്തെക്കുറിച്ചുള്ള അറിയിപ്പ് വന്നതിങ്ങനെ: 'സർക്കാരാശുപത്രിയിൽ കഴിയുന്ന വിതുരയിലെ പെൺകുട്ടിയുടെ ഇപ്പോഴത്തെ അവസ്ഥ.'

അവതരിപ്പിക്കാൻ തെരഞ്ഞെടുത്ത വിഷയം കൊള്ളാം. സമകാലീനമായ പ്രശ്നം തന്നെ. എങ്കിലും ഒരു സംശയം. 'വിതുരയിലെ പെൺകുട്ടി' എന്നു തന്നെ പറയേണ്ടിയിരുന്നോ? കാരണം ഈ പ്രശ്നം വിതുരയിലെയോ സൂര്യനെല്ലിയിലെയോ പെൺകുട്ടികളുടെ മാത്രമായി ഒതുങ്ങുന്നില്ല. എല്ലാ സ്ത്രീകളുടെയും അവസ്ഥയാണിത്. ധനികയെന്നോ പാവപ്പെട്ടവളെന്നോ കറുപ്പെന്നോ വെളുപ്പെന്നോ വിവേചനമില്ലാതെ എല്ലാ സ്ത്രീകളുടെയും അവസ്ഥ.

പത്രവാർത്തകളിലൂടെ മാത്രം പരിചയമുള്ള വിതുരയിലെ പെൺകുട്ടി. ആ കുട്ടിയെ എങ്ങനെയാവും അവതരിപ്പിക്കുക എന്ന ആകാംക്ഷ വിദ്യാർത്ഥികളും അദ്ധ്യാപകരും വിധികർത്താക്കളും അടങ്ങിയ സദസ്സിൽ തെളിഞ്ഞു കണ്ടു. ഈ ആകാംക്ഷ തന്നെയാവും മനസ്സിൽ നിറഞ്ഞു നിന്ന സംശയത്തെ അൽപസമയത്തേക്കെങ്കിലും മാറ്റി നിർത്തിയത്. എന്നാൽ കാണേണ്ടി വന്നത്, പ്രതീക്ഷിച്ചതുപോലെ സ്ത്രീ ദുഃഖത്തിന്റെ ആവിഷ്കാരമായിരുന്നില്ല. മറിച്ച്, അവൾക്ക് സംഭവിച്ച ദുരിതത്തിന് അവളെത്തന്നെ അവഹേളിച്ചു കൊണ്ടുള്ള പ്രകടനമായിരുന്നു.

ഒരു പൂർണ്ണഗർഭിണിയുടെ രൂപത്തോടും എന്തോ വലിയൊരു തമാശ ചെയ്ത് തീർത്ത ഒരു ഹാസ്യനടന്റെ ഭാവത്തോടും കൂടെ അവതാരകൻ സ്റ്റേജിൽ നിന്നിറങ്ങിയപ്പോൾ, ഒരിക്കൽ കൂടി സ്ത്രീ അപമാനിക്കപ്പെട്ടു, അതും പകുതിയിലധികം സ്ത്രീകൾ നിറഞ്ഞ ഒരു സദസ്സിൽ വച്ച്. നേരിട്ടല്ലെങ്കിലും ചോദ്യം ചെയ്യപ്പെട്ടത് ഒരു മകളുടെ, ഒരു സഹോദരിയുടെ അഭിമാനമാണ്. അനേകം അച്ഛനമ്മമാരുടെ, സഹോദരരുടെ മുന്നിലാണ് അവൾ പരിഹസിക്കപ്പെട്ടത്. എന്തേ ആരും എതിരായി ഒരു വാക്കുപോലും ശബ്ദിച്ചില്ല? ആദർശം പ്രസംഗിച്ചു നടക്കുന്ന ബുദ്ധിജീവികൾ ഇതൊ

ന്നും കണ്ടില്ലെന്നുണ്ടോ? അതോ കാണാത്തതായി ഭാവിച്ചതോ? എല്ലാം പോട്ടെ, മനസ്സിൽ ഒരൽപം കുറ്റബോധമെങ്കിലും? ഇല്ല. ഉണ്ടായിരുന്നത്, മറ്റുള്ളവയിൽ നിന്ന് വ്യത്യസ്തവും അതേസമയം പുതുമയുള്ളതും ആയതിനാൽ മാത്രം താൽക്കാലികമായി ഉണർന്ന കൗതുകം. ഈ കൗതുകമാണെങ്കിലോ ജനിച്ച അതേ വേഗതയിൽ തന്നെ അവസാനിക്കുകയും ചെയ്തു. ഇതേപ്പറ്റിയൊക്കെ ആലോചിക്കാനും തലപുണ്ണാക്കാനുമൊക്കെ സമയം 'നമുക്കു'ണ്ടോ? താനായി തന്റെ പാടായി- ഈ ബദ്ധപ്പാടിനിടയിൽ 'രസിക്കാനും രസിപ്പിക്കാനും' ഇത്തരം വിനോദങ്ങളും. ഇത് നമ്മുടെ മുൻപിൽ നടക്കുന്ന അനേകം സംഭവങ്ങളിൽ ഒന്നുമാത്രം. മനസ്സിൽ സ്പർശിച്ചു കാണുമെങ്കിലും പലരും സൗകര്യപൂർവ്വം മറന്ന ഒന്ന്.



ഒരിക്കൽ അറിയപ്പെടുന്ന കഥാകൃത്തായ ഗ്രേസി അവർക്കുണ്ടായ അനുഭവം ഒരഭിമുഖത്തിൽ എഴുതിയിരുന്നത് വായിച്ചു. ഒരു വിദ്യാർത്ഥിനി, പഠിക്കുന്ന കോളേജിന്റെ മുൻപിൽ തന്നെ ബസ് കയറി മരിച്ചതാണ് സംഭവം. അതേപ്പറ്റി ആ കുട്ടിയുടെ സമപ്രായക്കാരിലാരോ കമന്റടിച്ചതിങ്ങനെ:- 'ആ പെങ്കൊച്ച് രാവിലെ വെളുത്ത ചുരിദാറിട്ട് പോകുന്നത് കണ്ടു. ഇപ്പോഴം ദാ ചുവന്ന ചുരിദാറുമിട്ട് കിടക്കുന്നു.' എന്നു മുതലാണ് ഇത്ര നിസ്സാരമായി ഒരു ദുരന്തത്തെ, അന്യർക്കുണ്ടാവുന്ന ദുരന്തത്തെ നാം കണ്ടു തുടങ്ങിയത്? എന്നു മുതലാണ് പ്രായഭേദമില്ലാതെ എല്ലാവരുംതന്നെ ഇത്ര നിസ്സംഗത കാണിച്ചു തുടങ്ങിയത്? ഒരു വിധത്തിൽ ചിന്തിച്ചാൽ ഇതിൽ ആശ്ചര്യപ്പെടാനൊന്നുമില്ല. നാടുവാഴുന്ന തമ്പുരാക്കന്മാർ തന്നെ പെണ്ണുള്ളിടത്ത് പെൺവാണിഭവും നടക്കും എന്ന് ഒരു സങ്കോചവുമില്ലാതെ പറയുമ്പോഴം.... ശരിയാണ്, അത്ഭുതമെന്തിന്?

അപകട മരണങ്ങളോ മാനഭംഗക്കേസുകളോ ഇപ്പോഴം നമ്മളിൽ വലുതായി ഒരു നടുക്കമുണ്ടാക്കാറില്ല: സാധാരണ സംഭവങ്ങളിൽ ചിലതായി ഇവയെ കാണാൻ നാം പഠിച്ചു കഴിഞ്ഞിരിക്കുന്നു. ഒരു പക്ഷേ ദുരിതങ്ങളുടെ കണക്കില്ലാത്ത ആവർത്തനമാവാം ഈ മരവിപ്പിന് കാരണം. എന്നാൽ ദുഃഖമുണ്ടാവുന്നത് ഈ മരവിപ്പ് ചിലരിൽ ക്രൂരമായ പരിഹാസത്തിലേക്ക് വഴിമാറുന്നത് കാണുമ്പോഴാണ്. ഇവരുടെ 'തമാശ' കണ്ട് ചിരിക്കാൻ ഒരു കൂട്ടർ. ഇതൊന്നും തങ്ങളെ ബാധിക്കുന്ന കാര്യമേയല്ല എന്ന മട്ടിൽ ഒഴിഞ്ഞു മാറുന്ന വേറൊരു കൂട്ടർ. ജീവനുണ്ടെങ്കിലും ചിന്തിക്കാനും പ്രതികരിക്കാനുമുള്ള ശേഷി നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു എന്നുള്ളതിന് തെളിവാണിത്.

എന്നാൽ മനസ്സിൽ സ്നേഹമുണ്ടെങ്കിൽ നമുക്കും കഴിയും ഈ ക്രൂരതയെപ്പറ്റി ചിന്തിക്കാൻ, അതിനെതിരെ പ്രതികരിക്കാൻ. ഈ സ്നേഹം നമ്മുടെ മനസ്സിൽ നിറയുമ്പോഴം, അതിന്റെ ആഴവും അതുകൊണ്ടുള്ള ആശ്വാസവും നമുക്ക് അനുഭവപ്പെടുന്ന ആ നിമിഷം, നമുക്കായി പുതിയൊരു ലോകം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നു കാണാം. അത് കൊണ്ട് കൂട്ടുകാരേ, നിങ്ങളുടെ മനസ്സിൽ സ്നേഹമുണ്ടെങ്കിൽ, ഇനിയും ഒരൽപം നന്മയെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ ഒന്നു ചിന്തിക്കൂ. ഒരു നിമിഷത്തേക്ക്, ഒരു നിമിഷത്തേക്കെങ്കിലും.

കവിത
അശ്വതി
എം.എ. ഇംഗ്ലീഷ്

# അറിവ്



നിനക്കറിയാം ഇതൊരു പൂവാണ്.
എനിക്കുമറിയാം ഇതൊരു പൂവു തന്നെ.

നിന്റെയറിവെനിക്കും
എന്റെയറിവ് നിനക്കും
നന്നായറിയാം.

ഒരിക്കൽ നീ ചോദിച്ചു:
"ഇതൊരു പൂവല്ലേ?"
ഞാൻ പറഞ്ഞു:
"അല്ലേയല്ല....."

അറിവ് അറിവായ് നിന്നു,
പൂവ് പൂവായിത്തന്നെയും.

*With best compliments from:*

ANNA
KITEX
SARAS
CHAKSON
ANNA ALUMINIUM LIMITED
KIZHAKAMBALAM - 683 562

# യൂണിയൻ അംഗങ്ങൾ



കെ. ടോണി ജോസ്
ചെയർമാൻ



റെജിൻ ജോർജ്ജ്
വൈസ്ചെയർമാൻ



എസ്. വിനോദ്
യുയു സി



ഡെൽസൺ ദേവസി
ജനറൽ സെക്രട്ടറി



മുഹമ്മദ് ഷിയാസ്
യുയു. സി



എസ്. ഹരികുമാർ
ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി





മനോജ്.ജി. കൃഷ്ണൻ
മാഗസിൻ എഡിറ്റർ



കെ. അജയ്കുമാർ
ഒന്നാം വർഷ പ്രീഡിഗ്രി പ്രതിനിധി



എബിൻ തോമസ്
രണ്ടാം വർഷ പ്രീഡിഗ്രി പ്രതിനിധി



ഷാമോൻ പി. എസ്
ഒന്നാം വർഷ ഡിഗ്രി പ്രതിനിധി



ജിൽന സൂസൻ ജോസഫ്
വനിതാ പ്രതിനിധി

# ക്ലാസ്സ് പ്രതിനിധികൾ



മഞ്ജുമേരി ജോസഫ്
വനിതാ പ്രതിനിധി



മാത്യൂസ് കളത്തിൽ
രണ്ടാം വർഷ ഡിഗ്രി പ്രതിനിധി



സുബി സെബാസ്റ്റ്യൻ
മൂന്നാം വർഷ ഡിഗ്രി പ്രതിനിധി



മേരി ജോൺ അറയ്ക്കൽ
രണ്ടാം വർഷ പി. ജി പ്രതിനിധി

# നിർദ്ദേശിക്കപ്പെട്ടവർ



അനൂപ് ജോയ്
ഡിബേറ്റിങ് ക്ലബ്
സെക്രട്ടറി



രാജേഷ് മാത്യു
സോഷ്യൽ സർവ്വീസ്
ലീഗ്



ഷിൽജിത് കെ.എൻ.
പിന്നോക്ക വിഭാഗ
പ്രതിനിധി



വിശ്വനാഥ്. കെ. എച്ച്
പ്ലാനിങ് ഫോറം സെക്രട്ടറി



പ്രൊഫ: ബി.ടി .ജോയ്
സ്റ്റാഫ് അഡ്വൈസർ



നിയാസ് എ. യു
സിനി ക്ലബ് സെക്രട്ടറി



കെ. ഹരികൃഷ്ണൻ
ജനറൽ ക്യാപ്റ്റൻ



അനൂപ് കോശി ജേക്കബ്
കാന്റീൻ സെക്രട്ടറി



രജീഷ് ആർ.
ക്വിസ് ക്ലബ് സെക്രട്ടറി

കഥ

പി. ജീനു രാജീവ്

രണ്ടാം വർഷ പ്രീഡിഗ്രി

# അക്ഷരങ്ങൾ

പൊടിയുടെ മണം. വായുവിൽ അവ സ്വതന്ത്രമായി അദൃശ്യമായ ചിറകുകൾ വിരിച്ച് പാറി പറക്കുന്നു. കുറെ പഴഞ്ചൻ പുസ്തകക്കെട്ടുകൾക്കിടയിൽ നിന്നും അനുവാദമില്ലാതെ അവ അവളുടെ മൂക്കിൽ കയറി ഇക്കിളിപ്പെടുത്തി. അത് അത്രയ്ക്ക് സുഖകരമായി അവൾക്ക് തോന്നിയില്ല.

പല നിറങ്ങളിൽ ചാലിച്ച ജീവിതത്തിന്റെ കുറിപ്പുകൾ നിറഞ്ഞ പഴയ ചില വാരികകളും മാസികകളും. കാര്യമായി ഒന്നുമില്ല. കുറെ സിനിമാവാരികകളും വനിതാമാസികകളും. പിന്നെ ആവർത്തന വിരസത നിറഞ്ഞ വാർത്തകളുള്ള കുറെ ദിനപത്രങ്ങളും. ഒരിക്കൽ വായിച്ചത് വീണ്ടും വായിക്കുവാൻ അവൾക്കിഷ്ടമല്ല. അതിനുമാത്രം ഒന്നും ഇല്ല. പിന്നെ ഗൗരവപൂർണ്ണമായ വായനയെക്കുറിച്ച് പറയുകയാണെങ്കിൽ ഒരിക്കൽ കണ്ട മുഖമായിരിക്കുകയില്ല പിന്നീട് കാണുക. അങ്ങനെ അക്ഷരങ്ങളുടെ ഒരായിരം മുഖങ്ങൾ അവളുടെ തലയ്ക്കുമീതെ അമർത്തി ചവിട്ടി നോവിയ്ക്കും. ആ വേദന ഒരു പക്ഷെ പുതിയ ഒരറിവായിരിക്കും നൽകുക.

ഒരു യുദ്ധത്തിന്റെ അവശിഷ്ടങ്ങളെ എന്നപോലെ, തന്റെ വീടിനെ അലംകോലമാക്കിയ ആ പുസ്തകശേഖരം ഒതുക്കി വയ്ക്കാനാണ് അവളുടെ ശ്രമം. അടുക്കിവെയ്ക്കുക എന്നതാണ് അവളുടെ ഏറ്റവും വലിയ നേരംപോക്ക്. അടുക്കോടും ചിട്ടയോടുമുള്ള അവളുടെ ജീവിതത്തിന്റെ ഒരു വശം മാത്രമായിരിക്കാം ഇത്.

നിറപ്പാകിട്ടാർന്ന സിനിമാവാരികകളുടെ ഇടയിൽ നിന്നും വെളുത്ത പുറം ചട്ടയുള്ള ഒരു പുസ്തകം അവളുടെ കൈയിൽ വന്നുപെട്ടു. അധികം പഴക്കമില്ലാത്ത ഒരു കലാലയ മാഗസിൻ ആയിരുന്നു അത്.

കാലദോഷം കൊണ്ട് ഇടയ്ക്ക് വെച്ച് പൊലിഞ്ഞുപോയ തന്റെ കലാലയജീവിതത്തിന്റെ ഓർമ്മകൾ നിറഞ്ഞ ഒരു ഗ്രന്ഥം. കണ്ടുപഴകിയതും വീണ്ടും കാണുവാൻ ആഗ്രഹിക്കുന്നതും ഇനി കാണേണ്ട എന്നും ആഗ്രഹിക്കുന്നതുമായ കുറെ മുഖങ്ങളും അവരുടെ അക്ഷരമാലകളും.

അവൾക്ക് മടുപ്പുതോന്നി. എല്ലാവർക്കും എഴുതുവാനുള്ളത് ഏകദേശം ഒരേ വിഷയം. മരണവും പ്രണയവും കണ്ണീരും വിരഹവും നഷ്ടപ്പെട്ട സ്വപ്നങ്ങളും മൊത്തത്തിൽ ഒരു ദുഃഖത്തിന്റെ നിഴൽ.

മനുഷ്യരെന്തേ ഇങ്ങനെ? അവളുടെ ചിന്തകൾ അക്ഷരങ്ങൾക്കു പിന്നാലെ പാഞ്ഞു തുടങ്ങി. മനുഷ്യർ എന്തിനാണ് എഴുതുന്നത്? എന്തിനെക്കുറിച്ചാണ് എഴുതുന്നത്?

ജീവിതത്തെക്കുറിച്ചും പ്രകൃതിയെക്കുറിച്ചും മഴയെക്കുറിച്ചും എഴുതുവാൻ മനുഷ്യർ കൂടുതൽ ഇഷ്ടപ്പെടുന്നത് എന്തുകൊണ്ടാണ്?

"Variety is the soul of pleasure" എവിടെയോ വായിച്ച ഈ വാചകമാണിപ്പോൾ അവളുടെ മനസ്സിൽ വന്നത്.

ശരിയാണ് വൈവിധ്യത്തിനാണ് വില. അതിനു പിന്നാലെയാണ് മനുഷ്യൻ

പറയുന്നത്



ജീവിതത്തിനും പ്രകൃതിയ്ക്കും മഴയ്ക്കുമൊക്കെ ആകട്ടെ എത്രയെത്ര മുഖങ്ങളാണ്.

നഷ്ടവും ലാഭവും മോഹങ്ങളും മോഹഭംഗങ്ങളും സ്വപ്നങ്ങളും യാഥാർത്ഥ്യങ്ങളും പ്രണയവും വിരഹവും സൗഹൃദങ്ങളും സ്നേഹവും ബന്ധങ്ങളും എല്ലാം ജീവിതത്തിന്റെ വിവിധ ഭാവങ്ങൾ. ഒരു വിധത്തിൽ നോക്കിയാൽ മരണവും - ഒരു നീണ്ടവാക്യത്തിന്റെ ഭാഗമായ പൂർണ്ണവിരാമം പോലെ.

മഴ ഒരു പെണ്ണാണ്. അവളുടെ ഭാവങ്ങൾക്കും അതിരുകളില്ല. ചിലപ്പോൾ വാത്സല്യത്തിന്റെയും സന്തോഷത്തിന്റെയും മുത്തുകളാണ് പൊഴിക്കുന്നതെങ്കിൽ മറ്റു ചിലപ്പോൾ അടങ്ങാത്ത ദേഷ്യത്തോടെ ആരെയും തട്ടിമാറ്റാൻ ശക്തിയുള്ള കല്ലുകളാകാം വർഷിക്കുന്നത്. അതുമല്ലെങ്കിൽ ഒടുങ്ങാത്ത നൊമ്പരത്തിന്റെ കണ്ണുനീർത്തുള്ളികൾ.

പ്രകൃതിയെ പറ്റി പറയുവാനാണെങ്കിൽ വാക്കുകളില്ല. എല്ലാ ഭാവങ്ങളും അടങ്ങിയിരിക്കുന്നത് അവളിൽ തന്നെയാണ്, ആ മാസ്മര ശക്തിയിൽ.

ഇത്രയെല്ലാം ഉണ്ടായിട്ടും എല്ലാവർക്കും ദുഃഖത്തിന്റെ നിഴലുകളുള്ള വിഷയങ്ങളോടാണ് താത്പര്യം എന്നവൾക്ക് തോന്നി. അവളുടെ കാര്യവും വ്യത്യസ്തമല്ല.

കാരണം, ചിരിയുടെ അലകൾ ഒടുങ്ങുവാൻ അധികം സമയം വേണ്ട. ഒരു പക്ഷേ ഒരിക്കൽ കേട്ട് മതിമറന്നാസ്വദിച്ച ഒരു തമാശ അൽപ്പം കഴിഞ്ഞാൽ അതേ രീതിയിൽ ഓർത്തെടുക്കുവാൻ പ്രയാസമാണ്. എന്നാൽ ദുഃഖം മറക്കണമെന്നും ഓർക്കണ്ട എന്നും വിചാരിച്ചാലും അതിന്റെ ഓർമ്മകൾ നൊമ്പരം സമ്മാനിച്ചു കൊണ്ട് വീണ്ടുമെത്തിയേക്കാം.

ചിരി കരച്ചിലിനൊരു മറയാണ്. ഒരിക്കലും ചിരിയുടെ മറയാകുവാൻ കരച്ചിലിനാകില്ല. അതിന്റെ ആവശ്യവുമില്ല. ഇഷ്ടംപോലെ ഉള്ള് തുറന്ന് ചിരിക്കുവാനും കരയുവാനുമുള്ള സ്വാതന്ത്ര്യം വളരെയധികം വിലയുള്ളതാണ്.

അനുഭവങ്ങൾ അവളുടെ ചിന്താശക്തി വർദ്ധിപ്പിച്ചു. അത് എന്തും നേരിടുവാനുള്ള ഒരു കരുത്തും സമ്മാനിച്ചു. ഇന്ന് അവൾ വിശ്വസിക്കുന്ന വാചകം - "Everything is God's will" . ശരിയാണ്. ദൈവം അതായത് വിധി അതിന്റെ വില്ലിൽ നിന്നും എയ്യുന്ന ശരങ്ങൾ ജീവിതസാഗരത്തിന്റെ അലകൾ ആയി മാറുന്നു.

ആ വെളുത്ത പുറം ചട്ടയുള്ള പുസ്തകം മൂലം അവളിൽ നിന്നും ഉയർന്ന ആ ചിന്തകളെ പിടിച്ച് വെള്ളകടലാസ്സിന്റെ കൂട്ടിലടയ്ക്കുവാൻ അവൾക്കു തോന്നി. കൂട്ടിലടച്ച കിളിയെ നോക്കിയിരിക്കുന്നതുപോലെ ആ തുണ്ടു കടലാസ്സിലെ അക്ഷരക്കൂട്ടങ്ങൾ കണ്ടുകൊണ്ടിരിക്കുവാൻ ഒരു രസം.

പക്ഷെ, അവൾക്കു കഴിഞ്ഞില്ല. എഴുതുവാൻ ഉള്ള സ്വാധീനം അവളുടെ കൈകൾക്ക് നഷ്ടപ്പെട്ടിരിക്കുന്നു. വിധി അവളെ ക്രൂരമായി തോൽപ്പിച്ചുകൊണ്ടിരിക്കുന്നു.

അവൾ തന്റെ കടലാസ്സിലേയ്ക്ക് പെറുക്കിവെയ്ക്കുവാൻ കൊതിച്ച അക്ഷരങ്ങൾക്ക് ജീവൻ വെയ്ക്കുന്നു. അ, ആ, ......, ക,.........
ഗ,.....,മ,സ, അവ അവളെ കെട്ടി വരിയുന്നു. അവൾക്കു ചുറ്റും നൃത്തം ചെയ്യുന്നു. അവളുടെ ശ്വാസം മുട്ടുന്നു. പ്രജ്ഞയറ്റുപോകുന്നതുപോലെ തോന്നി.

അക്ഷരങ്ങളുടെ ആശ്വാസവും അവളെ കൈ വിട്ടുവോ?

ലേഖനം
വി.കെ സാഹിദ.
രണ്ടാം വർഷ ജന്തുശാസ്ത്രബിരുദം

# കേരളത്തിലെ വന്യജീവി സങ്കേതങ്ങൾ

മരങ്ങളും മൃഗങ്ങളും പക്ഷികളുമൊന്നും ഇല്ലാത്ത ഒരു ലോകത്തെ പറ്റി ചിന്തിക്കുന്നത് തന്നെ ഭീകരമാണ്. പുൽക്കൊടികളും പൂക്കളുമില്ലെങ്കിൽ ഇവിടെ ജീവവായു എവിടെ നിന്നുണ്ടാകും? കോടിക്കണക്കിന് മനുഷ്യരും ഇതര ജീവികളും കാലപുരി പൂകാൻ നിമിഷങ്ങൾമാത്രം മതിയാകും. വർദ്ധിച്ചു വരുന്ന വനനശീകരണം മനുഷ്യരെ ചിന്തിപ്പിച്ചു തുടങ്ങിയതിന്റെ ഫലമാണ് ലോകമെങ്ങും രക്ഷിച്ചുപോരുന്ന വന്യജീവി സങ്കേതങ്ങൾ.

പ്രകൃതി സമ്പത്തിന്റെ കാര്യത്തിൽ ദൈവത്തിന്റെ സ്വന്തം നാടായ കേരളം വിദേശികളെപ്പോലും വശീകരിച്ചിരുന്നു. എന്നാൽ റബ്ബർ കൃഷിയും തേയിലക്കാടുകളും നമ്മുടെ യഥാർത്ഥ വനഭൂമിയെ നശിപ്പിച്ചു കളഞ്ഞുവെന്നു വേണം കരുതാൻ. പ്രകൃതിയുടെ അസന്തുലിതാവസ്ഥ ഉരുൾപൊട്ടലുകൾക്കും പ്രകൃതിക്ഷോഭത്തിനും വഴിയൊരുക്കിയപ്പോൾ ഭരണാധികാരികൾ സുരക്ഷാനടപടികൾക്കായി തിടുക്കം കൂട്ടിത്തുടങ്ങി.

വന്യജീവികളെ ശാസ്ത്രരീത്യാ സംരക്ഷിക്കാനുള്ള ശ്രമങ്ങൾ ഇന്ത്യയിൽ ആരംഭിച്ചത് 19-ാം നൂറ്റാണ്ടിലാണ്. അന്ന് ബ്രിട്ടീഷ് ഭരണപ്രദേശങ്ങളിലും നാട്ടുരാജ്യങ്ങളിലും അതിനുവേണ്ട നിയമങ്ങൾ ഉണ്ടായി. 1952 മുതൽ പ്രവർത്തിച്ചു വരുന്ന 'ഇന്ത്യൻ ബോർഡ് ഫോർ വൈൽഡ് ലൈഫ്' വന്യജീവി സംരക്ഷണത്തിനായുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. 1955 മുതൽ 'വന്യജീവിവാരം' ഇന്ത്യയിൽ ആഘോഷിച്ചു വരുന്നു. രാഷ്ട്രപിതാവിന്റെ ജന്മനാൾ വരുന്ന ഒക്ടോബർ ആദ്യവാരം ആണ് ഇതിന് വേണ്ടി നീക്കി വെച്ചിട്ടുള്ളത്. വന്യജീവരാശികൾക്ക് സൈ്വര്യമായി ജീവിക്കാനും അവയുടെ വംശ നാശം തടയാനുമുള്ള സാധാരണ സംരക്ഷണ മേഖലയെ സാങ്ച്വറി എന്നുപറയുന്നു. സാങ്ച്വറി എന്ന പദത്തിന് അഭയസ്ഥാനം എന്നാണ് അർത്ഥം. കേരളത്തിൽ ഇപ്പോൾ 12 സാങ്ച്വറികൾ ഉണ്ട്. കേരളത്തിൽ നിലവിലുള്ള വന്യജീവി സങ്കേതങ്ങളുടെ ആകെ വിസ്തൃതി 2250 ച.കി.മീറ്ററാണ്. ഇത് ആകെ വനവിസ്തൃതിയുടെ 24 ശതമാനവും ഭൂവിസ്തൃതിയുടെ ആറ് ശതമാനവും ആണ്. കേരളത്തിൽ രണ്ട് ദേശീയോദ്യാനങ്ങൾ കൂടിയുണ്ട്.

## വന്യജീവി സങ്കേതങ്ങൾ

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിലാണ് നെയ്യാർ സാങ്ച്വറി സ്ഥിതി ചെയ്യുന്നത്. ഈ സങ്കേതം തമിഴ്നാടൻ വന്യജീവി സങ്കേതങ്ങളായ കലക്കാട്, മുണ്ടൻ തുറൈ എന്നിവയോട് ചേർന്ന് കിടക്കുന്നു. കിഴക്കും തെക്കും തമിഴ്നാടും തെക്കുപടിഞ്ഞാറും വടക്കുപടിഞ്ഞാറും നെയ്യാർ ജലാശയതീരവും വടക്ക് നെയ്യാറിലേക്ക് ജലമൊഴുക്കുന്ന വനഭാഗങ്ങൾ ഉൾക്കൊള്ളുന്ന നീർമറിരേഖയും ആണ് ഈ സങ്കേതത്തിന്റെ അതിരുകൾ.

അഗസ്ത്യകൂടം, ചോറ്റുപാറ, വരയാട്ടുമുടി എന്നിവ ഈ സങ്കേതത്തിനുള്ളിലാണ്. ഇന്ത്യയിലെ പ്രധാന ആനത്താവളങ്ങളിലൊന്നാണ് അഗസ്ത്യശൈല താഴ്വര. മറ്റു വന്യജീവികളുടെ ജാതിബാഹുല്യവും ഇവിടെയുണ്ട്. ഈ രണ്ടു കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് 1958 ആഗസ്റ്റ് 19-ാം തീയതി ഇവിടം സാങ്ച്വറിയായി പ്രഖ്യാപിച്ചു.

നെയ്യാറ്റിൽ ഒരു ചീങ്കണ്ണി വളർത്തൽ കേന്ദ്രമുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ ചീങ്കണ്ണികളുള്ളത് ഇവിടെയാണ്. കൂടാതെ ഇവിടെയൊരു ലയൺ സഫാരി പാർക്കുമുണ്ട്. സ്വതന്ത്രമായി വിഹരിക്കുന്ന സിംഹങ്ങളെ വാഹനത്തിൽ സഞ്ചരിച്ചുകൊണ്ട് കാണാമെന്നതാണ് ഈ പാർക്കിന്റെ പ്രത്യേകത.

<u>പേപ്പാറ സാങ്ച്ചറി</u>

ഇന്ത്യൻ വന്യജീവി സംരക്ഷണ നിയമം (1972-ലേത്) 18(1) വകുപ്പനുസരിച്ച് 1983 ഡിസംബർ 21-ാം തീയതി പ്രഖ്യാപിച്ച സങ്കേതമാണ് പേപ്പാറ.



കിഴക്ക് തമിഴ്നാടും അതിരുമലമുടിയും (1594 മീറ്റർ) തെക്ക് നെയ്യാർ സാങ്ച്ചറിയും പടിഞ്ഞാറ് യൂക്കാലിപ്റ്റ്സ് തോട്ടങ്ങളും പേപ്പാറ അണക്കെട്ടും വടക്ക് പേപ്പാറ ജലസംഭരണിയിലേക്ക് ജലമൊഴുക്കുന്ന വനഭാഗങ്ങളുംകൊള്ളുന്ന നീർമറി രേഖയും ബോണക്കാട് എസ്റ്റേറ്റുമാണ് പേപ്പാറ വന്യജീവി സങ്കേതത്തിന്റെ അതിരുകൾ.

ഏകദേശം 53ച.കി.മീറ്റർ വിസ്തൃതിയുള്ള പേപ്പാറ സാങ്ച്ചറി തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിൽ സ്ഥിതി ചെയ്യുന്നു. പാലോട്, കോട്ടൂർ എന്നീ റിസർവ് വനഭാഗങ്ങളാണ് ഇതിലുള്ളത്. കാടിന്റെ ഘടനയെ തകിടം മറിക്കുന്ന തരത്തിലുള്ള മനുഷ്യ ഇടപെടലോ തീ വീഴ്ചയോ കാലിമേച്ചിലോ ഏൽക്കാത്ത ഈ വനമേഖലയെ തിരുവനന്തപുരം ജില്ലയുടെ 'ഹരിതതിലകക്കുറി' എന്നു വിശേഷിപ്പിക്കാം.

പേപ്പാറയിൽ പകൽസമയത്ത് വന്യമൃഗങ്ങളെ കാണുന്നത് വളരെ അപൂർവ്വമാണ്. എന്നാൽ ആന, കടുവ, പുള്ളിപ്പുലി, കാട്ടുപോത്ത്, മ്ലാവ്, കേഴമാൻ, സിംഹവാലൻ കുരങ്ങ് തുടങ്ങി നിരവധി മൃഗങ്ങളും ഇവിടെയുണ്ട്. രാജവെമ്പാല, പെരുമ്പാമ്പ് എന്നീ വിവിധയിനം പാമ്പുകളും ഉടുമ്പും എന്നു വേണ്ട ദക്ഷിണേന്ത്യൻ കാടുകളിലെ ഏറെക്കുറെ എല്ലായിനം ഉരഗജന്തുക്കളും ഇവിടെയുണ്ട്.

<u>ചെന്തുരുണി സാങ്ച്ചറി</u>

പാരമ്പര്യത്തനിമ നിലനിർത്തിപ്പോരുന്ന ചെന്തുരുണി വനമേഖലയെ കേരളത്തിലെ മറ്റൊരു 'സൈലന്റ്‌വാലി' എന്നു വിശേഷിപ്പിക്കാവുന്നതാണ്. അപൂർവ്വമായ ചെന്തുരുണി മരങ്ങളും ഇവിടെ ധാരാളമുണ്ട്. അതുകൊണ്ട് തന്നെയാണ് ഈ താഴ്വരക്ക് 'ചെന്തുരുണി താഴ്വര' എന്ന പേര് കിട്ടിയതും. ഭംഗിയും ഈടുമുള്ള ഗാർഹികോപകരണങ്ങളും നിർമ്മിക്കാൻ ഈട്ടിത്തടിയോട് സാദൃശ്യമുള്ള ചെന്തുരുണി തടി ബഹുവിശേഷമാണ്. (കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ കുളത്തൂപ്പുഴ വില്ലേജിൽ സ്ഥിതി ചെയ്യുന്ന ഈ സങ്കേതം തെന്മല വനഡിവിഷനിൽപ്പെട്ട തെന്മല റെയിഞ്ചിലെ കുളത്തൂപ്പുഴ റിസർവ്വ് വനത്തിന്റെ ഭാഗമാണ്. 100 ച.കി.മീറ്ററിലധികം വിസ്തീർണ്ണമുള്ള ഈ വനമേഖല 1984 ആഗസ്റ്റ് 25-ാം തീയതി വന്യജീവി സംരക്ഷണ കേന്ദ്രമായി പ്രഖ്യാപിച്ചു.) കൊല്ലം വനസർക്കിളിൽ സാങ്ച്ചറിയായോ ദേശീയോദ്യാനമായോ പ്രഖ്യാപിക്കത്തക്ക വനഭാഗങ്ങളും ഉണ്ടെങ്കിൽ നിർദ്ദേശിക്കാൻ 1984-ൽ ഗവൺമെന്റ് നിയോഗിച്ച സർക്കിൾ ലവൽ കമ്മറ്റിയുടെ ശുപാർശയനുസരിച്ചാണ് ചെന്തുരുണി താഴ്വര സാങ്ച്ചറിയാക്കിയത്.

കല്ലട ഡാമിന്റെ വൃഷ്ടിപ്രദേശത്തുള്ള വനമേഖലയും റിസർവോയറും ഉൾക്കൊള്ളുന്നതാണ് വന്യജീവിസങ്കേതം. ചെന്തുരുണിയാറിൽ ബോട്ടുയാത്രയ്ക്ക് സൗകര്യമുണ്ട്.

<u>പെരിയാർ (തേക്കടി) സാങ്ച്ചറി</u>

ഇടുക്കി ജില്ലയിൽ തൊടുപുഴ, ഉടുമ്പൻചോല താലൂക്കുകളിലായി സ്ഥിതി ചെയ്യുന്ന വനമേ

ഖലയാണ് ഇടുക്കി വന്യജീവി സങ്കേതം. ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ജലസംഭരണ മേഖലകൂടിയായ ഈ സങ്കേതത്തിൽ കോട്ടയം വന ഡിവിഷനിലെ നഗരമ്പാറ റെയിഞ്ചിൽപ്പെട്ട ചെമ്പകശ്ശേരി വനങ്ങളും അയ്യപ്പൻ കോവിൽ റെയിഞ്ചിലെ കാക്കത്തോട് വന പ്രദേശങ്ങളും ഉൾപ്പെടുന്നു. 1976 ഫെബ്രുവരി 9-ാം തീയതി ഈ വനമേഖല ഇടുക്കി സാങ്ച്വറി ആയി.

ഈ സങ്കേതത്തിന്റെ തെക്കുഭാഗത്തായി കല്ലാർ തേക്കിൻ തോട്ടവും, വടക്കും കിഴക്കും പടിഞ്ഞാറും ഇടുക്കി ജലാശയ തീരവുമാണ്. ജലാശയവും തേക്കിൻ തോട്ടവും സങ്കേതത്തിലുൾപ്പെട്ടിരിക്കുന്നു.

കേരളത്തിലെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതിയാണ് ഇടുക്കിയിലേത്. കുറവൻ-കുറത്തി മലകളുടെ ഇടയിൽ കൂടി പെരിയാർ ഞെങ്ങി-ഞെരുങ്ങി ഒഴുകിയിരുന്ന സ്ഥലത്താണ് ഇടുക്കി ആർച്ച് ഡാം പണി കഴിപ്പിച്ചിട്ടുള്ളത്. ഇതുൾപ്പെടെ മൂന്ന് അണക്കെട്ടുകളാണ് ഇടുക്കി ജലവൈദ്യുത പദ്ധതിക്കുള്ളത്.

താത്കാലികമായ സുഖസൗകര്യങ്ങൾക്ക് വേണ്ടി നാം പരിസ്ഥിതിയെ കീറിമുറിക്കുന്ന ഈ കാലഘട്ടത്തിൽ, എണ്ണത്തിൽ കുറവെങ്കിലും ഇപ്പോൾ



## ഇരവികുളം നാഷണൽ പാർക്ക്

നീലഗിരി താർ (വരയാട്) എന്ന കാട്ടാടുകളുടെ ആഗോള പ്രശസ്ത ആവാസ കേന്ദ്രമായ ഇരവികുളം ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിലാണ്. ലോകമെമ്പാടുമുള്ള വരയാടുകളിൽ പകുതിയിലധികവും ഇവിടെയാണുള്ളത്. 1978 മെയ് 19-ാം തീയതി, ഇന്ത്യൻ വന്യജീവി നിയമം അനുസരിച്ച് സംസ്ഥാന ഗവൺമെന്റ് ഈ വനമേഖല ദേശീയോദ്യാനം ആയി പ്രഖ്യാപിച്ചു. ഇതിന്റെ വിസ്തൃതി 97 ച.കി.മീറ്ററാണ്.

## ചിന്നാർ സാങ്ച്വറി

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ മറയൂർ-കിലാന്തൂർ വില്ലേജുകളിലായി ഉൾപ്പെട്ടുകിടക്കുന്ന ചിന്നാർ റിസർവ് വനമാണ് ചിന്നാർ സാങ്ച്വറി. ദക്ഷിണേന്ത്യൻ കാടുകളിൽ കണ്ടുവരുന്ന ഏറെക്കുറെ എല്ലാ ജാതി വന്യജന്തുക്കൾക്കും പുറമെ, അത്യപൂർവമെന്നു വിശേഷിപ്പിക്കുന്ന ചാമ്പൽ മലയണ്ണാൻ ചിന്നാറിൽ ഉണ്ട്. 1984 ആഗസ്റ്റ് 4-ാം തീയതി ഈ സങ്കേതം നിലവിൽ വന്നു. വിസ്തീർണ്ണം 90.442 ച.കി.മീറ്ററാണ്.

നിലവിലുള്ള മേഖലയെ അതേപടി സംരക്ഷിക്കാനായാൽ, നാമത് വരും തലമുറയോട് ചെയ്യുന്ന നന്മകളിലൊന്നായി എക്കാലവും നിലനിൽക്കും.

**തട്ടേക്കാട് ബേഡ് സാങ്ച്വറി**

വൈവിധ്യവും, വർണ്ണഭംഗിയുമുള്ള പക്ഷിസമ്പത്തു കൊണ്ട് അനുഗൃഹീതമായ തട്ടേക്കാട് വനമേഖല ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ പെരിയാറിന്റെ വലതുകരയിലാണ് സ്ഥിതി ചെയ്യുന്നത്. 1983 ആഗസ്റ്റ് 27-ാം തീയതി ഈ വനമേഖല 'തട്ടേക്കാട് ബേഡ് സാങ്ച്വറി' എന്ന പേരിൽ സംരക്ഷിത മേഖലയായി പ്രഖ്യാപിച്ചു. കേരളത്തിലെ ഏക പക്ഷിസംരക്ഷണ കേന്ദ്രമാണിത്.



**പീച്ചി-വാഴാനി സാങ്ച്വറി**

തൃശൂർ നഗരത്തിൽ നിന്ന് ഏകദേശം 20കി.മീ. കിഴക്കുമാറി തൃശൂർ, തലപ്പിള്ളി താലൂക്കിൽ സ്ഥിതിചെയ്യുന്ന ഈ വന്യജീവി സങ്കേതം ദൃശ്യഭംഗിക്കും വന്യസസ്യജന്തുജാല സമൃദ്ധിക്കും ഒരു പോലെ പ്രസിദ്ധിപെറ്റതാണ്.

കുറുമാലി, മണാലി, വടക്കഞ്ചേരി എന്നീ നദികളും ഈ സങ്കേതത്തിലാണ്. പീച്ചി നദിക്കു കുറുകെ പീച്ചി ഡാമും വാഴാനി നദിക്കു കുറുകെ വാഴാനി അണക്കെട്ടും നിർമ്മിച്ചിട്ടുണ്ട്.

**ചിമ്മിനി സാങ്ച്വറി**

ആവാസ വ്യവസ്ഥാ പ്രാധാന്യമുള്ള വനമേഖലയാണ് ചിമ്മിനി. ഇതിന്റെ പരിസ്ഥിതിപരവും, സസ്യജന്തു വൈവിധ്യപരവുമായ പ്രാധാന്യം കണക്കിലെടുത്ത് 1984 ആഗസ്റ്റ് 25-ാം തീയതി വന്യജീവി സംരക്ഷണ കേന്ദ്രമായി പ്രഖ്യാപിച്ചു.

ചിമ്മിനി സാങ്ച്വറി തൃശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽ സ്ഥിതി ചെയ്യുന്നു. നെല്ലിയാമ്പതി മലനിരയുടെ പടിഞ്ഞാറെ ചരിവിൽ, തൃശൂർ-ചാലക്കുടി സമതല വനങ്ങളുമായി ചേരുന്ന വിശാല വനമേഖലയുടെ ഒരു ഭാഗം മാത്രമാണ് ചിമ്മിനി. ഈ ഭാഗത്തുള്ള പ്രധാന നദികൾ കുറുമാലിപ്പുഴ, ചിമ്മിനിപ്പുഴ, മുപ്ലിയാറ് എന്നിവയാണ്.

**പറമ്പിക്കുളം സാങ്ച്വറി**

1962 ജൂലൈ 24-തീയതിയാണ് പറമ്പിക്കുളം വൈൽഡ് ലൈഫ് സാങ്ച്വറിയായി പ്രഖ്യാപിച്ചത്. ഇതിന്റെ വിസ്തീർണ്ണം 285 ച.കി.മീറ്ററോളം വരും. സാങ്ച്വറിയുടെ ആസ്ഥാനം തൂണക്കടവ് ആണ്.

സസ്യജന്തുസമ്പത്തിൽ സമ്പന്നമായ ഈ വന്യജീവി സങ്കേതത്തോട് ചേർന്ന് തെക്കുകിഴക്കായി തമിഴ്നാട്ടിലെ ആനമല വന്യജീവി സംരക്ഷണ കേന്ദ്രം സ്ഥിതി ചെയ്യുന്നു. കൂടാതെ, തെക്കും തെക്കുപടിഞ്ഞാറും ചാലക്കുടി, വാഴച്ചാൽ എന്നീ ഡിവിഷനുകളിലെ ഹരിത വനങ്ങളും വടക്കും വടക്കുപടിഞ്ഞാറും നെല്ലിയാമ്പതിയിലെ തുണ്ടു വനങ്ങളും ഇടവിട്ട് കാപ്പി, തേയില, ഏലം എന്നീ സ്വകാര്യ നാണ്യ വിളത്തോട്ടങ്ങളും, നെന്മാറ വനഡിവിഷന്റെ നിക്ഷിപ്ത വനഭാഗങ്ങളുമാണുള്ളത്. സസ്യജന്തുമത്സ്യ സമ്പത്തിനാൽ അനുഗൃഹീതമായ സാങ്ച്വറിയാണ് പറമ്പിക്കുളം.

**സൈലന്റ് വാലി നാഷണൽ പാർക്ക്**

1984 നവംബർ 15-ാം തീയതി സൈലന്റ് വാലി റിസർവ്വ് വനം ദേശീയോദ്യാനമായി പ്രഖ്യാപിച്ചു. ഈ സങ്കേതത്തിന്റെ വിസ്തീർണ്ണം 89.52 ച.കി.മീറ്ററാണ്.

പശ്ചിമഘട്ടത്തിൽ നീലഗിരി സാനുക്കളുടെ തെക്കു പടിഞ്ഞാറേ കോണിൽ സ്ഥിതി ചെയ്യുന്ന സൈലന്റ് വാലി, പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് താലൂക്കിൽ കണ്ടമംഗലം, പയ്യനാടം ദേശങ്ങളിൽ ഉൾപ്പെട്ടു കിടക്കുന്നു. 'സൈരന്ധ്രീ വനം' എന്ന ഐതിഹാസിക നാമവും ഇതിനുണ്ട്. വനമേഖലകളിൽ സർവ്വസാധാരണമായി കേൾക്കാറുള്ള ചീവീടുകളുടെ ശബ്ദം ഈ താഴ്‌വരയിലില്ലാത്തതുകൊണ്ട് ബ്രിട്ടീഷുകാർ ഈ താഴ്‌വരക്ക് 'സൈലന്റ് വാലി' എന്നു പേരിട്ടു.

സൈലന്റ് വാലിയിലെ പ്രധാന നദി വടക്കുനിന്ന് തെക്കോട്ടൊഴുകുന്ന കുന്തിപ്പുഴയാണ്.

# Number of entry-level executive jobs requiring computer skills:

# 5 LAKHS

# Number of courses that meet this need: ONE

## Presenting

# FIRST EXECUTIVE

### Computer + Management = *Executive Careers for* 2000 +

A recent survey conducted by International Data Corporation (India) reveals that 8 lakh entry-level executive jobs are created in India every year, and as many as 5 lakh of them require computer usage skills.
However, the computer skills you need for these executive positions is functions like Marketing, Finance, Accounts, HRD, Production and Administartion are completely different from those you'd acquire in a 'Software Programming' course.

**WELCOME TO FIRST EXECUTIVE:**
**The Revolutionary 'Computers + Management' Course for BA, BSc., Bcom. Students.**

The computer is an indispensable tool for executive efficiency. But you can't use it effectively, if you don't understand Business Management. Designed around this simple truth. First Executive is an innovative combination of computer learning and management education, where every bit of your computer instruction relates to the effective use of computers in day-to-day executive functions.
Using leading office automation software and cutting-edge communication technologies like internet and E-mail, First Executive gives you the competence to use computers to facilitate management and operational decision making by developing your skills in planning, analysis, extraction and presentation of information.

**The World's No.1 Office Automation Software.** Laying emphasis on computer applications in management, the computer instructions have been designed around Microsoft's

Microsoft Certified Solution Provider

Windows and Office suite of Software, with exposure to Multimedia, Internet and E-Mail.

**Multimedia Management Instruction Authored by IIM professors.** Designed by distinguished professors from the IIMs, and other leading consultants, the management instruction modules are delivered using an innovative multimedia teaching methodology, VAT, that combined Video, Audio and Text-based learning.

**Joint Certification by the University of Indianppolis, USA.** On successful completion of this 3-semester course, you will be awarded the Advanced Diploma in Computer Integrated Management, co-signed by the University of Indianappolis, USA.

University of Indianapolis USA

**Placement Assistance.** On creditable completion of First Executive, First Computer' placement network will assist you in locating suitable career openings.

**Credits for Higher Studies.** First Executive is also stepping stone to higher qualifications. With credits earned in this course, you could go on to acquire a Post Graduate Diploma in Management and onward to an MBA from Intercollege, Cyprus.

**March into the next millennium with complete confidence**
If you are a graduate in the making, join First Executive positions in the new millennium.

**FIRST COMPUTERS**

INTER here, CLICK *anywhere.*

ജൈവഭൂമിശാസ്ത്രപരമായ വളരെയധികം സവിശേഷതകളോടെ, പശ്ചിമഘട്ടത്തിലെ ഇതര വനമേഖലകളിൽ നിന്ന് ഒറ്റപ്പെട്ട് കിടക്കുന്നവനഭാഗമാണ് സൈലന്റ് വാലി. അതിപ്രശസ്തമായ പനാമാകനാലിലെ ബാരോ-കൊളറാഡോ ദ്വീപിൽ കാണുന്നത്ര വൈവിധ്യമാർന്ന മഴക്കാടുകളും ഇവിടെയുമുണ്ട്. സൈലന്റ് വാലിയിലെ 0.40 ഹെക്ടറിൽ 84 സ്പീഷീസുകളിൽ പെടുന്ന സസ്യങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. പരിണാമ ശൃംഖലയിലെ 'മിസ്സിങ് ലിങ്കുകൾ' എന്നു കരുതപ്പെടുന്ന ചില ചെറുജീവികൾ ഇപ്പോഴും ഇവിടെയുണ്ട്. സസ്യപ്രജനനത്തിലൂടെ അത്യുത്പാദന ശേഷിയുള്ള പുതിയ ഇനങ്ങൾ വികസിപ്പിച്ചെടുക്കാൻ അനിവാര്യമായ അമൂല്യജീനുകൾ ഈ വന്യയിനം സസ്യങ്ങളിലുണ്ട്.

സൈലന്റ് വാലി ദേശീയോദ്യാനം 'വേൾഡ് ഹെറിറ്റേജ് ലിസ്റ്റിൽ' പെടുത്താനുള്ള നടപടികളും എടുത്തുവരുന്നു.



## വയനാട് സാങ്ച്വറി

വന്യജീവികളുടെ വൈവിധ്യം കൊണ്ടും ബാഹുല്യം കൊണ്ടും സവിശേഷ സ്ഥാനമർഹിക്കുന്ന ഈ വനവിഭാഗം 1973 മെയ് 10-ാം തീയതിയാണ് സാങ്ച്വറിയായി പ്രഖ്യാപിക്കപ്പെട്ടത്. തേക്കടി കഴിഞ്ഞാൽ വലിപ്പത്തിൽ രണ്ടാം സ്ഥാനം ഇതിനാണ്- 344.44 ച.കി. മീറ്റർ. മുൻകാലങ്ങളിൽ പ്രകൃതി സൗകുമാര്യം നിറഞ്ഞ വയനാടിനെ 'കേരളത്തിലെ കാശ്മീർ' എന്നു വിശേഷിപ്പിച്ചിരുന്നു. അതിവിശാലവും, അനുസ്യൂതവുമായ വനമേഖലയുടെ ഒരു ഭാഗം മാത്രമാണ് വയനാടൻ വനങ്ങൾ തമിഴ്നാട്ടിലും കർണാടകത്തിലുമായി ബാക്കി ഭാഗങ്ങൾ വ്യാപിച്ചു കിടക്കുന്നു.

1986 ൽ നിലവിൽ വന്ന 'നീലഗിരി ബയോസ്ഫിയർ, റിസർവ്വിൻെറ, വടക്കു പടിഞ്ഞാറൻ മേഖലയാണ് ഇപ്പോൾ വയനാട് സാങ്ച്വറി. വന്യ ജന്തുക്കളുടെ സംരക്ഷണത്തെ സംബന്ധിച്ചിടത്തോളം മർമ്മ പ്രധാന വനമേഖലയാണിത്. കാരണം വന്യ ജന്തുക്കളിൽ പ്രത്യേകിച്ച് സസ്യഭോജികളായവയുടെ ദേശാന്തരഗമനപഥങ്ങൾ അധികവും ഇവിടെയാണവസാനിക്കുന്നത്. മൊത്തം സാങ്ച്വറി മേഖലയെ നാല് റെയിഞ്ചുകളായി വിഭജിച്ചിട്ടുണ്ട്. തോൽപ്പെട്ടി. കുറിച്യാട്, സുൽത്താൻ ബത്തേരി, മുത്തങ്ങ എന്നിവയാണവ.

## ആറളം സാങ്ച്വറി

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ ആറളം, കൊട്ടിയൂർ എന്നീ വില്ലേജുകളിൽ ഉൾപ്പെട്ടു കിടക്കുന്ന ഈ മേഖല 1984 ഒക്ടോബർ 15-ാം തീയതിയാണ് സാങ്ച്വറിയായി പ്രഖ്യാപിക്കപ്പെട്ടത്. വിസ്തൃതി 55 ച. കി. മീറ്ററാണ്.

വടക്ക് കർണാടകം, കിഴക്ക് വയനാടൻ കാടുകൾ, തെക്ക് കൊട്ടിയൂർ റിസർവ്വ് വനം, പടിഞ്ഞാറ് ആറളം എസ്റ്റേറ്റ് ഫാം എന്നിവയാണ് സാങ്ച്വറിയുടെ നാല് അതിരുകൾ. ആറളം സാങ്ച്വറിയുടെ ഭരണ നിയന്ത്രണം വയനാട് വൈൽഡ് ലൈഫ് ഡിവിഷന്റെ കീഴിലാണ്. വൈൽഡ് ലൈഫ് വാർഡിന്റെ ആസ്ഥാനം സുൽത്താൻ ബത്തേരിയിലാണ്.

കേരളത്തിൽ നിലവിലുള്ള വന്യ ജീവി സങ്കേതങ്ങളേയും, ദേശീയ ഉദ്യാനങ്ങളേയും കുറിച്ചുള്ള ചുരുങ്ങിയ ഒരു വിവരണം മാത്രമാണിത്. താത്കാലികമായ സുഖസൗകര്യങ്ങൾക്ക് വേണ്ടി നാം പരിസ്ഥിതിയെ കീറിമുറിക്കുന്ന ഈ കാലഘട്ടത്തിൽ, എണ്ണത്തിൽ കുറവെങ്കിലും ഇപ്പോൾ നിലവിലുള്ള മേഖലയെ അതേപടി സംരക്ഷിക്കാനായാൽ, നാമത് വരും തലമുറയോട് ചെയ്യുന്ന നന്മകളിലൊന്നായി എക്കാലവും നിലനിൽക്കും.

കഥ

ഷിജു ജോസഫ്
ഒന്നാംവർഷ മനഃശാസ്ത്ര ബിരുദം

ആദ്യമൊക്കെ അത് രസമുള്ള ഒരു കാര്യമായിരുന്നു - വെറുതെ അവളെ നോക്കിക്കൊണ്ടിരിക്കുക. കുറച്ചുനേരമൊക്കെ അവളെയെന്നല്ല ആരെയും നിരീക്ഷിക്കുന്നത് രസകരമാണ്. ടേപ്പ്റിക്കോർഡർ ഓൺ ചെയ്ത് അവളെനിക്കെതിരെ വന്നിരുന്നപ്പോഴും മുതൽ എനിക്കു മറ്റൊന്നും ചെയ്യാനുമില്ലായിരുന്നു. പക്ഷേ, കുറച്ചു കഴിഞ്ഞപ്പോഴും എനിക്കു മടുപ്പു തോന്നിത്തുടങ്ങി; പ്രിയപ്പെട്ടതാണെങ്കിലും ഒരു പാട്ട് തുടർച്ചയായി കേട്ടു മടുക്കുന്നതുപോലെ.

നോടാം എന്നെപ്പോലെ സാധാരണക്കാരനായ ഒരു വിദ്യാർത്ഥിക്ക് സ്വാഭാവികമായുമുണ്ടാകുന്ന സങ്കോചവും ചെറിയൊരു പരിഭ്രമവും എന്നെ പിന്തുടരുന്നുണ്ടായിരുന്നു. ചിലപ്പോഴൊക്കെ തികച്ചും അകാരണമായി നേർത്തൊരു സന്തോഷവും വീടെത്തുന്നതുവരെ എനിക്ക് അനുഭവപ്പെട്ടു കൊണ്ടിരുന്നു.

വാതിൽ തുറന്ന് അകത്ത് കയറിയപ്പോഴും ഞാൻ ക്ഷമാപണം ചെയ്യും പോലെ പറഞ്ഞു:

'എല്ലാം അലങ്കോലമാണ്. ഇന്നൊരതിഥി വരുമെന്നറിഞ്ഞിരുന്നില്ലല്ലോ...'

# ചില ഷോവനിസ്റ്റ് പ്രണയവിചാരങ്ങൾ



മേശപ്പുറത്തു കിടക്കുന്ന വാരികകളിലേതെങ്കിലുമെടുത്തു മറിച്ചുനോക്കുന്നതിനിടയ്ക്ക് തലയുയർത്തുമ്പോഴും, ഞാനവളെ നോക്കിക്കൊണ്ടിരിക്കയാണെന്ന് കണ്ട് അവളും പുഞ്ചിരിക്കും; ഞാനും. സമയം നീങ്ങവേ, അതും എനിക്കു മടുത്തു. ഞങ്ങളുടെ കണ്ണുകൾ കൂട്ടിമുട്ടാതിരിക്കാനായി ഞാൻ നോട്ടം പിൻവലിച്ചു.

അത്ര സാധാരണമല്ലാത്ത രീതിയാലണവൾ പെരുമാറുന്നത്. ഇങ്ങോട്ടുള്ള വഴിയിലേ ഞാൻ ശ്രദ്ധിച്ചിരുന്നു, ഇവളുടെ ഈ മാറ്റം.

'നീയെന്താ ഇന്നു പപ്പയുമായി വഴക്കുണ്ടാക്കിയോ?', ഇടവഴിയിലൂടെ നടക്കുന്നതിനിടെ അവളുടെ നിശ്ശബ്ദത ശ്രദ്ധിച്ച് ഞാൻ ചോദിച്ചു.

'ഞാൻ പപ്പയോട് വഴക്കുണ്ടാക്കുമെന്നാരു പറഞ്ഞു?', പെട്ടെന്നു തന്നെ മറുചോദ്യമെത്തി.

അവളങ്ങനെ പറഞ്ഞിട്ടുണ്ട്. എങ്കിലും ഞാൻ ഒന്നും മിണ്ടാതെ നടന്നു. അവളോടു തർക്കിക്കണമെന്ന് എനിക്കാഗ്രഹമില്ലായിരുന്നു. ഒരു പെൺകുട്ടിയുമായി താമസസ്ഥലത്തേയ്ക്കു പോകു

അവളും വെറുതെ പുഞ്ചിരിച്ചുകൊണ്ട് എല്ലാമൊന്നോടിച്ചു നോക്കി.

ഞാൻ അവളെയും കൂട്ടി അടുത്ത മുറിയിലേക്ക് കയറി. ഞങ്ങളുടെ ചെറിയ അടുക്കളയിലെ സ്റ്റൗവും പാത്രങ്ങളുമൊക്കെ അവളുടെ ശ്രദ്ധയിൽപെട്ടതു കണ്ടപ്പോഴും ഞാൻ തമാശരൂപേണ പറഞ്ഞു;

'നിനക്കു വേണമെങ്കിൽ ഒരു വെറും കട്ടൻചായ ഉണ്ടാക്കിത്തരുവാൻ എനിക്കു പറ്റും. പക്ഷെ, ഒരു സ്ത്രീക്ക് ചായ ഉണ്ടാക്കിക്കൊടുക്കാൻ എന്റെ മുരാച്ചി മനസ്സ് എന്നെ അനുവദിക്കുന്നില്ല.

'പായ നീ തന്നെ ഉണ്ടാക്ക്', അവൾ ചെറുതായി പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു.

'നീയൊരു ഫെമിനിസ്റ്റായല്ലേ?' എന്ന എന്റെ പൊട്ടച്ചോദ്യത്തിനു മറുപടിയായി അവൾക്കു ചിരിയ്ക്കാമായിരുന്നു. അവൾ പക്ഷെ, വെറുതെ മച്ചിലേയ്ക്കും അയയിൽ തൂങ്ങുന്ന എന്റെയും കൂട്ടുകാരുടെയും മുഷിഞ്ഞ വസ്ത്രങ്ങളിലേക്കുമൊക്കെ, എന്നെ വ്യക്തമായും അലോസരപ്പെടുത്തും വിധം നോക്കിക്കൊണ്ടു നടന്നു.

'അപ്പുറത്താരുമില്ലേ?', ഇടയ്ക്ക് അവൾ പുറത്തേയ്ക്ക് നോക്കി ചോദിച്ചു.

മതിലിനപ്പുറത്ത് വീട്ടുടമസ്ഥ താമസിക്കുന്ന വലിയ വീടിന്റെ വാതിൽ അടഞ്ഞു കിടക്കുകയായിരുന്നു.

'അറിയില്ല', ഞാൻ പറഞ്ഞു, 'പുറത്താരെയും കാണാനില്ല.'

ഇവിടുത്തെ കാര്യങ്ങളെല്ലാം തന്നെ അവൾക്കറിയാം. പലപ്പോഴായി ഞാനതൊക്കെ പറഞ്ഞിട്ടുണ്ട്. എങ്കിലും അവളെന്തെങ്കിലും കൂടി ചോദിച്ചേക്കുമെന്നാണ് ഞാൻ കരുതിയത്. വാരികകൾ വായിക്കുന്നതിനിടയ്ക്ക് വെറുതെ ഒരു രസത്തിനെങ്കിലും. ഇത്രയും നേരത്തിനുള്ളിൽ പക്ഷെ, അവൾ മറ്റൊന്നും സംസാരിച്ചിട്ടേയില്ല.

ഞാൻ ഒട്ടൊരു ദേഷ്യത്തോടെ അവളെ നോക്കി. ഞാൻ കാണാറുള്ള അവൾ ഇങ്ങനെയൊന്നുമായിരുന്നില്ല. ക്യാമ്പസ് മുഴുവൻ കൂട്ടുകാരുമൊത്ത് ചുറ്റിക്കറങ്ങി നടക്കുന്ന, എപ്പോഴും കലപില സംസാരിച്ചുകൊണ്ടേയിരിക്കുന്ന അവൾ, ഇടയ്ക്ക്-അവൾ തന്നെ പറഞ്ഞപോലെ- ഒരു പാടു പേരെ ബോറടിപ്പിച്ച് സ്വയം ബോറടിയ്ക്കുമ്പോൾ എന്നെത്തേടിവരുന്ന അവൾ, ഗൗരവമായ ചർച്ചയ്ക്കിടയിൽ പോലും കളിയാക്കലും തമാശയുമായി എന്നെ ചൊടിപ്പിയ്ക്കുന്ന അവൾ.......

-അവളെനിക്കിപ്പോൾ തീർത്തും അപരിചിതയായതു പോലെ....

ഞാൻ കസേരയിലിരുന്ന് പുറത്തേക്ക് നോക്കി. പുഴയിലേക്കുള്ള വഴിയിലൂടെ, പണിക്കാരാണെന്നു തോന്നുന്നു, ആരോ നടക്കുന്നുണ്ട്. വാതിൽ തുറന്നു കിടക്കുന്നതു കണ്ടാൽ കുശലം പറയാൻ അവരിങ്ങോട്ടു വന്നേക്കാം. എഴുന്നേറ്റു വാതിലടച്ചാലോ എന്നു വിചാരിച്ചതാണ്. പെട്ടെന്നോർത്തു- വേണ്ട, അവൾക്കെന്തെങ്കിലും തോന്നിയാലോ?

ഞാൻ വീണ്ടും അവളെത്തന്നെ നോക്കിയിരിക്കാനാരംഭിച്ചു. എനിക്കു പ്രിയപ്പെട്ട പഴയ സിനിമാഗാനങ്ങളാണ് ടേപ്പ് റെക്കോഡറിൽ നിന്നു കേൾക്കുന്നത്. കരിനീല മിഴികളിൽ മിന്നുന്ന പ്രണയത്തെക്കുറിച്ച്...... എല്ലാ വാക്കുകളെയും നിഷ്പ്രഭമാക്കുന്ന ഒരേയൊരു നോട്ടത്തെക്കുറിച്ച്....

അവൾ പെട്ടെന്ന് ആഴ്ചപ്പതിപ്പ് അടച്ചുവെച്ചു, കണ്ണടച്ചില്ലിലൂടെ എന്നെ നോക്കി. ഞാൻ വെറുതെ പുഞ്ചിരിച്ചു. അവൾ തിരിച്ച് ചിരിയ്ക്കാതിരുന്നേക്കുമോ എന്നെനിക്കു ഭയമുണ്ടായിരുന്നു. പക്ഷെ, അവൾ സാവധാനം പുഞ്ചിരിച്ചു. എന്നിട്ട് നിവർന്നിരുന്ന് പുറത്തേക്ക് നോക്കി.

എനിക്ക് ചെറിയൊരാശ്വാസം തോന്നി.

'നീയെന്താണിങ്ങനെ ഒന്നും മിണ്ടാതിരിക്കുന്നത്?', ഞാനവളോടു ചോദിച്ചു.

'നിനക്കു മിണ്ടിക്കൂടേ? അല്ലെങ്കിൽ നമുക്ക് ഒന്നും മിണ്ടാതെ ഇങ്ങനെ ഇരുന്നൂടെ?', തിരിച്ചു ചോദിയ്ക്കാൻ അവൾ ഒട്ടും വൈകിയില്ല.

എനിക്ക് നന്നായി ദേഷ്യം തോന്നി. വന്നപാടെ വാരികകളൊക്കെ എടുത്തിടേണ്ട കാര്യമില്ലായിരുന്നു. മേശപ്പുറത്തെ വാരികകളിലേക്ക് ഞാൻ പെട്ടെന്ന് ഒന്നു പാളിനോക്കി. വേറെന്തെങ്കിലുമൊക്കെ അതിനിടയിലുണ്ടായിരുന്നോ ആവോ?

ഓ, ഉണ്ടെങ്കിലും സാരമില്ല. ഇവളാരാ ഷേഷി!

ഞാൻ ഒന്നും മിണ്ടാതെ എഴുന്നേറ്റ് വാതിൽക്കൽ വന്നു. കുറെനേരം പുറത്തേക്കു നോക്കി വെറുതെ നിന്നു. എനിക്ക് ഒരുപാടു പറയണമെന്നു തോന്നി. ഇങ്ങനെ മിണ്ടാപ്പൂതമായിരിക്കാൻ നീയെന്തിനാണിങ്ങോട്ടു തന്നെ വന്നത്? നമ്മുടെ താത്പര്യങ്ങൾ തമ്മിൽ വലിയ സാമ്യമൊന്നുമില്ലാതിരുന്നിട്ടും നമ്മൾ എന്തെല്ലാം സംസാരിച്ചിട്ടുണ്ട്! ഒന്നും മിണ്ടാതെയിരുന്ന് നീ ഇപ്പോൾ എന്ന പരീക്ഷിക്കുകയാണോ? നിന്റെയാ മുടിഞ്ഞ കണ്ണടയിലൂടെ നീ എന്നെ അളക്കുകയാണോ? കണ്ണടവെച്ച പെൺകുട്ടികളെ പണ്ടു മുതലേ എനിക്കിഷ്ടമല്ല. പെണ്ണിന്റെ സൗന്ദര്യവും ഹൃദയവും കണ്ണുകളിൽ കുടികൊള്ളുന്നുവെന്നാണ് ലോകത്തിലെ കവികളൊക്കെ പറഞ്ഞു വെച്ചിരിക്കുന്നത്.

മറയ്ക്കുള്ളിലെ കണ്ണുകൾ എന്തിനു

കൊള്ളാം - മറ ചില്ലിന്റേതാണെങ്കിലും?

പിന്നെന്തുകൊണ്ടാണ് ഞാനിവളെ ഇഷ്ടപ്പെട്ടത്?

'എന്നുവെച്ച് നമ്മാം പ്രേമിക്കുന്നൊന്നുമില്ല', ഞാൻ സ്വയം ഓർമ്മിപ്പിക്കാനെന്നോണം മനസ്സിൽ പറഞ്ഞു. 'എങ്കിലും.... നമുക്കിടയിൽ പ്രേമം പോലെ എന്തോ ഒന്നുണ്ട്,' ഉടൻ തന്നെ ഞാൻ തുടർന്നു പറഞ്ഞു.

പക്ഷേ-

അവളെന്താണ് ഒന്നും മിണ്ടാതിരിക്കുന്നത്? എന്തെങ്കിലുമൊരു വിഷയം സംസാരിക്കാൻ എടുത്തിട്ടുകൂടേ? ഫാഷൻ ഡിസൈനിങ് മുതൽ സാഹിത്യം വരെ അവൾക്കു താത്പര്യമുള്ള നൂറുകൂട്ടം കാര്യങ്ങളിൽ നിന്ന് എന്തെങ്കിലുമൊന്ന്? അല്ലെങ്കിൽ അവളെപ്പറ്റിത്തന്നെ? അതുമല്ലെങ്കിൽ എന്നെപ്പറ്റി? ഞങ്ങാം താമസിക്കുന്ന ഈ വീടിനെപ്പറ്റി? എന്തെങ്കിലും വിഷയത്തെപ്പറ്റി സംസാരിച്ചു തുടങ്ങാൻ എനിക്കു മടിയാണ്. കഴമ്പുള്ള നാലുവാക്ക് സംസാരിക്കാൻ എനിക്കറിയില്ലെന്നതാണ് സത്യം. ഇവളെപ്പോലുള്ള ആരെങ്കിലും ഫിലോസഫിയും പറഞ്ഞുകൊണ്ടു വരുമ്പോൾ പിടിച്ചു നിൽക്കാൻ വേണ്ടി ഇറക്കുന്ന ചില നമ്പരുകളേ എന്റെ കൈയിലുള്ളൂ. അല്ലെങ്കിൽത്തന്നെ അമ്മാതിരി വിഷയങ്ങളെപ്പറ്റിയൊക്കെ ഇപ്പോൾ എന്തു വാചകമടിയ്ക്കാനാണ്?

എനിക്ക് ഒരു സിഗററ്റ് വലിക്കാൻ ആഗ്രഹം തോന്നി. അകത്തു വന്ന് മേശവലിപ്പിൽ ബാക്കിയുണ്ടായിരുന്ന സിഗററ്റും തീപ്പെട്ടിയുമെടുത്തുകൊണ്ട് ഞാൻ വീണ്ടും വാതിൽക്കലേക്കു നീങ്ങി.

ഞാൻ സിഗററ്റ് വലിയ്ക്കുമെന്നവൾക്കറിയാം. എങ്കിലും അവളെന്തെങ്കിലും പറഞ്ഞേക്കും എന്നു ഞാൻ കരുതിയത് വെറുതെയായി.

വാതിൽക്കൽ അല്പം ചരിഞ്ഞു



നിന്നാൽ ഭിത്തിയിൽ തറച്ച കണ്ണാടിയിൽ അവളെക്കാണാമെന്നെനിക്കറിയാം. പക്ഷേ എനിക്കു മടിതോന്നി. അവളതു ശ്രദ്ധിച്ചെങ്കിലോ?

എല്ലാം വളരെ വിചിത്രമായിത്തോന്നുകയാണ്. പിന്നിൽ വിലകൂടിയ ആഭരണങ്ങളിലും വസ്ത്രങ്ങളിലും പൊതിഞ്ഞ് നിശ്ശബ്ദയായി, വെറുതെയിരിക്കുന്ന തന്റേടിയായ സ്ത്രീ അവളാണെന്നു വിശ്വസിക്കാൻ തന്നെ പ്രയാസം.

സിഗരറ്റ് എരിഞ്ഞു തീർന്നുകൊണ്ടിരുന്നപ്പോൾ എന്റെ അസ്വസ്ഥത വല്ലാതെ വർദ്ധിച്ചു. ഉള്ളിൽ നേർത്ത ഒരു ഭയം വേരോടുന്നതുപോലെ..... അധികം വൈകാതെ തന്നെ എനിക്കു കാരണം മനസ്സിലായി.

-അവൾ ഇപ്പോൾ അനങ്ങാതെയിരുന്ന് എന്നെ സശ്രദ്ധം നിരീക്ഷിക്കുകയായിരിക്കും!

എന്തിന്? തീർന്നായ സിഗററ്റ് ഞാൻ എറിഞ്ഞു കളഞ്ഞു. 'നിനക്കെന്താണു വേണ്ടത്?' എന്ന് തിരിഞ്ഞ് അവളോട് അലറാനാണ് എനിക്ക് തോന്നിയത്.

അവൾക്കെന്താണ് വേണ്ടത്? അവളുമൊത്ത് ഇങ്ങോട്ടു നടക്കുമ്പോൾ മനസ്സിലേക്കോടി വന്നു കുസൃതികാണിച്ചു പോയ ചിന്തകൾ പലതും തിരിച്ചു വരികയാണ്. ഞാൻ എന്നെ ശാസിച്ചില്ല. ഇരമ്പിക്കയറുന്ന ചിന്തകളെ ഒന്നടുക്കിവെയ്ക്കാൻ ഞാൻ ശ്രമിച്ചു. മനസ്സ് കലങ്ങിമറിയുകയാണ്.

കോളേജിൽ ക്ലാസ്സുകൾ അവസാനിക്കാൻ ഏതാനും ദിവസം മാത്രമുള്ളപ്പോൾ അപ്രതീക്ഷിതമായി വന്നതാണ് ഇന്നത്തെ അവധി. വെറുതെ വന്ന കുട്ടികൾ മിക്കവരും പോയിക്കഴിഞ്ഞ് വാകച്ചോട്ടിൽ ഞാൻ തനിയെ ആയപ്പോൾ അവൾ വന്നു. എന്റെ കൂട്ടുകാർ സിനിമയ്ക്കു പോയിരുന്നു. അവൾക്കും കൂട്ടുകാരെയൊന്നും കിട്ടിയില്ലായിരിക്കും. 'ഭയങ്കര ബോറിങ്,' ഞാൻ പറഞ്ഞു 'ഞാൻ വീട്ടിലേക്കു പോകുന്നു.' അപ്പോൾ 'ഞാനും വരട്ടേ' എന്നായി അവൾ. ആയിക്കോട്ടെ എന്നു ഞാനും പറഞ്ഞു.

മൂന്നു വർഷം ഒരേ ക്ലാസ്സിൽ പഠിച്ചിട്ടും അവൾ സൂചിപ്പിക്കുകപോലും ചെയ്തിട്ടില്ലാത്ത കാര്യമാണ് എന്റെ താമസസ്ഥലത്ത് വരിക എന്നത്. അവൾക്കാണെങ്കിൽ തന്റേടം ഇത്തിരി കൂടുതലാണ്. ഞാൻ ഇപ്പോൾ ഒറ്റയ്ക്കാണെന്നറിഞ്ഞുകൊണ്ടാണവൾ വരുന്നത്....

എന്റെ മുഖം മുറുകുന്നത് എനിക്ക് മനസ്സിലായി. തലവേദനപോലെ. 'കൂടുതൽ ചിന്തിക്കാൻ എനിക്കു മടിയായി. കൂട്ടുകാരൊത്തു കൂടുമ്പോൾ സമയം പോക്കാൻ പലരും പറയാറുള്ള 'വീരകഥ'കളിലേക്കാണ് മനസ്സ് നില്ക്കാതെ പാഞ്ഞത്. 'പെൺകുട്ടികൾ ഇങ്ങോട്ടു വന്ന് ഒന്നും ആവശ്യപ്പെടുകയില്ല....' ഒരാളുടെ അഭിപ്രായം.

ഒരു നിമിഷത്തേക്ക് എന്റെ ശരീരത്തിലൂടെ ഒരു മിന്നൽ പാഞ്ഞു.

അവൾക്കെന്നോട് പുച്ഛം തോന്നുന്നുണ്ടാവുമോ? ഞാൻ മനസ്സിലാക്കാൻ കെല്പില്ലാത്ത വിഡ്ഢിയാണെന്ന് അവൾ കരുതുന്നുണ്ടാവുമോ?

പക്ഷേ-

അവൾക്കെന്തെങ്കിലും അനിഷ്ടം തോന്നിയാൽ.... അവൾ വെറുതെയിരിക്കാൻ തന്നെയാണാഗ്രഹിക്കുന്നതെങ്കിലോ?

ഈശ്വരാ... അവളുടെ മനസ്സ് ഞാനെങ്ങനെയാണൊന്നറിയുക? ഭാവിയെപ്പറ്റി എനിക്കൊന്നുമറിയില്ലല്ലോ.

ഇതെന്തൊരു കഷ്ടമാണ്! ഭാവിയെപ്പറ്റി ഒന്നും അറിയാതെ.... ഒന്നു മുൻകൂട്ടി അറിയാൻ കഴിഞ്ഞെങ്കിൽ... ഒരേയൊരു നിമിഷം, ഭാവിയിലേക്ക് ഒന്നു പാളിനോക്കാൻ കഴിഞ്ഞെങ്കിൽ.....

തെറ്റായൊരു നീക്കം എനിക്കെന്താണു നഷ്ടപ്പെടുത്തുക എന്നോർത്തപ്പോൾ ഞാൻ വിയർത്തു. അവളുടെ മുഖത്തൊന്നു നോക്കിയാൽ എന്തെങ്കിലും മനസ്സിലായേക്കാം. പക്ഷേ എനിക്കു കഴിയുന്നില്ല. ഞാൻ എന്നെ ശപിച്ചു: ഭീരു!

എനിക്കു കഠിനമായ ദേഷ്യം വരികയാണ്. 'നീ.... നീയെന്താണിങ്ങനെ?' ഞാനവളെ മനസ്സിൽ തെറി പറഞ്ഞു: 'നീ എന്നെ പരീക്ഷിക്കരുത്.'

അവൾക്കെന്നെ അറിയാം. കാമ്പസിൽ അവളുമായി ചെലവഴിച്ച ഒരുപാട് ഒഴിവുസമയങ്ങൾ ഞാനോർത്തു. 'സ്ത്രീ ഒരത്ഭുത പ്രതിഭാസമൊന്നുമല്ലാ' ഞാനവളോടു പറയുന്നു.

'സ്ത്രീ എന്നത് മിക്കവാറും ശരീരം തന്നെയാണ്. ശരീരത്തിന്റെ ഭംഗി, ശരീരത്തിന്റെ വടിവുകൾ, ശാരീരികാനക്തികൾ..... സ്ത്രീ ഒരു സമസ്യയാണെന്നൊക്കെ പറഞ്ഞു വെച്ചതാരാണ്?'

'ഇതൊക്കെപ്പറയുന്നത് നിങ്ങൾ പുരുഷന്മാർ തന്നെയാണ്. നാളെമാറ്റിപ്പറയുന്നതും നിങ്ങൾ തന്നെ,' അവൾ പറയുന്നു.

പിന്നെപ്പോഴോ വാകച്ചോട്ടിലിരുന്ന് ഒരു തത്വചിന്തകനായിച്ചമഞ്ഞ് - പാതി തമാശയായിട്ടാണെങ്കിലും - ഞാൻ പറയുന്നു:

'പെണ്ണിന് ബുദ്ധി ഒരനാവശ്യസംഗതിയാണ്. ബുദ്ധിയുള്ള പെണ്ണിനെ കെട്ടുന്നവൻ വിഡ്ഢിയാണ്.'

'ബുദ്ധിയുള്ള സ്ത്രീകളെ പുരുഷന്മാർക്ക് ഭയമാണെന്നതല്ലേ സത്യം?' അവൾ തിരിച്ചടിക്കുന്നു.

നിന്നെപ്പോലെ ത്രാണുള്ള പെണ്ണുങ്ങളെയും ഞങ്ങൾ

ആണുങ്ങൾക്ക് ഭയമാണ് എന്നു പറഞ്ഞ് ഉണ്ടാക്കിയ കലഹവും തമാശയും കൊണ്ട് അതിനുമുമ്പു പറഞ്ഞ കാര്യങ്ങൾ അവൾ മറക്കണമെന്നില്ലല്ലോ. അവൾ സൂത്രക്കാരിയാണ്. ചിരിക്കുന്നതിനിടയിലും ഓരോ വാക്കും വിലയിരുത്തുന്നുണ്ടാവും.

പഴയ സംഭാഷണങ്ങളെല്ലാം കൂടി എന്നെ ഞെരുക്കുകയാണ്. ഞാനെന്നെ മിക്കവാറും മുഴുവനായിത്തന്നെ അവൾക്കു വെളിപ്പെടുത്തിയിട്ടുണ്ട്. എല്ലാം അവളോർക്കുന്നുണ്ടാവും.

ഇല്ല. ഞാനിപ്പോൾ ഇതൊന്നും ഓർത്തിട്ടു കാര്യമില്ല. അതൊക്കെ പറയുമ്പോൾ, ഇതുപോലെ ഒരു മുറിയിൽ ഇത്തരമൊരവസ്ഥയിൽ കഴിച്ചുകൂട്ടേണ്ടിവരുമെന്നോർത്തിരുന്നില്ലല്ലോ.

ഞാനെന്തിനാണിതെല്ലാം ഓർക്കുന്നത്? ഭാവിയെപ്പറ്റി അറിയാൻ വയ്യാത്തതിനാൽ ഞാൻ ഭൂതകാലത്തിൽ നിന്ന് തെളിവുകളും ഊഹങ്ങളും ശേഖരിക്കാൻ ശ്രമിക്കുകയായിരിക്കാം. എന്നെ ഒരുപാട് ചിന്തകൾ ആവേശിക്കുകയാണ്. നിശ്ശബ്ദയായിരുന്ന് അവളെന്നെ ചിന്തകളിലേക്കും ചോദ്യങ്ങളിലേയ്ക്കും തള്ളിവിടുകയാണ്.

ഇത്രയും ചിന്തിച്ചപ്പോൾ എനിക്കു തന്നെ അത്ഭുതം തോന്നി. അവളെപ്പോയിട്ട് എന്നെത്തന്നെയും എനിക്കു മനസ്സിലാകുന്നില്ല. എന്റെ ചിന്തകൾ എനിക്കു തന്നെ അപരിചിതങ്ങളായി തോന്നുകയാണ്.

പിന്നിൽ കൊലുസിന്റെ ശബ്ദം കേട്ടു തിരിഞ്ഞു നോക്കിയപ്പോൾ അവൾ എന്റെ തൊട്ടുപിന്നിൽ വന്നുനിൽക്കുകയാണ്. ഞാൻ ഒന്നു ചിരിക്കാൻ ശ്രമിച്ചു. അവൾ ഇനി ഒന്നും മിണ്ടാതെ ഇവിടെയിങ്ങനെ നിന്നുകളയുമോ? അല്ലെങ്കിൽ അവളുടെ പതിവുശൈലിയിൽ അപ്രതീക്ഷിതമായ എന്തെങ്കിലും ചെയ്യുകയോ പറയുകയോ...

സ്ത്രീയിൽ നിന്ന്, ഏറ്റവും അപ്രതീക്ഷിതമായ സംഗതി ഏറ്റവും അപ്രതീക്ഷിതമായ സമയത്ത് സംഭവിയ്ക്കാമെന്ന് തോന്നുന്നു. അതായിരിക്കാം സ്ത്രീ എന്ന അത്ഭുതം. അത്തരമൊരു ചിന്ത എന്നെ രസിപ്പിച്ചു. തൊട്ടടുത്ത നിമിഷം എനിക്കു പുറത്തേക്കിറങ്ങി ഓടാനാണ് തോന്നിയത്. അത്ഭുതം.... 'എനിക്കു ഭ്രാന്താണ്,' ഞാൻ സ്വയം പറഞ്ഞു, 'എന്നെ ഇവൾ ഭ്രാന്തുപിടിപ്പിച്ചു.'

നിശ്ശബ്ദത അവസാനിപ്പിച്ചുകൊണ്ട് അവൾ പതുക്കെ, നിർത്തിനിർത്തി എന്നോടു ചോദിച്ചു:

'നമുക്ക് പുഴവരെ ഒന്നുപോയാലോ?'

...... അവൾ സംസാരിച്ചപ്പോൾ നിശ്വാസം എന്റെ ചുമലിൽ പതിഞ്ഞു. ഏതോ സുഗന്ധദ്രവ്യത്തിന്റെ വാസന..... എന്റെ ഹൃദയമിടിപ്പ് വളരെപ്പെട്ടെന്ന് എനിക്ക് കേൾക്കാവുന്നതുപോലെ ഉച്ചത്തിലായി. പുറത്തെ മഞ്ഞനിറമുള്ള വെയിലിലേക്കു നോക്കി ഞാൻ ശബ്ദം നിയന്ത്രിച്ച് പെട്ടെന്നു പറഞ്ഞു:

'അവിടെ ആരെങ്കിലുമൊക്കെ ഉണ്ടാവും.'

അല്പനേരത്തേക്ക് ഞങ്ങളിരുവരും നിശ്ശബ്ദതയിലേക്കു മടങ്ങി. ഞാൻ എന്തോ ആലോചിക്കും പോലെ നിന്നെങ്കിലും എന്റെ മനസ്സ് സത്യത്തിൽ നിഷ്ക്രിയമായിരുന്നു.

'പോണോ?' ഇത്തിരി നേരം കഴിഞ്ഞ് ഞാൻ തിരിഞ്ഞു നോക്കി ചോദിച്ചു.

അവൾ മുഖം കോട്ടി; വേണമെന്നോ വേണ്ടെന്നോ പറഞ്ഞില്ല.

അല്പനേരം ശങ്കിച്ചു നിന്ന ശേഷം, വാതിൽപ്പടിയിൽ നില്ക്കാൻ അവൾക്കു സ്ഥലമുണ്ടാക്കിക്കൊടുക്കാനെന്നപോലെ ഞാൻ പിന്തിരിഞ്ഞു കസേരയിൽ വന്നിരിക്കുമ്പോൾ എനിക്ക് ഒന്നും ചിന്തിക്കാൻ കഴിയുമായിരുന്നില്ല. എന്നിട്ടും മുറിയ്ക്കകത്ത് ഇരുട്ടുകൂടിയതുപോലെ എനിക്കു തോന്നി. ചെറിയൊരു ചൂടുണ്ട്. ഞാൻ മുകളിലേക്ക് നോക്കി. ഫാൻ കറങ്ങി നിശ്ചലമാവുകയാണ്.

കറന്റ് പോയിരിക്കുന്നു.

ടേപ്റെക്കോഡർ പാടാതായത് ഞാനറിഞ്ഞിരുന്നില്ല.

വാതിൽപ്പടിയിൽ, വെളിയിലേക്കു നോക്കി നിൽക്കുകയാണവൾ.....

അവളെന്തിനാണെനിക്കു പിന്തിരിഞ്ഞു നിൽക്കുന്നത്? മുടി മുന്നോട്ടിട്ട് അവൾ വെളിവാക്കുന്ന പിൻകഴുത്തിന് എന്തൊരു കാന്തിക പ്രഭയാണ്!

മുറ്റത്തൊഴുകുന്ന സ്വർണ്ണനിറമാർന്ന വെയിലിന്റെ പശ്ചാത്തലത്തിൽ അവൾ ഒരു മായികരൂപം പോലെ. വാതിൽപ്പടിയും വെയിലും അവളും ചേർന്ന വശ്യമായ ഒരു നിശ്ചല ചിത്രം.

ഞാനവളെ കാണുകയാണ്. സാവധാനം , വിശദമായി.....

ആദ്യമായി കാണും പോലെ.

എന്തൊരു ഭ്രമാത്മക സ്വപ്നമാണിത്! അല്ലേ? സ്വപ്നമ



ങ്ങുന്ന ശബ്ദം വല്ലപ്പോഴും മുറിയിൽ വീണു.

പെട്ടെന്ന് എന്തുകൊണ്ടോ ഞാൻ സമയത്തെപ്പറ്റി ഓർത്തു. സമയം നീങ്ങിക്കൊണ്ടിരിക്കുകയാണ്.....! കൂട്ടുകാർ സിനിമ കഴിഞ്ഞ് വരാറായിട്ടുണ്ടാവുമോ?

തല ഉയർത്തി മേശപ്പുറത്തേക്കു നോക്കുമ്പോൾ, ടൈംപീസ് സ്പന്ദിക്കുന്ന ശബ്ദം കുറച്ചുപോയിക്കഴിഞ്ഞുണ്ടായ നിശ്ശബ്ദതയിൽ കേൾക്കുന്നുണ്ടായിരുന്നില്ല എന്ന് പെട്ടെന്നെനിക്കു മനസ്സിലായി. ശരിയാണ്, ടൈംപീസ് ഓടുന്നില്ല.

ഞാൻ കൈനീട്ടി അതെടുത്തു. ബാറ്ററി ഊരിയെടുത്ത് അല്പം കഴിഞ്ഞ് വീണ്ടുമൊന്നിട്ടു നോക്കി. സെക്കൻഡ് സൂചി ഒന്നു നീങ്ങിയിട്ട് ദയനീയമായി പിടഞ്ഞു കയറാൻ ശ്രമിച്ചുകൊണ്ടിരുന്നു.

ഞാൻ ബാറ്ററി ഊരിയെടുത്ത് വാതിലിലേയ്ക്ക് ചെന്നു. അവളെ നോക്കി ഒരു വിളറിയ ചിരിയോടെ, സാവധാനം ഒരു പ്രഖ്യാപനം നടത്തും പോലെ പറഞ്ഞു:

'നമ്മുടെ സമയം മരിച്ചു!'

തിരിഞ്ഞ് എന്നെ നോക്കുമ്പോൾ അവൾ കണ്ണട മടക്കി കൈയിൽ പിടിച്ചിരുന്നു. ഞാൻ ആദ്യമായിട്ടാണ് അവളെ കണ്ണടയില്ലാതെ കാണുന്നത്. അവളുടെ കണ്ണുകൾക്ക് നല്ല ഭംഗിയുണ്ട്. കണ്ണടയുടെ മറയില്ലാത്ത നോട്ടം ചടുലമാണ്.

അവളുടെ മുഖത്തിനാകെ അതിശയകരമായ ഒരു മാറ്റമുണ്ടായിട്ടുണ്ടെന്ന് എനിക്കു തോന്നി.

നെറ്റിയിൽ കുങ്കുമത്തിന്റെ അസ്പഷ്ടമായ വൃത്തം. അല്പം വളഞ്ഞ നേർത്ത പുരികങ്ങൾക്കു താഴെ നഗ്നമായ കണ്ണുകൾ....

ഒരു നിമിഷാർദ്ധം കൊണ്ട് വെള്ളത്തിലേക്കു താഴ്ച്ച് ഇരയുമായി തിരിച്ചു പോകുന്ന നീലപ്പൊൻമാനെപ്പോലെയുള്ള നോട്ടം.

ഇളകുന്ന വലിയ കണ്ണുകൾക്കു ചുറ്റും കട്ടിയിലെഴുതിയ കൺമഷി..... അതിൽ ഈർപ്പം പറ്റിയപ്പോൾ.....

അതെ, നിന്റെ കണ്ണുകൾ നനഞ്ഞിട്ടുണ്ട്!

'എന്തിനാണ് നിന്റെ കണ്ണുകൾ നനഞ്ഞിരിക്കുന്നത്?' ഞാൻ പെട്ടെന്ന് ചോദിച്ചു.

'...എന്റെ കണ്ണുകളോ? നനഞ്ഞെന്നോ?.... ഇല്ലല്ലോ....' അവൾ പുഞ്ചിരിച്ചുകൊണ്ട് എനിക്ക് കൃത്യം നേരെ നിന്നു.

ഇല്ലേ? ശരിയാണ്. ഞാൻ മായക്കാഴ്ചകൾ കാണുകയാണെന്നു തോന്നുന്നു.....

ല്ലേ? നീയാരാണ്? എനിക്കീ സ്വപ്നം മനസ്സിലാവുന്നില്ലല്ലോ.

ഇല്ല, ഇപ്പോൾ വ്യക്തമാകുന്നു. എല്ലാം വ്യക്തമാവുന്നു. ഞാൻ നിന്നെ, മുൻപു പറഞ്ഞതുപോലെ, ശരീരമായി മനസ്സിലാക്കുകയാണ്. നമ്മൾ, ഞാനും നീയും, രണ്ട് ശരീരങ്ങൾ മാത്രമായിരിക്കുകയാണ്.

ഞാൻ മുന്നിലെ മേശമേൽ തലചായ്ച്ചു. ചിന്തകളെ ഒന്നു നിയന്ത്രണത്തിലാക്കണം. മനസ്സ് ആകെപ്പാടെ ഒരു ചിതറിയ അവസ്ഥയിലാണ്. പുറത്ത് ഉച്ചവെയിലിന്റെ ആലസ്യത്തിൽ ഭൂമി നിശ്ശബ്ദമായിരുന്നു. വാതിൽപ്പടിയിൽ അവൾ അനങ്ങാതെ നിൽക്കുന്നു. മുറിയിൽ ശബ്ദങ്ങളൊന്നുമില്ല. മേശമേൽ ചേർത്ത ചെവിയിൽ എന്റെ ഹൃദയമിടിപ്പുകളും ശ്വാസോച്ഛ്വാസവും മാത്രം മുഴങ്ങി. അവൾ കൈ അനക്കുമ്പോഴോ മറ്റോ വളകൾ കിലു

പക്ഷേ, നീയെന്തിനാണ് ഇങ്ങനെ കണ്ണെഴുതിയിരിക്കുന്നത്, ഇങ്ങനെ, ഇത്ര കടുപ്പിച്ച്....

അല്ല, ഞാൻ ചോദിച്ചത് ശരിയാണ്. നീ കരയുന്നുണ്ട്. നിന്റെ കണ്ണിൽ കട്ടിയിലെഴുതിയ കൺമഷിയ്ക്കും നേർത്ത ലിപ്സ്റ്റിക്കിനും നെയിൽപോളിഷിനും ഉരംകൈയിലെ മയിലാഞ്ചിയ്ക്കുമിടയിൽ മറയ്ക്കാനാവാത്ത കണ്ണീരിന്റെ നനവുണ്ട്. എനിക്കറിയാം......

'പാവം നമ്മാം.......' ഞാനവളോടു പറഞ്ഞു.

ഞാൻ സാവധാനം അവളെ സമീപിച്ചു. എന്റെ കയ്യിൽ പഴയ ബാറ്ററി ഉണ്ടായിരുന്നു. ഞാനത് പുറത്തേക്ക്, പുഴയെ ലക്ഷ്യമാക്കി ആയത്തിലെറിഞ്ഞു. പുഴവക്കത്തും നടുവിലെ ചെറുതുരുത്തുകളിലും നിറയെ ആറ്റുവഞ്ചികരം പൂത്തിട്ടുണ്ടെന്നും എമ്പാടും തിളങ്ങുന്ന വെയിൽ വീണു കിടക്കുകയാണെന്നുമൊക്കെ ഞാനോർത്തു.

പക്ഷേ, ഞാൻ എന്നെത്തന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് ഇങ്ങനെയെന്താ ആണ് പറഞ്ഞത്:

'നിന്റെ കണ്ണുകരംക്കു മുന്നിൽ കാലം അപ്രസക്തമാണ്.'

............................

ഇപ്പോരം ഞാൻ എന്റെ രണ്ടു കൈകളും അവളുടെ ചുമലുകളിൽ വെയ്ക്കാൻ പോകുകയാണ്. എന്നിട്ട് ഞാനവളുടെ കണ്ണുകളിൽത്തന്നെ നോക്കിക്കൊണ്ട് വിരലുകളുയർത്തി, ഒരു പാടു കാലമായി കണ്ണട ഉപയോഗിക്കുന്നതു മൂലം വിളർത്തു പോയ അവളുടെ നനഞ്ഞ കൺതടങ്ങളിൽ സ്പർശിക്കും.

എന്നിട്ട് ——

..........എനിക്കറിഞ്ഞു കൂടാ.


LCC

**Lakhotia Computer Centre**

The Better Alternative

North Paravur
K.M.K. Junction,
Phone : 445080

Alwaye
IInd Floor, City Tower,
Market Road, Bank Jn.
Phone : 626947

Career Oriented Courses
for Students

Familiarisation Programme
for Employed

Specialisation Courses
for Professionals

*Over 600 Centres nation Wide*

കവിത

എസ്. അപർണ
ഒന്നാം വർഷ ചരിത്ര ബിരുദം

ഞാൻ മരിക്കുവാൻ ആഗ്രഹിച്ചു.
കണ്ണു തുറക്കുമ്പോഴും സ്വർഗ്ഗത്തിലായിരിക്കണം
അല്ലെങ്കിൽ നരകത്തിൽ .

ഭൂമിയിലെ ജീവിതം -
എനിക്കു തരക്കേടില്ലായിരുന്നു,
മഴക്കാലത്ത് വിടർന്ന കൂണുപോലെ
എന്റെ കൊച്ചു വീട്.
എന്നെ പ്രാണന്റെ അഗ്നിയായി കരുതിയ
പപ്പയും മമ്മയും .



# ഒന്നാം ആത്മഹത്യ

കുഞ്ഞുനാളിൽ,
ഫെയറിടെയിൽസ് എന്നെ വിരൽ തുമ്പിൽ പിടിച്ചു നടത്തി
കളിപ്പാട്ടങ്ങൾക്കിടയിൽ ഞാൻ കിടന്നുറങ്ങി
കൗമാരത്തിൽ,
സ്വപ്നങ്ങളുടെ മർമ്മരങ്ങൾ കേട്ട്
ഞാൻ പൊട്ടിച്ചിരിച്ചു

പിന്നീടെപ്പോഴോ-

സ്വപ്നവും ചിരിയും എന്നെ തൊടാതെ കടന്നുപോയി.

എന്താണ് സംഭവിച്ചത്?

എന്റെ ഹൃദയമെങ്ങനെ കല്ലായ് ത്തീർന്നു?

ഒരു പക്ഷേ ഞാൻ ഉറക്കമായിരുന്ന ഏതോ പാതിരാവിൽ

ഫെയറിടെയ്ൽസിൽ നിന്നിറങ്ങി വന്ന

ബാബായാഗയോ ഹിരാനിയോ

മാന്ത്രികദണ്ഡു വീശി

എന്റെ ഹൃദയത്തെ കല്ലാക്കി മാറ്റിയിട്ടുണ്ടാകും.

അതിനാൽ ഭൂമിയിലെ ജീവിതം

ഞാൻ ഉപേക്ഷിക്കാൻ തീരുമാനിച്ചു,

അങ്ങനെ,

ഒരു ക്രിസ്തുമസ് കാലത്ത്

മഞ്ഞ് ഭൂമിയിലേക്കിറങ്ങി വന്നപ്പോഴും

ഏതോ ഓർമ്മയിൽ

ആകാശത്തിലെ നക്ഷത്രങ്ങളും

ഭൂമിയിലെ നക്ഷത്രങ്ങളെ നോക്കി പുഞ്ചിരി തൂകിയപ്പോഴും


**Sharpen Your Skills**
**with**
**ET & T**
**Computer Education**

ET & T, a Government of India Enterprise offers quality computer Education at a very reasonable fee structure that you can afford.

ET & T Computer Education & Training,
(A Government of India Enterprise)
Municipal Shopping Complex,
Near K.S.R.T.C. Stand,
N. Parvur - 683513

**Because Education Goes Beyond Business**

**For further details Contact : IACT**
**Phone : 446968**

അടുക്കളയിൽ ക്രിസ്തുമസ് കേക്ക്
നെഞ്ചിടിപ്പോടെ കാത്തിരിക്കുമ്പോൾ
വിങ്ങുന്ന ആത്മാക്കളുമായി കാർഡുകൾ
മേശമേൽ ചിതറിക്കിടക്കുമ്പോൾ
ഞാൻ ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചു.

അപ്പോൾ-
അമ്മ, എനിക്കായി തുന്നിയ
റോസ് നിറമുള്ള കുപ്പായത്തിൽ
വെള്ളമുത്തുകൾ പതിപ്പിക്കുകയായിരുന്നു.

പപ്പ, ക്രിസ്തുമസ് സമ്മാനം
ചുവന്ന പട്ടുനാടയാൽ
ചിത്രശലഭത്തിന്റെ ചിറകുകളെപ്പോലെ
വിടർത്തിക്കെട്ടുകയായിരുന്നു.
മുന്നിതളുള്ള ഫാനിൽ
ഞാൻ മരണത്തിന്റെ ഊഞ്ഞാൽ കെട്ടി.

പക്ഷെ,
എനിക്ക് ഉറപ്പായിരുന്നു
സ്വർഗ്ഗമെനിക്കു മടുക്കും
മാലാഖമാർ വെൺചിറകുകൾ വീശുന്ന
പാൽവെളിച്ചം പതഞ്ഞൊഴുകുന്ന
മുന്തിരിവള്ളികൾ പടർന്നു കയറുന്ന സ്വർഗ്ഗം.

നരകം,
നൂല്പാലത്തിനു താഴെ
കെടാത്ത തീയിലും
ചാകാത്ത പുഴുവിലും നിലവിളിച്ച്
എന്നെ ചെടിപ്പിക്കും.

അതിനാൽ,
സ്വർഗ്ഗത്തിലോ നരകത്തിലോ
എനിക്ക് രണ്ടാമതൊരാത്മഹത്യ കൂടി നടത്തണം.

അങ്ങനെ,
എന്റെ ഒന്നാം ആത്മഹത്യ
രണ്ടാം ആത്മഹത്യയെ സ്വപ്നം കണ്ടു.

# ഇംഗ്ലീഷ് സംസാരിക്കാൻ ഒരു ഫോർമുലയെപ്പറ്റി

## കർദിനാൾ ആന്റണി പടിയറ

ലോകത്തിലെ മിക്കവാറും ഭാഷകളെ മാതൃഭാഷപോലെ കൈകാര്യം ചെയ്യാനറിയാവുന്ന ബഹുഭാഷാ പണ്ഡിതൻ കൂടിയായ അഭിവന്ദ്യ കർദ്ദിനാൾ ആന്റണി പടിയറ മനസ്സു തുറന്നനുഗ്രഹിച്ചു കൊണ്ടെഴുതിയ കത്തിൽ ഇങ്ങനെ പറയുന്നു.

നിന്റെ ഇംഗ്ലീഷ് സംസാരിക്കാൻ ഒരു ഫോർമുലയ്ക്കും ഞാൻ നന്ദി പറയുന്നു. തക്കതായ വാക്കുകളും ശൈലികളുമന്വേഷിക്കുന്ന വിദ്യാർത്ഥികൾക്കും പരിഭാഷകർക്കും ഈ കൃതി മഹത്തായ സഹായമായിരിക്കുമെന്ന് എനിക്കുറപ്പുണ്ട്. ഈ പുസ്തകത്തിന് എല്ലാ വിജയങ്ങളും ഞാൻ ആശംസിക്കുന്നു. വീണ്ടും നന്ദി പറഞ്ഞു കൊണ്ടും എല്ലാം അനുഗ്രഹങ്ങളും നേർന്നുകൊണ്ടും.

**- കർദ്ദിനാൾ ആന്റണി പടിയറ**

വിദ്യാർത്ഥികളുടെയും ആയിരക്കണക്കിന് വായനക്കാരുടെയും അഭ്യർത്ഥനയെ മാനിച്ച് പോസ്റ്റൽ ചാർജ്ജുംപ്പെടെ 725 രൂപ വില വരുന്ന പി.വി. രവീന്ദ്രന്റെ ഇംഗ്ലീഷ് സംസാരിക്കാൻ ഒരു ഫോർമുല. ഇപ്പോൾ തവണ വ്യവസ്ഥയിൽ 250 രൂപയുടെ രണ്ടു തവണകളായി ലഭിക്കുന്നു (മൊത്തം 500 രൂപ) ഓരോ തവണയും പുസ്തകം വി.പി.പി.യായി പോസ്റ്റുമാൻ കൊണ്ടുവരുമ്പോൾ 250 രൂപ വീതം നൽകി (തപാൽ ചാർജ്ജ് പുറമെ) കൈപ്പറ്റിയാൽ മതി. മുഴുവൻ ഭാഗങ്ങളും ഒരുമിച്ച് വേണ്ടവർക്ക് 450 രൂപയ്ക്ക് ഒറ്റതവണയായി വി.പി.പി. ആയി ലഭിക്കും. വിദേശത്തേക്ക് പുസ്തകം വേണ്ടവർ (മുഴുവൻ ഭാഗങ്ങളും ഒരുമിച്ച്) തപാൽ ചാർജ്ജുൾപ്പെടെ 900 രൂപ മുൻകൂർ അയയ്ക്കണം.

**'ഇംഗ്ലീഷ് സംസാരിക്കാൻ ഒരു ഫോർമുല' യുടെ പ്രത്യേകതകൾ:**

● മലയാളത്തിലുള്ള കുറ്റാന്വേഷണകഥയിലൂടെ ഇംഗ്ലീഷ് പഠിപ്പിക്കുന്ന ആദ്യത്തെ പഠനപദ്ധതി ● നിത്യജീവിതത്തിൽ ആവശ്യം വരുന്ന മലയാളം വാക്യങ്ങൾക്ക് തത്തുല്യമായ ഇംഗ്ലീഷ് വാക്യങ്ങൾ കണ്ടെത്താൻ സഹായിക്കുന്ന വളരെ വ്യത്യസ്തമായ നിഘണ്ടു ● 1984,86,87,88,90,92,93,97,98 എന്നീ വർഷങ്ങളിലായി 11 പതിപ്പുകൾ ● ഒൻപതും പത്തും പതിനൊന്നും പതിപ്പുകൾ മുൻകൂർ പണമടച്ചവർക്ക് നൽകാനേ തികഞ്ഞുള്ളു ● തൃപ്തികരമല്ലെങ്കിൽ നിങ്ങൾ മുടക്കിയ പണം തിരികെത്തരുമെന്ന വാഗ്ദാനം നൽകുന്ന ഒരേയൊരു ഇംഗ്ലീഷ് പഠനപദ്ധതി ഇതുമാത്രം. ● 1200-ഓളം പേജുകൾ

**ഇപ്പോൾ പണമടക്കേണ്ട! ഇതോടൊപ്പമുള്ള കൂപ്പൺ അയച്ചു തരിക.**

---

പെൻബുക്സ് പ്രസിദ്ധീകരണമായ പി.വി.രവീന്ദ്രന്റെ ഇംഗ്ലീഷ് സംസാരിക്കാൻ ഒരു ഫോർമുല വി.പി.പി.യായി എനിക്കയച്ചു തരിക. പോസ്റ്റ്മാന്റെ പക്കൽ പണം നൽകി ഞാൻ വാങ്ങിക്കൊള്ളാം.

പേര് ..............................................

..............................................

..............................................

**പുസ്തകങ്ങൾ അയക്കേണ്ട രീതി ✓ അടയാളപ്പെടുത്തുക.**

☐ രണ്ടു തുല്യ തവണകളായി 250 രൂപ വീതം വി.പി. പുസ്തകം ഓരോ മാസവും 15-ാം തീയതിക്കു മുമ്പായി പുസ്തകങ്ങൾ അയച്ചു തരിക. (തപാൽ ചെലവ് പുറമെ)

☐ 450 രൂപ വി.പി. പുസ്തകം മുഴുവൻ ഭാഗങ്ങളും ഒരുമിച്ച് അയച്ചു തരിക. (തപാൽ ചെലവ് പുറമെ)

തീയതി : ഒപ്പ്

---

PEN പെൻ ബുക്സ് പ്രൈവറ്റ് ലിമിറ്റഡ്,
പി.ബി. 143, പാലസ് റോഡ്, ആലുവ-1, കേരള
ഫോൺ : 625333, 621668, 370152 ഫാക്സ് : 620300



57 വർഷത്തെ സ്തുത്യർഹമായ സേവനപാരമ്പര്യമുള്ള ഒരു മഹത്തായ സഹകരണസ്ഥാപനം

# കടുങ്ങല്ലൂർ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം

## നമ്പർ 2165

**H.O. കിഴക്കേ കടുങ്ങല്ലൂർ, ആലുവ-2 .**

ഫോൺ : 625378, 625379

ബ്രാഞ്ച്: കുറ്റിക്കാട്ടുകര ഫോൺ : 542024

എക്സ്റ്റൻഷൻ കൗണ്ടർ . ഉളിയന്നൂർ

ശ്രീ. ടി. എസ്. കുമാരപിള്ള
പ്രസിഡണ്ട്

ശ്രീ. M.G. കൃഷ്ണൻനായർ
സെക്രട്ടറി ഇൻചാർജ്ജ്



# QUALITY PRODUCTS FROM INDEX

**INVERTERS**

Intelligent series & Economy Models 250 VA - 5000 VA, Ranging from Rs. 7750 to Rs. 1,05,500 (inclusive of battery) for A/Cs, Refrigerators, Mixies and many more appliance



**UPS**



Best quality UPS systems to protect your computers (Pure Sine Wave)

**CHOKES**

For tube light that glow brighter than ever



Intelligent Inverter
INDEX
informatics pvt. ltd.

Attalkulath Apartments,
Cheruparambathu Road,
Kadavanthra, Cochin - 682 020.
Phone : 312382 / 317735 / 321799
e-mail : Indexin@md2.vsnl.net.in.
India's Largest Selling Inverter

ലേഖനം

കെ. ടോണി ജോസ്
രണ്ടാം വർഷ എം. എ ഇംഗ്ലീഷ്

# ചരിത്രം ആവർത്തിക്കുന്നില്ല

സൗന്ദര്യമത്സരവും അതിനെതിരെയുള്ള പ്രതിഷേധ സമരങ്ങളും ഒരു പോലെ ഫാഷനായിപ്പോയതിന്റെ ദുരന്തമാണ് നാമിന്ന് അനുഭവിക്കുന്നത്. പ്രതിഷേധത്തിന്റെയും പ്രതികരണത്തിന്റെയുമൊക്കെ ആത്മാവു ചോർന്നു പോവുകയും, മറ്റെന്തും പോലെ ഇതും ഒരാഘോഷമാക്കി മാറ്റുകയാണ് നാം ചെയ്യുന്നത്. സൗന്ദര്യമത്സരങ്ങൾക്കെതിരെ ശബ്ദിക്കുന്നവർ എടുത്തു പറയുന്ന വസ്തുതകളിലൊന്ന് ഇത്തരം പണക്കൊഴുപ്പിന്റെ മേളകൾകൊണ്ട്, ഇന്ത്യയെപ്പോലെ ഒരു മൂന്നാം ലോക രാഷ്ട്രത്തിലെ സ്ത്രീകളുടെ യഥാർത്ഥ- പ്രശ്നങ്ങൾ മറച്ചു വെക്കാൻ ശ്രമിക്കുന്നു എന്നതാണ്. ഇക്കാര്യം തീർത്തും വാസ്തവവുമാണ്. പക്ഷേ സൗന്ദര്യമത്സരസംഘാടകരോടൊപ്പം അതിനെയെതിർക്കുന്നവരും അറിഞ്ഞോ അറിയാതയോ ചെയ്യുന്നത് യഥാർത്ഥ പ്രശ്നങ്ങളിൽ നിന്നും നമ്മെ അകറ്റിക്കൊണ്ടു പോവുക തന്നെയാണ്. ദാരിദ്ര്യം, പട്ടിണി, ലൈംഗിക ചൂഷണം തുടങ്ങി ഇന്ത്യയിലെ ബഹുശതം സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചൊന്നും ഒരിക്കലും സംസാരിക്കാതിരിക്കുകയും ചിന്തിക്കാതിരിക്കുകയും ചെയ്യുന്നവരാണ് ഇന്ന് ഇതേ ന്യായങ്ങളുടെ പേരിൽ സൗന്ദര്യ മത്സരങ്ങൾക്ക് എതിരെ കൊടിയുയർത്തുന്നത്. പ്രതിഷേധത്തിന്റെയും മറ്റും ആത്മാർത്ഥത തന്നെ ചോദ്യം ചെയ്യപ്പെടുന്നതിവിടെയാണ്.

ഓരോ സൗന്ദര്യമത്സരത്തിന്റെയും- (അത് വിശ്വസുന്ദരിയോ ലോകസുന്ദരിയോ മിസ്. എറണാകുളമോ, മിസ്. യു.സി.യോ ആവട്ടെ) പിന്നിലുള്ള ലക്ഷ്യം കച്ചവടമാണെന്നു മനസ്സിലാക്കാൻ സാമാന്യയുക്തി മതി. നമ്മുടെ 'Miss. U.C.' മത്സരം ഒരു ഐസ്ക്രീം വില്പനക്കാരന്റെ സ്പോൺസർഷിപ്പോടെ നടന്നത് അതുകൊണ്ടാണ്. ഐസ്ക്രീം കച്ചവടക്കാരൻ ചാർത്തിക്കൊടുക്കുന്ന കിരീടമണിയുന്ന ഹതഭാഗ്യ അറിയാതെ, അവന്റെ ഐസ്ക്രീം വില്പനയുടെ പരസ്യമാവുകയാണ്.

ആഫ്രിക്കയിലെ 'സൺസിറ്റി' യിൽ വെച്ച് സൗന്ദര്യമത്സരം സംഘടിക്കുന്നതിനു പിന്നിലെ കച്ചവടക്കണ്ണ് ഇതുതന്നെയാണ്. സ്വന്തം നിറത്തെക്കുറിച്ച് ഏറ്റവുമധികം അപകർഷതാബോ

ധം (inferiority complex) ഉള്ള ഒരു സമൂഹമാണ് ആഫ്രിക്കയിലെ സ്ത്രീകൾ. 'നിങ്ങളുടെ ത്വക്ക് ഞങ്ങൾ വെളുപ്പിച്ചു തരാം' എന്ന പ്രലോഭനത്തിൽ ഏറ്റവും അനായാസമായി അവർ വീണുപോകുന്നു. ലോകത്തെ 'കോസ്മെറ്റിക് ഉൽപ്പാദകർക്ക് ഏറ്റവും പെട്ടെന്ന് പിടിച്ചെടുക്കാവുന്ന ഒരു മാർക്കറ്റാണ് ആഫ്രിക്ക. അതിന് സൗന്ദര്യമത്സരം പോലെ effective ആയ മറ്റൊരു മാർഗ്ഗമില്ല.

ഇതേ കച്ചവടതന്ത്രം കൊണ്ടാണ്, ആദ്യം വിശ്വസുന്ദരിയും പിന്നെ ലോകസുന്ദരിയും ഒടുവിൽ സൗന്ദര്യമത്സരം തന്നെയും ഇന്ത്യയിലെത്തുന്നത്. ഒരേ വർഷം വിശ്വ-ലോക സുന്ദരിമാരും തൊട്ടടുത്ത വർഷം സൗന്ദര്യമത്സരവും ഇന്ത്യയിലേക്കു വരുന്നത് യാദൃശ്ചികമല്ല, ആഗോളമായൊരു ഗൂഢാലോചനയുടെ ഭാഗമാണ്. കാരണം, ആഫ്രിക്കക്കാരെപ്പോലെത്തന്നെ, സ്വന്തം വ്യക്തിത്വത്തെക്കുറിച്ചും നിറത്തെക്കുറിച്ചും ഒട്ടും ആത്മവിശ്വാസമില്ലാത്ത ഒരു ജനതയാണ് നാം. ഈ ആത്മവിശ്വാസമില്ലായ്മയിലേക്ക് കച്ചവടതാല്പര്യങ്ങൾക്ക് പെട്ടെന്ന് കടന്നു വരികയും ആധിപത്യം സ്ഥാപിക്കുകയും ചെയ്യാം. Miss.U.C. മുതൽ Miss. Universe വരെ എല്ലാ സൗന്ദര്യമത്സരങ്ങളിലും പങ്കെടുക്കുന്ന നമ്മുടെ പെൺകുട്ടികൾ മനസ്സിലാക്കേണ്ട കാര്യമിതാണ് - സൗന്ദര്യമത്സരങ്ങളിൽ അളക്കപ്പെടുന്നത് നിങ്ങളുടെ യഥാർത്ഥ സൗന്ദര്യമോ വ്യക്തിത്വമോ ബുദ്ധിശക്തിയോ ഒന്നുമല്ല. നിങ്ങളുടെ സൗന്ദര്യവും ശരീരവും (ചില അവസരങ്ങളിൽ നഗ്നതയും) കച്ചവടക്കാരന്റെയോ, ചിലപ്പോൾ കള്ളപ്പണക്കാരന്റെയോ ഉത്പന്നങ്ങളും താല്പര്യങ്ങളും വില്ക്കുന്നതിന് എത്രമാത്രം സഹായകരമായിരിക്കും എന്ന സാദ്ധ്യത മാത്രമാണ്. സത്യത്തിൽ ലക്ഷങ്ങൾ മുടക്കി മത്സരം സ്പോൺസർ ചെയ്യുന്ന കച്ചവടക്കാരൻ നിങ്ങളുടെ മേൽ നിങ്ങൾ പോലുമറിയാതെ അവന്റെ ലേബൽ പതിപ്പിക്കുകയാണ്.

**സൗന്ദര്യമത്സരങ്ങളിൽ അളക്കപ്പെടുന്നത് നിങ്ങളുടെ യഥാർത്ഥ സൗന്ദര്യമോ വ്യക്തിത്വമോ ബുദ്ധിശക്തിയോ ഒന്നുമല്ല. സത്യത്തിൽ ലക്ഷങ്ങൾ മുടക്കി മത്സരം സ്പോൺസർ ചെയ്യുന്ന കച്ചവടക്കാരൻ നിങ്ങളുടെ മേൽ നിങ്ങൾ പോലുമറിയാതെ അവന്റെ ലേബൽ പതിപ്പിക്കുകയാണ്.**

അല്ലെങ്കിൽ, ലോകത്തെവിടെയെങ്കിലും നടക്കുന്ന ഒരു പുരുഷ സൗന്ദര്യമത്സരത്തെക്കുറിച്ച് ഇത്രയധികം വർണ്ണപ്പകിട്ടോടെ ഉത്സവമേളത്തോടെ നാം പറഞ്ഞു കേട്ടിട്ടുണ്ടോ? അപ്പോൾ സ്ത്രീ സൗന്ദര്യമത്സരങ്ങളിൽ പ്രത്യേകമായി എന്തോ ഒന്നുണ്ടെന്നു വരുന്നു. 'അത് സ്ത്രീയുടെ ശരീരം തന്നെയാണ്.' ഈ ചൂഷണം തിരിച്ചറിയുകയാണ് വേണ്ടത് നമ്മുടെ പെൺകുട്ടികൾ. സ്വന്തം ശരീരത്തിന്മേലുള്ള അവകാശം മറ്റാർക്കും അടിയറവെയ്ക്കാൻ സ്ത്രീകൾ തയ്യാറാവരുത്.

പുത്തൻ സംഗീതമോ സൗന്ദര്യമത്സരമോ കടന്നുവരുന്നതുകൊണ്ട് 'ഭാരതീയ സംസ്കാരം' മുഴുവ

നോടെ തകർന്നുപോകുമെന്നു പറയുന്നത് നമ്മുടെ ഹിപ്പോക്രസിയാണ്. ഒരു സൗന്ദര്യമത്സരം കൊണ്ടോ മൈക്കൽ ജാക്സന്റെ സംഗീതം കൊണ്ടോ 'ബേവാച്ച്' എന്ന ടെലിവിഷൻ പരമ്പര കൊണ്ടോ നശിച്ചുപോകുന്നതാണ് നമ്മുടെ സംസ്കാരമെങ്കിൽ, അത് നാം കാലാകാലങ്ങളായി ഉയർത്തിപ്പിടിച്ചഹങ്കരിക്കുന്ന നമ്മുടെ (so called) സംസ്കാരത്തിന്റെ ദൗർബ്ബല്യമാണ് വെളിപ്പെടുത്തുന്നത്. ഒപ്പം ഇന്ത്യക്കാരന്റെ നട്ടെല്ലില്ലായ്മയും. പുതിയ സംഗീതവും പുതിയ സൗന്ദര്യമത്സരവും കടന്നുവരുന്നതിൽ തെറ്റില്ല. പക്ഷെ ഇവയോടൊപ്പം ഇതിന്റെ സംസ്കാരം കൂടി കടന്നുവരുന്നതാണ് അപകടം. ഈ 'അധിനിവേശ സംസ്കാരത്തെ' പ്രതിരോധിക്കാൻ നമ്മുടെ സംസ്കാരത്തെ ശക്തമാക്കുക മാത്രമാണ് വഴി.



എന്നാലിന്ന് സൗന്ദര്യമത്സരത്തിനെതിരെ പ്രതിഷേധം ഇളക്കിവിടുന്ന ആരും, ഒരു പ്രതിഷേധവും, അതിനു സഹായകരമാകുന്നില്ല. കാരണം ഈ പ്രതിഷേധ ശബ്ദങ്ങളൊക്കെയും സൗന്ദര്യമത്സരം കഴിഞ്ഞതോടെ കെട്ടടങ്ങിപ്പോകുകയാണ് ഉണ്ടായത്. കുറെ പൊടിപടലമവശേഷിപ്പിച്ചതല്ലാതെ ഇന്ത്യൻ സ്ത്രീയുടെ മനസ്സിൽ ആഴത്തിലുള്ള ഒരവബോധം സൃഷ്ടിച്ചെടുക്കാൻ ഈ പ്രതികരണങ്ങൾക്ക് കഴിയാതെ പോയി.

ബാംഗ്ലൂരിലെ മത്സരത്തോടെ ചരിത്രം അവസാനിക്കുന്നില്ല. ഇതൊരു തുടക്കം മാത്രമാണ്. കൂടുതൽ വലിയവ വരാനിരിക്കുന്നു. ഇത്തരം മത്സരങ്ങൾക്കു പി ന്നിലെ കച്ചവടവും ചൂഷണവും തിരിച്ചറിയാനാണ്, പ്രതിഷേധക്കാരും മാധ്യമങ്ങളും, നമ്മുടെ പെൺകുട്ടികളെ സഹായിക്കേണ്ടത്. അല്ലാതെ പ്രതിഷേധത്തെയും ഒരു കച്ചവടമാക്കുകയല്ല.

ഒരു മത്സരം കൊണ്ടുമാത്രം
ചരിത്രം അവസാനിക്കുന്നില്ല.

നവീന രീതിയിലുള്ള തയ്യൽജോലികൾക്ക്

*Mops Dress Makers*

Paravoor Jn. Aluva

# തുടക്കം

യൂണിയൻ ആർട്സ്



കെ. എം. റോയ്



ബിജു നാരായണൻ



കെ. എം. റോയ്



ബിജു നാരായണൻ



ഡോ. രാജൻ വർഗ്ഗീസ്



കെ. ടോണി ജോസ്

# അതിഥികൾ

അതിഥികൾ



മലയാളം അസ്സോസിയേഷൻ
ഉദ്ഘാടനം :
**കവി കുഞ്ഞുണ്ണിമാഷ്**



വ്യക്തിത്വ വികസന ശില്പശാല
'മുഖാമുഖം' :
**ശ്രീ. എം. എ ബേബി എം. പി**



വ്യക്തിത്വ വികസന ശില്പശാല
ഉദ്ഘാടനം :
**ഡോ: സെബാസ്റ്റ്യൻ പോൾ മുൻ എം. പി**



മലയാറ്റൂർ അനുസ്മരണ പ്രഭാഷണം :
**പ്രൊഫ: എം. തോമസ് മാത്യു**



'കമ്പ്യൂട്ടർ നൂതനവശങ്ങൾ' - സെമിനാർ
**ശ്രീ.ബിനോയ് ജേക്കബ്**

കവിത
രഞ്ജിത ഉതുപ്പ്
ഒന്നാം വർഷ പ്രീഡിഗ്രി

മനസ്സിൽ ഉറങ്ങിക്കിടക്കും കിനാവിന്റെ
തംബുരുവിൽ വിരൽ തൊട്ടുണർത്തുമീ
മോഹത്തിൻ മർമ്മരം കേട്ടു ഞാൻ നിൽക്കവേ;
ആരോരുമില്ലാത്ത നേരവും തേങ്ങുവാൻ,
ഒന്നുറക്കെക്കരയുവാൻ അനുവാദ-
മില്ലാതെ ഞാൻ അലയവേ.
എങ്ങു നിന്നോ ഒഴുകിയെത്തിയ ഗാനമൊരു
കുളിർക്കാറ്റായ് എന്നെത്തലോടുമ്പോ-
ളതെൻ മനസ്സിൻ സാന്ത്വനമാകവേ.
തെല്ലുനേരം മമനൊമ്പരം വിസ്മരിച്ചു
ഞാനാ ഗാനത്തിൻ ഉറവിടം തിരഞ്ഞു.
എൻ ജീവിതത്തിൽ കടന്നെത്തി എൻ-
മനസ്സിൽ കവാടം മെല്ലെ തുറന്ന ആ ഗാനം
എന്നിൽ തിരഞ്ഞത് സ്നേഹം മാത്രം.
എൻ കഴിഞ്ഞുപോം കദനകഥകൾ
ചൊല്ലിയെങ്കിലും ആ ഗാനമെന്നിൽ
തിരഞ്ഞതു സ്നേഹം മാത്രം.
സഹതാപനിർഭരമാം ആ ഗാനത്തിൻ
പൂർവ്വ കഥ കേൾക്കെ ഞാനെൻ-
ഭൂതകാലത്തിൻ നൊമ്പരം വിസ്മരിച്ചു.
ഭൂതകാലത്തിൻ വിസ്മൃതിയിൽ മയങ്ങു-
മെന്നെ ഉണർത്തിയ ആ ഗാനത്തെ
ഞാനറിയാതെ സ്നേഹിച്ചു പോയി
എൻ മനസ്സിലെ സ്നേഹമെല്ലാം ഞാൻ
ആ ഗാനത്തിലർപ്പിച്ചു, എല്ലാം മറന്നു-
ഞാനാ ഗാനത്തെ സ്നേഹിച്ചു.
സ്നേഹസാന്ദ്രമാം ആ ഗാനമെൻ ജീവിതം
നിജ സ്നേഹധാരയാൽ സന്തുഷ്ടമാക്കി.
ആ ഗാനത്തോടുള്ളെൻ കടപ്പാടുകൾ
എൻ സ്നേഹത്താൽ തീർക്കാനാവുമോ?
ഈ നശ്വരമാം ലോകത്തിലാരും സ്നേഹി-
ക്കാത്തത്ര ഞാനാ ഗാനത്തെ സ്നേഹിച്ചു.

കവിത

അനിത മോഠം
രണ്ടാംവർഷ ധനതത്വശാസ്ത്ര ബിരുദം

# മൃത്യുവിനു മുന്പ് –
# ഞാൻ കളിക്കുന്നു

ഇന്നലെ രാവിന്നവസാനയാമത്തിൽ
മൃത്യുവെന്നെ കളിക്കാൻ വിളിച്ചു.

അടഞ്ഞിരിക്കുമെൻ മിഴികളിൽ,
നിറമായ് - ചുവപ്പും കറുപ്പും മാത്രം

ആർദ്രമായി തീർന്നൊരെൻഹൃത്തിൽ,
തെളിയാത്ത ചിന്തകളുടെ; വേലിയേറ്റം

ജിഹ്വയേതോ ബന്ധനത്തിൽ,
വാക്യകം കുരുങ്ങുന്നു കണ്ഠത്തിൽ

തെന്നിമായുന്നു - സ്മൃതികളെന്നിൽ,
ഞാനറിയാതെ കടന്നുപോയ - മൃത്യുവിന്റെ

കൊതിക്കുന്നെന്റെ - മാനസത്തിൽ,
തപസ്സിരിക്കും - തമസ്സ് വെളിച്ചത്തിനായ്

എന്നേ - ഞാൻ തീർത്ത വഴിയമ്പലത്തിൽ,
പാന്ഥരാരും കയറാനില്ല.

മൃദുവായ് പിടിച്ചു മൃത്യു തൻകരത്തിൽ
ഘനമുള്ള തണുപ്പിൽ ലയിക്കാൻ..........

*Best Compliments :*

City Tailors

**Palace Road, Aluva. Ph: 625869**

*Best Compliments :*

**Ph: 622792**

TEENS Tailors

**Palace Road, Aluva.**

## Maker her future secure.

## With deposits that offfer high security and good returns.

HIGH SECURITY
FEDERAL DEPOSITS
GOOD RETURNS

If you think that you have a lifetime ahead of you to plan for her future, think again. Because sooner than you think, you'll be printing the invitations and shopping for the Kancheepurams. And hoping against hope that you had saved something substantial.

Presenting Federal Deposits from Federal Bank.The smartest was to save.

Brought to you by the bank that has India's largest private sector banking networ, well - automated branches booked on to the internet, tailor-made deposit schemes, and the technology of tomorrow.



THE FEDERAL BANK LIMITED

ലേഖനം
പ്രതീപ് കെ. എ
ഒന്നാം വർഷഭൗതികശാസ്ത്രബിരുദം

# സ്വയം അരങ്ങൊഴിഞ്ഞവരുടെ കഥകളിലേക്ക്

ആത്മഹത്യകൾ അപൂർവ്വമല്ല. ഏതൊരു ചരിത്രത്തിനും ഏതൊരു സാഹിത്യത്തിനും ഏതൊരു മിഥോളജിക്കും പറയാനുണ്ടാകും സ്വയം അരങ്ങൊഴിഞ്ഞുപോയ കഥാപാത്രങ്ങളെപ്പറ്റി. ആ പലായനങ്ങളുടെ പിന്നാമ്പുറങ്ങൾക്കും പറയാനുണ്ടാകും വേദനയുടെ കഥകൾ.

പുരാണങ്ങളിൽ ആത്മഹത്യകളേറെയുണ്ട്. പിതാവിനു യൗവ്വനം നൽകി സ്വയം മാറി നിന്ന പൂരുവിന്റെ കഥ ഹൈന്ദവപുരാണം പറയും. ശാപത്താൽ അകാലത്തിൽ വാർദ്ധക്യഭാരമേൽക്കേണ്ടി വന്ന യയാതിക്കു മറ്റു പുത്രന്മാരായ യദു, തുർവ്വസു, ദ്രുഹ്യു എന്നിവർ നൽകാൻ മടിച്ച യൗവ്വനം, പിതാവിന്റെ വാർദ്ധക്യം സ്വയം ഏറ്റു വാങ്ങിക്കൊണ്ട് പൂരു നൽകുകയും വാർദ്ധക്യത്തിന്റെ ക്ലേശവുമായി വനഭൂമിയുടെ അനന്തതയിലേക്കിറങ്ങി ചെല്ലുകയും ചെയ്ത സംഭവം ഒരാത്മഹത്യ തന്നെയായിരുന്നു.

തന്റെ ദുർവിധിക്ക് കാരണക്കാരനായ ഭീഷ്മരോട് അടുത്ത ജന്മത്തിൽ പ്രതികാരം ചെയ്യുമെന്ന ശപഥമെടുത്തുകൊണ്ടായിരുന്നു കാശിരാജാവിന്റെ പുത്രിയായ അംബ അഗ്നിയിൽ സ്വയം അർപ്പിച്ചത്. ഭീഷ്മർ അനുജനായ വിചിത്രവീര്യനുവേണ്ടി അംബയെ ബലമായി പിടിച്ചുകൊണ്ടു പോകുകയും പിന്നീട് 'താൻ മറ്റൊരാളെ മനസ്സിൽ കൊണ്ടു നടക്കുന്നവളാണെന്നു' കരഞ്ഞു പറഞ്ഞ അംബയെ വിട്ടയ്ക്കുകയും ചെയ്യുന്നു. എന്നാൽ അവൾ സ്നേഹിച്ചിരുന്ന സാല രാജാവ് 'ഒരുവൻ കൈക്കൊണ്ട സ്ത്രീയെ മറ്റൊരുവൻ കൈക്കൊള്ളുന്നത് ധർമ്മല്ല' എന്ന ന്യായം പറഞ്ഞ് തിരസ്കരിക്കുകയും ഭീഷ്മരെ കൊണ്ട് മാപ്പു പറയിക്കാൻ പരശുരാമനെ സമീപിച്ച തന്റെ ലക്ഷ്യം നിഷ്ഫലമാക്കുകയും ചെയ്തതോടെ ആത്മഹത്യയല്ലാതെ ഒരു മാർഗ്ഗം അംബക്കുണ്ടായിരുന്നില്ല.

ഗുരു ദ്രോണാചാര്യരെ മനസ്സിൽ ധ്യാനിച്ചു ധനുർവിദ്യ അഭ്യസിച്ച ഹിരണ്യധനുസ്സിന്റെ പുത്രനായ ഏകലവ്യൻ ദ്രോണാചാര്യൻ ഗുരുദക്ഷിണയായി ചോദിച്ച മാത്രയിൽ തന്നെ വലതുകൈയിലെ പെരുവിരൽ നിഷ്പ്രയാസം മുറിച്ചു സമർപ്പിച്ചു. വേഷപ്രച്ഛന്നനായി വന്ന ബ്രാഹ്മണൻ ഇന്ദ്രനാണെന്നറിഞ്ഞിട്ടും തന്റെ ശരീരത്തിന്റെ തന്നെ ഭാഗമായ കവ

ചകുണ്ഡലങ്ങളും കർണ്ണൻ വേദനകടിച്ചമർത്തി വാളു കൊണ്ടറുത്തെടുത്ത് ബ്രാഹ്മണനാവശ്യപ്പെട്ട ദാനമായി കൊടുത്തു. മേൽപ്പറഞ്ഞ രണ്ടു സംഭവങ്ങളും ആത്മഹത്യകളായിരുന്നെന്നു പറയാം.

ഭാര്യയായ സീതയുടെ പാതിവ്രത്യത്തിൽ സംശയമുണ്ടായിരുന്നില്ലെങ്കിലും ജനങ്ങളുടെ വായ്മൂടിക്കെട്ടാൻ സീതയെ ഭൂമിയുടെ ആഴങ്ങളിലേക്കുപേക്ഷിച്ച ശ്രീരാമൻ പിന്നീട് സരയൂനദിയിൽ ചാടി ആത്മഹത്യ ചെയ്യുകയായിരുന്നു.

ബൈബിളിലുമുണ്ട് ആത്മഹത്യയുടെ കഥകൾ: പഴയനിയമത്തിൽ നാല് ആത്മഹത്യകളെപ്പറ്റി പറയുന്നുണ്ട്. സാംസൺ, ശൗൽ, അബിമെലക്, അക്കിറ്റോഫൽ എന്നിവരുടെ കഥകൾ. എന്നാൽ ബൈബിളിലെ ഏറ്റവും പ്രസിദ്ധമായ ആത്മഹത്യ ക്രിസ്തുവിനെ ഒറ്റിക്കൊടുത്ത വേദനയിൽ മരക്കൊമ്പിൽ തൂങ്ങിമരിക്കുന്ന യൂദാസിന്റേതാണ്. പാപിയായ അവന്റെ ശവം ശിഖരത്തിൽ തൂക്കി നിർത്താനാവാതെ പാപഭാരത്താൽ ആ മരം പോലും ഭൂമിയിലേക്കു പതിച്ചത്രേ.

ഗ്രീക്ക് പുരാണങ്ങളും പറയുന്നുണ്ട് സ്വയംഹത്യ ചെയ്തവരുടെ വേദനകൾ. പുത്രനായ ഈഡിപ്പസിനെ പ്രാപിക്കേണ്ടി വന്ന ജൊക്കാസ്റ്റയുടെ ആത്മഹത്യ അതിൽ ഒന്നു മാത്രം. മറ്റൊരു രാജ്യത്ത് രാജകുമാരനായി വളർന്ന ഈഡിപ്പസ് അച്ഛനെന്നറിയാതെ സ്വന്തംപിതാവിനെ ശത്രുപക്ഷത്തു കണ്ട് വധിക്കുകയുംപിതാവിന്റെ ഘാതകനെന്നു മനസ്സിലാക്കി സ്വന്തം പുത്രനെ ജൊക്കാസ്റ്റാ മഹാറാണി ഉപേക്ഷിക്കുകയും ചെയ്യുന്നു. വ്യവസ്ഥിതി പ്രകാരം, മരിച്ച രാജാവിന്റെ ഭാര്യ ഈഡിപ്പസിനെ വേൾക്കുകയും രാത്രികൾക്കു ശേഷം എല്ലാം വേദനയോടെ തിരിച്ചറിഞ്ഞ ജൊക്കാസ്റ്റ ആത്മഹത്യ ചെയ്യുകയുമായിരുന്നു. അമ്മയുടെ ജഡം മുന്നിൽക്കണ്ട ഈഡിപ്പസ്, ചെയ്ത കൊടുംപാതകത്തിനു പ്രായശ്ചിത്തമായി കണ്ണുകൾ കുത്തിപ്പൊട്ടിച്ച് ശേഷിച്ച ജീവിതം അനുഭവിച്ചു തീർത്തു.

ചരിത്രം പറയുന്ന താളുകൾക്കിടയിലുമുണ്ട് സ്വയം ഒഴിഞ്ഞു പോയവരുടെ കഥകൾ. അതിൽ ഹിറ്റ്ലറുടെ ആത്മഹത്യ ഏറെ ശ്രദ്ധ പിടിച്ചു പറ്റുന്നു. ശത്രുക്കളുടെ മുന്നിലെ നിസ്സഹായതയെക്കാൾ നല്ലത് സ്വന്തം വാളിന്റെ മൂർച്ച അനുഭവിക്കലാണെന്നു മനസ്സിലാക്കിയ വേലുത്തമ്പിയുടെയും പാലിയത്തച്ചന്റെയും മാനമാണ് വലുതെന്നു കരുതി ആത്മഹത്യ ചെയ്ത പഴശ്ശി രാജാവിന്റെയും കഥകൾ നമ്മുടെ ചരിത്രത്തിനു തന്നെ പറയാനുണ്ട്.

സാഹിത്യത്തിൽ സ്വയം അരങ്ങൊഴിഞ്ഞവർ ഏറെയാണ്. വിശ്വസാഹിത്യത്തിലെ എഴുത്തുകാരിൽ മോപ്പസാങ്, ഏണസ്റ്റ് ഹെമിങ്ങ്‌വേ, വെർജീനിയാ വൂൾഫ്, സിൽവിയാ പ്ലാത്ത് എന്നിവർ ഉദാഹരണങ്ങളാണ്.

മോപ്പസാങ് കഴുത്തറുത്ത് ആത്മഹത്യ ചെയ്യുകയായിരുന്നു. സർഗശക്തിയും ലൈംഗികാസക്തിയും മത്സരിച്ചു വളരുകയായിരുന്നു മോപ്പസാങിൽ. താൻ എഴുതിയ കഥകളുടെ പ്രചാരണത്തിലൂടെ സിദ്ധിച്ച അംഗീകാരത്തെക്കാൾ വേശ്യകളുടെ അഭിനന്ദനങ്ങളായിരുന്നു അദ്ദേഹത്തിനു കാമ്യം.

നോബൽ പുരസ്കാരം നേടിയ അമേരിക്കൻ നോവലിസ്റ്റായ ഏണസ്റ്റ് ഹെമിങ്ങ്‌വേ സ്വയം നിറയൊഴിച്ചാണ് ആ കൃത്യം നിറവേറ്റിയത്. മദ്യവും മദിരയും ഹെമിങ്ങ്‌വേയുടെ ദൗർബ്ബല്യങ്ങളായിരുന്നു. അവയുടെ അഭാവം അദ്ദേഹത്തിന്റെ ജീവിതാസക്തി നശിപ്പിച്ചിരുന്നു. ജീവിതത്തിൽ പല തവണ അപകടങ്ങളെയും ശരീരത്തിലേറ്റ വെടിയുണ്ടകളെയും അതിജീവിച്ച ഹെമിങ്ങ്‌വേ ഒരു ഹോട്ടൽ മുറിയിൽ സ്വയം വെടിവെച്ചു മരിക്കുകയായിരുന്നു.

വെർജീനിയാ വൂൾഫ് ഒഴുകുന്ന പുഴയുടെ കയങ്ങളിലേക്കിറങ്ങി ചെന്നു മരണമെത്തിപ്പിടിച്ചവളാണ്. എല്ലാ സുഖങ്ങളുടെയും നടുവിലായിരുന്നിട്ടും എന്തൊക്കെയോ ചിന്തകൾ അവരുടെ മനസ്സിനെ വേട്ടയാടിയിരുന്നു. അത്തരം ചിന്തകൾ അവർക്കു സമ്മാനിച്ച ചിത്തവിഭ്രാന്തികളായിരുന്നു. ഒടുവിൽ ഔസ് നദിയിലേക്കു ചാടി വിടപറയുകയായിരുന്നു അവർ.

ആത്മഹത്യാപഠനങ്ങൾക്കുവേണ്ടി ഏറെ തവണ പരീക്ഷണവസ്തുവാക്കപ്പെട്ടതായിരുന്നു സിൽവിയാ പ്ലാത്തിന്റെ ജീവിതവും മരണവും. ഒന്നിലേറെ തവണ ആത്മഹത്യയ്ക്കു ശ്രമിച്ച് പരാജയപ്പെട്ടു സിൽവിയ. മനഃശാസ്ത്രസിദ്ധാന്തങ്ങൾക്കു വെല്ലുവിളിയായി ഓരോ

തവണയും വ്യത്യസ്ത മാർഗ്ഗങ്ങളും അവർ തെരഞ്ഞെടുത്തു. 'വീണ്ടും ഞാനതു ചെയ്തു, പൂച്ചയെപ്പോലെ ഒൻപതാവർത്തി മരിക്കേണ്ടതുണ്ടെനിക്ക്' എന്നാണ് മൂന്നാമത്തെ ആത്മഹത്യാശ്രമത്തിനുശേഷം അവരെഴുതിയത്. പിന്നീടൊരിക്കൽ അടുക്കളയിൽ കയറി വാതിലുകളും ജനാലകളും അടച്ച് പാചകവാതകം തുറന്നുവിട്ട് മുഖം വാതകക്കുഴലിനോടു ചേർത്തുവെച്ചു കിടന്നാണ് അവർ മരണത്തിലേക്കിറങ്ങിച്ചെന്നത്.



മലയാള സാഹിത്യത്തിലെ എഴുത്തുകാരിൽ നന്തനാർ, ഇടപ്പള്ളി രാഘവൻപിള്ള, രാജലക്ഷ്മി എന്നിവർ സ്വയംഹത്യ ചെയ്തവരാണ്.

പ്രണയനൈരാശ്യമാണ് ഇടപ്പള്ളിയുടെ മരണത്തിനു പിന്നിൽ എന്നു പറയപ്പെടുന്നു. ബാല്യം മുതൽക്കേ ദുരിതങ്ങൾ അനുഭവിച്ചു വളർന്ന അദ്ദേഹത്തിനു കാമുകി മറ്റൊരാളെ വിവാഹം കഴിക്കാനൊരുങ്ങുന്നു എന്ന അറിവ് സഹിക്കാനായില്ല.

നന്തനാരുടെ മരണം ആത്മഹത്യയായിരുന്നെന്നും അല്ലെന്നും പറയുന്നുണ്ട്. കുടുംബജീവിതത്തിലെ പൊരുത്തക്കേടുകൾ അദ്ദേഹത്തിനു വേദനകളായിരുന്നു. വീട് വിട്ട് ഇറങ്ങിപ്പോയതിന്റെ മൂന്നാം ദിവസമാണ് നന്തനാരുടെ ജഡം ഒരു ലോഡ്ജിൽ നിന്നും കണ്ടെത്തിയത്. മദ്യത്തിൽ വിഷം ചേർത്തു കഴിച്ചാണ് കൃത്യം നടത്തിയത് എന്ന് കരുതപ്പെടുന്നു. മരിക്കാൻ പോകുന്ന ഒരുവന്റെ ഭാവങ്ങൾ വ്യക്തമാക്കിക്കൊണ്ട് നാലഞ്ച് കഥകൾ അദ്ദേഹമെഴുതിയിട്ടുണ്ട്. അവയിലൊന്നിലെ എല്ലാം മുൻകൂട്ടി നിശ്ചയിച്ച് വാച്ച് അഴിച്ചു വീട്ടിൽ വച്ചതിനു ശേഷം ആത്മഹത്യ ചെയ്യാൻ വാടകമുറിയിലെത്തുന്ന ഒരു കഥാപാത്രത്തിന്റെ അനുകരണമായിരുന്നു അദ്ദേഹത്തിന്റെ മരണവും എന്ന സത്യം ഏറെ ചർച്ചചെയ്യപ്പെട്ടതാണ്.

യൗവ്വനത്തിന്റെ മൂർദ്ധന്യതയിലായിരുന്നു രാജലക്ഷ്മിയുടെ വേർപാട്. കോളേജ് അദ്ധ്യാപികയായിരുന്ന രാജലക്ഷ്മിയിൽ തന്റെ തന്നെ കൃതികളുടെ പേരിലുയർന്ന ആക്ഷേപങ്ങളുടെ വേദനയും വിവാഹപ്രായം കഴിഞ്ഞിട്ടും മംഗല്യയോഗമുണ്ടായില്ലെന്ന നിരാശയും മാനസികസംഘർഷങ്ങളായി ഭവിച്ചിരിക്കണം. 'ഉച്ചവെയിലും ഇളംനിലാവും'- എന്ന നോവലിന്റെ ഏതാനും അദ്ധ്യായങ്ങൾ മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ചതിനുശേഷം, അവ തന്റെ വേണ്ടപ്പെട്ടവരുടെ തന്നെ കുടുംബസൗഖ്യത്തെ തകർക്കുമെന്നു ഭയപ്പെട്ട രാജലക്ഷ്മി അവയുടെ പ്രസിദ്ധീകരണം നിർത്തിവയ്ക്കുകയും അപ്രകാശിത അദ്ധ്യായങ്ങൾ സ്വയം കത്തിച്ചുകളയുകയും ചെയ്തു. ഇന്നും അപൂർണ്ണമായി അവശേഷിക്കുന്ന ആ നോവൽ പൂർണ്ണതയിലെത്തിയിരുന്നെങ്കിൽ അതായിരിക്കാം മലയാളത്തിലെ ഏറ്റവും നല്ല കൃതി എന്നു സാഹിത്യവുമായി ബന്ധപ്പെട്ട പലരും അഭിപ്രായപ്പെട്ടിരുന്നു. ഏതാനും ചെറുകഥകളും രണ്ടു നോവലുകളും കൊണ്ടു മാത്രം മലയാളികൾക്കിടയിൽ സ്ഥിരപ്രതിഷ്ഠ നേടിയ രാജലക്ഷ്മി 1965-ൽ കുളിമുറിയിൽ തൂങ്ങിമരിക്കുകയായിരുന്നു. രോഗത്തിന് സ്വയം കീഴടങ്ങിക്കൊണ്ട് ജീവിക്കാൻ വേണ്ടി ഒരു പിടച്ചിൽ കൂടി നടത്താതെ മരണത്തിന്റെ കാലടിവെപ്പുകൾ കേട്ടുകിടന്ന് തന്നെ നോവലെഴുതിയ ഏകാകിനിയായ എമിലിബ്രോണ്ടിയെപ്പറ്റി ഓർമ്മിച്ചു പോകുന്നത് സ്വാഭാവികം - എന്നാണ് രാജലക്ഷ്മിയുടെ മരണത്തെക്കുറിച്ച് പിന്നീട് എം.ടി. വാസുദേവൻനായർ മാതൃഭൂമിയിലെഴുതിയത്.

വേദനയുടെ ഭൂതകാലം മാത്രം ബാക്കി നിർത്തി സ്വയം അരങ്ങൊഴിഞ്ഞു പോകുന്നവരുടെ കഥകൾ അവസാനിക്കുന്നില്ല. ഇനിയുള്ള സാഹിത്യവും, ചരിത്രവും നമ്മോട് അവ പറയാതിരിക്കില്ല.

കവിത
ശ്രീമതിയ്ക്കുസ് മേരി ജോർജ്ജ്
മലയാള വിഭാഗം

# പരസ്പരം

അഞ്ചാറു മഞ്ചാടിക്കുരു പെറുക്കിയെടുക്കുക നീ.
മുറിഞ്ഞു വീണൊരീ വൃക്ഷച്ചില്ല മരുകളിൽ
ചാരിയൊരിത്തിരി നേരമിരിക്കുക-
ഈ ഗ്രീഷ്മ നിസ്വനങ്ങളിൽ നിന്നൊരു
ഋതു സംഗമം കടംകൊള്ളുക നീ.
പിടിച്ചു നിർത്തുകീ ഭ്രമണസൂചികളെ
തടുത്തു നിർത്തുകീ സമയകണങ്ങളെ
കോർത്തു പിടിക്കുക സ്നേഹനാരുകളെ
നെയ്തെടുക്കുക ഒരു വാക്കിൻ വലയെ
നമുക്കങ്ങനെ തമ്മിൽതമ്മിൽ
തമ്മിൽ തടവുകാരാവാം -
പാറാവുകാരില്ലാത്തൊരീ പാളയത്തിൽ
ജലമേഘമാലകളിലൊരു
പനിക്കോളില്ലായ്യുന്നൊരീ
താന്ത സന്ധ്യയും ഇഴയുമിരുളും
കൊഴിയുമിലകളും നാമിരുവർ
മാത്രവും മിന്നുമീനിമിഷവും
ഉടയാത്ത മൺചെരാതു -
മാതിരി അഞ്ചാറു വാക്കുകളും
പറയൂ - പറയുകെന്തെങ്കിലും
മൗനമുദ്രിതം - സാന്ദ്ര നിമിഷം
നിശബ്ദത - ധ്യാനവിസ്മയം
നോക്കൂ - വിഹ്വലമായ വീഥികളാ-
ണിരു വശത്തുമെങ്കിലും
കരിഞ്ഞു തീരുന്നൊരു
മേൽപ്പുരയാണാ വീടി -
നെങ്കിലും പോവുക, നാം.

കോർത്തു പിടിക്കുകെൻ കൈകളെ
ചേർന്നു നടക്കെൻ വാക്കിൻ വരമ്പിൽ
പെറുക്കിയെടുക്കുകഞ്ചാറു
മഞ്ചാടി മണികളം-
വാരിവിതറുകീ വഴികളിൽ
പിൻവരവിലൊരു തണലാവട്ടെ-



കഥ

എം. എ. സിനി,
രണ്ടാംവർഷ ചരിത്ര ബിരുദം

# പുരാവൃത്തങ്ങളുണ്ടാകുന്നത്

ഞങ്ങളുടെ നാട്ടിൽ വയസ്സായ സ്ത്രീകളെ പേരിനോടൊപ്പം 'താത്തി' എന്നു ചേർത്തു വിളിച്ചുപോന്നു. പിന്നിൽ നെറിഞ്ഞ് മുണ്ടുടുത്ത സ്ത്രീകളെയാണ് പൊതുവെ വയസ്സായവരായി കൂനമ്മാവുകാർ കണ്ടിരുന്നത്. ഒരു രസം പറയട്ടേ. കൂനമ്മാവിൽ കൂനുള്ള മാവുണ്ടോന്ന് ചോദിക്കരുത്. കുട്ടികളായ ഞങ്ങാം പലതവണ മുതിർന്നവരോട് ചോദിച്ചതാണിത്. ആരും ഉത്തരം പറഞ്ഞില്ല. എന്റെ അമ്മച്ചി അമ്മൂമ്മയോടും ഇത് ചോദിച്ചത്രേ. അമ്മൂമ്മ മുറുക്കിച്ചുവന്ന ചുണ്ടുകരം ഇടത്തോട്ട് കോട്ടി എന്തോ പറഞ്ഞു. തുപ്പലിനോടൊപ്പം പുറത്തുവന്നത് വ്യക്തമായില്ലത്രേ. അമ്മച്ചിക്ക് ചോദിക്കാമായിരുന്നില്ലേ വീണ്ടും?. ഞങ്ങാംക്ക് അറിഞ്ഞേ തീരൂ എന്നുള്ള വാശി. എന്തു ചെയ്യാനാ അമ്മച്ചിക്ക് , അമ്മൂമ്മയ്ക്ക് ആർക്കും അറിയില്ലെന്നു വെച്ചാൽ!

വെളമതാത്തി പറഞ്ഞു തുടങ്ങി "ഉവ്വ്, കൂനമ്മാവിൽ ഒരു മാവുണ്ടായിരുന്നു!" ഞങ്ങളൊക്കെ കാതുകൂർപ്പിച്ചിരുന്നു. എന്നുവെച്ചാൽ ഞാൻ, കൊച്ചുമേരി, ആച്ചിക്കുട്ടൻ. "നല്ല കായ്ഫലമുള്ള മാവായിരുന്നു. ആരോ ഗോവേന്ന് കൊണ്ടു വന്നതാ. ഇപ്പോഴത്തെ പ്രീയോരുമാവില്ലേ. അതിനേക്കാളും ഉയരവും തടിയുമുള്ള ഒരസ്സല് മാവ്. ഒരാണ്ടില് പത്തുരണ്ടായിരം മാങ്ങയുണ്ടാവും."

"പള്ളിയുടെ പുറകിലായിരിക്കും. കൊച്ചുമേരി കണ്ടിട്ടില്ലേ കത്തിക്കരിഞ്ഞ ഒരു മരക്കുറ്റി. അതാവും ആ മാവ്-പാവം."

"ആച്ചിക്കുട്ടാ മിണ്ടാതിരിക്ക്," ഞാൻ പറഞ്ഞു. "എടീ ആച്ചിക്കുട്ടൻ പറയട്ടെ. അവനെന്റെ മോനാ. അല്ലേടാ." വെളമത്താത്തിക്ക് ഞങ്ങളിൽ ഏറ്റവും ഇഷ്ടം ആച്ചിക്കുട്ടനെയാണ്. ആള് നല്ല കുസൃതിയാ. ഞാൻ ആച്ചിക്കുട്ടനെ ചേർത്തുപിടിച്ചു, ഇനിയെങ്കിലും രസച്ചരട് മുറിയരുത്.

"മാവു പൂത്താൽ ഒരുപാട് പേർ മാങ്ങായ്ക്ക് വിലപറയാൻ വരും. അന്ന് പത്തുറുപ്പിക മുൻകൂർ കൊടുക്കണമായിരുന്നത്രേ."

"വെള്ളമതാത്തീ, ആ മാവിന് കൂനുണ്ടായിരുന്നോ?"

"അതല്ലേ രസം, കുട്ടീ ആ മാവിന് കൂനുണ്ടായിരുന്നില്ല." അയ്യേ, വെളമത്താത്തിയ്ക്കും കൂനുള്ള മാവിന്റെ കഥയറിയില്ല.

"ആച്ചിക്കുട്ടാ, ശ്രദ്ധിച്ചു കേട്ടോളൂ." വെളമതാത്തി ഒന്നുകൂടി മുറുക്കി തുപ്പി. എപ്പോഴും താത്തിയുടെ കൈയ്യിൽ കൊന്തയ്ക്കുള്ള മണിയും ചീനവള്ളി കമ്പിയും കാണും. കൊന്ത കെട്ടിയാണ് താത്തി ജീവിക്കാനുള്ള വകയുണ്ടാക്കിയിരുന്നത്. പെരുന്നാള്ളിന് മാത്രം ഞങ്ങളുടെ വീട്ടിൽ താത്തി ഊണുകഴിക്കാൻ വന്നിരുന്നു. അമ്മച്ചിയ്ക്ക് താത്തിയെ ഇഷ്ടമാണെന്ന് സംസാരത്തിൽ നിന്നറിയാം. അപ്പച്ചൻ പറയണത് അവര് ചീത്തയാണെന്നാ. സത്യമായിട്ടും വെളമത്താത്തി നല്ലവളാ, പാവമാണ്. കൊച്ചുമേരിക്കും, ആച്ചിക്കുട്ടനും എനിക്കും താത്തിയെ ഇഷ്ടമാണ്.

"കൂനില്ലാത്ത മാവിനടുത്ത് ഒരു വീട്ടുകാർ താമസിച്ചിരുന്നു. പണ്ട്, പണ്ടാണ്. കൂനമ്മാവിൽ അന്ന് കല്ലുകെട്ടിയ മതിലുകളോ മുള്ളുവേലികളോ ഒന്നും ഉണ്ടായിരുന്നില്ല. കൊറെ തരിശു ഭൂമി. തിരുമുപ്പത്തുള്ള ഏതോ നായരുടേതായിരു

ന്നു ഈ സ്ഥലമെല്ലാം, ആച്ചിക്കുട്ടാ. മാവിനടുത്തുള്ള വീട്ടിൽ മൂന്ന് പെൺകുട്ടികളുണ്ടായിരുന്നു. മൂന്നു സുന്ദരിക്കുട്ടികൾ. അന്നൊക്കെ വലിയ കഷ്ടപ്പാടായിരുന്നു കഴിഞ്ഞു കൂടാൻ. പേരപ്പാടത്ത് പൊക്കാളി കൊയ്യുന്നതും ആറു മാസം പാടത്തെ ഇഷ്ടികച്ചൂളയിലെ പണിയുമായിരുന്നു ആശ്രയം. അന്നു കൂനമ്മാവ് പള്ളീല് ഒരച്ചനേ ഉണ്ടായിരുന്നുള്ളൂ. പെണ്ണുങ്ങളും ആണുങ്ങളും പാടത്ത് ഒന്നിച്ച് പണിക്ക് പോകും. പാടത്ത് പണിക്കു വന്ന യോനാക്കുഞ്ഞുമായി ആ വീട്ടിലെ മൂത്ത പെൺകുട്ടി ഇഷ്ടത്തിലായി." കൊച്ചുമറിയുടേയും ആച്ചിക്കുട്ടന്റേയും ശ്രദ്ധ കഥയിലല്ല. ഞങ്ങൾക്കറിയേണ്ടത് കൂനുള്ള മാവിന്റെ കഥയാണ്. അല്ലാതെ പാടത്തു പണിക്കു പോയവരുടേതല്ല. പക്ഷെ വെളമത്താത്തി ഞങ്ങളെ ശ്രദ്ധിക്കുന്നേയില്ല. എല്ലാം മറന്ന് തെല്ലൊരാവേശത്തോടെ കഥ തുടരുകയാണ്.

"കല്യാണം കഴിക്കാത്ത അവർക്കൊരു കുഞ്ഞുണ്ടായി, ഒരാൺകുട്ടി." താത്തിയുടെ മുഖം ചുവക്കുന്നത് ഞാൻ കണ്ടു. താത്തി വീടിന്റെ തേയ്ക്കാത്ത ചുവരിൽ ചാഞ്ഞിരുന്നു. കഥയുടെ പോക്കിൽ എനിക്ക് തൃപ്തിയായില്ല. എങ്ങനെയാ ചോദിക്കുക. അമ്മച്ചിയ്ക്കും അമ്മൂമ്മയ്ക്കും അറിയില്ലാത്തത് പറഞ്ഞുതരാനൊരാളല്ലേയുള്ളൂ. പറഞ്ഞോട്ടെ. എങ്ങനെയായാലും കൂനുള്ള മാവിന്റെ കഥയറിയണം.

"യോനാക്കുഞ്ഞേട്ടനെ ഒരു ദിവസം കാണാതായി. അയാൾ വേറെ കല്യാണം കഴിച്ചെന്നു പറയണ കേട്ടു."

"എന്നിട്ട് ആ ചേച്ചി"....... എനിക്കറിയേണ്ടത് ഇതല്ല. പക്ഷെ......

"ചേച്ചി തന്റെ കുട്ടിയെ കഷ്ടപ്പെട്ടു വളർത്തി. ആ കുട്ടി വളർന്ന് ജോലിക്കാരനായി."

ഇതെല്ലാം പറയുമ്പോൾ താത്തിയുടെ കണ്ണുകൾ നിറഞ്ഞിരുന്നു. വാക്കുകൾ പൂർണ്ണമാകുന്നില്ല. ഞാനും കരയുകയാണോ? എന്തിനാണത്, ചേച്ചി കഷ്ടപ്പെട്ടു കുട്ടിയെ വളർത്തിയതു കൊണ്ടോ, അതോ താത്തി കരയുന്നതു കൊണ്ടോ?

"മകൻ കല്യാണം കഴിച്ചു, മകന് ഒരു കുട്ടിയുണ്ടായി. അവൻ കുടുംബത്തോടൊപ്പം തിരുവനന്തപുരത്തേയ്ക്ക് താമസം മാറ്റി. പക്ഷെ അവൻ അമ്മച്ചിയെ മാത്രം കൊണ്ടുപോയില്ല."

താത്തി പൊട്ടിക്കരയുകയാണ്. "ഒടുവിൽ അവന്റെ അമ്മച്ചി ആ മാവിന്റെ കൊമ്പിൽ തൂങ്ങിച്ചത്തു."

ഒരാൾ തൂങ്ങിച്ചത്താൽ മാവിന് കൂനു വരുമോ?



വീണ്ടും ചോദിക്കാൻ മനസ്സു വന്നില്ല. താത്തി ചുമരിൽ ചാരിയിരിക്കുകയാണ്. ഞങ്ങൾ വീട്ടിലേയ്ക്ക് പോയി.

അമ്മച്ചി വന്നപാടെ വഴക്കു പറഞ്ഞു: പക്ഷെ, ഞാനൊന്നും കേട്ടില്ല. കല്യാണം കഴിക്കാതെ കുട്ടികളുണ്ടായവർ തൂങ്ങിച്ചത്താൽ മാവു കുനിയുമോ? എന്തോ എനിക്കുറക്കം വന്നില്ല. പിറ്റേന്ന് അമ്മച്ചി ആരോടോ വർത്തമാനം പറയുന്നതു കേട്ടാണുണർന്നത്.

"മോൻ വരാതിരിക്കില്ല. ഒന്നില്ലെങ്കിൽ പെറ്റ തള്ളയല്ലേ. അവനേം പറഞ്ഞിട്ടെന്താ കാര്യം. അവനുണ്ടാവും പോക്കണം കേട്. പെഴച്ചു പെറ്റാൽ........ അല്ല പറഞ്ഞിട്ടെന്താ കാര്യം. ഇന്നലെ വൈകുന്നേരം ഞാൻ കണ്ടതല്ലേ താത്തിയെ, ഒരു സൂചനപോലും തന്നില്ല. വെളുപ്പിനാവും, എന്നാലും താത്തിയെങ്ങനെ ആ മാവിൽ വലിഞ്ഞു കയറി..................."

കവിത
തസ്മിൻ .കെ. എ
രണ്ടാംവർഷ മലയാള ബിരുദം

# വേർപാട്

വേർപാട് മധുരമാം നൊമ്പരം
ഒരു വാക്കേകുന്ന കുളിരാർന്ന സ്വപ്നം
കണ്ണന്റെ മുരളീലയ മോഹന നാദം
കാമിനിമാരുടെ സ്നേഹവിലാപം
കണ്ണിറുക്കിയും നറുപുഞ്ചിരി തൂകിയും
കണ്ണീർ പുഴ കടന്നെത്തും കിനാവുകാം -
കാത്തിരിപ്പിൻ നിറച്ചാർത്ത്.

കാർമേഘകൈയിലെ സന്ദേശകാവ്യം
മുറിവിൽ വസന്തത്തിൻ നീറ്റൽ
വഴിക്കണ്ണ് ചുരത്തുന്ന താപാഗ്നി
കുറിമാനമുള്ളിലെ നനുത്തനിലാവ്
ഉദിച്ചുയരുന്ന സ്നേഹസൂര്യന്റെ
ഒരു പിടി പ്രാർത്ഥനാമലരുകാം
ദിനംകൊല്ലാനെത്തുന്ന വ്യാമോഹങ്ങളുടെ
വരണ്ട ചുണ്ടിലെ പുഞ്ചിരി.

നുണയാൻ ഇത്തിരി മധുരമുണ്ടെങ്കിൽ
വിരഹമുണർത്തുന്നു മധുരമാം നൊമ്പരം.

Ph: 445137

JAWAHARLAL NEHRU EDUCATION FOUNDATION
*(Regd. (No.30111997) Under TC Act 12 of 1955)*

**MCC, Computer Training Centre,**
Penta Palaza,
North Paravoor,

*Course Offered,*
**PGDCA, DCA, DCS, DOA, DCO, DTP**

# കോളേജ് യൂണിയൻ റിപ്പോർട്ട് 1997 – '98

1921 - ൽ സ്ഥാപിതമായ, 76 കൊല്ലക്കാലത്തെ പാരമ്പര്യവും പ്രശസ്തിയുമുള്ള ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജിന്റെ യൂണിയൻ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ എനിക്കും എന്റെ കൂട്ടുകാർക്കും പിന്തുണ നൽകിയ, സമാധാനത്തിന്റെ കൊച്ചു കൊച്ചു തുരുത്തുകളും സൗഹാർദ്ദത്തിന്റെ തണൽ മരങ്ങളും നിറഞ്ഞ ഈ കലാലയത്തിന്റെ ജീവസ്പന്ദനങ്ങളായ എന്റെ പ്രിയപ്പെട്ട കൂട്ടുകാരേ,

ശതാബ്ദി ആഘോഷകാഹളധ്വനിക്ക് കാതോർത്തു കൊണ്ട് മുന്നേറുന്ന നമ്മുടെ കലാലയത്തിന്റെ 97-98 കലാലയ വർഷത്തെ കൂട്ടായ്മയുടെ, ഊർജ്ജസ്വലതയുടെ, അന്വേഷണത്വരയുടെ ശേഷപത്രമായ ഈ റിപ്പോർട്ട് തികഞ്ഞ അഭിമാനത്തോടെ, സന്തോഷത്തോടെ നിങ്ങൾക്ക് മുമ്പിൽ അവതരിപ്പിക്കട്ടെ.

സുന്ദരമായ ക്യാമ്പസ്സും സൗഹൃദക്കൂട്ടത്തിലേക്കിറങ്ങി വരുന്ന അധ്യാപകരും അനധ്യാപകരും താളമിട്ടുതരുന്ന ഒരു സിംഫണി പോലെ മനോഹരമായ ഈ കലാലയ ജീവിതത്തിലേക്ക് ആവേശത്തിരമാലകളുമായി, 1997 സെപ്റ്റംബർ 12-ാം തിയതി നടന്ന തെരഞ്ഞെടുപ്പു മാമാങ്കം ഒരു പുത്തനുണർവായി വന്നെത്തി. മികച്ച വ്യക്തിത്വങ്ങൾ മാറ്റുരച്ച വേദിയിൽ U-C-യുടെ കഥാകാരൻ, നമ്മുടെ കലാപ്രതിഭ, രണ്ടാം വർഷ ആംഗലേയ സാഹിത്യ ബിരുദാനന്തര ബിരുദ വിദ്യാർത്ഥി ശ്രീ. ടോണി ജോസ് ചെയർമാനായി ഒരു പുതിയ കലാലയ യൂണിയൻ രൂപം കൊണ്ടു.

| | |
|---|---|
| വൈസ് ചെയർപേഴ്സൺ | - റെജിൻ ജോർജ്ജ് (രണ്ടാം വർഷ മലയാള സാഹിത്യ ബിരുദാനന്തരബിരുദ വിദ്യാർത്ഥിനി) |
| ജന: സെക്രട്ടറി: | - ഡെൻസൺ ദേവസി (2-ാം വർഷ ഗണിതശാസ്ത്രബിരുദവിദ്യാർത്ഥി) |
| യു.യു.സി | - മൊഹമ്മദ്ഷിയാസ് (2-ാം വർഷ സാമ്പത്തികശാസ്ത്രവിദ്യാർത്ഥി) |
| യു.യു.സി | - വിനോദ് എസ് (3-ാം വർഷ ഗണിതശാസ്ത്ര വിദ്യാർത്ഥി) |
| ആർട്ട്സ് ക്ലബ് സെക്രട്ടറി | - ഹരികുമാർ. എസ്. (രണ്ടാം വർഷ മലയാളസാഹിത്യ - ബിരുദാനന്തര ബിരുദ വിദ്യാർത്ഥി) |
| മാഗസിൻ എഡിറ്റ ർ | - മനോജ്. ജി. കൃഷ്ണൻ (2-ാം വർഷ ചരിത്രബിരുദവിദ്യാർത്ഥി) |
| വനിതാ പ്രതിനിധികൾ | - മിൽന സൂസൻ ജോസഫ് (3-ാം വർഷ BT & SP) |
| | - മഞ്ജു മേരി ജോസഫ് (2-ാം വർഷ രസതന്ത്ര ബിരുദം |

എന്നിവർ യൂണിയൻ ഭാരവാഹികളായി തെരഞ്ഞടുക്കപ്പെട്ടു.

യൂണിയൻ എക്സിക്യൂട്ടിവ് മെമ്പർമാരായി

| | | | |
|---|---|---|---|
| I | പ്രീഡിഗ്രി പ്രതിനിധി | : | അജയ് കുമാർ കെ. |
| II | പ്രീഡിഗ്രി പ്രതിനിധി | : | എബിൻ തോമസ് |
| I | ഡിഗ്രി പ്രതിനിധി | : | ഷാമോൻ പി. എസ് |
| II | ഡിഗ്രി പ്രതിനിധി | : | മാത്യൂസ് ജോസ് കളത്തിൽ |
| III | ഡിഗ്രി പ്രതിനിധി | : | സുബി സെബാസ്റ്റ്യൻ |
| II | പി.ജി. പ്രതിനിധി | : | മേരി ജോൺ അറയ്ക്കൽ |

എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

താഴെ പറയുന്നവരെ വിവിധ സ്ഥാനങ്ങളിലേക്ക് യൂണിയൻ നോമിനേറ്റ് ചെയ്തു .

| | |
|---|---|
| General Captain | - ഹരികൃഷ്ണൻ കെ. |
| Quize club secretary | - രജീഷ് ആർ. |
| Debating club Secretary | - അനൂപ് ജോയ് |
| Cine club Secretary | - നിയാസ് എ. യു |
| Canteen Secretary | - അനൂപ് കോശി ജേക്കബ് |
| Planning forum | - വിശ്വനാഥ് കെ. എച്ച് |
| Social Service league | - രാജേഷ് മാത്യു |

പിന്നോക്ക വിഭാഗ പ്രതിനിധി - ദിൽജിത് കെ. എൻ.

## സത്യപ്രതിജ്ഞ

30- 9- 97 -ന് വി. എം. ഹാളിൽ വച്ചു നടന്ന ചടങ്ങിൽ യൂണിയൻ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. പ്രിൻസിപ്പൽ ഡോ: രാജൻ വർഗ്ഗീസ് സത്യവാചകം ചൊല്ലിക്കൊടുത്തു. 13 - 10 - 97 -ൽ നോമിനേറ്റ് ചെയ്യപ്പെട്ട യൂണിയൻ മെമ്പേഴ്സ്, കോളേജ് യൂണിയൻ ഓഫീസിൽ വെച്ച് നടന്ന ചടങ്ങിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

## ഉപദേശക സമിതി

| | | |
|---|---|---|
| സ്റ്റാഫ് അഡ്വൈസർ | : | പ്രൊഫ: ബി.ടി. ജോയി |
| ആർട്ട്സ് ക്ലബ് | : | ശ്രീ. വി. പി. മാർക്കോസ് |
| സിനി ക്ലബ് | : | ശ്രീ. എം. ഐ . പുന്നൂസ് |
| ഡിബേറ്റിങ് ക്ലബ് | : | പ്രൊഫ: എൽ. ഐ. സോമസുന്ദർ |
| ക്വിസ് ക്ലബ് | : | പ്രൊഫ: എ.എം. ഗീവർഗ്ഗീസ്, പ്രൊഫ: കെ. പി. ഉണ്ണികൃഷ്ണൻ |
| മാഗസിൻ | : | ഡോ: കെ. വി. കുഞ്ഞികൃഷ്ണൻ |

എന്നിവരെ ഉപദേശകരായി തെരഞ്ഞെടുത്തു.

## Voice of U.C.

October 17-ാം തീയതി ക്യാമ്പസിലെ മികച്ച ഗായകരെ കണ്ടെത്താൻ വോയ്സ് ഓഫ് U.C. മത്സരം നടത്തി.

## യൂണിയൻ ഉദ്ഘാടനം

October 21-ാം തീയതി നടന്ന വർണശബളമായ ചടങ്ങിൽ വച്ച് പ്രശസ്ത പത്രപ്രവർത്തകൻ ശ്രീ. കെ. എം.റോയ് ഈ വർഷത്തെ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. പ്രശസ്ത പിന്നണി ഗായകൻ ശ്രീ . ബിജു നാരായണൻ, ആർട്സ് ക്ലബ് ഉദ്ഘാടനം നിർവഹിച്ചു. യൂണിയൻ ചെയർമാൻ ടോണി ജോസ് അധ്യക്ഷത വഹിച്ച യോഗത്തിൽ പ്രിൻസിപ്പാൾ ഡോ. രാജൻ വർഗ്ഗീസ്, സ്റ്റാഫ് അഡ്വൈയ്സർ പ്രൊഫ. ബി.റ്റി. ജോയ് , യു.യു.സി. മൊഹമ്മദ് ഷിയാസ്, വൈസ് ചെയർമാൻ റെജിൻ ജോർജ്ജ് എന്നിവർ ആശംസകൾ അർപ്പിച്ചു. ജനറൽ സെക്രട്ടറി ഡെൽസൻ ദേവസി സ്വാഗതം എഡിറ്റർ മനോജ് ജി. കൃഷ്ണൻ നന്ദിയും പറഞ്ഞു. തുടർന്ന് വോയ്സ് ഓഫ് യു.സി.യുടെ ഗാനമേളയും നടന്നു.

## കേരളപ്പിറവി

കേരളത്തിന്റെ തനിമയും സംസ്കാരവും ഉയർത്തിപ്പിടിക്കുന്ന വിധത്തിൽ, യൂണിയൻ കേരളപ്പിറവിദിനം ആഘോഷിച്ചു. വിദ്യാർത്ഥികളുടെ ഇടയിൽ നിന്നും നറുക്കെടുപ്പിലൂടെ, ഉദ്ഘാടകനായി 2-ാം വർഷ പ്രീഡിഗ്രി വിദ്യാർത്ഥി ബോണിയും , മുഖ്യാതിഥിയായി II-ാം വർഷ M.A. വിദ്യാർത്ഥിനി ശാന്തി A.K.യും തിരഞ്ഞെടുക്കപ്പെട്ടു. ഉദ്ഘാടന യോഗത്തിൽ കേരളപ്പിറവി ദിനാഘോഷത്തോടനുബന്ധിച്ച് നടത്തിയ ഉപന്യാസ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ രാജേഷ് കുമാർ K.K. ക്ക് ഉപഹാരം നൽകുകയുണ്ടായി. അതിനുശേഷം കേരളത്തനിമ വിളിച്ചോതുന്ന കലാപരിപാടികൾ നടത്തുകയുണ്ടായി . പിന്നീട് നടന്ന കേരളത്തനതുവേഷ മത്സരത്തിൽ വിഷ്ണു മേനോനും അഞ്ജന രാഘവനും യഥാക്രമം കേരളപുരുഷനും കേരളവനിതയുമായി തെരഞ്ഞെടുക്കപ്പെട്ടു.

## കുമ്മാട്ടി - 97

1997 - 98 കലാലയ വർഷത്തിലെ ആർട്ട്സ് ഫെസ്റ്റിവൽ കുമ്മാട്ടി 97 നവംബർ 11, 12, 13 തീയതികളിൽ നടന്നു. പ്രൊഫ. ജെയിംസ് ജയരാജ് ആർട്ട്സ് ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്തു. ചെയർമാൻ ടോണിജോസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ആർട്ട്സ് ക്ലബ് സെക്രട്ടറി ഹരികുമാർ സ്വാഗതവും വൈസ് ചെയർപേഴ്സൺ റെജിൻ ജോർജ്ജ് നന്ദിയും പറഞ്ഞു. വിവിധ മത്സരങ്ങളിൽ കലാലയത്തിലെ വിദ്യാർത്ഥി, വിദ്യാർത്ഥിനികൾ ഉത്സാഹപൂർവ്വം പങ്കെടുത്തു.

## നാടകോത്സവം

1997-98 കലാലയ വർഷത്തിലെ നാടകോത്സവം നവംബർ 18-ാം തീയതി നടന്നു. 'മീനടയും അപ്പവും' എന്ന നാടകം ഒന്നാം സമ്മാനത്തിന് അർഹമായി. മികച്ച നടനായി സന്തോഷ് പീറ്ററിനെയും നടിയായി ഗായത്രി ജയരാജിനെയും തെരഞ്ഞെടുത്തു.

## ചർച്ചകളും സെമിനാറുകളും

മഹാത്മാഗാന്ധിയുടെ വാർദ്ധയിലെ സേവാഗ്രാം സന്ദർശിച്ച പ്രൊഫ. പി.ജെ. ചെറിയാൻ, ഡോ. കെ. വി. കുഞ്ഞികൃഷ്ണൻ എന്നിവർ 4 - 11- 97 വി. എം. ഹാളിൽ വച്ച് അവരുടെ അനുഭവങ്ങൾ പങ്കു വച്ചു.28 - 11- 97 ന് ഗാന്ധിയൻ സാഹിത്യവേദിയുടെ പുസ്തകപ്രദർശനവും വിൽപനയും സംഘടിപ്പിച്ചു. 28-11-97 ന് കലാലയ യൂണിയന്റെ നേതൃത്വത്തിൽ അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും പങ്കെടുപ്പിച്ചുകൊണ്ട് 'പ്രണയം പഴയതും - പുതിയതും 'എന്ന വിഷയത്തെക്കുറിച്ച് ഒരു ചർച്ച നടത്തി. 5 - 12 - 97 ന് വി. എം. ഹാളിൽ വച്ച് വിശ്വാസത്തിന്റെ, പ്രത്യയ ശാസ്ത്രം എന്ന വിഷയത്തെക്കുറിച്ച് പഴയ നക്സൽ പ്രവർത്തകൻ വെള്ളത്തൂവൽ സ്റ്റീഫൻ പ്രഭാഷണം നടത്തി.

മനുഷ്യാവകാശദിനമായ ഡിസംബർ 10 ന് എറണാകുളം മനുഷ്യാവകാശദിനകമ്മിറ്റിയും കോളേജ് യൂണിയനും സംയുക്തമായി മനുഷ്യാവകാശ ദിനം ആചരിച്ചു. വി.എം. ഹാളിൽ വച്ചു നടന്ന യോഗത്തിന്റെ ഉദ്ഘാടനം കുമാരി പി. ജാനകിയമ്മ നിർവ്വഹിച്ചു. റ്റി. പി. എം. ഇബ്രാഹിംഖാൻ, റ്റി. എം. സോമരാജ് ഐ. പി. എസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഡോ. രാജൻ വർഗ്ഗീസ്, ശ്രീ വി. പി. ജോയ് I.A.S , ശ്രീ. ടോണി ജോസ്, ശ്രീ. പ്രദീപ് കുമാർ, ഡെൽസൺ ദേവസി, Prof. B.T. ജോയ് എന്നിവർ യോഗത്തിൽ സംസാരിച്ചു. 2.1.98-ന് കോളേജ് യൂണിയൻ ഒരു തമാശ മത്സരം സംഘടിപ്പിക്കുകയുണ്ടായി. മൂന്നാംവർഷ ഇംഗ്ലീഷ് ബിരുദവിദ്യാർത്ഥി ശ്രീജിത്ത് ഒന്നാം സ്ഥാനം നേടി. 30.1.98 യു.സി. കോളേജിലെ പൂർവ്വ വിദ്യാർത്ഥിയും സാഹിത്യകാരനുമായ മലയാറ്റൂർ രാമകൃഷ്ണന്റെ ഓർമ്മക്കായി ഒരനുസ്മരണ യോഗം സംഘടിപ്പിച്ചു.

6-2-98ന് 'കമ്പ്യൂട്ടറിന്റെ നൂനത വശങ്ങളും സാധ്യതകളും 'എന്ന വിഷയത്തെക്കുറിച്ചു സെമിനാർ സംഘടിപ്പിച്ചു. ബിനോയ് ജേക്കബ് സംസാരിച്ചു.

26- 1- 98 ൽ റിപ്പബ്ലിക് ദിനത്തിൽ പാൻ വിരുദ്ധദിനാചരണം നടത്തി. ജസ്റ്റിസ് K.K. നരേന്ദ്രൻ പ്രഭാഷണം നടത്തി.

## ക്വിസ് ക്ലബ്

ക്വിസ് മത്സര വേദികളിൽ കലാലയത്തെ പ്രതിനിധീകരിക്കാൻ രജീഷ് ആർ.-ന്റെ നേതൃത്വത്തിൽ ക്വിസ് ക്ലബ് രൂപീകരിച്ചു. നിരവധി വിദ്യാർത്ഥികൾ വിവധ മത്സരങ്ങളിൽ പങ്കെടുത്തു.

## ഡിബേറ്റിങ്ങ് ക്ലബ്

പ്രസംഗ മത്സരങ്ങളിലും ഡിബേറ്റ് മത്സരങ്ങളിലും കോളേജിനെ പ്രതിനിധീകരിക്കാൻ അനൂപ് ജോയിയുടെ നേതൃത്വത്തിൽ ഡിബേറ്റിങ്ക്ലബ് രൂപീകരിച്ചു. അബ്ദുള്ള അസ്കർ ബാബു, സന്ധ്യ K. ദാസ് എന്നിവർവിവിധ മത്സരങ്ങളിൽ പങ്കെടുത്തു.

## സിനി ക്ലബ്

ഫെബ്രുവരി 2 മുതൽ 6 വരെ സിനിക്ലബിന്റെ ആഭിമുഖ്യത്തിൽ സിനി ഫെസ്റ്റ് സംഘടിപ്പിച്ചു. ഗോഡ്ഫാദർ, ദി ലാസ്റ്റ് എം പറർ, ദി സർക്കസ്, ഗോഡ്ഫാദർ, യവനിക, ഓർമ്മക്കായി തുടങ്ങിയ ചലച്ചിത്രങ്ങൾ പ്രദർശിപ്പിച്ചു. നിയാസ് A.U. ആയിരുന്നു സിനി ക്ലബ് സെക്രട്ടറി.

## വിയോഗം

ഈ കലാലയത്തിൽ നിരവധി വർഷം സേവനമനുഷ്ഠിച്ച നമ്മെ പിരിഞ്ഞുപോയ വി.എം. ഇട്ടീര, എസ്. രാധാകൃഷ്ണൻനായർ എന്നീ ജീവനക്കാരുടെ നിര്യാണത്തിലും നമ്മുടെ സുഹൃത്ത് ചരിത്ര ബിരുദവിദ്യാർത്ഥി പി.എസ്. ശ്യാമേഷിന്റെ നിര്യാണത്തിലും ആത്മാർത്ഥമായ അനുശോചനം രേഖപ്പെടുത്തുന്നു.

## സ്വപ്ന സാക്ഷാത്ക്കാരം

കായിക രംഗത്തെന്നപോലെ കലാരംഗത്തും യു. സി. അതിന്റെ ശക്തമായ സാന്നിധ്യം ഇത്തവണയും അറിയിച്ചു. 98 ജനുവരി 14 മുതൽ 18 വരെ എറണാകുളത്തു വച്ച് നടന്ന യൂണിവേഴ്സിറ്റി കലോത്സവം' വർണ്ണോത്സവം - 98'- ൽ കടുത്ത മത്സരങ്ങൾക്കിടയിലും 33 പോയിന്റ് നേടി നാലാം സ്ഥാനം നിലനിറുത്താൻ കഴിഞ്ഞു. കഴിഞ്ഞ വർഷം കലാപ്രതിഭ ടോണി ജോസിന്റെ പ്രാഗത്ഭ്യത്തിലായിരുന്നു ഈ നേട്ടമെങ്കിൽ ഈ വർഷം കൂടുതൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് കൂടുതൽ ഇനങ്ങൾ അവതരിപ്പിച്ചതിലൂടെ യായിരുന്നു ഈ നേട്ടം എന്നതു ശ്രദ്ധ

ദ്ധയമാണ്. നമ്മുടെ കലാലയത്തിലെ കലാപ്രതിഭകൾക്കും യൂണിയൻ ഭാരവാഹികൾക്കും ഒപ്പം അദ്ധ്യാപകർ കാണിച്ച ആത്മാർത്ഥതയും എടുത്തു പറയേണ്ട ഒന്നാണ്.

## യൂണിവേഴ്സിറ്റി മത്സരത്തിൽ വിജയികളായവർ

1997 ഡിസംബർ 10,11 തീയതികളിൽ പാലായിൽ വച്ചു നടന്ന യൂണിവേഴ്സിറ്റി ഡ്രാമ ഫെസ്റ്റിവലിൽ ചരിത്രത്തിൽ ആദ്യമായി യു. സി. കോളേജ് രണ്ടാം സ്ഥാനം നേടി. 'രാത്രയിലെ വിരുന്നുകാർ' എന്ന നാടകമാണ് അവതരിപ്പിച്ചത്.
ഗായത്രി ജയരാജ്, രാജി രാജൻ, ഗിരീഷ്, മനോജ്. ജി. കൃഷ്ണൻ, സുൽഫിക്കർ ഒ.എ., രാജേഷ് എന്നിവർ പങ്കെടുത്തു.
വർണ്ണോത്സവം -98ൽ വിജയികളായവർ
സംഘഗാനം - രണ്ടാം സ്ഥാനം :
മന്യ. എൻ., വിജേഷ് സി.വി., വിഷ്ണു മേനോൻ, അഞ്ജു ഭാരതി, ദീപാ ജോയ്, രേണുക വി., വിനേഷ്;

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് റെസിറ്റേഷൻ | : | ഒന്നാം സ്ഥാനം | - | രേണുക ജോസഫ് |
| വയലിൻ | : | ഒന്നാം സ്ഥാനം | - | വിജേഷ് സി.വി. |
| ഇംഗ്ലീഷ് ഷോർട്ട് സ്റ്റോറി | : | ഒന്നാം സ്ഥാനം | - | നീലിമ |
| ഫിലിം റിവ്യൂ | : | രണ്ടാം സ്ഥാനം | - | ടോണി ജോസ് കെ. |
| മലയാളം കവിതാ രചന | : | മൂന്നാം സ്ഥാനം | - | ടോണി ജോസ് കെ. |
| കാർട്ടൂണിംഗ് | : | മൂന്നാം സ്ഥാനം | - | ഗോപീ കൃഷ്ണ |
| കൊളാഷ് | : | മൂന്നാം സ്ഥാനം | - | വിപിൻ ചന്ദ്രൻ |

യു.സി. കോളേജ് അവതരിപ്പിച്ച എല്ലാ ഇനങ്ങളും പ്രേക്ഷകശ്രദ്ധയും മാദ്ധ്യമങ്ങളുടെ പ്രശംസയും പിടിച്ചു പറ്റി.

## കോളേജ് ദിനാഘോഷ പരിപാടികൾ

കോളേജ് ദിനാഘോഷങ്ങളുടെ ഭാഗമായി 12-2-98-ന് വിദ്യാർത്ഥികളുടെ കലാവിരുന്ന് സംഘടിപ്പിച്ചു. മികച്ച കലാപരിപാടികൾ കണ്ണിനും കാതിനും വിരുന്നായിരുന്നു. 13.2.98-ന് നടന്ന യോഗത്തിൽ പ്രൊഫ:ബാബു ജോസഫ് (കൊച്ചിൻ യൂണിവേഴ്സിറ്റി വൈസ്ചാൻസലർ) ഉദ്ഘാടനം നിർവ്വഹിച്ചു. പ്രശസ്ത ഗായകൻ കാവാലം ശ്രീകുമാർ മുഖ്യാതിഥിയായിരുന്നു. വൈസ് ചെയർമാൻ റെജിൻ ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. പ്രശസ്ത സിനിമാതാരം ചഞ്ചൽ, പ്രൊഫ. ജെയിംസ് ജയരാജ്, മിൽന സൂസൻ ജോസഫ്, പ്രൊഫ. ബി.റ്റി. ജോയ് എന്നിവർ ആശംസകളർപ്പിച്ചു. പ്രിൻസിപ്പൽ രാജൻ വർഗ്ഗീസ് കോളേജ് റിപ്പോർട്ടും കോളേജ് യൂണിയൻ ജന. സെക്രട്ടറി ഡെൽസൺ ദേവസ്സി കോളേജ് യൂണിയൻ റിപ്പോർട്ടും അവതരിപ്പിച്ചു. തുടർന്ന് 'കൊച്ചിൻ ശ്രീരാഗം' ഓർക്കെസ്ട്രയുടെ ഗാനമേളയുണ്ടായിരുന്നു.

## കടപ്പാടുകൾ

കോളേജ് യൂണിയന്റെ പ്രവർത്തനങ്ങൾക്ക് എന്നും താങ്ങും തണലുമായി നിന്ന സ്റ്റാഫ് അഡ്വൈസർ പ്രൊഫ. ബി.റ്റി ജോയ് സാറിനെ ഒരു പാടൊരു പാട് നന്ദിയോടെ സ്മരിക്കുന്നു. തികച്ചും പ്രായോഗികമായ നിർദ്ദേശങ്ങൾ നല്കുന്നതിനും, എല്ലാ കാര്യങ്ങളിലും ഒപ്പം നിന്ന് ഉപദേശങ്ങൾ തരുന്നതിനും ബി.റ്റി. ജോയ് സാർ കാണിച്ച സന്മനസ്സ് തികച്ചും മാതൃകാപരമാണെന്ന് എടുത്തു പറയാതെ വയ്യ. ഒപ്പം പ്രിൻസിപ്പൽ രാജൻ വർഗ്ഗീസ് സാറിന്റെ സഹായ സഹകരണങ്ങളും ലഭിച്ചിട്ടുണ്ട്. ആർട്ട്സ് ക്ലബ്ബിന്റെ പ്രവർത്തന വിജയങ്ങൾക്ക് മാർക്കോസ് സാറിനോടുള്ള കടപ്പാട് ഈ വാക്കുകളിൽ ഒതുക്കാവുന്നതല്ല. കോളേജ് യൂണിയന്റെ എല്ലാ പ്രവർത്തനങ്ങളിലും യൂണിയനോട് സഹകരിച്ച അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്കും നന്ദി രേഖപ്പെടുത്തുന്നു.

ചുരുങ്ങിയ സമയത്തിനുള്ളിൽ വിദ്യാർത്ഥികൾക്കു വേണ്ടി ക്രിയാത്മകമായ യൂണിയൻ പ്രവർത്തനം കാഴ്ചവെയ്ക്കുവാൻ സാധിച്ചിട്ടുണ്ട് എന്ന ഉത്തമവിശ്വാസത്തോടെ ഈ റിപ്പോർട്ട് ആലുവ യു.സി. കോളേജിലെ വിദ്യാർത്ഥീ വിദ്യാർത്ഥിനികളുടെ അറിവിലേക്കായി സമർപ്പിക്കുന്നു.

എന്ന്

ഡെൽസൺ ദേവസ്സി
ജന. സെക്രട്ടറി
യു.സി. കോളേജ്

കവിത

പി. എസ്. ശ്യാംജി
ഒന്നാം വർഷ മലയാള ബിരുദം

# കെൻസരോവിവ

നൈജീരിയായിലെ
കറുത്തപ്രാവുകളും
കഴുകന്റെ കാലുകളും
തുറിച്ചു നോക്കുമീ കണ്ണുകളും
കൊലക്കയറിനു മുന്നിലാ, യെ -
രിയുന്ന വയറുമായൊരായിരം
കാപ്പിരിക്കുഞ്ഞുങ്ങളും

ഈ നട്ടുച്ച വെയിലിലാരോ -
        കവിത പാടി വിശപ്പാറ്റി,
വിപ്ലവത്തിന്നീരടികളായയിൽ
നീതിക്കുവേണ്ടിപ്പൊരുതുന്നോർ
എങ്ങുമേയഗ്നി ജ്വാലകളിനിയും
കെട്ടടങ്ങാത്ത വിത്തുകളും
ഇവിടെ തളം കെട്ടിയ ചോര -
യൂറ്റിക്കുടിക്കുന്ന -
മനുഷ്യത്തലയുള്ള കുറുക്കന്മാർ

ഇവിടെയീ *ഷെല്ലിന്റെ എണ്ണയി -
ലെന്നും മുങ്ങിക്കുളിക്കുന്നു *ഒഗോണികളും.

കാക്കകളും കഴുകൻമാർ
കഴുമരച്ചോട്ടിൽ കാതോർത്തിരിക്കുന്നു
എങ്ങോ തെളിയുന്നു
തലയില്ലാത്ത പ്രതിമകളും
ആരാണാരാണതിൻ രാജശില്പി;

ഇനിയുമീ ***ഹാർകോർട്ട്**
നഗരത്തിൽ കരിംപുകയാലുയരുന്ന
ചോരക്കറ പൂണ്ട കാർപ്പാടുകളും.

- (SHELL ) നൈജീരിയായിലെ ബ്രിട്ടീഷ് കുത്തകയായ എണ്ണക്കമ്പനി.
- നൈജീരിയയിലെ ഒരു വിഭാഗം നഗരവാസികൾ
- സരോവിവയെ തൂക്കിലേറ്റിയ സ്ഥലം.

*പഴയ നിയമത്തിലെ ഏതോ പ്രവാചകനെ ഓർമ്മിപ്പിക്കുന്ന ഒരു മുഖം*
*മരുഭൂമിയിൽ നിന്നും സത്യം വിളിച്ചു പറയുന്ന പ്രവാചക ധർമ്മം*



*ബിഷപ്പ് പൗലോസ് മാർ പൗലോസ്*

*പൗരോഹിത്യത്തിന്റെ കുപ്പായത്തിനുള്ള വീർപ്പുമുട്ടിക്കിടക്കാതെ*
*കലഹിക്കാനും വിയോജിക്കാനും എല്ലാം വിലയിരുത്താനും തയ്യാറായ*
*നല്ല ഇടയന്റെ വിശ്രമമില്ലാത്ത ജീവിതം.*
*ബിഷപ്പ് പൗലോസ് മാർ പൗലോസ് ഒരു ഓർമ്മ മാത്രമാവുമ്പോഴും*
*നമുക്ക് ഖേദിക്കാതെ വയ്യ..*
*- നമ്മുടെ ചിന്തകരം കൂടുതൽ ദരിദ്രമാവുകയാണല്ലോ എന്നോർത്ത്.*






സുഹൃത്തുക്കളേ,

ഇത് പോയ ഒരാണ്ടിന്റെ പ്രവർത്തനക്കുറിപ്പ്.

ക്രിയാത്മകവും സൃഷ്ടിമുഖവുമായ ഒരു ആർട്സ് ക്ലബ്ബിന്റെ പ്രവർത്തനം നമ്മളെ സംബന്ധിച്ചിടത്തോളം ഒരു സ്വപ്നം മാത്രമായിരുന്നു. ഗൗരവമായ ഒരു സമീപനം യൂണിയൻ പ്രവർത്തനങ്ങളിൽ കൈക്കൊള്ളുവാൻ സമയപരിധി അനുവദിക്കാതിരിക്കുന്നതോടൊപ്പം ആ സമയപരിധിക്കുള്ളിൽ നിന്നുകൊണ്ട് നടത്താവുന്ന പ്രവർത്തനങ്ങളുടെ സുഗമമായ നിർവ്വഹണം വളരെ തുച്ഛമായ യൂണിയൻ ഫണ്ട് അസാധ്യവുമാക്കി.

ഈ പരിമിതകൾക്കുള്ളിൽ നിന്നുകൊണ്ട് രാഷ്ട്രീയവും മറ്റുമായ പരിഗണനകൾക്കും വിവേചനങ്ങൾക്കും അതീതമായി ആർട്സ് ക്ലബ്ബ് പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചു എന്ന ചാരിതാർത്ഥ്യത്തോടെയാണ് ഈ റിപ്പോർട്ട് - നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നത്.

**വോയ്സ് ഓഫ് യു.സി. (17, ഒക്ടോബർ '97)**

ആർട്സ് ക്ലബ്ബിന്റെ പ്രഥമ സംരംഭമായ 'വോയ്സ് ഓഫ് യു.സി.' മത്സരത്തിൽ പൂർവ്വാധികം വിദ്യാർത്ഥികൾ പങ്കെടുത്തു. മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ദൂരസ്ഥലങ്ങളിൽ നിന്നും വരുന്ന വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം ഉച്ചസമയത്താണ് മത്സരം സംഘടിപ്പിച്ചത്. കലാലയത്തിലെ മികച്ച ഗായകരെ കണ്ടെത്താൻ നടത്തിയ ഈ മത്സരത്തിൽ കഴിവു തെളിയിച്ച പത്തോളം വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുകയുണ്ടായി.

**ഉദ്ഘാടനം (21, ഒക്ടോബർ 1997)**

പുതിയൊരു പ്രതീക്ഷയോടെ, വർണശബളമായ ചടങ്ങിൽ വച്ച് പ്രശസ്ത ചലച്ചിത്ര പിന്നണി ഗായകൻ ശ്രീ. ബിജുനാരായണൻ ആർട്സ് ക്ലബ്ബിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.



**"ആത്മാവിന്റെ വെളിച്ചമാണ് കല. കലയോടുള്ള സ്നേഹം പ്രപഞ്ചത്തോടുള്ള സ്നേഹമാണ്. നമ്മുടെ മനസ്സിൽ ഇനിയും വറ്റിപ്പോകാത്ത സ്നേഹത്തിന്റെയും പ്രതീക്ഷയുടെയും പ്രതീകമാണ് കല. നല്ലൊരു 'നാളെ'യെ കാംക്ഷിക്കുന്നവർക്ക് കലയെ സ്നേഹിക്കാതിരിക്കാൻ കഴിയില്ല. ഈ യു.സി. കോളേജിൽ കലയുടെ നാളം എന്നും ദീപ്തമായിരിക്കട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.........."**

**-ബിജു നാരായണൻ**

ആർട്സ് ക്ലബ്ബിന്റെ ചിട്ടയായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി മലയാള വിഭാഗത്തിലെ വി.പി. മാർക്കോസ് സാറിനെ ഉപദേശകനായി ലഭിച്ചു. യൂണിയന്റെ ചട്ടക്കൂടുകളിൽ നിന്നും വിദ്യാർത്ഥികളുടെ ഇടയിലേയ്ക്ക് ഇറങ്ങിച്ചെല്ലുവാനാണ് ഈ വർഷത്തെ ആർട്സ് ക്ലബ്ബ് ലക്ഷ്യമിട്ടത്. ആർട്സ് ക്ലബ്ബ് പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായി നവാസ് കെ. അലി, ഗിരീഷ്, വിനു എം. ടി. ഇ. ഇസ്മയിൽ എന്നിവരടങ്ങുന്ന ഒരു ആർട്സ് ക്ലബ്ബ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി.

ആർട്സ് ക്ലബ്ബ് ഉദ്ഘാടനത്തോടനുബന്ധിച്ച് അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം വോയ്സ് ഓഫ് യു.സി. അംഗങ്ങൾ അവതരിപ്പിച്ച 'ഗാനമേള' പുതുമയുള്ളതും, ആസ്വാദ്യകരവും, പ്രൊഫണൽ ഗാനമേള ട്രൂപ്പുകളോട് കിടപിടിക്കുന്നതുമായിരുന്നു.

**കുമ്മാട്ടി '9**

1997 നവംബർ 11,12,13 തീയതികളിലായി നമ്മുടെ കലാലയത്തിലെ ആർട്സ് ഫെസ്റ്റിവെൽ, 'കുമ്മാട്ടി' 97, ഭംഗിയായും ചിട്ടയായും നടത്തപ്പെട്ടു. 11-ാം തീയതി രാവിലെ നടന്ന






ചടങ്ങിൽ കലാലയത്തിലെ കലാ-കായിക-സാംസ്കാരിക മണ്ഡലങ്ങളിൽ അവിഭാജ്യഘടകമായിരുന്ന, നമ്മുക്കേവർക്കും പ്രിയങ്കരനായ ശ്രീ. ജയിംസ് ജയരാജ് സാറായിരുന്നു, ഭദ്രദീപം തെളിച്ച് ആശീർവദിച്ചത്. തുടർന്ന് വ്യത്യസ്തമായ 42 ഇനങ്ങളിലായി മത്സരം നടന്നു.

മത്സരനടത്തിപ്പിലും വിധി നിർണ്ണയത്തിലും സൂക്ഷിച്ച നിഷ്പക്ഷതയും സത്യസന്ധതയും എടുത്തു പറയേണ്ട ഒന്നാണ്. കലാ-സാഹിത്യ മത്സരങ്ങളിൽ സജീവമായ, ഗൗരവമിയന്ന പങ്കാളിത്തം ഉണ്ടാ പ്രോത്സാഹജനക സ്റ്റേജിലെ ഒഴിവാക്കുന്നതിനാ സ്ട്രേഷൻ കൗണ്ടർ ശ്യ മത്സരങ്ങാം ഒഴി ഹരായവരുടെ സമയം പരസ്യപ്പെ ന്ധമായ മൂല്യനിർ തിഭകളെ കണ്ടെ യൂണിവേഴ്സിറ്റി ത്തിന് പ്രഗത്ഭരുടെ ഒരുക്കി.



സദസ്സ്: ഒരു ദൃശ്യം

യിരുന്നു എന്നതും മാണ്.

തിക്കും തിരക്കും യി പ്രത്യേകം രജി തുറന്നു, അനാവ വാക്കി, സമ്മാനർ പേരുകാം യഥാ ടുത്തി, സത്യസ ണ്ണയത്തിലൂടെ പ്ര ത്തി, അവരെ യുവജനോത്സവ ശിഷ്യത്വ ത്തിൽ

ഈ വർഷം ആൺകുട്ടികളെക്കാൾ ഏറെ പെൺകുട്ടികളാണ് നമ്മുടെ വേദികളിൽ പതി



പാടികാം അവതരിപ്പിച്ചത്. മത്സരങ്ങളുടെ സുഗമമായ നടത്തിപ്പിന് അദ്ധ്യാപകരും അനദ്ധ്യാപകരും പ്രത്യേകം ഉത്സാഹം കാണിച്ചു.

മുൻവർഷങ്ങളെ അപേക്ഷിച്ച് സമയനിഷ്ഠയും ശാന്തതയും സൗന്ദര്യവും ഒത്തിണങ്ങിയ യു.സി. കോളേജ് - യുവജനോത്സവം അക്ഷരാർത്ഥത്തിൽ യു.സി. കോളേജിന്റെ ഉത്സവം തന്നെയായിരുന്നു.



**നാടകോത്സവം ☺ 😐 ☹**

പെൺകുട്ടികളും മത്സരബുദ്ധിയോടെ ആൺകുട്ടികളോടൊപ്പം നാടകരംഗത്ത് സജീവമായ വർഷമായിരുന്നു ഇത്. നവംബർ 18-ാം തീയതി നടന്ന നാടകോത്സവത്തിൽ അരങ്ങേറിയ 15 നാടകങ്ങളിൽ നിന്ന് അഭിനയത്തിന്റെ മികവ് തെളിയിച്ച പത്തോളം അഭിനേതാക്കളെ കോളേജ് ഡ്രാമ തിയേറ്ററിലേക്ക് തെരഞ്ഞെടുക്കുകയും അവരെ യൂണിവേഴ്സിറ്റി ഡ്രാമാഫെസ്റ്റിവെലിന് വേണ്ടി പരിശീലിപ്പിക്കുകയും ചെയ്തു.






## രാത്രിയിലെ വിരുന്നുകാർ

97 ഡിസംബർ 10,11 തീയതികളിൽ പാലായിൽ വച്ചു നടന്ന യൂണിവേഴ്സിറ്റി ഡ്രാമാഫെസ്റ്റുവലിൽ - നാടകരംഗത്ത് കുലപതികളായിരുന്ന പ്രഗത്ഭ കോളേജുകളെ പിന്തള്ളി കൊണ്ട്, ചരിത്രത്തിലാദ്യമായി യു.സി. കോളേജിന്റെ 'രാത്രിയിലെ വിരുന്നുകാർ-' എന്ന നാടകം രണ്ടാം സ്ഥാനം നേടി.



പണിപ്പുരയിൽ നിന്ന്

സർവ്വകലാശാലാ യുവജനോത്സത്തിന് പങ്കെടുക്കാനായി തിരഞ്ഞെടുക്കപ്പെട്ട എല്ലാ വിദ്യാർത്ഥികളെയും വ്യക്തിപരമായി തന്നെ പ്രോത്സാഹിപ്പിക്കാൻ ഈ വർഷം നമുക്കു കഴിഞ്ഞിട്ടുണ്ട്. സാധാരണ ഗ്രൂപ്പ് ഇനങ്ങൾക്ക് മാത്രം നൽകിപോന്ന പരിശീലനം ഇക്കുറി വ്യക്തിഗത ഇനങ്ങൾക്കു കൂടി നൽകാൻ കഴിഞ്ഞു എന്നത് അഭിമാനകരം തന്നെയാണ്. THEATRE EVENTS-നും കൂടുതൽ പ്രാധാന്യം നൽകിയ വർഷമായിരുന്നു ഇത്. SKIT, MIME, GROUP SONG, GROUP DANCE -തുടങ്ങി കൂടുതൽ ഇനങ്ങളിൽ പ്രതിഭകളെ പങ്കെടുപ്പിച്ചു. കലാസാഹിത്യ രംഗത്തും മറ്റും ശ്രദ്ധമായ ചില നേട്ടങ്ങളുടെ വർഷമായിരുന്നു നമ്മൾ പിന്നിട്ടത്.

## വർണ്ണോത്സവം

'98 ജനുവരി 14 മുതൽ 18 വരെ എറണാകുളത്ത് വിവിധ വേദികളിൽ നടത്തിയ മഹാത്മാ ഗാന്ധി സർവ്വകലാശാലായുവജനോത്സവത്തിൽ നമ്മുടെ കലാലയത്തിന്റെ നേട്ടങ്ങൾ ഗണ്യമാണ്. ശ്രദ്ധേയമായ വിജയം കൊയ്തെടുത്ത നമ്മുടെ കൂട്ടുകാർ ഇവരാണ്.



സി.വി. വിജേഷ്
ഒന്നാംസ്ഥാനം
വയലിൻ

രേണു ജോസഫ്
ഒന്നാംസ്ഥാനം
പദ്യം ചൊല്ലൽ (ഇംഗ്ലീഷ്)



നീലിമ രവികുമാർ
ഒന്നാം സ്ഥാനം
ചെറുകഥാമത്സരം (ഇംഗ്ലീഷ്)






കെ. ടോണി ജോസ്
സിനിമാ നിരൂപണം (രണ്ടാം സ്ഥാനം),
കവിതാ രചന (മൂന്നാം സ്ഥാനം)

വിപിൻ ചന്ദ്രൻ
മൂന്നാം സ്ഥാനം
കൊളാഷ്



ഗോപീകൃഷ്ണ
രണ്ടാംസ്ഥാനം
കാർട്ടൂൺ



സംഘഗാനം
രണ്ടാംസ്ഥാനം

താരതമ്യേന ചെറുതെന്ന് തോന്നാവുന്ന ഈ നേട്ടങ്ങൾ പക്ഷേ ശ്രദ്ധേയമാണ്, പ്രതീക്ഷാനിർഭരമായ ഒരു മാറ്റമാണ് പാഠ്യേതരതരംഗങ്ങളിലെ നമ്മുടെ വിജയങ്ങൾ. തുടർന്നുള്ള വർഷങ്ങളിലും അർഹിക്കുന്ന പ്രോത്സഹനവും പിന്തുണയും ലഭിക്കുമെങ്കിൽ ഇതിൽ കൂടുതൽ തിളക്കമാർന്ന നേട്ടങ്ങൾ നമ്മുക്ക് കരഗതമാകുമെന്നതിന് സംശയമില്ല.

അത്തരത്തിൽ ഒരു നല്ല അദ്ധ്യായന വർഷത്തിന് കാംക്ഷിച്ചുകൊണ്ട്, 97-98 വർഷത്തെ ആർട്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങളിൽ നേരിട്ടും അല്ലാതെയും സഹകരിച്ച എല്ലാവരെയും, പ്രത്യേകിച്ച് മാർഗ്ഗനിർദ്ദേശം നൽകി വാത്സല്യപൂർവ്വം അനുഗ്രഹിച്ച് ആശീർവദിച്ച പ്രിൻസിപ്പാൾ ഡോ. രാജൻ വർഗ്ഗീസ്, യൂണിയൻ സ്റ്റാഫ് അഡ്വൈസർ പ്രൊഫ. ബി.ടി. ജോയ് എന്നിവരടുങ്ങുന്നു. നമ്മുടെ പ്രിയപ്പെട്ട ഗുരുഭൂതന്മാരെ നന്ദിപൂർവ്വം സ്മരിച്ചുകൊണ്ട്......................

ഒരാണ്ടിന്റെ സ്നേഹപ്രണാമങ്ങളോടെ,
നിങ്ങളുടെ ആർട്സ് ക്ലബ്ബ് സെക്രട്ടറി

**എസ്. ഹരികുമാർ**

കവിത

സുനിൽ ജോസ്
രണ്ടാം വർഷ മലയാള ബിരുദം

# പെൺകുഞ്ഞുങ്ങൾ ഉറങ്ങുമ്പോൾ

ഉറങ്ങുന്ന ഓരോ പെൺകുഞ്ഞും
ഓർമ്മയുടെ
ശ്മശാനത്തിനരികെ
ആരോ മറന്നിട്ടു പോയ
ഒരു പിടി മഞ്ചാടിമണികളാണ്.

അവരുറങ്ങുമ്പോൾ
ആകാശത്തിനപ്പുറത്തെ വാതിൽക്കൽ നിന്ന്
കുറേ നക്ഷത്രവിളക്കുകൾ മാഞ്ഞുപോകുന്നു.
വസന്തത്തിൽ വളകിലുക്കമായും
പാദസരങ്ങളുടെ മണിയൊച്ചയായും
അവ നമ്മുടെ ഓർമ്മകളിൽ
അലിഞ്ഞു തീരുന്നു.......

പൂക്കാം, പൂമ്പുള്ളാനെത്തുന്ന
ഒരു നീണ്ട വിരൽത്തുമ്പോ
ഊഞ്ഞാലിലെ ഒരു പാവാടക്കാറ്റോ
സ്വപ്നം കാണുന്നു

പ്രണയം പൂവിട്ട ചില്ലകളിൽ നിന്ന്
ഒരു പച്ചക്കിളി
രാമായണത്തിന്റെ പഴയ താളുകളിലേക്ക്
തിരിച്ചുപോകുന്നു....

അമ്മയുടെ വാത്സല്യവും
മുലപ്പാലിന്റെ മധുരവും ഓർമ്മയും
ഒരു വിഷത്തുള്ളിയുടെ
ക്രൂരകാരുണ്യമേറ്റ്
അരളിപ്പൂക്കളെപ്പോലെ അടർന്നു വീഴുന്നു.......

കുറിഞ്ഞി പൂക്കുന്ന താഴ്‌വരയിൽ
കുറേ കുപ്പിവളപ്പൊട്ടുകൾക്കും
മയിൽപ്പീലിത്തുണ്ടുകൾക്കും
കൂട്ടില്ലാതാകുന്നു.......

പിന്നെ
ആകാശം, നിറം കെട്ട സ്വപ്നമായും
പുഴ, വഴുതി വീഴാറായ കണ്ണീരായും മാറുമ്പോൾ
മലമുകളിൽ
ഉദയമാകുന്നു.......
ഒന്നുമറിയാതെ.



കവിത

പി. ആർ. ജയൻ
മൂന്നാംവർഷ ചരിത്ര ബിരുദം

# ഇലകൾ പൊഴിയുന്ന്



കരള്ളറവയിൽ നിന്നീ-
കണ്ണീർനദിയൊഴുകെ,
ഇനിയിലപൊഴിയും കാലം,
ഗ്രീഷ്മ താപങ്ങളേറ്റീ-
മഹാഗണി ച്ചില്ലയിൽ
ഇലകരം മണ്ണിന്നലിവു തേടവേ
ഇനി, വിടപറയും കാലം.
കരാംപാതി പകുത്തൊരെൻ
കാമിനീ നീയിനി
കരയാതെ പടിയിറങ്ങുക;
വ്യഥതൻ കൽപ്പടവിൽ
കരയാതെ കരഞ്ഞു ഞാൻ
തളർന്നിരുന്നോട്ടെ.
ഇനിയേതു നിദ്രാവിഹീന-
നിശാസ്വപ്നസന്ധിയിൽ
നമ്മരം മുഖാമുഖ-
മെന്നറിയാ നോവിൻ
പടികളെണ്ണവേ,
പിൻവിളിയാവുന്നതേതു-
മഹാഗണിക്കാറ്റിൻ മർമ്മരം.

**ആദരണീയമായ ആലുവ പട്ടണത്തിന് അഴകേറുവാൻ അണി ഞ്ഞൊരുങ്ങി പാദരക്ഷകൾക്കായി മറ്റൊരു പറുദീസ കൂടി**

**EVEREST FOOT WEARS**

പഴയ പ്രൈവറ്റ് ബസ്സ്റ്റാൻറ് ബിൽഡിംഗ്, ആലുവ

**PHONE : OFF: 622229, RES: 622231**

ഇന്ത്യയിലെ പ്രമുഖ കമ്പനികൾ നിർമ്മിക്കുന്ന പാദരക്ഷകൾ, സ്യൂട്ട്കേസുകൾ, സ്കൂൾ ബാഗുകൾ, ട്രാവലിംഗ് ബാഗുകൾ, മറ്റു ലെതർ ഉൽപ്പന്നങ്ങൾ, പോപ്പികുടകൾ, ജോൺസ് കുടകൾ തുടങ്ങി വിവിധ ഫാഷനുകളിൽവിവിധ ഡിസൈനുകളിൽ ഒട്ടേറെ വിഭവങ്ങളുമാ യി ഞങ്ങൾ നിങ്ങളെ സ്വാഗതം ചെയ്യുന്നു.

കനകാംഗികളുടെ കനക
സ്വപ്നങ്ങൾക്ക് നിറമേകാൻ കമനീയമായ
കനകാഭരണങ്ങളുടെ കലവറ!!!

# ക്രൗൺ ജ്വല്ലറി

ബാങ്ക് കവല
ആലുവ
ഫോൺ: 630094

വടക്കേനട
കൊടുങ്ങല്ലൂർ
ഫോൺ: 804415

# യൂ.സി. എന്റെ നോട്ടത്തിൽ

യൂ.സിയെപ്പറ്റി പറയാൻ തുടങ്ങുമ്പോൾ അഥവാ എഴുതാൻ തുടങ്ങുമ്പോൾ പെട്ടെന്ന് നാം ഒരു സത്യത്തിലേക്കെത്തിച്ചേരുന്നു.

അനന്തമായ കാലപ്രവാഹത്തിൽ യൂ.സി. അപരിമേയമായ ഒരു ബിംബമാണ് അതിന്റെ ബിംബസമൃദ്ധികൾ നമ്മെ അത്ഭുതപ്പെടുത്തും.

ചിലർ യൂ.സി.യെ അമ്മയുടെ വാത്സല്യമായി അനുഭവിക്കുന്നുവെങ്കിൽ മറ്റു ചിലർ മഹാഗണിയുടെ തണൽവിരിപ്പിനു കീഴിൽ ഒരു ഗൃഹാതുരത്വത്തിന്റെ വിങ്ങൽ അറിയുന്നു.

ആ അർത്ഥത്തിൽ പറയുമ്പോൾ യൂ.സി.യെക്കുറിച്ചുള്ള അന്വേഷണം നമ്മെയും ചിലതെല്ലാം പഠിപ്പിക്കുന്നുണ്ട്.

യൂ.സി.യെ അനുഭവിച്ചറിഞ്ഞവർ, യൂ.സി.യെ മാറി നിന്നു കണ്ടവർ, യൂ.സി.യുടെ വളർച്ചക്ക് സാക്ഷ്യം വഹിച്ചവർ, ഇവിടത്തെ പുതിയ തലമുറ – ഇവരെല്ലാം യൂ.സി.യെപ്പറ്റി എന്തു പറയുന്നു എന്നൊരന്വേഷണമായിരുന്നു, ഞങ്ങൾ നടത്തിയത്.

അവരുടെ സ്മരണകൾ, അനുഭവങ്ങൾ, ശുഭപ്രതീക്ഷകൾ, ആശങ്കകൾ–

മാഗസീൻ കമ്മറ്റി



പ്രൊഫ: തോമസ് എബ്രഹാം
മലയാള വകുപ്പ് മേധാവി

"ഏതു നിലയിലും യു.സി. കോളേജ്, കേരളത്തിലെ ഏറ്റവും നല്ല കോളേജുകളിലൊന്നാണ്. മറ്റൊരു കോളേജിനും അവകാശപ്പെടാനാവാത്ത സമർപ്പണ മനോഭാവം യു.സി.യെ സമ്പന്നമാക്കുന്നു. 'സത്യം നിങ്ങളെ സ്വതന്ത്രരാക്കും' എന്നുള്ളത് എല്ലാവരും വായിച്ചിരുന്നാൽ കോളേജിന്റെ ഭാവി ശോഭനമാകും. അദ്ധ്യാപകർ പൊതുജനങ്ങളുമായി കൂടുതൽ അടുപ്പം പുലർത്തി വിദ്യാർത്ഥികൾക്ക് മാതൃകയാകേണ്ടതുണ്ട്. അറിവ് നേടുക എന്നതിലുപരി തൊഴിലു നേടുക എന്ന രീതിയിലേക്ക് വിദ്യാർത്ഥികളുടെ മനഃശാസ്ത്രം മാറുന്നത് പഠന നിലവാരത്തെ സാരമായി ബാധിക്കും. ക്യാമ്പസ് പ്രണയങ്ങൾ കുറയാനുള്ള പ്രധാന കാരണം വിദ്യാർത്ഥികൾ മുതിർന്നവരേക്കാൾ ദിശാബോധത്തോടെ സഞ്ചരിക്കുന്നു എന്നതാണ്! കുട്ടികളെ സ്നേഹിക്കുന്ന, അവരുടെ വ്യക്തിത്വം അംഗീകരിക്കുന്ന അദ്ധ്യാപകരെ ആദരിക്കുന്നുണ്ട്. ആത്മാർത്ഥതയും കഠിനാദ്ധ്വാനവും ഇല്ലാതെ ഒരു രംഗത്തും വിജയിക്കാനാവില്ല എന്ന സത്യം വിദ്യാർത്ഥികൾ തിരിച്ചറിഞ്ഞാൽ സമൂഹത്തിന് അത് ഗുണകരമായിരിക്കും."



ഡോ. പി. ജെ. ചെറിയാൻ
ചരിത്ര വിഭാഗം

"യു.സി. കോളേജിന്റെ ലഭ്യമാകാവുന്ന ആദ്യചിത്രം ഏതാകും എന്നു ഞാൻ അന്വേഷിച്ചിട്ടുണ്ട്. ചെത്തിത്തേയ്ക്കാത്ത ചെങ്കല്ലുകൊണ്ടുള്ള യു.പി. ബ്ലോക്കിന്റെ ഒരു പഴയ ചിത്രം ഞാൻ കണ്ടിട്ടുണ്ട്. അതി മനോഹരമാണത്. ആ പഴയ കച്ചേരി മാളികയുടെ മുന്നിൽ പടർന്നു പന്തലിച്ച വലിയൊരു നാട്ടുമാവ് ഉണ്ടായിരുന്നു. അതിന്റെ തണലിലിരുന്ന് വിശ്വപ്രസിദ്ധനായ ഒരു മഹാകവി ചുറ്റും കൂടിയിരുന്ന വിദ്യാർത്ഥികളോട് കവിത ചൊല്ലുന്നു. അവരെ അദ്ദേഹം തന്റെ വിശ്വഭാരതിയിലേക്ക് ക്ഷണിച്ചു, വരുമ്പോൾ കുറെ മാമ്പഴവും ആകാം എന്നും അദ്ദേഹം പറഞ്ഞു. (പ്രിൻസിപ്പാൾ വർക്കിസാറും കുട്ടികളും മാമ്പഴക്കൊട്ടയുമായി വിശ്വഭാരതി സന്ദർശിക്കുകയും ചെയ്തു.) അതിനും രണ്ടു വർഷങ്ങൾക്കു ശേഷം അതേ മാവിൻ തണലിൽ ഒരു മേശപ്പുറത്ത് ഗാന്ധിജി ഇരിക്കുന്നു. അന്നത്തെ ചില അദ്ധ്യാപകർ പകുതി ഖദർ ധാരികളായി നടക്കുന്നതിനെ അദ്ദേഹം കളിയാക്കി. (കോട്ടും ഖദർമുണ്ടും ആയിരുന്നു ചിലരുടെ വേഷം). പൂർണ്ണഖദർ ധാരികളാകാനും ബ്രിട്ടീഷ് വിരുദ്ധപോരാട്ടത്തിൽ പങ്കാളികളാകാനും അദ്ദേഹം വിദ്യാർത്ഥികളെ ക്ഷണിച്ചു. ആ ക്ഷണവും വൃഥാവിലായില്ല. അങ്ങനെ, പഴംപെരുമയുടെ എത്ര അനുഭവങ്ങൾ യു.സി.യുടെ അന്തരീക്ഷത്തിൽ നിന്ന് നമുക്ക് വകഞ്ഞെടുക്കാൻ ഉണ്ടാകും? അതിനിടയിൽ സ്വാഭാവികമായും ചില പോരായ്മകളും.

എവിടുന്നൊക്കെയോ, എങ്ങനെയൊക്കെയോ ഇവിടെ വന്നു ചേർന്ന അദ്ധ്യാപകരും വിദ്യാർത്ഥികളും അനദ്ധ്യാപകരും ഒരുമയോടെ രൂപപ്പെടുത്തിയ മറ്റു ചില പാരമ്പര്യങ്ങളും ഈ കോളേജിന് ഉണ്ട്. അതിലൊന്നാണ് കോളേജ് മാനേജ്മെന്റിൽ അദ്ധ്യാപകർക്കുള്ള പങ്കാളിത്തം. മാറിയ കാലത്തിനൊപ്പം അത് വ്യാപകമാവുകയാണോ, അതോ, നാനാവിധ വിഭാഗീയതകൾ ശക്തിപ്പെടുകയാണോ സംഭവിച്ചത് എന്ന് നമുക്ക് സ്വയം പരിശോധിക്കാം. മറ്റൊരു സവിശേഷത-കുറെയൊക്കെ ഇന്നും നിലനിൽക്കുന്നത് - അദ്ധ്യാപക- വിദ്യാർത്ഥി സൗഹാർദ്ദവും പാഠ-പാഠ്യേതര പ്രവർത്തനങ്ങളിലെ സഹകരണവുമാണ്. ഇത്ര മനോഹരമായ മറ്റൊരു ക്യാമ്പസ് കേരളത്തിൽ വേറെ ഏറെ ഇല്ല എന്നതും നമ്മുടെ അഭിമാനം തന്നെ.

പണ്ടത്തെ കുട്ടികൾ കുറെക്കൂടി ഗൗരവബുദ്ധിയുള്ളവരായിരുന്നോ എന്നു സംശയം. കമ്പോള സമ്പദ്‌വ്യവസ്ഥ വിദ്യാർത്ഥികളെ മാത്രമല്ല, അദ്ധ്യാപകരേയും സ്വാധീനിച്ചിട്ടുണ്ട്. മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തുവാനല്ലാതെ, അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക താല്പര്യസംരക്ഷണാർത്ഥം അല്ലാതെ ഉള്ള ബന്ധങ്ങൾ അപൂർവ്വമായിട്ടില്ലേ? ഉത്തരവാദിത്തങ്ങൾ പങ്കിടുന്നതിൽ, കാരുണ്യത്തിൽ, സ്നേഹബന്ധങ്ങളിൽ എല്ലാം കുറവു വരുന്നു എന്ന തോന്നൽ വെറും തോന്നലായിരിക്കട്ടെ എന്നാണ് ആഗ്രഹം.

പ്രണയം ഗൗരവമുള്ള ഒരു വിഷയം തന്നെയായിരുന്നു പണ്ട്. അക്കാലമൊക്കെ പോയി. മാറുന്ന സമൂഹത്തിന്റെ ഭാഗം തന്നെയാണല്ലോ വിദ്യാർത്ഥികളും. ബന്ധങ്ങളിലുള്ള ശൈഥില്യം, പാശ്ചാത്യസംസ്കാര സ്വാധീനം, ഭ്രാന്തമായ ജീവിതത്തിരക്ക് ഇതെല്ലാം പ്രണയ ബന്ധങ്ങളിലും നിഴലിക്കുന്നുണ്ട്. പ്രണയത്തിനായി പാഴാക്കാൻ സമയം എവിടെ? എന്നാലും പറയട്ടെ, വിദ്യാർത്ഥി-വിദ്യാർത്ഥിനികളിൽ പണ്ടത്തേതിനെക്കാൾ നന്നെന്നു തോന്നുന്ന അടുപ്പവും, സൗഹാർദ്ദവും കാണുന്നുണ്ട്. വെറും പുറംമോടിക്കപ്പുറം, പരസ്പരം അടുത്തറിഞ്ഞ്, തുണയും താങ്ങും പങ്കാളികളുമാവാൻ കഴിയുന്ന തരം പ്രണയങ്ങൾ ദുർലഭം.....

പുറം സമൂഹവുമായി ബന്ധമില്ലാത്ത അദ്ധ്യാപകർ കൂടുതലായി രൂപം കൊള്ളുന്നു എങ്കിൽ, അത്, വിദ്യാഭ്യാസത്തെപ്പറ്റിയുള്ള പ്രത്യയശാസ്ത്രവിമർശനം പൂർണ്ണമായി ശരിവയ്ക്കുകയാണ്. അണുകുടുംബങ്ങളിലെ സ്നേഹപ്രകടനങ്ങളിലും സ്വാർത്ഥതകളിലും സംതൃപ്തികളിലും ഒതുങ്ങിപ്പോകുന്നതാവരുത് അദ്ധ്യാപകരുടെ എങ്കിലും സാമൂഹ്യധർമ്മം.

വിദ്യാർത്ഥികളിൽ രാഷ്ട്രീയ ബോധം അനിവാര്യമാണ്. ശരിയെന്നു പൂർണ്ണബോദ്ധ്യമുള്ള സമരങ്ങളിൽ പങ്കാളിയാവുന്നതിൽ ഞാൻ തെറ്റു കാണുന്നില്ല. ചില നല്ല ഗുണപരമായ സെൻസിറ്റിവിറ്റികൾ, ഉത്തരവാദിത്തമുള്ള നാളത്തെ പൗരന്മാർക്ക് വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ നേടാൻ കഴിയും. സാമൂഹ്യബോധമുള്ള പൗരനെ വാർത്തെടുക്കാൻ വിദ്യാർത്ഥി രാഷ്ട്രീയത്തിനു കഴിയും.

വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം വിമർശന ബുദ്ധി സ്വായത്തമാക്കുകയാണെന്ന് ഞാൻ കരുതുന്നു. നന്മയുടെ ഉറവ അതു മാത്രമാണ്. തിന്മയെ ചോദ്യം ചെയ്ത്, അതിനെതിരെ പോരാടി ജീവിക്കാൻ, നല്ല നാളെയെപ്പറ്റി പ്രതീക്ഷ ഉണർത്താൻ അതൊരു അവശ്യഘടകമാണ്."



കെ. എസ്. ശൈലേന്ദ്രൻ
ഫൈനൽ ബി. എ. ചരിത്രം

"**മി**കച്ച പഠനസൗകര്യങ്ങളും അദ്ധ്യാപക-വിദ്യാർത്ഥികളും മഹത്തായ പാരമ്പര്യവും യു.സി.യുടെ മികവിന് കരുത്തു പകരുന്നു. പ്രണയം ആവശ്യമില്ല. ഇത് വിദ്യാഭ്യാസത്തെ തടസ്സപ്പെടുത്തുന്നു. ഇന്നത്തെ വിദ്യാഭ്യാസ രീതി തുടരണം. പഠിപ്പുമുടക്ക് പോലുള്ള സമരരീതികൾ വിദ്യാർത്ഥിയുടെ അവകാശപോരാട്ടത്തിന്റെ ഭാഗമാണ്. യൂണിയൻ പ്രവർത്തകർ വിദ്യാർത്ഥികളുമായി കൂടുതൽ അടുക്കേണ്ടതുണ്ട്. മറ്റു കോളേജുകളെ അപേക്ഷിച്ച് മെച്ചപ്പെട്ട വിദ്യാർത്ഥികളും അദ്ധ്യപകരുമാണ് യു.സി.യുടെ സമ്പത്ത്."





കുഞ്ഞപ്പൻ കണ്ണൻ
ഹോസ്റ്റൽ സഹായി.

"**കോ**ളേജിന്റെ പ്രവർത്തനം വമ്പിച്ച പുരോഗതി കൈവരിച്ചിട്ടുണ്ട്. പൂർവ്വകാല വിദ്യാർത്ഥികളെ അപേക്ഷിച്ച് ഇപ്പോഴുള്ള വിദ്യാർത്ഥികൾക്ക് ആത്മാർത്ഥതയും ബഹുമാനവുമില്ല. പ്രണയം ആത്മഹത്യയിൽ അവസാനിക്കുന്നത് ദുഃഖകരമാണ്. പ്രേമവിവാഹം നല്ല പ്രവണതയല്ല. ജീമോൻ മാത്യു എന്ന ഒരു വിദ്യാർത്ഥി ഇവിടെ പഠിച്ചിരുന്നു. പിന്നീട് ആ കുട്ടി കോളേജിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം മുങ്ങി മരിച്ചത് എന്നെ സംബന്ധിച്ച് ദുഃഖകരമായ സംഭവമാണ്."



ദീപ ശശിധരൻ
രണ്ടാം വർഷ ബിരുദം ജന്തുശാസ്ത്രം

"ക്യാമ്പസിന്റെ പ്രൗഢിയും കരുത്തുറ്റ ആത്മബന്ധങ്ങളും യു.സി.യെ മറ്റു കോളേജുകളിൽ നിന്ന് വ്യത്യസ്തമാക്കുന്നു. ഒരു റാങ്ക് ഹോൾഡറെ സൃഷ്ടിക്കുന്നതിൽ യു.സി.യുടെ സാഹചര്യം തികച്ചും അനുയോജ്യമാണ്. പക്ഷെ, കലാരംഗം പോഷിപ്പിക്കാനാവശ്യമായ പ്രോത്സാഹനങ്ങൾ യു.സി.യിൽ നിന്ന് കിട്ടുന്നില്ല. അദ്ധ്യാപക-വിദ്യാർത്ഥി ബന്ധത്തിൽ പഴയ തീവ്രതയൊന്നും ഇപ്പോഴില്ല. അദ്ധ്യാപകരെ ബഹുമാനിക്കാൻ വിദ്യാർത്ഥികൾക്ക് ഒരു വൈമനസ്യം കാണാറുണ്ട്. ഇത് ശരിയല്ല. പണ്ട് വിദ്യാർത്ഥികൾ ക്യാമ്പസിനെ സമൂഹത്തിന്റെ ഒരു ഭാഗമായി കാണുകയും അതിന്റെ നന്മക്കായി പ്രവർത്തിക്കുകയും ചെയ്തിരുന്നു. എന്നാലിന്ന് വിദ്യാർത്ഥികൾ സമൂഹത്തിന്റെ യാഥാർത്ഥ്യങ്ങളിൽ നിന്നകന്നു. ഗൗരവസ്വഭാവമുള്ള ക്യാമ്പസ് പ്രണയങ്ങൾ ഇപ്പോൾ കുറവാണ്. അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ആത്മാർത്ഥതയാണ് യു.സി.യെ മികച്ച കോളേജായി നിലനിർത്തുന്നത്."

"കഴിഞ്ഞ കുറെ വർഷ
പ്രവർത്തനത്തിൽ ചില ന്യൂന
സൂക്ഷിക്കേണ്ടത് സമൂഹത്തി
ത്ഥി-അദ്ധ്യാപക ബന്ധത്തി
അദ്ധ്യാപകരും വിദ്യാർത്ഥിക
ത്ഥികളും അദ്ധ്യാപകരും മന
ബഹുമാനത്തിന്റെ കാര്യ
മാനിക്കേണ്ടവരെ ബഹുമാനി
സന്ദർശനവും പ്ലാറ്റിനം ജൂബി
മായ അനുഭവങ്ങളായി മന



തോമസ് പെട്ട
വെജിറ്റബിൾ മർച്ചന്റ്

ങ്ങളായി യു.സി. കോളേജിന്റെ
തകൾ ഉണ്ട്. പാരമ്പര്യം കാത്തു
ന്റെ ബാധ്യതയാണ്. വിദ്യാർ
ന്റെ കാര്യത്തിൽ പൂർവ്വകാല
ളും മാതൃകയാണ്. ഇത് വിദ്യാർ
സ്സിലാക്കണം. വിദ്യാർത്ഥികളിൽ
ത്തിൽ മാറ്റം വന്നിട്ടുണ്ട്. ബഹു
ക്കുക. പ്രശസ്തരുടെ കോളേജ്
ലി ആഘോഷവും ആഹ്ലാദകര
സ്സിൽ സൂക്ഷിക്കുന്നു."

"എന്റെ യു.സി. ജീവിതം ആനന്ദകരമായിട്ടാണ് അനുഭവപ്പെട്ടിട്ടുള്ളത്. ക്രിയാത്മകമായി പ്രവർത്തിക്കാൻ വിദ്യാർത്ഥികൾ മനസ്സു വയ്ക്കണം. സൗഹൃദം, ബഹുമാനം എന്നിവയുടെ കാര്യത്തിൽ പൂർവ്വ വിദ്യാർത്ഥികളാണ് മികച്ചത്. പഴയ കാലത്തെ അപേക്ഷിച്ച് പ്രേമിക്കാൻ താല്പര്യം കൂടുതലുണ്ട്. പക്ഷെ ഇത് ആത്മാർത്ഥതയില്ലാതെയല്ലേ എന്ന് സംശയമുണ്ട്. മൂല്യങ്ങൾ ഒഴിവാക്കി ജീവിക്കുന്നത് ഇപ്പോഴുള്ള വിദ്യാർത്ഥികളാണ്. പുതിയ അദ്ധ്യാപകർ പൊതുജനങ്ങളുമായി ഇടപഴകി ജീവിക്കാൻ ആഗ്രഹിക്കുന്നില്ല. ഇത് സമൂഹത്തിന്റെ മേന്മയെ ബാധിക്കും."

ആസഫ് അലി
പൂർവ്വ വിദ്യാർത്ഥി

"നമ്മുടെ ക്യാമ്പസിൽ മറ്റു ക്യാമ്പസുകളെ അപേക്ഷിച്ച് അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം പ്രബലമാണ്. ഇത് പഠന നിലവാരത്തിന്റെ ഉയർച്ചയ്ക്ക് സഹായകമാണ്. പഠിപ്പുമുടക്ക് ഏറെ ദോഷം ചെയ്യുന്നത് സയൻസ് വിദ്യാർത്ഥികൾക്കാണ്. ഇതു മൂലം പ്രാക്ടിക്കൽ സമയം നഷ്ടപ്പെടുന്നു. പഠനത്തെ കാര്യമായി ബാധിക്കുന്നു. യൂണിയൻ പ്രവർത്തകർ പലപ്പോഴും സ്നേഹം നടിക്കുന്നവരാണ്. പ്രണയം ഒരു നീണ്ട പ്രക്രിയയാണ്. ക്യാമ്പസിന്റെ ജീവൻ തുടിക്കുന്നത് പരസ്പര സ്നേഹത്തിലൂടെയാണ്. നമ്മുടെ ക്യാമ്പസിൽ വേണ്ടത് പ്രേമമല്ല, മറിച്ച് ആത്മാർത്ഥമായ സ്നേഹബന്ധമാണ്."

ബിജു എൻ. കെ. നായർ
Final BT & SP

"യു.സി.യെക്കുറിച്ച് നല്ല അഭിപ്രായമാണ്. മഹത്തായ പാരമ്പര്യവും പ്രതിഭാശാലികളായ അദ്ധ്യാപകരും യു.സി. കുടുംബത്തെ മഹത്തരമാക്കുന്നു. അദ്ധ്യാപക-വിദ്യാർത്ഥി ബന്ധത്തിൽ മാറ്റം വന്നതായിട്ടാണ് എനിക്ക് തോന്നുന്നത്. കാരണം ഇന്ന് അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം ഒരു **Friends Relationship** ആയിട്ടാണ് കരുതുന്നത്. പാഠ്യവിഷയത്തിലെന്നപോലെ പാഠ്യേതര വിഷയങ്ങളിലും വിദ്യാർത്ഥികൾ താല്പര്യം കാണിക്കേണ്ടതുണ്ട്. പ്രാചീന രീതികൾ വിദ്യാഭ്യാസ നിലവാരത്തെ സാരമായി ബാധിക്കും. ആത്മാർത്ഥമായ പ്രണയങ്ങൾ എന്നും വിജയിച്ചിട്ടെയുള്ളൂ. പ്രണയത്തെക്കാൾ ഇപ്പോൾ പ്രചാരം **Friendship**-ന് ആണ്. ക്യാമ്പസ് ജീവിതം സന്തോഷകരമാക്കാൻ ഇതു സഹായകമാണ്"



പ്രമീള പി. തോമസ്
വെസ്റ്റ് ഹോസ്റ്റൽ വാർഡൻ



അബൂബക്കർ
വ്യാപാരി,
യു.സി. കോളേജ്

"ആത്മാർത്ഥതയുള്ള അദ്ധ്യാപകരും വിദ്യാർത്ഥികളുമാണ് യു.സി.യുടെ ഏറ്റവും വലിയ സമ്പത്ത്. സൗഹാർദ്ദപരമായ സമീപനമാണ് വിദ്യാർത്ഥികളുടെ ഏറ്റവും നല്ല സ്വഭാവം. ഇത് യു.സി. വിദ്യാർത്ഥികളുടെ പ്രത്യേകതയാണ്. അദ്ധ്യാപകർ പൊതുജനങ്ങളിൽ നിന്ന് അകലുകയാണ്, ഉന്നത തലങ്ങളിൽ എത്തിയ പൂർവ്വ വിദ്യാർത്ഥികളെ കണ്ടുമുട്ടുന്നത് ആഹ്ലാദകരമായ അനുഭവമാണ്. യു.സി.യുടെ പാരമ്പര്യം നിലനിർത്താൻ വിദ്യാർത്ഥികൾ പരിശ്രമിക്കണം."

"ശ്രേഷ്ഠമായ പാരമ്പര്യവും അദ്ധ്യാപക-വിദ്യാർത്ഥികളുടെ ഉന്നതനിലവാരവുമാണ് യു.സിയെ ഇതര കോളേജുകളിൽ നിന്ന് വ്യത്യസ്തമാക്കുന്നത്. വിദ്യാർത്ഥികൾ പഠിപ്പുമുടക്കി സമരം ചെയ്യുന്നത് ന്യായമായ അവകാശങ്ങൾക്കാണെങ്കിൽ തെറ്റില്ല. അദ്ധ്യാപക-വിദ്യാർത്ഥികളുടെ ദൃഢമായ ബന്ധം പഠനനിലവാരം ഉയർത്താൻ സഹായകമാണ്. വിദ്യാർത്ഥികളിൽ വന്നിട്ടുള്ള സ്വഭാവദൂഷ്യങ്ങൾക്ക് പ്രധാന സ്വാധീനം ദൃശ്യമാദ്ധ്യമങ്ങളുടെ അനിയന്ത്രിതമായ കടന്നുകയറ്റമാണ്. നന്മതിന്മകൾ തിരിച്ചറിയാൻ വിദ്യാർത്ഥികൾക്ക് കഴിയണം. മുൻകാലങ്ങളിലെ വിദ്യാർത്ഥികളുടെ ആത്മാർത്ഥത ഇപ്പോഴുണ്ടോ എന്ന് സംശയം. നിരവധി സുഹൃത്തുക്കളെ ലഭിച്ചത് യു.സി.യുടെ അനുഗ്രഹമായി മനസ്സിൽ സൂക്ഷിക്കുന്നു. വ്യക്തി ബന്ധങ്ങൾക്ക് തടസ്സം വരാത്ത രീതിയിലുള്ള വിദ്യാർത്ഥി രാഷ്ട്രീയം അനുഗുണമാണ്."



സോന എം. ജോയ്
രണ്ടാംവർഷ ബോട്ടണി ബിരുദം



ഏലിയാമ്മ ഇട്ടി
കായിക വിദ്യാഭ്യാസ വകുപ്പ്

"ഈ കോളേജിൽ മുപ്പതു വർഷത്തിലധികമായി ജോലി ചെയ്യുന്ന എനിക്ക് യു.സി. മികച്ച കോളേജാണ് എന്ന അഭിപ്രായമാണുള്ളത്. അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം മാറ്റമൊന്നുമില്ലാതെ തുടരുന്നുവെങ്കിലും വിദ്യാർത്ഥികൾക്ക് അദ്ധ്യാപകരെ ബഹുമാനിക്കാൻ ഒരു വൈമനസ്യം ഉണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പൂർവ്വ വിദ്യാർത്ഥികളെ കാണുന്നത് ഇപ്പോഴും ആഹ്ലാദകരമായ കാര്യമാണ്. പൂർവ്വ വിദ്യാർത്ഥികളെ അപേക്ഷിച്ച് ഇപ്പോഴുള്ള വിദ്യാർത്ഥികൾക്ക് സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തുന്നില്ല. ഇപ്പോഴുള്ള വിദ്യാർത്ഥികൾക്ക് ആത്മാർത്ഥത കുറവാണ്. അദ്ധ്യാപകരും പൊതുജനങ്ങളുമായി പണ്ട് ഉണ്ടായിരുന്ന അടുപ്പം ഇപ്പോഴില്ല. സമയക്കുറവാണ് ഇതിന് പ്രധാനകാരണം. യു.സി. കോളേജ് ജീവിതം സംതൃപ്തി നല്കുന്നു. Sports-ൽ എല്ലാവിധത്തിലുള്ളവരും കൂടുതൽ ശ്രദ്ധിച്ച്, സൗകര്യങ്ങൾ വിപുലപ്പെടുത്താൻ ആത്മാർത്ഥമായി ശ്രമിക്കണം. പുതിയ കോഴ്സുകൾ അനുവദിക്കേണ്ടതുണ്ട്. വിദ്യാർത്ഥി രാഷ്ട്രീയം ന്യായമാണ്. സാഹചര്യങ്ങൾ മനസ്സിലാക്കി ആത്മാർത്ഥമായ പ്രവർത്തിക്കാൻ വിദ്യാർത്ഥികൾക്ക് കഴിയണം."



പ്രസാദ് മാത്യു
ഒന്നാം വർഷ മലയാള ബിരുദം

"അമ്മയുടെ തലോടലും പിതാവിന്റെ വാത്സല്യവും സ്നേഹിതന്റെ സാന്ത്വനവും ഒരായിരം ഹൃദയങ്ങളുടെ തുടിപ്പും പ്രകടമാകുന്ന യു.സി.യിൽ അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം മഹത്വത്തെ ഊട്ടിയുറപ്പിക്കുന്ന പ്രധാനകണ്ണിയാണ്. വിജ്ഞാന മന്ത്രങ്ങളുടെ ഉറവിടമായി യു.സി. യെ ഞാൻ കാണുന്നു. യു.സി.യിലെ സൗഹൃദങ്ങൾ ആഹ്ലാദകരവും ആത്മാർത്ഥതയുള്ളതുമാണ്. കാപട്യങ്ങളെ തിരിച്ചറിഞ്ഞ് അതിനെ പ്രതിരോധിക്കുന്ന വിദ്യാർത്ഥി സമൂഹമാണ് യു.സി.യുടെ എക്കാലത്തെയും സമ്പത്ത്. ഇത് സാമൂഹികമായ മാറ്റത്തിലേക്കെത്തിച്ചേരുമ്പോൾ യു.സി. സമൂഹത്തിന് താങ്ങും തണലുമാകുന്നു. ഗാന്ധിജി, ടാഗോർ തുടങ്ങിയ മഹാരഥന്മാരുടെ പാദ സ്പർശത്താൽ അനുഗ്രഹീതമായ യു.സി.യിൽ പഠിക്കാൻ കഴിഞ്ഞത് അനുഗ്രഹമായി കരുതുന്നു. യു.സി.യ്ക്കു തുല്യം യു.സി. മാത്രം എന്ന അഭിപ്രായമാണെനിക്കുള്ളത്."

IDEAL HOMES
CONSTRUCTION PROFESSIONALS & REAL ESTATE

Sunsilk Building
EKM Road, Aluva - 683 101
Tel. Off: 627760,
Res : 629399, 627061
Pager : 9652 - 710699

കവിത

കെ. ഗിരീഷ്
ഒന്നാം വർഷ എം. എ. മലയാളം

# ഹൃദയപൂർവ്വം

സഖീ,
ഉരുകിത്തീരുന്നൊരീ മെഴുകുതിരി
അതെൻ ഹൃദയം തന്നെയല്ലൊ...............
തളർന്നടർന്നൊരീ പൂക്കാം
അതെൻ സ്വപ്നങ്ങാം തന്നെയല്ലൊ.......
സത്യമായിട്ടും ..... നിന്റെ പൊടികളിൽ വിരിഞ്ഞ പുഷ്പ
ഹാസത്തിൽ നിന്നും
നേരിന്റെ പൂമ്പൊടി നുള്ളാൻ
എനിക്കായിട്ടില്ലല്ലോ.........
സത്യമായിട്ടും.......മനം കുളിർപ്പിക്കുന്ന നിൻ മൊഴികളിൽ നിന്നും
തിരിച്ചറിവിന്റെ ഉപ്പു രുചിക്കാൻ
എനിക്കായിട്ടില്ലല്ലോ................
അകത്തേക്ക് പ്രവേശിക്കാൻ മാത്രമുള്ളതല്ല
തുറന്നിട്ടിരിക്കുന്നൊരെൻ വാതിലുകൾ.
എന്റെ യാത്രാ സമയം കുറിക്കപ്പെട്ടിരിക്കുന്നൊരീ
മെഴുകുതിരി വെട്ടത്തിലല്ലോ.................
പ്രിയേ,
നീയൊരിളം കാറ്റായ് മാറുവതെന്തിന്?
ഈ പാഴ്മുളം തണ്ട് ഇനിയൊരു കാറ്റിലും സംഗീതം പൊഴിക്കയില്ലല്ലോ..............
നീയിത്ര മധുരമായ് കുഴലൂതുവതെന്തിന്?
എന്നിലെ നർത്തകനൊരു 'ഫീനിക്സ്' പക്ഷിയല്ലല്ലോ..............
നിന്നിലെ കത്തുന്ന മിഴികാംക്ക്
പടിഞ്ഞാറൻ ചക്രവാളം കാണിച്ചുകൊടുക്കുക.
തീക്ഷ്ണ രശ്മികാംക്ക് ഇരുളിന്റെ
ശാന്തമായ മുഖം പരിചയപ്പെടുത്തുക.
വറുതിയിലുരുകി കരയുന്നവന്റെ കണ്ണുനീർത്തുള്ളിയിൽ
വിരിഞ്ഞ മഴവില്ലിന്റെ വർണ്ണ വൈചിത്ര്യത്തിൽ അത്ഭുതം കൂറിയ
രാജകുമാരിക്ക് തന്റെ രണ്ടു കണ്ണുകാം കൂടി ദാനം ചെയ്ത
രാജകുമാരന്റെ കഥ ഇനിയും ആവർത്തിക്കുവതെന്തിന്?

'മുന്തിരിത്തോപ്പുകളും
മുല്ലപ്പൂക്കാടുകളും
വനജ്യോത്സ്നയും
വർണ്ണത്തുമ്പികളും
മാടപ്രാവുകളും, കുയിൽ മൊഴികളും
മാർഗ്ഗഴിയുമെന്റെ മനമൊഴിഞ്ഞു പോയിരിക്കുന്നുവല്ലൊ.....'
മയിലാഞ്ചിപ്പൂക്കളാൽ ചിത്രണം ചെയ്ത;
മഞ്ഞുകണങ്ങളിൽ വൈഡൂര്യം വിളയിക്കുന്ന-
നിലാവുലഞ്ഞ, ഈ ഈറൻ താഴ്‌വാരങ്ങളിലിരുന്ന്
കണ്ണുനീരിനെപ്പറ്റി പാടുവതെങ്ങിനെ?
നോക്കൂ,
കഴയ്ക്കുന്ന ഘടികാരനാവ്
മരണത്തിലേക്ക് മുഖമുയർത്തുന്ന മെഴുകുതിരി നാളം.
പൂം കാഴ്ചകൾക്ക് നിത്യമായ അവധികൊടുത്ത്
എന്റെ വാതിലുകൾ ഞാനടച്ചു പൂട്ടുന്നു.
കൂട്ടുകാരീ.......... മറക്കാതിരിക്കുക
എന്റെ പ്രണയം കരിങ്കൽ ദൈവങ്ങളിലില്ല.
മനുഷ്യ ചിത്തത്തിലില്ല.
അത്,
മരുഭൂമി മദ്ധ്യത്തിൽ മഴകാത്തിരിക്കുന്നു.

സ്നേഹപൂർവ്വം

(ഒപ്പ്)
ഗിരീഷ്. കെ.
I M.A. മലയാളം
യു.സി. കോളേജ്, ആലുവ- 2

*With best compliments from :*

**Megha**

**GENTS BEAUTY PARLOUR**
Jaya Tourist Home
Main Road, North Paravur,
Ernakulam Dist., Pin - 683 513.

ഞങ്ങളുടെ സ്ഥാപനം 8-ാം വയസ്സിലേക്ക്

# പ്രതീക്ഷയോടെ

**അനുഭവക്കുറിപ്പ്**
കെ. ബി. ഇന്ദുകല
രണ്ടാം വർഷ പ്രീഡിഗ്രി

ആളൊഴിഞ്ഞ കാമ്പസിൽ ഈ വർഷത്തെ അവസാന ചുറ്റിയടിക്കലാണിത്. മനസ്സിൽ നിറയെ കണ്ടിട്ടും കണ്ടിട്ടും മതിവരാത്ത കാമ്പസിന്റെ സ്പന്ദനങ്ങൾ മാത്രം. കുട്ടികളുടെ പ്രിയപ്പെട്ട NR-ൽ നിന്നിറങ്ങി ലൈബ്രറിയുടെ മുന്നിലൂടെ മെല്ലെ സി.സി.യിലേക്ക് നടന്നു. ഇവിടുത്തെ ഓരോന്നിനെക്കുറിച്ചുമുണ്ട് ഒട്ടേറെ നല്ല ഓർമ്മകൾ. കൂട്ടുകാരികളുടെ കൂടെ നടക്കുമ്പോഴും ചിന്തകൾ അവയ്ക്കു പുറകെ പായുകയായിരുന്നു. മൂന്നാം നിലയിലെ ക്ലാസ് മുറിയിൽ നിന്നാൽ കാണാവുന്ന കുന്നുകൾ, വെൺമേഘക്കെട്ടുകൾ, കാന്റീനിലേയ്ക്കുള്ള വഴിയിലെ മരങ്ങൾ എല്ലാം മനസ്സിലേയ്ക്ക് ഓടിയെത്തുകയാണ്. ഞാനാദ്യം ഞാനാദ്യം എന്ന കണക്കിൽ.

ലൈബ്രറിക്കു മുന്നിലെ കുള്ളൻ മരച്ചില്ലകൾ കാറ്റിൽ ചാഞ്ചാടുന്നു. മഴക്കാലത്ത് അവയിൽ നിന്ന് വെള്ളത്തുള്ളികൾ പൊഴിയും. മരങ്ങൾക്കു നടുവിലുള്ള പടികളിലൂടെ ഇറങ്ങിയാൽ ലൈബ്രറി. വായനയുടെ ആഴങ്ങളിലേയ്ക്ക് അറിയാതെ തന്നെ നമ്മളെ കൂട്ടിക്കൊണ്ടു പോകും അവിടം. പലർക്കും അവിടത്തെ നിശബ്ദാന്തരീക്ഷം ഇഷ്ടമല്ല. പക്ഷേ, ഞങ്ങൾക്കിഷ്ടമാണ്. എം.ടി.യുടെയും തക



ഴിയുടെയും പുസ്തകങ്ങളായിരുന്നു ഞങ്ങളെ അവിടേയ്ക്ക് ആകർഷിച്ചത്. പരീക്ഷാക്കാലത്ത് അന്വേഷണം മുൻവർഷങ്ങളിലെ ചോദ്യപേപ്പറുകളുടേയും സംശയങ്ങളുടെയും പുറകേയാവുന്നു. ഒരു ഭാഗത്ത് കമ്പിവലയിട്ട ജനലിലൂടെ പുസ്തകസഞ്ചയം. മറുഭാഗത്ത് സൈലന്റ് വാലിയുടെ ദൃശ്യം.

സി.സി.യിലെ ഇളം കാറ്റേറ്റ് ഇരിക്കാൻ എന്തുരസമാണ്. പുതിയ സൗഹൃദങ്ങൾ, പൊട്ടിച്ചിരികൾ, തമാശകൾ എല്ലാം സി.സി.യിലെ കാഴ്ചകൾ. ഉണക്കപ്പുല്ലുകൾക്ക് അപ്പുറത്ത് സ്കിന്നർ ഹോസ്റ്റൽ. അവിടേയ്ക്കുള്ള വഴി വിജനമാണ്. ഹോസ്റ്റലും കിളിയൊഴിഞ്ഞ കൂടുപോലെ. ഉച്ചനേരങ്ങളിൽ വിശപ്പടക്കാൻ വേണ്ടി ചെല്ലുന്നത് കാന്റീനിൽ. അവിടെ എല്ലാ ശബ്ദങ്ങളും ചേർന്ന് ഒരു പ്രത്യേക അന്തരീക്ഷം സൃഷ്ടിക്കുന്നു. കരിയിലകൾ ചിതറിക്കിടക്കുന്ന ചെമ്മൺ പാത ചാക്കോസ് ഹോസ്റ്റലിലേയ്ക്ക്. അപരാഹ്ന വെയിലേറ്റ് ഹോക്കി കോർട്ട് ഉറങ്ങുന്നു.

ഓർക്കുവാൻ ഇനിയുമേറെ. വിദ്യാർത്ഥികൾക്കു മാത്രമല്ല എല്ലാവർക്കും മനഃശാന്തി നേർന്നുകൊണ്ട് ചാപ്പൽ. ബഹളങ്ങളില്ലാത്ത ബി.ബി.സി. ആരുടെ മനസ്സിലും മായാതെ നിൽക്കും. ബി.ബി.സി.ക്കടുത്തുള്ള മഹാഗണി. ഒരിക്കലെങ്കിലും അതിന്റെ തണലിൽ വിശ്രമിച്ചിട്ടുള്ളവർക്ക് ആ സുഖം മറക്കാൻ സാധിക്കുന്നതെങ്ങിനെ? ഇന്നവിടം ആളൊഴിഞ്ഞു കിടക്കുന്നു. ഫിസിക്സിന്റെ സിദ്ധാന്തങ്ങളിലും മറ്റും മുഴുകിയിരിക്കുന്ന സയൻസ് ബ്ലോക്ക്. പുരാവസ്തുവായി സംരക്ഷിക്കപ്പെടുന്ന കച്ചേരിമാളിക. മരഗോവണിയിൽ പാദങ്ങൾ പതിക്കുമ്പോഴുള്ള ശബ്ദം ഇപ്പോൾ കേൾക്കുന്നില്ല.

കാത്തിരിപ്പിന്റെ അക്ഷമയുമായി വെയിറ്റിങ് ഷെഡ്. പടവുകൾ ഇറങ്ങുമ്പോൾ ഇരുവശത്തും നിൽക്കുന്ന മഹാഗണികളെക്കുറിച്ചായി ചിന്ത. യു.സി.യുടെ പ്രത്യേകതയെന്ന് എല്ലാവരും അവയെ വിശേഷിപ്പിക്കുന്നു. ആദ്യമായി കാമ്പസിൽ എത്തിയപ്പോൾ സീനിയർ വിദ്യാർത്ഥികൾ വരവേറ്റത് ഇങ്ങനെ! കലാലയത്തിലെ പുതുമുഖങ്ങൾക്ക് ഈ മഹാഗണി തണലിലേയ്ക്കു സ്വാഗതം! ഇവിടേയ്ക്കു വീണ്ടും വരാനായാൽ, അപ്പോഴും ഇതുപോലെ സ്വാഗതം ചെയ്യുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. കലാലയത്തിന്റെ എല്ലാവിധ സ്പന്ദനങ്ങളും ഉൾക്കൊള്ളുന്ന V.M. ഹാൾ. ചർച്ചകളും കലാപരിപാടികളും സാഹിത്യസദസ്സുകളുമൊക്കെയായി എപ്പോഴും സജീവമായിരുന്ന ഹാൾ.

പ്ലാറ്റിനം ജൂബിലി ബ്ലോക്ക് കടും ചുവപ്പു നിറത്തിൽ മനസ്സിൽ മങ്ങാതെ നിൽക്കുന്നു. ടാറിട്ട റോഡ് കോളേജ് ഗേറ്റിലേയ്ക്ക് അടുക്കുകയാണ്. കാലുകൾ മുന്നോട്ടു തന്നെ ചലിക്കുന്നു. ഒരിക്കലും മായാത്ത ഓർമ്മകൾ സമ്മാനിച്ചുകൊണ്ട് നില്ക്കുന്ന കലാലയത്തിലേയ്ക്ക് ഒരു തവണകൂടി നോക്കി. നിരത്തിലേയ്ക്ക് ഇറങ്ങുമ്പോൾ മനസ്സ് തേങ്ങുന്നു. ഞങ്ങൾ നടന്നു, ഒരിക്കൽ കൂടി ഇവിടേയ്ക്കു വരാനാകുമെന്ന പ്രതീക്ഷയോടെ......

**റിപ്പോർട്ട്**
മലയാള വിഭാഗം

# സാഹിത്യ സർവ്വേ

ആലുവാ യു. സി. കോളേജിലെ മലയാളം അസ്സോസ്സിയേഷന്റെ ആഭിമുഖ്യത്തിൽ 1997 - 98 അധ്യയന വർഷം നടന്ന സാഹിത്യ സർവ്വേ റിപ്പോർട്ട്.

കോളേജിലെ വിദ്യാർത്ഥികളുടെ സാഹിത്യ അഭിരുചിയെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കുന്നതിനും സാഹിത്യ ലോകത്തിൽ വിദ്യാർത്ഥികൾ ഇന്ന് എവിടെ നിൽക്കുന്നു എന്ന് അറിയുന്നതിനും ഈ പഠനം നമ്മെ സഹായിക്കും.

സാഹിത്യ സർവ്വേയിൽ പങ്കെടുത്തവരിൽ 38. 50% പേർ പ്രീഡിഗ്രി വിദ്യാർത്ഥികളും 53.94% പേർ ഡിഗ്രി വിദ്യാർത്ഥികളും 7.56% പേർ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളും ആയിരുന്നു. ഇതിൽ 96% പേർ സർവ്വേ ഗൗരവമായി എടുത്തവരാണ്. വായനയുമായി ബന്ധപ്പെട്ട് 77.61% സ്ഥിരമായി വായിക്കുന്നവരും 21.81% പേർ വല്ലപ്പോഴും വായിക്കുന്നവരുമാണ്. വായിക്കുന്ന സാഹിത്യശാഖകളിൽ 31.13% കഥയും 13.89% പേർ കവിതയും 29.78% പേർ നോവലും 7.4% പേർ നാടകവും 17.76% പേർ ലേഖനവും വായിക്കുന്നു.

നിത്യേന വായിക്കുന്ന പത്രങ്ങളിൽ ഏറ്റവും കൂടുതൽ വായിക്കപ്പെടുന്ന പത്രം 'മലയാളമനോരമയും' രണ്ടാം സ്ഥാനത്തു നിൽക്കുന്നത് 'മാതൃഭൂമി'യുമാണ്. കോളേജ് ലൈബ്രറി നിങ്ങൾ ഏതു തരത്തിലാണ് ഉപയോഗപ്പെടുത്തുന്നത് എന്ന ചോദ്യത്തിന് 19%ത്തിലധികം പേർ പരമാവധിയും 70.10% പേർ ചിലപ്പോഴൊക്കെയും ഉപയോഗപ്പെടുത്തും എന്നാണ് ഉത്തരം നൽകിയത്. ലൈബ്രറി വേണ്ടവിധം ഉപയോഗിക്കാത്തവരും കോളേജിലുണ്ട്.

സർവ്വേയിൽ പങ്കെടുത്തവരിൽ ഭൂരിഭാഗവും പൊതു വായനശാലകളിൽ അംഗത്വമില്ലാത്തവരാണ്. വായനക്കൊപ്പം നോട്ടു തയ്യാറാക്കുന്നവരിൽ ഭൂരിഭാഗവും പെൺകുട്ടികളാണ്. 32.67% പേർ മാത്രമാണ് പുരാണേതിഹാസങ്ങൾ വായിക്കാത്തവരായുള്ളത്. സർവ്വേയിൽ പങ്കെടുത്ത ഭൂരിഭാഗം പേരും സാഹിത്യരചനയിൽ താല്പര്യമുള്ളവരാണ്. ഏറ്റവും കൂടുതൽ എഴുതപ്പെടുന്ന സാഹിത്യവിഭാഗം കഥയാണ്. ഏറ്റവും കുറവ് നാടകവും. 73%പേർ ചർച്ചകളിൽ പങ്കെടുക്കാത്തവരാണ്.

സാഹിത്യത്തിൽ 'പെണ്ണെഴുത്ത്' എന്ന തരംതിരിവ് ആവശ്യമോ എന്ന ചോദ്യത്തിന് 60%ലധികം പേർ 'ആവശ്യമില്ല' എന്ന അഭിപ്രായക്കാരാണ്. എഴുത്തുകാർക്ക് സാമൂഹികപ്രതിബദ്ധത ഉണ്ട് എന്ന് 64.94% പേർ അഭിപ്രായം രേഖപ്പെടുത്തുമ്പോൾ, ആധുനിക സാഹിത്യവുമായി ഫലപ്രദമായി സംവദിക്കാൻ സാധിക്കാത്തവരുടെ ശതമാനം 60.40 ആണ്.

ഏറ്റവും ഇഷ്ടപ്പെട്ട വിശ്വസാഹിത്യകാരനായി ഭൂരിഭാഗം പേരും തെരഞ്ഞെടുത്തിരിക്കുന്നത് ഷേക്സ്പിയറിനെയാണ് . ഇഷ്ടപ്പെട്ട വിശ്വസാഹിത്യകൃതിയായി ഭൂരിഭാഗം പേരും അഭിപ്രായപ്പെട്ടിരിക്കുന്നത് 'ഒഥല്ലോ ' ആണ്. ഇഷ്ടപ്പെട്ട മലയാള സാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീറും കൃതി 'ചെമ്മീനും' ആണ്. ഒരു തവണയിൽ കൂടുതൽ വായിക്കപ്പെട്ടിട്ടുള്ള കൃതികൾ ഇന്ദുലേഖയും നാലുകെട്ടും ആണ്. സ്ഥിരമായി കുട്ടികൾ വായിക്കാറുള്ള ആനുകാലികങ്ങളിൽ മാതൃഭൂമിയാണ് ഒന്നാമത് നിൽക്കുന്നത്. സർവ്വേയെക്കുറിച്ച് 75.55% പേർ സർവ്വേ നല്ലതെന്ന് അഭിപ്രായപ്പെട്ടപ്പോൾ 14.65% പേർ സർവ്വേ ആവശ്യമില്ലെന്നും 9.90% പേർ സർവ്വേയെക്കുറിച്ച് പ്രത്യേക അഭിപ്രായമൊന്നും ഇല്ലെന്നും വ്യക്തമാക്കിയവരാണ്.

മലയാളം അസ്സോസ്സിയേഷൻ സംഘടിപ്പിച്ച സർവ്വേയോട് സഹകരിച്ച എല്ലാവർക്കും ആത്മാർത്ഥമായ നന്ദി രേഖപ്പെടുത്തുന്നു.

ശ്രീ. എം. ഐ. പുന്നൂസ്
മലയാള വിഭാഗം

# മലയാറ്റൂരിന്റെ യു.സി. സ്മരണകൾ ഒരവലോകനം



മലയാളത്തിനഭിമാനിക്കാൻ ഒരു കഥാപ്രപഞ്ചം സമ്മാനിച്ച്, ചില കഥകൾ പാതിവഴിയിൽ പറഞ്ഞു നിർത്തി അനശ്വരനായ ആ കഥാകൃത്ത് പടിയിറങ്ങി. ആ ജീവിതം പോലെ തന്നെ ആ മരണവും എത്ര സുന്ദരമായ ഒരാഘോഷമായിരുന്നു. ജീവിതത്തിലൊരുപാട് വേഷങ്ങൾ കെട്ടാനും കെട്ടിയവ ആടിത്തീർക്കും മുമ്പ് വലിച്ചെറിയാനും കാണിച്ച സ്വതഃസിദ്ധമായ ആ നിസ്സംഗതയോടെ അദ്ദേഹം മരണത്തിലേക്കുള്ള പടവുകളിറങ്ങിപ്പോയപ്പോൾ, അത് യു.സി. കോളേജ് ക്യാമ്പസ്സിലും നികത്താനാവാത്ത ഒരു ശൂന്യത സൃഷ്ടിക്കുന്നുണ്ട്.

മലയാറ്റൂർ യു.സി. കോളേജിന്റെ ശ്രേഷ്ഠസന്താനങ്ങളിലൊരാളാണ്. അവസരം കിട്ടുമ്പോഴൊക്കെ തനിക്ക് യു.സി. കോളേജിനോടുള്ള ആത്മബന്ധം വ്യക്തമാക്കാൻ അദ്ദേഹത്തിന് വലിയ ആവേശമായിരുന്നു. യു.സി.യുടെ ഓർമ്മകൾ അദ്ദേഹത്തിന്റെ ആത്മസ്പർശമുള്ള മിക്ക കൃതികളിലും കടന്നു വരുന്നുണ്ട്.

1942 മുതൽ 44 വരെയാണ് മലയാറ്റൂർ ഇവിടെ പഠിച്ചിരുന്നത്. രണ്ടാം ലോകമഹായുദ്ധത്തിന്റെ കാലം. സ്വാതന്ത്ര്യ സമരങ്ങളുടെ വേലിയേറ്റത്തിൽ കോളേജ് ക്യാമ്പസ് തിളച്ചുമറിഞ്ഞിരുന്ന കാലമാണത്. ആഗസ്റ്റ് സമരമെന്ന് വിഖ്യാതമായ ക്വിറ്റിന്ത്യാ പ്രസ്ഥാനമൊരു കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ച കാലഘട്ടത്തിലാണ് മലയാറ്റൂർ ഇവിടെ എത്തിപ്പെട്ടത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. അന്ന് ക്യാമ്പസിൽ നിറഞ്ഞു നിന്ന ഇടതുപക്ഷ തീവ്രാഭിനിവേശമാണ് മലയാറ്റൂരിന്റെ രാഷ്ട്രീയ ദർശനങ്ങൾക്കും നിറം പകർന്നത്. പെരിയാറിന്റെ തീരത്തു വെച്ച് സഖാവ് പി. കൃഷ്ണപിള്ളയോടൊപ്പം ഒരു രാത്രികാലം മുഴുക്കെ നീണ്ടു ചർച്ചായോഗത്തെപ്പറ്റി 1987-ലെ കോളേജ് മാഗസിനനുവദിച്ച അഭിമുഖത്തിൽ അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്.

അതികായന്മാരായിരുന്ന തന്റെ ഗുരുനാഥന്മാരെക്കുറിച്ച് പറയുമ്പോൾ നൂറുനാവായിരുന്നു മലയാറ്റൂരിന്. കുറ്റിപ്പുഴ കൃഷ്ണപ്പിള്ള, ഡി.പി. ഉണ്ണി, അദ്ധ്യാപകശ്രീ അയ്യങ്കാർ, വി.എം. ഇട്ട്യേര, സി.പി. മാത്യു, സി.പി. ആൻഡ്രൂസ് തുടങ്ങിയ പ്രഗത്ഭ അദ്ധ്യാപകരുടെ

ശിഷ്യനായിരുന്നു താനെന്നതിൽ മലയാറ്റൂർ എന്നും ഊറ്റം കൊണ്ടിരുന്നു. ഇപ്പോൾ ചാക്കോ ഹോസ്റ്റൽ എന്നറിയപ്പെടുന്ന നോർത്ത് - ഈസ്റ്റ് ഹോസ്റ്റലിലായിരുന്നു അദ്ദേഹം താമസിച്ചിരുന്നത്. 'ഓർമ്മകളുടെ ആൽബം' എന്ന കൃതിയിൽ യു.സി.യിലെ ഹോസ്റ്റൽ ദിനങ്ങളെക്കുറിച്ചുള്ള പൊട്ടിച്ചിരിപ്പിക്കുന്ന സ്മരണകൾ അദ്ദേഹം അയവിറക്കിയിട്ടുണ്ട്.. ടോയ്‌ലറ്റുകൾക്കു പകരമെന്ന നിലയിൽ പ്രവർത്തിച്ചിരുന്ന 'പോർക്ക് സിസ്റ്റ'ത്തെക്കുറിച്ചുള്ള വിവരണങ്ങൾ വളരെ രസാവഹമാണ്.

'പട്ടർ പട്ടാപ്പകൽ പട്ടയടിച്ചു' 'വേരുകളിലെ' രഘുവിന്റെ ഓർമ്മകൾ യു.സി. ജീവിതത്തിനിടയിൽ മലയാറ്റൂരിനുണ്ടായ രസകരമായ അനുഭവങ്ങൾ തന്നെയാണ്. മമ്മതിന്റെ മാടക്കടയിൽ നിന്നും ഒരണയ്ക്ക് മൂന്നു വീതം കിട്ടുന്ന 'പാസിംഗ് ഷോ' എന്ന സിഗരറ്റു വലിച്ച് വ്യക്തിപരമായ ലിബറേഷൻ പ്രഖ്യാപിച്ചതും ഇതിന്റെ അനുബന്ധമാണ്.

കളിതമാശകൾക്കിടയിലും പ്രശസ്തമായ നിലയിൽ ഇന്റർമീഡിയേറ്റ് പാസ്സായി. ഇവിടെ കഴിഞ്ഞ രണ്ടു വർഷങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിലെ വഴിത്തിരിവായിരുന്നു. അപ്പോഴേയ്ക്കും കേരളമെങ്ങും അറിയപ്പെടുന്ന രാഷ്ട്രീയ വ്യക്തിത്വത്തിനുടമയായിക്കഴിഞ്ഞിരുന്നു മലയാറ്റൂർ. 1944-ൽ കോളേജ് വിട്ടെങ്കിലും വീണ്ടുമദ്ദേഹത്തിന് യു.സി.യിലേക്ക് വരേണ്ടി വന്നു. ഇത്തവണ പക്ഷേ ഇംഗ്ലീഷ് ട്യൂട്ടറുടെ വേഷത്തിലായിരുന്നുവെന്നു മാത്രം. എന്റെ ഐ.എ.എസ്സ്. ദിനങ്ങൾ എന്ന സർവ്വീസ് സ്റ്റോറിയിൽ ഈ കഥ വിവരിക്കുന്നുണ്ട്.

അറുപതു രൂപ ശമ്പളത്തിൽ ഒരു ഹ്രസ്വകാല ഒഴിവിലേക്കായിരുന്നു നിയമനം. മീശമുളയ്ക്കാത്ത പത്തൊൻപതുകാരൻ പയ്യനായിരുന്ന മലയാറ്റൂരിനെ പുതിയ വേഷത്തിൽ സ്റ്റാഫ് റൂമിൽ കണ്ടപ്പോൾ കുറ്റിപ്പുഴ സാർ പാതി തമാശകലർത്തി പറഞ്ഞത്രേ- 'അത്ഭുതങ്ങളുടെ കാലമവസാനിച്ചിട്ടില്ല. താൻ പഠിപ്പിക്കാൻ വന്നിരിക്കുകയാണ് അല്ലേ? പഠിക്കാനുള്ള പ്രായമാണ് തന്റേത്.' കുറ്റിപ്പുഴയുടെ വാക്കുകൾക്ക് പ്രവചന ശേഷിയുണ്ടായിരുന്നിരിക്കണം. മലയാറ്റൂർ അധികകാലം ഇവിടെ തുടർന്നില്ല.

പിന്നീട് മലയാറ്റൂർ മലയാളത്തിന്റെ ചക്രവാളത്തിൽ മാനം മുട്ടെ വളരുകയായിരുന്നു. ബഹുതല സ്പർശിയായ ആ കർമ്മമണ്ഡലങ്ങൾക്കിടയിലും മലയാറ്റൂരിന്റെ 'അൽമ മേറ്റർ' (സ്നേഹനിധിയായ അമ്മ- എന്നും യു.സി. കോളേജായിരുന്നു. കോളേജിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ മലയാറ്റൂരെഴുതി: 'ഞാൻ കോളേജിൽ നിന്നും പഠിച്ചിറങ്ങിയിട്ട് 54 വർഷങ്ങൾ കടന്നു പോയിരിക്കുന്നു. ഞാൻ വൃദ്ധനായിരിക്കുന്നു. 1942-ലെ ക്യാമ്പസ്സ് ഇന്നാകെ മാറിപ്പോയിരിക്കണം. ഒന്നു മാത്രം. അത് ഒരമ്മയുടെ വളർച്ചയാണ്. ആ അമ്മയ്ക്ക് നിത്യയൗവ്വനമാണ് എന്നും ദീപ്തസൗന്ദര്യമാണ്. എന്നെ ഞാനാക്കിയത് എന്റെ യു.സി. കോളേജാണ്. അക്ഷര ലോകത്തിലെ എന്റെ അമ്മ.'

1968-ൽ ടി.സി.സി.-യുടെ മാനേജിംഗ് ഡയറക്ടറായിരുന്നപ്പോഴാണ് മലയാറ്റൂർ അവസാനമായി ഈ ക്യാമ്പസ്സിലെത്തിയത്. മുൻപൊരിക്കൽ സൂചിപ്പിച്ച മാഗസിൻ കമ്മറ്റിയുമായുള്ള അഭിമുഖത്തിൽ യു.സി. കോളേജിലെ പുതിയ തലമുറയ്ക്കുള്ള സന്ദേശമായി അദ്ദേഹം പറഞ്ഞു: 'ഞങ്ങൾക്ക് ലഭിക്കാത്ത അവസരങ്ങൾ നിങ്ങൾക്കിന്നുണ്ട്. ഏറെ വായിക്കുക വളരുക. രാഷ്ട്രീയം എന്ന കരിയറിന്റെ പിറകേ പോകാതെ നിങ്ങൾക്ക് ശോഭിക്കാൻ കഴിയുന്ന മറ്റനേകം പ്രവൃത്തി മണ്ഡലങ്ങളിലെ നക്ഷത്രമാവുക!'

അതേ, കൈവച്ച കർമ്മമേഖലകളിലാകെ ഭാസുര നക്ഷത്രമായി ജ്വലിച്ചു നിന്നിരുന്ന മഹാനായ ആ എഴുത്തുകാരൻ അരങ്ങൊഴിഞ്ഞു. ആ പാദപതനങ്ങളേറ്റ ഈ മണ്ണും ആ ശബ്ദം മാറ്റൊലിക്കൊണ്ട ക്ലാസ്സ് മുറികളും അനിർവ്വചനീയമായൊരു നൊമ്പരം ഏറ്റു വാങ്ങുന്നുണ്ട്. കാരണം ഈ കലാലയമുത്തശ്ശിക്ക് - സ്നേഹനിധിയായ അമ്മയ്ക്ക് - പുണ്യം പിറന്ന ഒരു മകനെയാണല്ലോ നഷ്ടമാകുന്നത്. എങ്കിലും കാലാതിവർത്തിയായ ആ സർഗ്ഗസാന്നിദ്ധ്യം വീണ്ടും യു.സി.യുടെ അഭിമാനത്തിന്റെ ഈടുവെയ്പാകും. അനശ്വരനായ കഥാകാരാ, നിറവാർന്നു നില്ക്കുന്ന ആ പുണ്യസ്മൃതികൾക്കു മുന്നിൽ ഞങ്ങളുടെ കണ്ണീർ പ്രണാമം!

ISO 9001 COMPANY

# TELK

# YOUR PARTNER IN POWER

Tranformaing the Powerscape of the Nation for over three decades, in collaboration with M/S HITACHI LIMITED. Tokyo, Japan.

Unmatched expertise and excellent track record in Power Transformers & Switchgears in the range of 66kV to 400kV. Undertakes Turnkey Contract for EHV Substations ensuring total service to Customer.

Leading Exporter of Power Transformers and Switchgears to many Oveseas markets in Africa, Asia, the Middle East and South East Asian Countries.

## OUR PRIORITIES

Prompt Delivery
Competitive priceing
Highest Quality Standards
Excellent Service to Customer

## TRANSFORMERS AND ELECTRICALS KERALA LTD.

(A Government of Kerala Undertaking)
(In collaboration with M/S HITACHI LTD., Tokyo, Japan)
Angamaly South P.O., Ernakulam District, Kerala, India.

Phone : 0484 - 452251 – 3, 452668
0484 - 453586 (Mktg. Direct)
Fax : 91-484-452363 (Mktg.), 452873 (ADMN)
Telex : 0885-6278 TELKIN
Grams : "TELK ANGAMALY"

E-mail: telk.chn@rmi.sprintrpg.ems.vsnl.net.in

Regional Offices at **New Delhi, Mumbai, Chennai & Calcutta**

ലേഖനം
പ്രൊഫ. ജേക്കബ് കുര്യൻ
ജന്തുശാസ്ത്രവിഭാഗം തലവൻ

# എയ്ഡ്സിൽ നിന്ന് രക്ഷ നേടു

എയ്ഡ്സ് എന്ന മഹാവ്യാധി ലോകത്തിന്റെ എല്ലാ ഭാഗത്തും എത്തിക്കഴിഞ്ഞു. 1993 ൽ 1.3 കോടി ജനങ്ങളിൽ എയ്ഡ്സ് ഉള്ളതായി കണ്ടെത്തി. 2000-ാമാണ്ട് ആകുമ്പോൾ അത് 2.6 കോടിയായിത്തീരും. ഇതിൽ 90%വും വികസ്വരരാജ്യങ്ങളിലാണ്. വർഷം തോറും 18 ലക്ഷത്തിലധികം ജനങ്ങൾ ഇതുകാരണം മരണമടയുന്നു.

എയ്ഡ്സ് എവിടെ നിന്ന് വന്നു എന്ന് ആർക്കും അറിഞ്ഞുകൂടാ. 1981 ൽ അമേരിക്കയിലെ ജോർജ്ജിയ സംസ്ഥാനത്തെ അറ്റ്ലാൻറയിലെ രോഗനിയന്ത്രണ കേന്ദ്രത്തിലാണ് ആദ്യമായി ഈ രോഗം റിപ്പോർട്ട് ചെയ്തത്. വളരെ ആരോഗ്യവന്മാരായിരുന്ന അഞ്ച് സ്വവർഗ്ഗസംഭോഗക്കാർക്ക് ന്യൂമോണിയ എന്ന രോഗം ഒരുപോലെ ബാധിക്കുകയും ശ്വാസോച്ഛ്വാസം ബുദ്ധിമുട്ടാകുകയും ആരോഗ്യം ക്ഷയിക്കുകയും രോഗപ്രതിരോധശേഷി ദുർബലമാകുകയും ചെയ്തു. രോഗപരിശോധയിൽ ന്യൂമോസിസ്റ്റസ് കാരിനി എന്ന ന്യൂമോണിയ ആണെന്നും ഇത് ഒരു തരം പ്രോട്ടോ സോവ മൂലമാണെന്നും വ്യക്തമാക്കപ്പെട്ടു. രോഗപ്രതിരോധശക്തി നഷ്ടപ്പെടുമ്പോൾ ഉണ്ടാകുന്ന ഒരസുഖമാണിത്. 1983ൽ ഈ വൈറസുകളെ വേർതിരിച്ചെടുക്കുവാൻ സാധിച്ചു. എച്ച്. ഐ. വി. അഥവാ ഹ്യൂമൻ ഇമ്മ്യൂണോഡെഫിഷ്യൻസി വൈറസ് എന്നാണിതിന്റെ പേര്. 1985 ൽ എയ്ഡ്സ് നിർണ്ണയ രക്തപരിശോധനാരീതി കണ്ടുപിടിച്ചു.

1986ൽ ഇന്ത്യയിൽ എയ്ഡ്സ് എത്തിയതായി കണ്ടെത്തി ആദ്യം തമിഴ്നാട്ടിലും പിന്നീട് മഹാരാഷ്ട്രയിലും മണിപ്പൂരിലും ഇതു കണ്ടു. 1994 ആയപ്പോഴേക്കും ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും എയ്ഡ്സ് എത്തിക്കഴിഞ്ഞു. ഇന്ന് ഏതാണ്ട് 35 ലക്ഷത്തിലധികം ആളുകളിൽ എയ്ഡ്സ് അണുബാധ ഉണ്ടെന്ന് കരുതുന്നു. കേരളത്തിൽ 200 പേരിൽ ഒരാൾക്ക് എന്ന കണക്കിന് ഈ അണുബാധ ഉണ്ടായിട്ടുണ്ട്. മൂന്നു കോടിയോളം ജനങ്ങൾ ഉള്ള കേരളത്തിൽ ഒന്നര ലക്ഷം ജനങ്ങളിൽ പ്രസ്തുതരോഗണു എത്തിയിരിക്കുമെന്ന് കരുതുന്നു. ജനസംഖ്യയിൽ 12-ാം സ്ഥാനമുള്ള കേരളം ഈ കാര്യത്തിൽ എട്ടാമതാണെന്ന് ദേശീയ എയ്ഡ്സ് നിയന്ത്രണ സംഘടനയുടെ കണക്കുകൾ വ്യക്തമാക്കുന്നു. കേരള എയ്ഡ്സ് സെല്ലിന്റെ കണക്കനുസരിച്ച് ഈ കഴിഞ്ഞ ജൂണിൽ എയ്ഡ്സ് രോഗം പൂർണ്ണമായി ബാധിച്ചവർ 140 പേരും എച്ച്. ഐ. വി. പോസ്റ്റീവ് ആയി റിപ്പോർട്ട് ചെയ്തവർ 1526 പേരും ഉണ്ട്.

വൈദ്യശാസ്ത്രം ഇന്നും ഇതിന്റെ മുമ്പിൽ നിസ്സഹായാവസ്ഥയിലാണ്. രോഗമുക്തിക്കു വേണ്ട മരുന്നോ രോഗ പ്രതിരോധത്തിനുള്ള വാക്സിനോ കണ്ടു പിടിച്ചിട്ടില്ല. അതിനാൽ ഈ വിപത്തിൽ നിന്നു രക്ഷപ്പെടാനുള്ള മാർഗ്ഗം ജീവിതരീതി ക്രമപ്പെടുത്തുകയും മുൻകരുതലുകളിൽ പാളിച്ച വരുത്താതിരിക്കുകയുമാണ്.

ബാക്ടീരിയ, വൈറസ്, പ്രോട്ടോസോവൻസ്, ഫംഗസ്, എന്നിവ പലതരം രോഗങ്ങൾക്കും കാരണക്കാരാണ്. നാം ഇവയെ ചെറുത്ത് ആരോഗ്യവാന്മാരായി ജിവിക്കുന്നത "ശരീരത്തിന്റെ രോഗപ്രതിരോധശക്തി മുഖാന്തരമാണ്. നമ്മുടെ തൊലിയും അസ്ഥികളും ആൽക്കലികളും രോഗാണുക്കളെ ഭക്ഷിക്കുന്ന കോശങ്ങളും എൻസൈമുകളും ടോക്സിനുകളും ആൻറി ബോഡികളും ചേർന്ന് രോഗപ്രതിരോധശക്തി പ്രദാനംചെയ്യുന്നു.

ഇതിലെ പ്രധാന പ്രതിരോധശക്തി പ്രദാനം ചെയ്യുന്ന പ്രത്യേക കോശങ്ങളെ എയ്ഡ്സ് വൈറസ് ഉന്മൂലനാശം ചെയ്യുന്നതുമുഖാന്തരം നമ്മുടെ പ്രതിരോധശക്തി നശിക്കപ്പെടുന്നു. അപ്പോൾ നാം പലവിധ രോഗങ്ങൾക്കും അടിമപ്പെടുന്നു. ചുരുക്കത്തിൽ, എയ്ഡ്സ് വൈറസുകൾ ഒരു പ്രത്യേകതരം അസുഖത്തിനു കാരണ

ക്കാരല്ലാ എങ്കിലും എല്ലാ അസുഖങ്ങാംക്കും അവയുടെ സാന്നിധ്യം കാരണമായിത്തീരുന്നു.

മനുഷ്യർ പലതരം വൈറസുകാം മുഖാന്തരമുള്ള പലതരം അസുഖങ്ങാംക്കും വിധേയരാകാറുണ്ട്. മീസ്സിൽസ്, മുണ്ടിനീര്, പോളിയോ, ജലദോഷം, ഫ്ളൂ എന്നീ അസുഖങ്ങാം ഉദാഹരണങ്ങളാണ്. എന്നാൽ ഇവയൊന്നും എച്ച്. ഐ. വി. യെപ്പോലെ രോഗപ്രതിരോധശക്തി പ്രദാനം ചെയ്യുന്ന കോശങ്ങളെ ഉന്മൂലനാശം ചെയ്യാറില്ല.

മനുഷ്യരക്തം വൈറസുകളുടെ വളർച്ചക്കും ഉൽപാദനത്തിനും വളരെ അനുയോജ്യമാണ്. വൈറസുകളുടെ ആവശ്യത്തിനുവേണ്ട ഭക്ഷണവും സുഖകരമായ ഊഷ്മാവും ധാരാളം പ്രണയവായുവും സഞ്ചരിക്കുവാൻ പറ്റിയ കോശങ്ങളും പ്രദാനം ചെയ്യുന്ന രക്തം എന്തുകൊണ്ടും അവ ഇഷ്ടപ്പെടുന്നു. വൈറസുകാംക്ക് പ്രത്യുൽപാദനം നടത്തുവാൻ മറ്റു കോശങ്ങളുടെ സഹായം വേണം. ഉദാഹരണത്തിന് എച്ച്. ഐ. വി. പ്രത്യുല്പാദനം നടത്തുന്നത് ചില പ്രത്യേക ശ്വേതാണുക്കളിലാണ്.

എച്ച്. ഐ. വി.-കാം റിട്രോ വൈറസുകളുടെ കുടുംബത്തിൽപ്പെട്ടവയാണ്, ഇവ രണ്ടിനം ഉണ്ട്. എച്ച്. ഐ. വി. 1ഉം. എച്ച് ഐ. വി 2ഉം. ഇന്ത്യയിൽ സാധാരണ കാണുന്നത് എച്ച്. ഐ. വി.1 ആണ്. പശ്ചിമാഫ്രിക്കയിൽ എച്ച്. ഐ. വി. 2 കാണുന്നു. എച്ച് ഐ. വികാംക്ക് നമ്മുടെ തലമുടി നാരിന്റെ ആയിരത്തിലൊന്നു ഘനം മാത്രമേ ഉള്ളൂ. ഇവയുടെ ആകൃതി എന്താണ്? ഒരു വിരിഞ്ഞ സൂര്യകാന്തിപ്പൂപോലെയോ മുള്ളൻപന്നി ഗോളാകൃതിയിൽ ആകുമ്പോഴും ഉള്ള ഒരു രൂപമോ ഒരു ചക്രത്തിനു ചുറ്റുമായി ഉരുണ്ട അഗ്രത്തോടുകൂടിയ കാലുകാം ഘടിപ്പിച്ചതുപോലെയോ ആണ്. ഇവയുടെ ശരീരത്തിന് മൂന്നു പ്രധാന ഭാഗങ്ങളാണ് ഉള്ളത്. 1. കൊഴുപ്പു കൊണ്ടുണ്ടാക്കിയ രണ്ടു പാളികളുള്ള പുറം ചട്ട. 2. ക്യാപ്സിഡ് എന്ന രണ്ടാം കവചം. 3. ഏറ്റവും ഉള്ളിലായി കോർ എന്ന ഭാഗം. വൈറസിന്റെ ജീനുകാം കോറിൽ സ്ഥിതി ചെയ്യുന്നു. ഈ ജീനുകാം ഒരു തരം ന്യൂക്ലിക്കാസിഡ് (ആർ. എൻ. എ.) കൊണ്ട് ഉണ്ടാക്കിയിരിക്കുന്നു. മനുഷ്യ ജീനുകാം മറ്റൊരു തരം ന്യൂക്ലിക്കാസിഡ് (ഡി. എൻ. എ.) കൊണ്ടാണ് ഉണ്ടാക്കിയിരിക്കുന്നത്. ഈ വൈറസുകാംക്ക് തങ്ങളുടെ ആർ.എൻ.എ.യെ മറ്റൊന്നായ ഡി.എൻ.എ. ആക്കുവാൻ സാധിക്കുന്നതുകൊണ്ട് മനുഷ്യജീനുമായി ചേരുവാനും നമ്മുടെ കോശങ്ങളുടെ വിഭജനത്തോടൊപ്പം അവക്ക് വിഭജിക്കുവാനും സാധിക്കുന്നു.

മനുഷ്യശരീരത്തിലെ വിവിധ ഇനത്തിൽപ്പെടുന്ന കോടിക്കണക്കിനു കോശങ്ങളിൽ നാലിനം കോശങ്ങളിൽ മാത്രമേ എച്ച്. ഐ. വികാംക്ക് പ്രവേശിക്കുവാൻ സാധിക്കുകയുള്ളൂ. രോഗ പ്രതിരോധശക്തി പ്രദാനം ചെയ്യുന്ന ഈ നാലിനം കോശങ്ങാം തങ്ങളിലെ ഡി.ഡി -4 ആന്റിജൻറി സപ്രേഴ്സിന്റെ സഹായത്തോടെ എച്ച്. ഐ.വി. കളെ പിടിച്ചെടുക്കുന്നത് അവയെ നശിപ്പിക്കുവാൻ വേണ്ടിയാണ്.

ഇതിൽ ആദ്യത്തെ മൂന്നിനവും രക്തത്തിൽ കാണുന്നു. നാലാമത്തെ ഇനം മൂന്നാമത്തേതിൽ നിന്ന് ഉത്ഭവിക്കുന്നതും ശരീരത്തിൽ തൊലിയിലും അതിന്റെ അടിപ്പാളിയിലും കരളിലും പ്ലീഹയിലും ലിംഫ് നോഡുകളിലും മജ്ജയിലും പതപ്പിലും കാണുന്നു. ഇവ മാസങ്ങളോ വർഷങ്ങളോ ജീവിക്കും.

## എയ്ഡ്സ് എങ്ങനെ പകരുന്നു?

പ്രായമോ സാമ്പത്തികസ്ഥിതിയോ സ്ത്രീപുരുഷ വ്യത്യാസമോ ഈ രോഗത്തിനു മറയല്ല. ഇവ വായുവിൽക്കൂടി പകരുകയില്ല. മൂട്ടയും കൊതുകും പരത്തുകയില്ല. എയ്ഡ്സ് രോഗികളുടെ കൂടെ ഇരുന്നാലോ അവർ ഉപയോഗിക്കുന്ന കപ്പുകളും പ്ലേറ്റുകളും മറ്റു സാധനങ്ങളും ഉപയോഗിച്ചാലോ പകരുവാനുള്ള സാധ്യതയില്ല എന്ന് തന്നെ പറയാം. എന്നാൽ താഴെപ്പറയുന്ന മാർഗങ്ങളിലൂടെ ഇത് പകരുന്നു.

1. എച്ച്. ഐ. വി. ബാധിച്ചിട്ടുള്ള വ്യക്തികളുമായി ഉറ ഉപയോഗിക്കാതെയുള്ള ലൈംഗിക വേഴ്ച കാരണം.

2. രോഗാണു വിമുക്തി വരുത്താത്തും എച്ച്. ഐ. വി. ഉള്ളതുമായ സിറിഞ്ച് നീഡിൽ എന്നിവ ഉപയോഗിക്കുന്നതുമുഖാന്തരം.

3. എച്ച്. ഐ. വി. ഉള്ള അമ്മമാരിൽ നിന്നും ഗർഭസ്ഥ ശിശുവിലേക്കും മുല കുടിക്കുന്ന കുഞ്ഞുങ്ങളിലേക്കുമുള്ള പകർച്ച.

4. എച്ച്. ഐ. വി. ഉള്ള രക്തം സ്വീകരിക്കുന്നതു വഴി.

എച്ച്. ഐ. വി. ബാധിച്ചിട്ടുള്ളവരുടെ ശുക്ലത്തിലൂടെയും യോനീനാളത്തിലെയും അതിന്റെ ഗളത്തിലേയും സ്രവത്തിലൂടെയും രക്തത്തിലൂടെയും പകരുമെന്ന് ഇതിനകം വ്യക്തമായിട്ടുണ്ട്.

1994 നവംബറിലെ കണക്കനുസരിച്ച് ഇന്ത്യയിലെ 905 എയ്ഡ്സ് രോഗികളിൽ 675 ആളുകാംക്ക് ലൈംഗികവേഴ്ചയിലൂടെയാണ് ഈ രോഗം പകർന്നത്. മുംബൈയിലെ ചുവന്ന തെരുവിൽ നടത്തിയ രക്തപരിശോധനയിൽ 47 ശതമാനത്തിന് എച്ച്. ഐ. വി. ബാധിച്ചിട്ടു

ണ്ടെന്ന് കണ്ടെത്തി. സ്ത്രീകൾ ഈ രോഗത്തിന് കൂടുതലായി അടിമപ്പെട്ടുകൊണ്ടിരിക്കുകയാണ്. പുരുഷമേധാവിത്വവും സ്ത്രീകളുടെ ഉൽപാദനേന്ദ്രിയങ്ങളുടെ ഘടനയും ഈ രോഗം പകരുവാൻ കാരണങ്ങളാണ്. എയ്ഡ്സ് രോഗബാധയുള്ള ഒരു സ്ത്രീയിൽ നിന്നും ഒരു പുരുഷന് ലൈംഗികവേഴ്ചയിലൂടെ ഉണ്ടാകാനുള്ള സാധ്യതയേക്കാൾ 2-4 ഇരട്ടി സാധ്യതയാണ് മറിച്ച് രോഗബാധയുള്ള ഒരു പുരുഷനിൽ നിന്നും സ്ത്രീക്കു രോഗബാധ ഉണ്ടാകാനുള്ളത്. സാധാരണ കുടുംബജീവിതം നയിക്കുന്നവരിൽ നല്ല ഒരു പങ്കിന് രോഗബാധ ഉണ്ടായിട്ടുണ്ട് എന്ന് സർവ്വെ വ്യക്തമാക്കുന്നു. ഒന്നിലധികം ആൾക്കാരുമായുള്ള ലൈംഗികവേഴ്ച്ചയാണ് ഇപ്രകാരമൊരു സ്ഥിതി ഉണ്ടാക്കുന്നത്. ഭാര്യാഭർത്താക്കന്മാരിൽ ആരെങ്കിലും രോഗാണു ബാധിച്ചിട്ടുള്ള മറ്റു വ്യക്തികളുമായി ലൈംഗികവേഴ്ച നടത്തിയാൽ കുടുംബത്തിലെ രണ്ടു പേർക്കും ഇതു പകരുവാൻ ഇടയാകുന്നു. പലപ്പോഴും ദാരിദ്ര്യദുഃഖമാണ് സ്ത്രീകളെ ഈ അപഥസഞ്ചാരത്തിന് ഇടയാക്കുന്നത്. കൂടാതെ മേലുദ്യോഗസ്ഥന്മാരുടെ ഇംഗിതത്തിനു വഴങ്ങേണ്ടി വരുന്നതും ഇതു പകരുവാൻ കാരണമായിട്ടുണ്ട്. ഭർത്താക്കന്മാരുടെ ജോലിയിലോ ബിസിനസിലോ ഉയർച്ച ഉണ്ടാകുവാൻ ഭാര്യമാരെ ഈ വഴിക്കു വിടുന്ന ഭർത്താക്കന്മാരും ഈ വൈറസിന്റെ പിടിയിൽ അമരുകയാണ്. ഈ സാഹചര്യങ്ങളെല്ലാം തന്നെ എയ്ഡ്സ് രോഗം സ്ത്രീകളിൽ കൂടുതലായി പകരുവാൻ കാരണമാവുന്നു.

ഗുഹ്യരോഗങ്ങളായ സിഫിലിസ്, ഗൊണേറിയ, ഹേർപിസ്, ക്ലാമൈഡിയാ എന്നീ അസുഖങ്ങൾ ഉള്ളവർക്ക് എയ്ഡ്സ് പകരുവാനുള്ള സാധ്യത മറ്റുള്ളവരെ അപേക്ഷിച്ച് വളരെ കൂടുതലാണ്. എയ്ഡ്സും ഗുഹ്യരോഗങ്ങളുടെ കൂട്ടത്തിൽപെടുത്താവുന്ന ഒന്നായിട്ട് മാറുകയാണ്.

ബാർബർ ഷോപ്പ് വഴി ഈ രോഗം പകരുവാൻ സാധ്യതയുണ്ടെങ്കിലും അങ്ങനെ സംഭവിക്കുന്നത് .വളരെ വിരളമായിട്ടാണ്. കാരണം ഒരു മുറിവിൽ നിന്നും കത്രികയിലോ ബ്ലേയ്ഡിലോ പറ്റുന്ന രക്തത്തിൽ എച്ച്. ഐ. വി ഉണ്ടെങ്കിൽ തന്നെ വായുവിൽ ഇതു വളരെ സമയം ജീവിക്കില്ല. ഈ രക്തം പുരണ്ട ഉപകരണങ്ങൾകൊണ്ട് തന്നെ പെട്ടെന്നൊരു മുറിവ് മറ്റൊരാളിൽ ഉണ്ടാകുവാനും അതുവരെ ഈ വൈറസു ജീവിച്ചിരിക്കുവാനുമുള്ള സാധ്യത കുറവാണെന്നുമാത്രം.

കേരളത്തിൽ എയ്ഡ്സ് രോഗം പരത്തുന്നതിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നു വരുന്ന ട്രക്ക് ഡ്രൈവർമാർ ഒരു നല്ല പങ്കു വഹിക്കുന്നുണ്ട്. ഇവിടെയുള്ളവരുമായി അവർക്കുള്ള ലൈംഗികവേഴ്ചയാണിതിന് കാരണം. ബോധവത്ക്കരണത്തിലൂടെ മാത്രമേ ഇതിൽ നിന്ന് രക്ഷ നേടാൻ സാധിക്കുകയുള്ളൂ. തായ്‌ലണ്ടിൽ നിന്നുമുള്ള സർവ്വേയിൽ, ഉറ ഉപയോഗിച്ചുള്ള വേഴ്ച്ചക്ക് ലൈംഗികവേഴ്ച്ച ജോലിയായി സ്വീകരിച്ചിരിക്കുന്ന സമൂഹത്തെ ബോധവൽക്കരിച്ചപ്പോൾ എച്ച്. ഐ. വി. ബാധയുടെ ശതമാനം വളരെ കുറഞ്ഞു. മുംബൈയിലെ ചുവന്ന തെരുവിലും ഇപ്രകാരം ബോധവൽക്കരണം നടത്തിയെങ്കിലും ഇതിന്റെ പേരിൽ അവസരം നഷ്ടപ്പെടുത്തുവാൻ അവർ തയ്യാറല്ല എന്ന് വ്യക്തമാക്കപ്പെട്ടു. എച്ച്. ഐ. വി. ബാധിച്ചിട്ടുള്ളവരിൽ ഒരു നല്ല ശതമാനം 15നും 24നും ഇടക്ക് പ്രായമുള്ളവരായതിനാൽ വിദ്യാർത്ഥി സമൂഹത്തെ ബോധവൽക്കരിക്കേണ്ടത് അത്യന്താപേക്ഷിതമായിരിക്കുന്നു.

എച്ച്. ഐ. വി. ശരീരത്തിൽ കടന്നാൽ 2 -12 ആഴ്ചകളുള്ളിൽ ശരീരത്തിലെ ബി.ലിംഫോസൈററുകൾ ആൻറിബോഡികൾ ഉല്പാദിപ്പിക്കും. ഈ ആൻറിബോഡികൾ ദുർബലമായതിനാൽ വൈറസുകളെ പെട്ടെന്ന് നശിപ്പിക്കുവാൻസാധിക്കുകയില്ല. ഈ ശ്രമത്തിനിടയിൽ വൈറസ് ജീനുകൾ മുമ്പ് പ്രസ്താവിച്ചനാലിനം കോശങ്ങളിൽ ചിലതിന്റെ ജീനുമായി ചേർന്ന് കഴിയും. അതുകൊണ്ട് പിന്നീട് ഈ വൈറസുകളെ നശിപ്പിക്കണമെങ്കിൽ ഈ കോശങ്ങൾ മുഴു

**വൈദ്യശാസ്ത്രം ഇന്നും എയ്ഡ്സിനു മുമ്പിൽ നിസ്സഹായാവസ്ഥയിലാണ്. അതിനാൽ ജീവിതരീതി ക്രമപ്പെടുത്തുകയും മുൻകരുതലുകളിൽ പാളിച്ച വരുത്താതിരിക്കുകയുമാണ് ഈ വിപത്തിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗം.**

വന്നും നശിപ്പിക്കേണ്ടി വരും. അതുകൊണ്ട് തന്നെയാണ് ഈ രോഗത്തിന് പ്രതിവിധി കണ്ടുപിടിക്കുവാൻ പ്രയാസമായിരിക്കുന്നത്.

**ലക്ഷണങ്ങൾ**

എച്ച്. ഐ. വി. ശരീരത്തിൽ പ്രവേശിച്ചാൽ ഉടൻ രോഗലക്ഷണങ്ങൾ പ്രകടമാകാറില്ല. 6 മാസം മുതൽ 10 വർഷം വരെ രോഗലക്ഷണങ്ങൾ പ്രകടമാകാതിരിക്കാം. രോഗാണു ബാധിച്ച ആളിന്റെ ആരോഗ്യവും ഭക്ഷണരീതിയും വൈറസിന്റെ എണ്ണവും എല്ലാം ഈ രോഗ ലക്ഷണങ്ങൾ പ്രകടമാകുന്ന കാലപരിധിക്കും വ്യതിയാനം വരുത്തുന്നു. രോഗലക്ഷണം പ്രകടമായില്ല എന്നതുകൊണ്ട് വൈറസ് ഇല്ല എന്നു കരുതരുത്. വൈറസ് ബാധിച്ചു കഴിഞ്ഞാൽ അന്നു മുതൽ പ്രസ്തുത വ്യക്തി രോഗം പരത്തുന്ന ഒരാളാണ്. എച്ച്. ഐ. വി. ബാധിച്ചിട്ടുള്ളവർ പിന്നീട് രോഗത്തിന് വിധേയരാകുന്നു.

രോഗാണുക്കളുടെ എണ്ണം പെരുകുന്നതോടുകൂടി മുമ്പ് പ്രസ്താവിച്ച ഇനം കോശങ്ങൾക്കൊണ്ടുള്ള പ്രതിരോധനിര തകർക്കപ്പെടുകയും പ്രതിരോധശക്തി ഇല്ലാതാകുകയും ചെയ്യുന്നു. ഈ അവസരത്തിൽ ന്യൂമോണിയ, ക്ഷയം, ഹെർപിസ്, തൊലിപ്പുറത്തുള്ള അസുഖങ്ങൾ എന്നീ രോഗങ്ങൾക്കും എയ്ഡ്സ് ബാധിച്ചവർ വിധേയരാവുന്നു. ഇതോടുകൂടി പല രോഗങ്ങളുടെയും ലക്ഷണങ്ങൾ പ്രകടമായിത്തുടങ്ങും. ക്ഷീണം, ഭാരക്കുറവ്, രാത്രിയിലെ വിയർപ്പ്, ഒരു മാസത്തോളം നീണ്ടു നിൽക്കുന്ന പനി, ഒരു മാസത്തോളം നീണ്ട നിൽക്കുന്ന വയറിളക്കം, ഏതാണ്ട് മൂന്നു മാസം നീണ്ടു നിൽക്കുന്ന കഴുത്തിലും കക്ഷത്തിലും കാണുന്നതും വേദനയില്ലാത്തതുമായ വീർത്ത ലിംഫാറ്റിക് ഗ്രന്ഥികൾ, ഒരു മാസത്തോളം നീണ്ടു നിൽക്കുന്ന ചുമ എന്നിവയാണ്.

എച്ച്. ഐ. വികൾ വളരെ ദുർബല വൈറസുകളായിതിനാലാണ് രോഗാണുബാധ ഈ രീതിയിലെങ്കിലും പിടിച്ചു നിൽക്കുന്നത്. 1:9 എന്ന അനുപാതത്തിൽ ക്ലോറിനും വെള്ളവും ചേർത്തുണ്ടാക്കുന്ന ലായനിയിൽ 30 മിനിട്ട് ഇട്ടിരുന്നാൽ എച്ച്. ഐ. വി. ബാധിച്ചിട്ടുണ്ട് എന്നു കരുതുന്ന ഏത് ഉപകരണവും രോഗാണു വിമുക്തമാക്കാം. 20 മിനുട്ടു നേരം തിളക്കുന്ന വെള്ളത്തിൽ ഇട്ടാലും രോഗാണുക്കൾ പൂർണ്ണമായും നശിക്കുന്നതാണ്.

രോഗനിർണയത്തിന് മൂന്നു തരത്തിലുള്ള ടെസ്റ്റുകൾ ഇന്നു നിലവിലുണ്ട്. 1 സ്പോട്ട് ടെസ്റ്റ് 2 എലിസ്സാ ടെസ്റ്റ് 3 വെസ്റ്റേൺ ബ്ലോട്ട്. ഇതിൽ ഒന്നും രണ്ടും മിക്ക ആസ്പത്രികളിലും നടത്താറുണ്ട്. ഒന്നാമത്തേത് വളരെ ലളിതമാണ്. ഇതിൽ പോസ്റ്റീവ് ആണെങ്കിൽ പോലും സ്ഥിതീകരിക്കണമെങ്കിൽ രണ്ടാമത്തേതോ മൂന്നാമത്തേതോ ചെയ്യണം. മറ്റു ചില അസുഖങ്ങൾ കാരണവും സ്പോട്ട് ടെസ്റ്റ് പോസ്റ്റീവ് ആകുന്നതുകൊണ്ടാണ് മറ്റു ടെസ്റ്റുകൾ ചെയ്യേണ്ടി വരുന്നത്. ഈ അസുഖത്തെപ്പറ്റി ഇനിയും പലതും വ്യക്തമായിട്ടില്ല.

രോഗാണുബാധ തടയുവാനുള്ള ഏക മാർഗ്ഗം ബോധവൽക്കരണമായിരിക്കുന്നതുകൊണ്ട് ഗവൺമെന്റും മാസ് മീഡിയകളും സന്നദ്ധസംഘടനകളും ഇതിനുവേണ്ടി യത്നിക്കുകയും നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റു സ്ഥാപനങ്ങളിലും ബോധവൽക്കരണക്ലാസുകൾ നടത്തുകയും ചെയ്യേണ്ടതാണ്. ഇതിന് വീഴ്ച വരുത്തുകയോ താമസം വരുത്തുകയോ ചെയ്താൽ പിന്നീട് നാം ദുഃഖിക്കേണ്ടി വരും.

**വിവിധ മാർഗ്ഗങ്ങളിലൂടെ എച്ച്. ഐ. വി. പകരുന്നതിന്റെ ശതമാനം ഇപ്രകാരമാണ്.**

| പകരുന്ന രീതി | ഒരു പ്രാവശ്യത്തെ സംസർഗം കൊണ്ട് പകരുവാനുള്ള സാധ്യതശതമാനത്തിൽ | രോഗം പകരുന്ന ശതമാനം |
|---|---|---|
| സ്ത്രീ പുരുഷ ലൈംഗിക വേഴ്ച, മറ്റു ലൈംഗിക വേഴ്ചകൾ | 0.1-1 | 80- 90 |
| പൊതുവായ നീഡിലും സിറിഞ്ചും ഉപയോഗിക്കുന്നതുവഴി | 0.5- 1 | 5-10 |
| രക്തം സ്വീകരിക്കുന്നതു വഴി | 90 | 3-5 |
| രോഗമുള്ള അമ്മയിൽ നിന്നും | 10-45 | 0.1 |

കഥ
ടി. ബി. ശ്യാംബാബു
ഒന്നാം വർഷ പ്രീഡിഗ്രി

# ഞാൻ തനിയെ തന്നെ .......

പുറമേ മഴ പെയ്തു തുടങ്ങി. ജനലഴികൾക്കിടയിലൂടെ അരിച്ചിറങ്ങിയ കാറ്റിന് എവിടെയോ നഷ്ടപ്പെട്ടു പോയ കുറച്ചു മോഹങ്ങളുടെ കഥ പറയാനുണ്ട്. വഴിയിൽ ഉപേക്ഷിച്ച് പോന്ന നൊമ്പരത്തിന്റെ ബാക്കിപത്രമായി അലമാരയിൽ അവശേഷിക്കുന്നത് കുറെ വളപ്പൊട്ടുകളും എന്നെങ്കിലും വിരിയുമെന്ന് പ്രതീക്ഷിച്ച് മാനം കാണിക്കാതെ സൂക്ഷിച്ചു വെച്ച മയിൽപ്പീലിയും. ഓരോ വളപ്പൊട്ടിനും പറയാനുണ്ടാവും ഓരോ ഇഷ്ടംനോക്കലിന്റെ കഥ , വേണ്ട ഒന്നും ഓർക്കാതിരിക്കുന്നതാണ് നല്ലത്. മറവിയുടെ ഭൂതകാലത്തിലേക്ക് അതെല്ലാം ഒതുക്കിവെച്ചതാണ്. പക്ഷേ ഈ മഴ, ഈ രാത്രി, എന്നെ നിസ്സഹായനാക്കുന്നു. കണ്ടു മറന്ന ഭാവങ്ങളിൽ വീണ്ടും കാൽപാദത്തിന്റെ തുടിപ്പ് - പുറമേ മഴക്ക് ശക്തി കൂടി വരികയാണ്.

മഴയെ സ്നേഹിച്ച

എന്റെ പ്രിയപ്പെട്ട കുട്ടീ, ഇപ്പോൾ നീ എന്തെടുക്കുവായിരിക്കും. ഓരോ രാത്രിയിലെയും മഴക്ക് ശേഷവും നിനക്ക് പറയാൻ ഒരുപാട് വിശേഷമുണ്ടാവും .ഒരു പക്ഷേ എന്നെക്കാൾ ഉപരി മഴയെയായിരുന്നു നീ സ്നേഹിച്ചിരുന്നത്.

നീ ഓർക്കുന്നോ? മഴ പെയ്ത ആ സായാഹ്നം. പൊട്ടിപ്പൊളിഞ്ഞ അമ്പലത്തിന്റെ ഊട്ടുപുരയിൽ നമ്മൾ രണ്ടു പേരും പിന്നെ ഒന്നും കാണാതെ ഒന്നും കേൾക്കാതെ മനസ്സിൽ മൗനം സന്നിവേശിപ്പിച്ചിരിക്കുന്ന ഈശ്വരനും ................ എന്താണ് അന്ന് നമ്മൾ പറഞ്ഞത്?

ഞാൻ ഓർക്കുന്നു. ദൈവത്തിന്റെ - വികൃതികളെപ്പറ്റി , സമൂഹത്തിന്റെ സദാചാരത്തെപ്പറ്റി, നിന്റെ വിടർന്ന കണ്ണുകളെപ്പറ്റി. പൊടുന്നനെ പെയ്ത മഴയിലേക്ക് നീ എന്നെയും വലിച്ചുകൊണ്ടോടി. അതേ ആ സന്ധ്യ മുഴുവനും നമ്മൾ മഴ നനഞ്ഞു. പിന്നെ മഴ തോർന്നപ്പോ ൾ നീ ഏന്തി ഏന്തി കരയാൻ തുടങ്ങി. ഞാൻ എന്ത് ചോദിച്ചിട്ടും മറുപടി പറഞ്ഞില്ല . പിന്നെ നാം തമ്മിൽ കണ്ടില്ലല്ലോ.

ഇന്ന് അവന്റെ എഴുത്ത് വന്നു . വയസ്സ് ഏറെയായിട്ടും ,എന്റെ ബ്രഹ്മചര്യാവ്രതം നീളുന്നതിൽ അവനുള്ള ഉത്കണ്ഠ ചെറുതൊന്നുമല്ല.ഓ ഞാൻ പരിചയപ്പെടുത്താൻ മറന്നു, എനിക്ക് അവനെ കൂട്ട് കിട്ടിയത് ഏതോ ദേവാലയത്തിൽ വച്ചാണ്. എന്നെപ്പോലെ അലയുകയായിരുന്നത്രേ. പക്ഷേ യാത്രയ്ക്കിടയിൽ അവൻ ഏതോ സന്ന്യാസിനിയെ വിവാഹം കഴിച്ചു. ഇപ്പോൾ ഉത്കണ്ഠ മുഴുവനും എന്നിലാണ്. ഒരു പക്ഷേ അത്രയേറെ എന്നെ ഇഷ്ടപ്പെടുന്നുണ്ടാവും. അവ ഞാൻ എന്ത് കുറിക്കും. ?

എനിക്ക് സ്വന്തമായി ഒരു കൊച്ചു മനസ്സേ ഉള്ളു എന്നോ? അതേ, അത് ഒരു മഴയെ പണ്ടേതോ കല്യാണം കഴിച്ചെന്ന്, പെയ്ത് തീർന്ന മഴ മുഴുവനും എന്റെ കാമുകിമാരാണെന്ന് . അവളുടെ പേര് രാഗി എന്നായിരുന്നു.

ഇല്ല സുഹൃത്തേ ഇനിയും നിനക്കറിയാത്ത ഒരുപാട് നൊമ്പരങ്ങൾ എനിക്കുണ്ട്. ഒരു പക്ഷേ ഞാനതൊക്കെ പറഞ്ഞു തീർത്താൽ ഞാൻ ഇല്ലാതെയാവും. എന്നാലും ഞാൻ ചുരുക്കി വിവരിക്കാം.

പ്രണയം തകരാതിരിക്കാൻ ഞങ്ങൾ ലോ കോളേജിൽ ചേർന്നു. പഠനം കഴിഞ്ഞപ്പോൾ അച്ഛന്റെ മരണം മൂലം കമ്പനി ഞാൻ ഏറ്റെടുക്കേണ്ടി വന്നു. അങ്ങനെ കമ്പനി ആവശ്യങ്ങൾക്കായി പല സ്ഥലങ്ങളിലും പോവേണ്ടി വന്നു. അങ്ങനെയാണ് ഞങ്ങൾ തമ്മിൽ അല്പാല്പം അകന്ന് നിൽക്കാൻ തുടങ്ങിയത്. ഒരിക്കൽ ഞാൻ ഡൽഹിയിൽ പോയി. ഒന്നരമാസത്തിലധികം എനിക്ക് അവിടെ തങ്ങേണ്ടി വന്നു. അപ്പോൾ ആയിരുന്നു രാഗിയിൽ നിന്നും എനി



ക്ക് എഴുത്ത് കിട്ടാതിരുന്നതും; ഞാൻ മറുപടി അയക്കാരുന്നതും. ഡൽഹിയിൽ നിന്ന് തിരിച്ച് വന്നപ്പോൾ നേരേ പോയി രാഗിയെ കാണണം എന്നാണ് വിചാരിച്ചത്. പക്ഷേ അതിനും പറ്റിയില്ല. കമ്പനി ഓഫിസിൽ ഞാൻ ആദ്യം ചെന്നപ്പോൾ അവിടെ ഒരു ക്ഷണക്കത്ത് ഒരാഴ്ച മുമ്പ് വന്നിരുന്നു എന്ന് പറഞ്ഞ് അസിസ്റ്റന്റ് അത് തന്നു. അത് ഞാൻ തുറന്നു. അതിനു മുകളിൽ ഇങ്ങനെ ഒരു കുറിപ്പുണ്ടായിരുന്നു.

വിധി നമ്മെ അനുവദിക്കില്ല. അമ്മയോട് ഞാൻ പല തവണ പറഞ്ഞു, പക്ഷേ സമ്മതിച്ചില്ല. സ്വജാതിയിൽ നിന്നും കല്യാണം കഴിക്കണം എന്ന വാശിയിലാണ് അമ്മ. ഞാൻ ഇറങ്ങി വരാൻ ശ്രമിച്ചു. അപ്പോൾ അമ്മ പറഞ്ഞു നീ അവന്റെ കൂടെ പോയാൽ ഞാൻ മരിക്കും; അച്ഛനില്ലാതിരുന്നിട്ടും നിന്നെ വളർത്തിയ അമ്മയെക്കാളും വലുത് അവനാണെങ്കിൽ നീ പോ - ഈ വാക്കുകൾക്ക് മുമ്പിൽ എന്റെ ജീവിതം ഞാൻ അർപ്പിക്കുകയാണ്. എന്റെ ശരീരം മാത്രമേ ഞാൻ മറ്റൊരാൾക്ക് നൽകുന്നുള്ളൂ. മന

സുഹൃത്തേ ശുദ്ധ പാവമായിരുന്നു മഴയെ സ്നേഹിച്ച എന്റെ കുട്ടി. അവളുടെ ദേഹമേ നഷ്ടമായുള്ളൂ. മനസ് എന്റെ കൂടെ ഉണ്ട്. ഞങ്ങൾ പഠിച്ച ഗർഭത്തിലെ കീർത്തി കീഴടക്കിയ യു.സി. കോളേജിലെ സി.സി.ബി. ബി. സി.സിയിലും, ലോ കോളേജിലെ കാമ്പസിലും പാർക്കിലും ഐസ്ക്രീം ബാറിലും എന്റെ മഴയെ സ്നേഹിച്ച കുട്ടിയുടെ നാണമുണ്ട്. ചൂടുണ്ട്, മഴയുടെ കുളിരുണ്ട്, നനഞ്ഞ മുടിയുടെ ഗന്ധമുണ്ട്.......

പുറമേ മഴ പെയ്തു തോർന്നു. ഇല്ല. ഇത് നിനക്ക് പോസ്റ്റ് ചെയ്യില്ല. ഇനിയും തോരാത്ത മഴ ബാക്കിയുണ്ടല്ലോ, എന്നും എഴുതി കീറി കളയാറുള്ള കൂട്ടത്തിൽ ഇതും. എന്നാലും . ഇല്ല ...

കവിത

എ. എസ്. ഫാരിദ്ദീൻ
മൂന്നാംവർഷ ഇംഗ്ലീഷ് ബിരുദം

# ബോംബു കാല ചിന്തകൾ

ബോംബുകൾ പൊട്ടുന്നു
ക്ലാസ് മുറിയിൽ, കവിതയിൽ
കാമിനിയുടെ കൺകളിൽ
കാമുക സ്വപ്നത്തിൽ
തീവണ്ടി മുറികളിൽ
തീരാവ്യഥകളിൽ
കാലങ്ങളറിയാത്ത
യാത്രയിൽ, ഓർമ്മയിൽ
വരുന്നോരെഴുത്തുകളിൽ
തരുന്നോരുറപ്പുകളിൽ
കടമേറിമുടിയുന്ന
നിസ്വന്റെ ജീവനിൽ
ഗുരുവിന്റെ കണ്ണടയിൽ
ഗുരു നൽകും പാഠത്തിൽ
ഗുരു ചുമന്നെത്തുന്ന
പുസ്തക സഞ്ചിയിൽ
മൈതാന മധ്യത്തിൽ
വായന ശാലയിൽ.



ഒരു പ്രേമലേഖനം
ബോംബായ് ചിതറുന്നു
ഒരു വാക്കുപോലും
തെളിയാതെ കരിയുന്നു
ഒരു ഹൃദയമങ്ങനെ
പാഴിലായ് പോകുന്നു.
ഒരു സ്വപ്നമപ്പോഴും
ഉയിർക്കുവാൻ വെമ്പുന്നു

ഇനി ജീവിതാടകം
ആർക്കായുണരുന്നു?
അണുബോംബുകൾ പോലെ
ബന്ധങ്ങൾ പൊട്ടുമ്പോൾ -
എന്തു വിസ്ഫോടനം
മനസ്സിലും മൊഴിയിലും

ഒരു പ്രിയ സൗഹൃദം
ഒരു വെറും വാക്കിനാൽ
പൊടി പോലുമില്ലാതെ
പൊട്ടിത്തകരുന്നു
ഉപരോധമെത്തുന്നു
വാഴ്‌വിൽ വിലക്കമായ്
ഇനിയെന്തിനിപ്പുങ്ങദാം
സ്നേഹസമൃദ്ധികം
കൊടിയ ദുഃഖത്തിലെ -
യാശ്വാസ വാക്കുകം .

പേനയെടുക്കുമ്പോാം
ഉള്ളിലൊരു ഭയം
ബോംബായ് വർഷിക്കുമോ
വാക്കും വരകളും -

ഏതോ പുരാതനൻ
ദൂരവനങ്ങളിൽ
കാലങ്ങദാം മായ്ക്കാത്ത ചിരിയുമായ് നിൽക്കുന്നു
നമ്മാം വിജ്ഞാനികം
ബോംബേ രക്ഷിക്കണേ
എന്നിതാ പ്രാർത്ഥിച്ചു
കൈകൂപ്പി നിൽക്കുന്നു


**WITH BEST COMPLIMENTS FROM:**

**GTN TEXTILES LIMITED**

**(An ISO 9002 Certified Company)**
**Aluva, Hyderabad & Nagpur Units**

A Government Recognised Export House & Winners of

**HIGHEST TEXPROCIL AWARDS**
**For**
**OUTSTANDING EXPORT ACHIEVEMENTS**

Manufacturers of best quality fine and superfine Cotton Yarns for both
Knitting as ell as gassed yarns

Factory: P.B.No. 101, Aluva-683 101, Kerala State - Phone:0484 623715 (5 Lines)
Fax 0484 625604

Export Office : 3rd Floor, Palal Towers, M.G. Road, Ernakulam, Kochi - 682 016,
Kerala State, Phone : 0484 366493/371822, Telex:0885 6262 GTNT IN,
0885-6647 GTNX IN - FAX:0484 370812/371007

*Best Compliments from:*

Icy

Ice Cream Parlour
U.C. College,
Aluva

# അഭിനയ പരിശീലനത്തിന് ഒരു സമീപന രേഖ

**(നാടകപ്രവർത്തകനായ ശ്രീ പ്രശാന്ത് വെള്ളായണിയുമായുള്ള അഭിമുഖത്തിൽ മാഗസിൻ കമ്മറ്റി തയ്യാറാക്കിയത്)**

അഭിനയമേന്മ വിലയിരുത്താൻ ഒരു അളവുകോലില്ല എന്ന മിഥ്യാധാരണ കുറെ നാളായി ഇവിടെ വേരു പിടിച്ചു വരികയാണ്. അതായത് നല്ല അഭിനയവും ചീത്ത അഭിനയവും വേർതിരിച്ചറിയാൻ വ്യക്തമായ വഴികൾ ഇല്ലത്രേ. ശരിയാണോ? ഈ മിഥ്യാവാദത്തിന്റെ പുകമറയിൽ ചില പുതിയ മാനദണ്ഡങ്ങൾ രംഗത്തെത്തുകയും ചെയ്യുന്നു. അതുവഴി ചിലപ്പോൾ നല്ല നർത്തകനോ നല്ല അഭ്യാസിയോ നടനായി വാഴ്ത്തപ്പെടുന്നു. അഭിനയം തൊട്ടുതെറിച്ചിട്ടില്ലാത്ത കോപ്രായങ്ങൾ നല്ല നാടകങ്ങളായി അവരോധിക്കപ്പെടുന്നു.

എന്നാൽ ഏറ്റവും കഷ്ടമായ അവസ്ഥ അതല്ല. ഇതിനെതിരെ ശബ്ദമുയർത്താൻ ബാദ്ധ്യസ്ഥരായവർക്ക്, പകരം ചൂണ്ടിക്കാണിക്കാനായി നല്ല ഉദാഹരണങ്ങൾ കുറവാണ് എന്നതാണ്. ചുരുക്കത്തിൽ അവർ പിൻതുടരുന്ന അഭിനയപരിശീലനത്തിലെ പോരായ്മകൾ അഭിനയത്തിന് അളവുകോലില്ല എന്ന മിഥ്യാധാരണക്ക് വളം വെച്ച് കൊടുക്കുന്നവയാണ്.

എന്താണീ പോരായ്മകൾ? എന്താണീ പോരായ്മകൾക്കു കാരണം? ശരിയായ ഉത്തരങ്ങൾ പലതാണ്. ആയിരം നാടക പ്രവർത്തകർക്ക് പതിനായിരം എന്ന തോതിലെങ്കിലും ശരിയായ ഉത്തരങ്ങളിലേക്ക് നയിക്കുന്ന തരത്തിൽ കുറെ ചോദ്യങ്ങളും ഉപചോദ്യങ്ങളും അവതരിപ്പിക്കുകയാണ് ഇവിടെ.

നാടകങ്ങൾ കുറവാണെങ്കിൽ തന്നെയും പരിശീലന ക്യാമ്പുകൾക്ക് ഇവിടെ ഒരു കുറവുമില്ലല്ലോ. എന്തൊക്കെ തരത്തിലുള്ള പരിശീലനങ്ങളാണ് അവർ അഭിനയത്തിന് നൽകിവരുന്നത്! എന്താണ് അവയുടെ അടിസ്ഥാനം?

**<u>അടിസ്ഥാനപരമായ പരിശീലനം</u>**

എന്താണീ അടിസ്ഥാനപരമായ അഭിനയപരിശീലനം കൊണ്ടുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കേണ്ടിയിരിക്കുന്നു. അഭിനയപരിശീലനം പ്രധാനമായും മൂന്ന് തരത്തിലുണ്ട്. 1) ഒരു നടന് നൽകുന്ന പൊതുവായതും പ്രാഥമികമായതുമായ അഭിനയപരിശീലനം. ഏതുവിധത്തിലുള്ള നാടകത്തിലും അഭിനയിക്കാൻ അയാൾക്കതുകൊണ്ട് കഴിയണം. 2) പ്രത്യേക തരം നാടകങ്ങൾ മാത്രം അവതരിപ്പിക്കുന്ന നാടക സംഘം അതിലെ നടൻമാർക്കു നൽകുന്ന പ്രത്യേകതരം പരിശീലനം. 3) ഒരു പ്രത്യേക നാടകത്തിനു

വേണ്ടി അവതരണത്തിന് (ചിലപ്പോൾ റിഹേഴ്സലുകൾക്കും) മുൻപായി നൽകുന്ന പ്രത്യേക പരിശീലനം.

ഒന്നാമത്തെ പൊതുവായ പരിശീലനത്തെയാണ് (അടിസ്ഥാനപരമായ) അഭിനയ പരിശീലനം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ഈ പരിശീലനത്തിനു ശേഷമേ രണ്ടാമത്തേതോ മൂന്നാമത്തെയോ പരിശീലനം നൽകാവൂ.

രണ്ടാമത്തെ തരത്തിലുള്ള പ്രത്യേകതരം നാടകങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേകതരം പരിശീലനത്തെ ആദ്യത്തെ പൊതുപരിശീലനമായി തെറ്റിദ്ധരിച്ച് അതിൽത്തന്നെ മുഴുകിയിരിക്കുന്ന നടൻമാരും പരിശീലകരും വിരളമല്ല. മറ്റൊരുതരത്തിലുള്ള നാടകത്തെ അഭിനേതാവ് എന്ന നിലയിലോ ആസ്വാദകൻ എന്ന നിലയിലോ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ മാത്രമേ തങ്ങളുടെ കിണർ വട്ടത്തിന് വെളിയിലുള്ള നാടകലോകത്തെപ്പറ്റി അവർക്ക് ചിന്തിക്കേണ്ടി വരുന്നുള്ളൂ. അപ്പോൾ അവർ ഒന്നുകിൽ അബദ്ധം മനസ്സിലാക്കി അടിസ്ഥാപരമായ പരിശീലനത്തിനു വേണ്ടി തിരിച്ചുപോകും. അല്ലെങ്കിൽ അവർ കണ്ടുമുട്ടിയ പുതിയതരം നാടകത്തെപ്പറ്റി വിശദമായി പഠിക്കാൻ തയ്യാറാവും. അതുമല്ലെങ്കിൽ താൻ പഠിച്ച തരമൊഴിച്ച് മറ്റെല്ലാതരം നാടകങ്ങളേയും തള്ളിപ്പറയും. കഷ്ടകാലത്തിന് മൂന്നാമത് പറഞ്ഞ തരത്തിലുള്ള പ്രതികരണമാണ് സർവ്വസാധാരണം.

## നാടകങ്ങളും നാടകങ്ങളും

നാടകം പലതരത്തിലോ? അതെ. എത്ര നാടകഗ്രന്ഥങ്ങളുണ്ടോ അത്രയും തരം നാടകങ്ങൾ ഉണ്ടെന്നു തന്നെ പറയാം. ഏറ്റവും ചുരുങ്ങിയ തോതിൽ എളുപ്പത്തിനായി വേണമെങ്കിൽ നാടകങ്ങളെ, രണ്ടു തരത്തിൽ വിഭജിക്കാം യഥാതഥവും ശൈലീകൃതവും. നാട്യശാസ്ത്ര ഭാഷയിൽ പറഞ്ഞാൽ 'ലോകധർമ്മിയും' 'നാട്യധർമ്മിയും.' നാടകചരിത്രം വിശദമായി പഠിച്ചാൽ ഇവ രണ്ടും നാടകത്തിൽ നിലനിന്നിരുന്ന ഇന്നും ജീവിച്ചിരിക്കുന്ന രണ്ടുശാഖകളാണെന്ന് മനസ്സിലാകും. അല്ലാതെ ഇതിലേതെങ്കിലുമൊന്ന് നാടകത്തിന്റെ അവസാനവാക്കല്ല.

സിനിമയും ടി.വി.യുമെല്ലാം നാടകത്തിന്റെ പുതിയ രൂപങ്ങളായാണ് ഞാൻ കാണുന്നത്. അവയുടെ സാങ്കേതിക സാദ്ധ്യതകൾകൊണ്ട് അവ പ്രത്യേക വ്യക്തിത്വമുള്ള മാദ്ധ്യമങ്ങളായി മാറിയിട്ടുണ്ടെങ്കിലും നടൻമാരെയും അഭിനയത്തെയും ഉപയോഗിക്കുന്നിടത്തോളം കാലം അവ നാടകത്തിന്റെ പരിണത രൂപങ്ങൾ മാത്രമാണ്. അടിസ്ഥാന പരിശീലനം നേടിയ നടന് പല തരത്തിലുള്ള നാടകങ്ങൾക്ക് വേണ്ടി എന്ന പോലെ ഈ മാദ്ധ്യമങ്ങൾക്ക് വേണ്ടിയും അവയുടെ പ്രത്യേകതകൾ കണക്കാക്കി തന്റെ അഭിനയ പാടവം മയപ്പെടുത്തി എടുക്കാവുന്നതാണ്.

## അടിസ്ഥാന സിദ്ധാന്തങ്ങൾ

ഭാരതത്തിൽ ആദ്യകാലങ്ങളിൽ നാട്യശാസ്ത്രത്തിലധിഷ്ഠിതമായ ഒരു അഭിനയ പരിശീലന പദ്ധതി നിലവിലുണ്ടായിരുന്നുവെന്ന് അനുമാനിക്കാം. അല്ലെങ്കിൽ അന്നു നിലവിലുണ്ടായിരുന്ന പരിശീലന പദ്ധതികൾക്കും അവതരണങ്ങൾക്കും യോജിച്ച വിധത്തിൽ ഭരതമുനി നാട്യശാസ്ത്രം തയ്യാറാക്കിയെന്നും കരുതാം. യൂറോപ്പിൽ അഭിനയം പഠിപ്പിക്കുന്ന സ്ഥാപനങ്ങളാരംഭിച്ചപ്പോൾ സ്റ്റാനിസ്ലാവ് സ്കിയുടെ പദ്ധതിയാണ് പിൻതുടർന്ന് വന്നത്. പിന്നീട് നമ്മളും അത് പിൻതുടർന്നു. ഇന്ത്യയിൽ ഇന്നറിയപ്പെടുന്ന പലനടൻമാരും സ്റ്റാനിസ്ലാവ്സ്കി പദ്ധതിയിൽ തുടക്കം കുറിച്ചവരാണ്. എന്നാൽ ഈ നൂറ്റാണ്ടിന്റെ ആദ്യകാലത്ത് പാശ്ചാത്യനാടകാചാര്യൻമാർ അതിൽ നിന്നും വഴിപിരിഞ്ഞു ചിന്തിക്കാൻ തുടങ്ങി. പുതിയ പുതിയ നാടകസങ്കല്പങ്ങളോടു കൂടി പുതിയ അഭിനയ രീതികളും പുതിയ പരിശീലന പദ്ധതികളും രൂപം കൊണ്ടു.

## നടന്റെ ഗുണങ്ങൾ

നടന് അത്യാവശ്യം വേണ്ട ഗുണഗണങ്ങളെപ്പറ്റി വിശദാംശങ്ങളിൽ അഭിപ്രായ വ്യത്യാസങ്ങൾ കാണുമെങ്കിലും എല്ലാവരും അംഗീകരിക്കുന്നതും അത്യാവശ്യമെന്ന് ചിലർക്കെങ്കിലും തോന്നുന്നതുമായ ചില ഗുണങ്ങളില്ലേ? മെയ്വഴക്കം, ശബ്ദവഴക്കം, മനോവഴക്കം, താളം (നൃത്തത്തിലെ താളം മാത്രമല്ല ഉദ്ദേശിക്കുന്നത്) റേഞ്ച് (വൈവിദ്ധ്യം) തുടങ്ങിയ ചില ഗുണങ്ങൾ? ഈ ഗുണങ്ങളുൾപ്പാദിപ്പിക്കാൻ പോന്നതാണോ താൻ സ്വീകരിക്കുന്ന പരിശീലന പദ്ധതി എന്നുറപ്പു വരുത്തേണ്ടത് ഒരു പരിശീലകന്റെ പ്രധാന കടമയാണ്. ഇതിലേത് ഗുണത്തിന് മുൻതൂക്കം നൽകണമെന്നത് പലപ്പോഴും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാക്കുന്ന കാര്യമാണ്.

## പരിശീലന പദ്ധതികൾ

ഇപ്പോൾ ആയോധന-കായിക കലകളിൽ നിന്നുള്ള അഭ്യാസമുറകൾ ലോകവ്യാപകമായി നാടകപരിശീലകർ ഉപയോഗിച്ചു വരുന്നുണ്ട്. കൂടാതെ, യോഗാഭ്യാസം

(ഭാരതീയവും ചീനവും) വിവിധ നൃത്തരൂപങ്ങൾ (ഭാരതീയവും പാശ്ചാത്യവും) എന്നിവയിൽ നിന്നും അഭ്യാസമുറകൾ സ്വീകരിച്ചു വരുന്നു. മുഖം മൂടികളുപയോഗിച്ചുള്ള പ്രത്യേക പരിശീലന പദ്ധതികളും കുട്ടികളെ ഉപയോഗിച്ചുള്ള രീതികളും നിലവിലുണ്ട്. മിക്ക പരിശീലകരും ഇവയിൽ നിന്ന് തങ്ങൾക്കാവശ്യമുള്ളത് സ്വാംശീകരിക്കുന്നു. എന്നാൽ ചില ആയോധനകലകളെയോ നൃത്ത രൂപങ്ങളെയോ മുടോടെ പിൻതുടരുന്നവരും കുറവല്ല.

ഈ പറഞ്ഞ വിദേശിയും സ്വദേശിയുമായ പരിശീലന മുറകളിൽ മിക്കവാറും എല്ലാം തന്നെ പലരിലും നല്ല ഫലങ്ങളും ഉളവാക്കിയിട്ടുണ്ട് എന്നാൽ ചിലരിലത് ഫലിക്കുന്നില്ല. എന്തുകൊണ്ട്? ഇതറിയണമെങ്കിൽ എന്തുകൊണ്ടാണവ പലരിലും നല്ലഫലമുളവാക്കിയത് എന്നറിയുകയാണ് വേണ്ടത്. പലതലത്തിൽ നിന്നെടുത്തിട്ടുള്ള ഈ പരിശീലനമുറകളിലെല്ലാം പൊതുവായ എന്തോ ചില ഘടകങ്ങൾ അഭിനയ പരിശീലനത്തിന് ഗുണം ചെയ്യുന്നു എന്നതാണ് സത്യം. ആ ഘടകങ്ങൾ കണ്ടെത്തി അവയിലൂന്നിക്കൊണ്ട് പ്രയോഗിച്ചാലെ ഈ പരിശീലന മുറകൾകൊണ്ട് ഫലം കിട്ടൂ. ചുരുക്കത്തിൽ കളരിവഴിയായിലും യോഗാസനം വഴിയായാലും നാടകനടനു വേണ്ടത് നാടകാഭിനയ പരിശീലനം തന്നെയാണ്. അതിനുയോജിച്ച അംശങ്ങൾ മറ്റു പരിശീലന പദ്ധതികളിൽ നിന്നും സ്വീകരിച്ച് നാടകത്തിനുതകുന്ന രീതിയിൽ മാറ്റിയെടുത്തേ പ്രയോഗിക്കാവൂ.

## സ്വാംശീകരണത്തിലെ പരിധികൾ

അടിസ്ഥാനപരമായ പരിശീലനത്തിനു വേണ്ടി അഭ്യാസമുറകൾ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ പരിശീലകൻ വളരെ ഇടുങ്ങിയ മനഃസ്ഥിതിക്കാരനായിരിക്കണം എന്നാണെന്റെ അഭിപ്രായം. വിശാല മനസ്കത എന്ന നല്ല സ്വഭാവം തൽക്കാലം മാറ്റിവെച്ചേ പറ്റൂ. ഈ ഇടുങ്ങിയ പരിധിക്കപ്പുറത്തേക്ക് പോകാതെ നോക്കേണ്ടത് പരിശീലകന്റെ മാത്രമല്ല നാടകലോകത്തിന്റെയും നന്മക്ക് ആവശ്യമാണ്.

നാടകപരിശീലനത്തിന്റെ ഭാഗമായി യോഗാഭ്യാസം ശീലിച്ച് ഒരു നല്ല സാദ്ധ്യതയുള്ള നടൻ മഹായോഗിയായി ബ്രഹ്മത്തിൽ ലയിച്ച് നിത്യനിർവ്വാണം പ്രാപിക്കുന്നത് വേറെ ഏതെങ്കിലും തരത്തിൽ നല്ല കാര്യമായേക്കാമെങ്കിലും നാടകലോകത്തെ സംബന്ധിച്ച് അതൊരു തീരാനഷ്ടം തന്നെ ആയിരിക്കും. കളരിയഭ്യാസത്തേയോ കഥകളി പരിശീലനത്തെയോ പറ്റി പറഞ്ഞാൽ ഈ ഉദാഹരണം ഇത്ര വ്യക്തമാവാത്ത സ്ഥിതിയിലാണ് ഇന്നത്തെ അഭിനയ രംഗം എന്നതുകൊണ്ടാണിതിൽ തന്നെ കേന്ദ്രീകരിച്ചത്. ഏതു പദ്ധതിയായിരുന്നാലും നാടകലോകത്തിനാവശ്യമുള്ള പരിധിക്കപ്പുറം പോകരുത്. കഥകളിയിലെ കണ്ണ് സാധകം കാണുമ്പോൾ തന്റെ സങ്കൽപ്പത്തിലുള്ള നാടകവേദിക്ക് ഇത്തരം കണ്ണുരുട്ടലുകൾ നേരിട്ടാവശ്യമാണോ എന്ന് നല്ലവണ്ണം നാലുവട്ടം കണ്ണുരുട്ടി ആലോചിച്ച ശേഷമേ പരിശീലകൻ തന്റെ നടന്മാരെക്കൊണ്ടത് ചെയ്യിക്കാവൂ.

## തായ് ഗീ ഷ്വാൻ

നമ്മുടേതെന്ന പോലെ പാശ്ചാത്യർ ഉറ്റുനോക്കുകയും പലപ്പോഴും നാടകപരിശീലന പദ്ധതികളിൽ ഉൾപ്പെടുത്താൻ താല്പര്യം കാണിക്കുകയും ചെയ്യുന്ന കലാസംസ്കാരമാണ് ചൈനയുടേത്. പ്രത്യേകിച്ച് ചൈനീസ് യോഗ എന്നറിയപ്പെടുന്ന തായ് ഗീ ഷ്വാൻ. കലാപരിശീലനരംഗത്തേക്ക് ഉപയോഗിക്കത്തക്ക രീതിയിൽ എളുപ്പം വഴങ്ങിത്തരുന്നതാണ് എന്നതത്രേ നമ്മുടെ യോഗാഭ്യാസത്തേക്കാൾ അതിനുള്ള മെച്ചം. എന്തുകൊണ്ടെന്നാൽ അത് ജൂഡോ, കരാട്ടേ തുടങ്ങിയ കായിക-കലകളിലേക്കും 'കബൂക്കി' 'നോ' തുടങ്ങി (ഇന്നറിയപ്പെടുന്ന ജാപ്പനീസ്) രംഗാവതരണ കലകളിലേക്കും വേണ്ടി തലമുറകളായി പ്രത്യേകം പ്രത്യേകം വികസിപ്പിച്ചിരിക്കുന്നതിന്റെ രേഖകൾ ലഭ്യമാണ്.

## യോഗാഭ്യാസം

എന്നാൽ നമ്മുടെ 'യോഗ' ഇന്നും മോക്ഷമാർഗ്ഗമായിത്തന്നെ മറ്റ് പാരമ്പര്യങ്ങളിൽ നിന്നും മാറിനിൽക്കുന്നു എന്നതാണ് 'ദുര്യോഗം.' ആരോഗ്യത്തിനും സൗന്ദര്യത്തിനും വേണ്ടിയുള്ള യോഗാഭ്യാസങ്ങൾ അടുത്തകാലത്തായി പ്രചരിച്ചു വരുന്നുണ്ടെന്ന കാര്യം മറക്കുന്നില്ല. എങ്കിലും അടിസ്ഥാനപരമായ 'യോഗ' മോക്ഷമാർഗ്ഗം തന്നെയാണ്. എന്താണിതിനു കാരണം? നമ്മുടെ യോഗാഭ്യാസത്തിലും ഭാരതീയ നാടകത്തിന്റെ വേരുകൾ ഒളിച്ചു കിടപ്പുണ്ടാവില്ലേ? അവ വേണ്ടവിധം മുളപ്പിച്ചെടുക്കേണ്ടത് നമ്മുടെ കടമയല്ലേ?

## നാട്യശാസ്ത്രം

എന്തിന് 'യോഗ' യുടെ കാര്യം മാത്രമാകുന്നു. നമ്മു

ടെ നാട്യശാസ്ത്രത്തിലെ പോലും തനതു നാടകം നമുക്കിതുവരെ വെളിയിൽ കൊണ്ടു വരാൻ കഴിഞ്ഞിട്ടില്ലല്ലോ.

ലോകത്തിലെ ആദ്യത്തേതെന്ന് നിസ്സംശയം പറയാവുന്ന ഏറ്റവും സമഗ്രമായൊരു നാട്യശാസ്ത്രമാണ് നമുക്കുള്ളത്. ഏതൊരു രംഗാവതരണകലക്കും അതിന്റേതായ രീതിയിൽ സ്വാംശീകരിച്ച് വ്യാഖ്യാനിക്കാവുന്ന തരത്തിൽ വ്യാപ്തവും എന്നാൽ സൂക്ഷ്മവുമായ രൂപത്തിലാണ് നമുക്കത് ലഭിച്ചിട്ടുള്ളത്. ഭരതനാട്യം, മണിപ്പൂരി തുടങ്ങിയ അനേകം നൃത്തവിഭാഗങ്ങളും കൂടിയാട്ടം, കഥകളി തുടങ്ങിയ അനേകം രംഗാവതരണകലകളും തങ്ങളുടേതായ രീതിയിൽ അതിനെ വ്യാഖ്യാനിച്ച് തങ്ങളുടെ നാട്യപദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. സാഹിത്യവിചക്ഷണൻമാരും 'രസസിദ്ധാന്ത'ത്തിന്റെ നൂലിഴ പിന്നുമ്പോൾ അതിനെ വ്യാഖ്യാനിച്ചിട്ടുണ്ട്. ആ രീതിയിലുള്ള വ്യാഖ്യാനങ്ങൾ ഇന്നും തുടരുന്നു. പക്ഷെ അതിനൊരു നാടകക്കാരന്റെ, ആധുനിക നാടകപ്രവർത്തകന്റെ സമ്പൂർണ്ണ വ്യാഖ്യാനം ഇതുവരെ ഉണ്ടായിട്ടില്ല.

'നാട്യശാസ്ത്രത്തിൽ അങ്ങനെ നാടകത്തെപ്പറ്റി വിശദമായി വല്ലതും പറഞ്ഞിട്ടുണ്ടോ? അതിൽ മുഴുവനും നൃത്തത്തിന്റെ ചുവടുകളും കൈമുദ്രകളുമല്ലേ?' എന്നോ, അല്ലെങ്കിൽ 'അത് ഈ രസസിദ്ധാന്തവും ധ്വനിയുമൊക്കെ വിശദീകരിക്കുന്ന ഒരു സാഹിത്യ ഗ്രന്ഥമല്ലെ?' എന്നൊക്കെ 'നാടകതല്പരർ' പോലും ചോദിച്ചുപോകുന്നത് അതിന് ഒരു തനി നാടകക്കാരന്റെ പ്രായോഗിക തലത്തിലുള്ള വ്യാഖ്യാനം ഇല്ലാത്തതുകൊണ്ടു തന്നെയാണ്. ഭാരതത്തിലെ പല അംഗീകൃത നാടകസ്കൂളുകളിലും 'നാട്യശാസ്ത്രം' പാഠവിഷയമല്ല എന്ന അത്ഭുതകരമായ വസ്തുതയുടെ അടിസ്ഥാന കാരണവും ഇതുതന്നെയായിരിക്കണം.

ആധുനിക നാടകാചാര്യന്മാർ നേരത്തെ പറഞ്ഞ ക്ലാസ്സിക്കൽ നൃത്തകലാകാരന്മാരുടെ പുറകെകൂടി അവരുടെ അദ്ധ്വാനഫലത്തിന്റെ അംശങ്ങൾ തങ്ങളുടെ നാടകങ്ങളിൽ തിരുകിക്കയറ്റുന്നതിനു പകരം നാട്യശാസ്ത്രത്തെ സ്വന്തമായി വ്യാഖ്യാനിക്കാൻ ശ്രമിക്കുകയല്ലേ വേണ്ടത്? 'നാട്യശാസ്ത്ര'ത്തിന് അങ്ങനെ ഒരു തനി നാടകക്കാരന്റെ വകയായി, നാടകത്തിന്റെ തനതായ ഒരു വ്യാഖ്യാനം ഉണ്ടാവുകയാണെങ്കിൽ ഇന്നത്തെ നാടകത്തിന്റെ മുഖ്യധാരയിൽ നിന്നൊഴിഞ്ഞു നിൽക്കുന്ന ഭാരതീയപാരമ്പര്യം മുഴുവനും നമുക്ക്, ആധുനിക നാടകപ്രവർത്തകർക്ക്, സ്വന്തമാകും. ചുരുക്കത്തിൽ ഭാരതീയനാടകവും ഭാരതീയ പാരമ്പര്യത്തിന്റെ ഒരു മുഖ്യധാരയായിത്തീരും. നമ്മുടെ 'യോഗ'യിലേയും ആയോധനകലകളിലേയും എന്തിനേറെ, തന്ത്രശാസ്ത്രത്തിലെ പോലും നാടകമൂറിയുടെ താക്കോൽ അതുവഴി നാടകക്കാരനു ലഭിക്കും.

ഇത്തരത്തിലുള്ള സ്വന്തമായ വ്യാഖ്യാനങ്ങൾ വഴിയാണ് പലരും നാടകങ്ങൾ ചെയ്യുന്നതെന്നും പരിശീലിപ്പിക്കുന്നതെന്നും പറയാനാണ് ഭാവമെങ്കിൽ സമ്മതിച്ച് തരാൻ ബുദ്ധിമുട്ടുണ്ട്. കാരണം, ഭരതനാട്യക്കാരന്റേയും കൂടിയാട്ടക്കാരന്റേയും കഥകളിക്കാരന്റേയും അദ്ധ്വാനഫലങ്ങളെ വേർതിരിച്ചറിയാൻ അവസാന കോടതിയായ പ്രേക്ഷകനു കഴിയും.

## കിഴക്കെന്ന കൗതുകവസ്തു

കിഴക്കർ പൊതുവെ പടിഞ്ഞാട്ട് നോക്കികളാണെന്ന് പറയപ്പെടാറുണ്ട്. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ പ്രഗത്ഭരായ മിക്ക പാശ്ചാത്യ നാടകാചാര്യന്മാരും കിഴക്ക് നോക്കികളായിരുന്നു എന്നതാണ് രസകരമായ വസ്തുത. സ്റ്റാനിസ്ലാവ്സ്കിയിൽ നിന്ന് വ്യത്യസ്തമായ - എന്നാൽ, രണ്ട് ധ്രുവങ്ങളിൽ നിൽക്കുന്ന - അഭിനയ സിദ്ധാന്തങ്ങൾ ആവിഷ്ക്കരിച്ച ബ്രെഹ്തും അർതാഡും പ്രത്യേകിച്ച്. പക്ഷെ, ആ ആചാര്യന്മാരുടെ കിഴക്കു നോട്ടവും ഇന്നത്തെ നാടകക്കാരുടെ കിഴക്കു നോട്ടവും തമ്മിൽ വ്യത്യാസമുണ്ട്.

ബർതോൾഡ് ബ്രെഹ്ത് കഥകളിയിൽ നിന്നും അതുപോലെയുള്ള ഭാരതീയ കഥാകഥന രീതികളിൽ നിന്നും തെരഞ്ഞെടുത്തതെന്താണെന്നും എങ്ങനെയെന്നും നോക്കുക. തന്റെ രാഷ്ട്രീയ നാടകവേദിക്ക് അദ്ദേഹത്തിന് വേണ്ടിയിരുന്നത് കഥയുടെ ബന്ധനത്തിൽ നിന്നും വികാരവിക്ഷോഭത്തിൽ നിന്നും പ്രേക്ഷകനെ മാറ്റിനിർത്തി അവനെ ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്ന ഒരു സമ്പ്രദായമായിരുന്നു. നമ്മുടെ ക്ലാസിക്കൽ കഥാകഥന കലകളിൽ അതിന്റെ ഒരംശം അദ്ദേഹം കാണുകയും അതിനെ അതിന്റേതായ രീതിയിൽ മാറ്റിയെടുത്ത് തന്റെ പുതിയ നാടകവേദിയുടെ പ്രധാന അംശമാക്കുകയുമാണ് ചെയ്തത്. ബ്രെഹ്തിയൻ നാടകസിദ്ധാന്തത്തിലെ 'എപിക്' നാടകരീതിയുടേയും അന്യവൽക്കരണത്തിന്റേയും ജനനം അങ്ങനെയാണ്. ഇവിടെ സ്വാംശീകരണം തികച്ചും സ്വാംശീകരണം തന്നെയാണ്. അന്ധമായ അനുകരണമല്ല.

അർത്താഡിന്റെ ജീവിച്ചിരിക്കുന്ന ശിഷ്യന്മാരിൽ പ്രധാനിയും ഇന്ന് ലോകത്ത് ജീവിച്ചിരിക്കുന്ന നാടകസംവിധായകരിൽ ഏറ്റവും പ്രശസ്തനുമായ ശ്രീ. പീറ്റർ ബ്രൂക്ക് കുറച്ച് വർഷങ്ങൾക്ക് മുൻപ് പയ്യന്നൂരിൽ വന്നു. അദ്ദേഹത്തിന്റെ മഹാഭാരത നാടകത്തിന് വേണ്ടി തെയ്യത്തിൽ നിന്നും ചില അംശങ്ങൾ പഠിക്കാനായി അദ്ദേഹത്തിന്റെ പ്രധാന നടന്മാരുമായിട്ടായിരായിരുന്നു വരവ്. ശ്രീ. കാവാലം നാരായണപ്പണിക്കരും അദ്ദേഹത്തെ അനുഗമിച്ചിരുന്നു. ശ്രീ. കണ്ണപ്പെരുവണ്ണാൻ തുടങ്ങിയ തെയ്യത്തിന്റെ മികച്ച ആശാന്മാർ ബ്രൂക്കിന്റെ നടന്മാർക്ക് ചില ചുവടുകൾ പഠിപ്പിച്ചു. വിദഗ്ദ്ധരായ ആ നടന്മാർ അതിവേഗം ചിലചുവടുകൾ ഹൃദിസ്ഥമാക്കുകയും ചെയ്തു. ഇടവേളകളിലെ സംസാരങ്ങളിൽ നിന്നും തെയ്യത്തിനോടുള്ള സമീപന രീതിയിൽ നിന്നും തെയ്യം കലാകാരന്മാരോടുള്ള പെരുമാറ്റത്തിൽ നിന്നും ശ്രീ. ബ്രൂക്ക് വന്നത് തെയ്യത്തിൽ നിന്നും അദ്ദേഹത്തിനാവശ്യമായ ചില പുറം പൊലിമകൾ തൊലിയും കുരുവും കളയാതെ തന്റെ നടന്മാരെക്കൊണ്ട് വിഴുങ്ങിക്കാനായിരുന്നു എന്ന് മനസ്സിലായി. തിരക്കിട്ട പരിപാടികൾക്കിടയിൽ കണ്ട ചില തെയ്യങ്ങളുടെ മുടികൾ വിലക്കു കിട്ടുമോ എന്നുപോലും അദ്ദേഹം ചോദിച്ചു. ചുരുക്കത്തിൽ 'ബാർട്ടർ' തിയേറ്ററിന്റെ പ്രയോക്താവും 'എംപ്റ്റി സ്പേസി'ന്റെ കർത്താവുമായ പീറ്റർ ബ്രൂക്കും നേരിൽ കണ്ട ബ്രൂക്കുമായി യാതൊരു ചേർച്ചയുമില്ലായിരുന്നു.

പീറ്റർ ബ്രൂക്കിനെ കുറ്റപ്പെടുത്തുകയല്ല. വിദേശികൾക്ക് നമ്മുടെ കലകളോടുള്ള (ഇന്നത്തെ) സമീപനത്തിന്റെ ഒരുദാഹരണം മാത്രമായിരുന്നു ആ സംഭവം. അവർക്ക് നമ്മുടെ കലകൾ വെറും കൗതുക വസ്തുക്കൾ മാത്രമാണ്. പരമാവധി വന്നാൽ ഒരു പരദേശമൂല്യം (Exotic Value) നൽകിയേക്കാം. അതിലപ്പുറമൊന്നുമില്ല. അത്തരത്തിൽ കുറെ കൗതുക വസ്തുക്കൾ ശേഖരിക്കാൻ വന്ന ഒരു ടൂറിസ്റ്റ് മാത്രമായിരുന്നു അന്നത്തെ ബ്രൂക്ക്. ഭാരതത്തിലെ പല പ്രദേശങ്ങളിൽ നിന്ന് പെറുക്കിയെടുത്ത അത്തരം 'കൗതുക വസ്തുക്കൾ' കൊണ്ട് അദ്ദേഹം തന്റെ 'മഹാഭാരതം' അലങ്കരിച്ചു.

## കളരികളും കളരികളും

ഇത്തരം പുറംപൊലിമ സമാഹരണത്തിൽ നമ്മളും വിദേശികളെക്കാൾ ഒട്ടും പിന്നിലല്ല. വിദേശികൾക്ക് തോന്നിക്കഴിഞ്ഞതാണെങ്കിലും നമുക്കും നമ്മുടെ പാരമ്പര്യ കലകളിൽ താല്പര്യം തോന്നിത്തുടങ്ങിയിട്ട് കാലം കുറച്ചായി. അവയോട് പരദേശമൂല്യം (Exotic Value) തോന്നാൻ തക്കവണ്ണം നമ്മൾ അവയിൽ നിന്നകന്ന് കഴിഞ്ഞിരിക്കണം. ഏതായാലും പരദേശികളെ കടത്തിവെട്ടുന്ന രീതിയിൽ ഉപരിപ്ലവമായും അന്തഃസത്ത അറിയാതെയുമാണ് നമ്മുടെ പഠന നാടകപ്രവർത്തകരും ആ പാരമ്പര്യകലകളെ സമീപിച്ചത്. സ്വാംശീകരണത്തിന്റെ എല്ലാ പരിധികളും കാറ്റിൽ പറത്തപ്പെട്ടു. പല നാടകസംഘങ്ങളിലും നാടകക്കളരിക്കുപരി തനി കളരിപ്പരിശീലനം തന്നെ നടക്കാൻ തുടങ്ങി. (പലരും നല്ല കളരി അഭ്യാസികളായി മാറി നാടകരംഗം ഉപേക്ഷിച്ചു എന്നാണറിയുന്നത്). പല നാടകസംഘങ്ങളുടെയും അവതരണത്തിൽ നാടകത്തിനുപരി കളരിയും കഥകളിയും കൂടിയാട്ടവും മുഴച്ചു നിന്നു. അത്തരം അവതരണങ്ങളുടെയും പരിശീലനങ്ങളുടെയും ഫലമായി ഒരു പ്രത്യേകതരം നാടകവും പ്രത്യേകതരം നടന്മാരും രൂപപ്പെട്ടു വന്നു. അത്രയും നന്ന്.

പക്ഷെ അഭിപ്രായ വ്യത്യാസവും അവിടെത്തന്നെ തുടങ്ങുന്നു. അത്തരം പ്രത്യേക രൂപത്തിലുള്ള നാടകത്തിനു വേണ്ടിയുള്ളതും പൊതുവായ അഭിനയപരിശീലനവും ഒന്നാണോ? അത്തരം പരിശീലനം മാത്രം സിദ്ധിച്ച നടന്മാരെക്കൊണ്ട് എല്ലാത്തരം നാടകങ്ങളിലും അഭിനയിക്കാൻ പറ്റുമോ? എല്ലാത്തരം നാടകങ്ങളിലും അഭിനയിക്കാൻ കഴിയുന്നത് ഒരു നല്ല നടന്റെ ഗുണങ്ങളിലൊന്നല്ലേ? ഇനി ആ ഒറ്റത്തരം നാടകം മാത്രം മതി എന്നാണെങ്കിൽ എല്ലാത്തരം വിഷയങ്ങളും അത്തരം നാടകങ്ങളിലൂടെ അവതരിപ്പിക്കാൻ പറ്റുമോ? വിഷയത്തിനനുസരിച്ചല്ലേ നല്ല നാടകത്തിന്റെ രചനാ രീതിയും അതുവഴി അവതരണ രീതിയും അഭിനയ രീതിയും തെരഞ്ഞെടുക്കേണ്ടത്?

തീർന്നില്ല. മർമ്മ പ്രധാനമായ ഉപചോദ്യങ്ങൾ ഇനിയും ബാക്കിയാണ്. ഇത്തരത്തിലുള്ള പരിശീലനം കൊണ്ട് ഒരാൾ നല്ല നടനാകുമോ? ആവുമെങ്കിൽ എന്തുകൊണ്ട്? ഇല്ലെങ്കിൽ എന്തുകൊണ്ട്? ഇവയുടെ ഉത്തരം കിട്ടിക്കഴിഞ്ഞാൽ അത് നമ്മെ ആദ്യം സൂചിപ്പിച്ച നല്ല അഭിനയത്തിന്റെ അളവുകോലിലേക്ക് ഒരു നല്ല വഴികാട്ടിയാകും. അതായത് 'എന്താണ് നല്ല അഭിനയം?' എന്ന ചോദ്യത്തിനുള്ള ഉത്തരം.

റിപ്പോർട്ട്

# സ്വാതന്ത്ര്യത്തിന്റെ അൻപതാം വാർഷികത്തിൽ സേവനത്തിന്റെ ഒരു സുവർണ്ണ ഏടുകൂടി.

# നാഷണൽ സർവ്വീസ് സ്കീം- പ്രവർത്തന റിപ്പോർട്ട് 1997-98

പ്രോഗ്രാം ഓഫീസേഴ്സ്
പ്രൊഫ: എ. ബെന്നി ചെറിയാൻ
ഡോ: സണ്ണി കുര്യാക്കോസ്
പ്രൊഫ: സൂസൻ തോമസ്

വാളണ്ടിയർ സെക്രട്ടറിമാർ
വിനു എം.
രൂപേഷ് കെ.എസ്
മിനി പി.എഫ്


വിനു .എം.


രൂപേഷ് കെ.എസ്


മിനി പി.എഫ്

നാഷണൽ സർവ്വീസ് സ്കീമിന്റെ ലക്ഷ്യത്തെ സാക്ഷാത്ക്കരിക്കുന്ന അവിസ്മരണീയമായ ഒരു പ്രവർത്തന വർഷം കൂടി എൻ.എസ്സ്.എസ്സ്. കുടുംബാംഗങ്ങൾ പിന്നിട്ടു. വിദ്യാർത്ഥികളുടെ ബൗദ്ധികവും മാനസികവും കായികവുമായ സമഗ്രവികസനത്തെ ലക്ഷ്യമാക്കി ആസൂത്രണം ചെയ്ത നിരവധി പരിപാടികൾ ഈ പ്രവർത്തനവർഷത്തിൽ സംഘടിപ്പിക്കപ്പെട്ടു. ആത്മസമർപ്പണത്തിന്റെ പാതയിലേക്കുള്ള എൻ.എസ്സ്.എസ്സ്. കുടുംബാംഗങ്ങളുടെ പ്രയാണത്തിന്റെ ദീപശിഖ കൈമാറിക്കൊണ്ട് ആദരണീയനായ പ്രിൻസിപ്പാൾ ഡോ:രാജൻ വർഗ്ഗീസ് 14.8.98-ൽ പ്രവർത്തന ഉദ്ഘാടനം ചെയ്തു.

<u>സ്വാതന്ത്ര്യ ദിനാഘോഷം</u>

സ്വാതന്ത്ര്യത്തിന്റെ അൻപതാം വാർഷികം ആഘോഷിക്കുന്ന ഈ സ്വാതന്ത്ര്യദിനത്തിൽ ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ ഡോ:രാജൻ വർഗ്ഗീസ് ദേശീയ പതാക ഉയർത്തി. കാമ്പസ് ശുചീകരണം, വിവിധ കലാപരിപാടികൾ, മധുര വിതരണം എന്നിവ സംഘടിപ്പിച്ചു.

<u>ഗാന്ധിജയന്തി ദിനാഘോഷം</u>

രാഷ്ട്രപിതാവിന്റെ ജന്മദിനത്തിൽ എൻ.എസ്സ്.എസ്സ്. വാളണ്ടിയേഴ്സ് ആലുവ ഗവൺമെന്റ് ആശുപത്രി പരിസരം ശുചിയാക്കിക്കൊണ്ട് ആ സുദിനത്തിന്റെ മഹത്വം അന്വർത്ഥമാക്കി.

<u>ഗാന്ധിദർശന പഠന ക്യാമ്പ്</u>

നന്ത്യാട്ടുകുന്നം ഗാന്ധിഗ്രാമിൽ ഗാന്ധിയുവമണ്ഡലം സംഘടിപ്പിച്ച ഗാന്ധിദർശന പഠനക്യാമ്പിൽ വാളണ്ടിയർ സെക്രട്ടറിമാരായ രൂപേഷ് കെ.എസ്സ്., വിനു എം., മഹേഷ് , ധർമ്മേന്ദ്രൻ കെ.പി. എന്നിവർ പങ്കെടുത്തു.

<u>മിനി ക്യാമ്പ്</u>

പൂജാ-ഓണ അവധിക്കു സംഘടിപ്പിക്കപ്പെട്ട മിനിക്യാമ്പ് ശ്രദ്ധേയമായ മറ്റൊന്നാണ്. സജീവമായ ഈ ദിനരാത്രങ്ങൾ ഗൗരവമായ ചർച്ചകളും ക്യാമ്പസ് ക്ലീനിങ്ങ് ഉൾപ്പെടെയുള്ള സേവ

നപരിപാടികളും കൊണ്ട് സ്മരണീയമായിരുന്നു. പ്രൊഫ: ഇ. മുകുന്ദൻ, പ്രൊഫ: കെ.കെ. എബ്രഹാം എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**കേരള പിറവി ദിനാഘോഷങ്ങളും അന്ധവിദ്യാലയ സന്ദർശനവും**

കേരളപ്പിറവി ആഘോഷദിനത്തിൽ കോളേജ് കാമ്പസ് ക്ലീനിങ്ങും വിവിധ കലാപരിപാടികളും സംഘടിപ്പിക്കപ്പെട്ടു. അന്ധവിദ്യാർത്ഥികളുമായി അടുത്ത് ഇടപഴകുന്നതിനായി അന്ധവിദ്യാലയം സന്ദർശിക്കുകയും കലാപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.

**ദശദിന ക്യാമ്പ്**

ഹൃദയത്തിന്റെ മണിച്ചെപ്പിൽ എന്നും സൂക്ഷിച്ചു വെയ്ക്കാവുന്ന പ്രവർത്തനനിരതമായ പത്തു ദിനങ്ങൾ എൻ.എസ്സ്.എസ്സ്. കുടുംബാംഗങ്ങൾ ഐമുറി ദേശത്ത് പങ്കിട്ടു. ഡിസംബറിലെ കുളിർ നിശീഥിനിയിലും സജീവമായ കലാസാംസ്കാരിക പരിപാടികളോടൊപ്പം തീക്ഷ്ണമായ പകലുകളിൽ കഠിനാദ്ധ്വാനത്തിന്റെ വിയർപ്പൊഴുക്കി ആത്മസമർപ്പണത്തിന്റെ നിത്യസ്മാരകമായി എൻ.എസ്സ്.എസ്സ്. സമരഭടന്മാർ പണിതുയർത്തിയ ചിറങ്ങരപ്പാറ റോഡ് - ഐമുറി ദേശത്തിന്റെ മുഖച്ഛായ തന്നെ മാറ്റിയിരിക്കുന്നു.

ഡിസംബർ 20-ാം തീയതി ബഹുമാനപ്പെട്ട MLA P.P.തങ്കച്ചൻ, ബഹു: പ്രിൻസിപ്പാൾ ഡോ: രാജൻ വർഗ്ഗീസ്, മറ്റു പൗരപ്രമുഖർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ക്യാമ്പിന് ഭദ്രദീപം കൊളുത്തി ഔപചാരികമായി ഉദ്ഘാടനം നിർവ്വഹിച്ചു. ക്യാമ്പിൽ സംഘടിപ്പിച്ച വിവിധ പഠന ക്ലാസ്സുകളിൽ സമകാലിക-സാമൂഹിക പ്രശ്നങ്ങൾ ഗൗരവപൂർവ്വം ചർച്ച ചെയ്യപ്പെട്ടു.

'പൗരന്മാരുടെ ചുമതലയും കർത്തവ്യവും' എന്ന വിഷയത്തെക്കുറിച്ച് ഗവൺമെന്റ് അഡ്വ:ജയശങ്കറും, 'വിദ്യാർത്ഥിയും സമൂഹവും' എന്ന വിഷയത്തെക്കുറിച്ച് ജില്ലാ പഞ്ചായത്തംഗം അഡ്വ: അയ്യൂബ്ഖാനും 'എൻ.എസ്സ്.എസ്സും സമൂഹവും എന്ന വിഷയത്തെക്കുറിച്ച് പ്രൊഫ:കെ.കെ. എബ്രഹാം(യു.സി. കോളേജ്) എന്നിവർ ക്ലാസ്സുകൾ നയിച്ചു. വാട്ടർഷെഡ് മാനേജ്മെന്റിനെക്കുറിച്ച് കൃഷിവകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ബീനാ ജേക്കബും ആരോഗ്യശുചിത്വപരിപാലനത്തെക്കുറിച്ച് ഡോ: ജോർജ്ജ് മാത്യുവും വാളണ്ടിയർമാരുടെ സംശയങ്ങൾക്ക് മറുപടി കൊടുത്തു.

ക്യാമ്പിൽ സംഘടിപ്പിക്കപ്പെട്ട പ്രകൃതിപഠന യാത്രകൾക്ക് പ്രൊഫ:ടോമി വർഗ്ഗീസ് (യു.സി. കോളേജ്) പ്രൊഫ: എ.എം. ഗീവർഗ്ഗീസ്(യു.സി. കോളേജ്) എന്നിവർ നേതൃത്വം നല്കി. ബഹു.പ്രിൻസിപ്പാൾ: ഡോ: രാജൻ വർഗ്ഗീസ് ഇരിങ്ങോൾ കാവിൽ വെച്ച് പരിസ്ഥിതിയെക്കുറിച്ച് ക്യാമ്പംഗങ്ങൾക്ക് ക്ലാസ്സെടുത്തു. നാട്യങ്ങളില്ലാത്ത സ്വയം സമർപ്പണത്തിന്റെ സാർത്ഥകമായ പത്തു ദിനങ്ങൾക്കു ശേഷം എൻ.എസ്സ്.എസ്സ് കുടുംബാംഗങ്ങൾ ഐമുറി ദേശത്തോട് വിടവാങ്ങി.

**പ്രിവന്റേഷൻ ഓഫ് ടുബാക്കോ, ആൽക്കഹോൾ, ആന്റി ഡ്രഗ്സ് സെമിനാർ.**

സംസ്ഥാന തലത്തിൽ ആഗസ്റ്റ് 26,27,28 തീയതികളിൽ എറണാകുളത്തെ സെന്റ് ആൽബർട്ട്സ് കോളേജിൽ സംഘടിപ്പിക്കപ്പെട്ട സെമിനാറിൽ പ്രോഗ്രാം ഓഫീസർ ഡോ: സണ്ണി കുര്യാക്കോസും വാളണ്ടിയർ സെക്രട്ടറി രൂപേഷ്, കെ.എസ്സ്. ജിൻസൺ ജോസഫ് എന്നിവർ പങ്കെടുത്തു.

**ഇന്റർ കോളേജിയേറ്റ് ക്യാമ്പുകൾ**

മഹാത്മാഗാന്ധി സർവ്വകലാശാല, സർവ്വകലാശാല തലത്തിൽ എല്ലാ യൂണിറ്റുകളെയും പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിച്ച് ആറ് ഇന്റർകോളേജിയേറ്റ് ക്യാമ്പുകളിൽ യു.സി. കോളേജ് എൻ.എസ്സ്.എസ്സ്. യൂണിറ്റിനെ പ്രതിനിധീകരിച്ച 15-ഓളം വാളണ്ടിയർമാർ പങ്കെടുത്തു.

**അഡോപ്റ്റഡ് കോളനികൾ**

യു.സി. കോളേജ് നാഷണൽ സർവ്വീസ് സ്കീം യൂണിറ്റിന്റെ Adopted കോളനികളായ കണിയാംകുന്നു കോളനിയിലേയും വെളിയത്തുനാടുകോളനിയിലേയും സാമൂഹികവികസന പ്രവർത്തനങ്ങൾക്ക് എൻ.എസ്സ്.എസ്സ്. വാളണ്ടിയർമാർ നേതൃത്വം നല്കി. കിഴക്ക് വെളിയത്തു നാട് എന്ന ഒരു പുതിയ കോളനി Adopt ചെയ്യാൻ പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തു.

**മറ്റു പരിപാടികൾ**

മാസം തോറും കോളേജ് കാമ്പസിൽ വിവിധ വിഷയങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകളും കലാപരിപാടികളും കാമ്പസ് ക്ലീനിങ്ങും സംഘടിപ്പിച്ചു.

ഈ കാലയളവിൽ 150-ഓളം വാളണ്ടിയർമാർ രക്തദാനം നിർവ്വഹിച്ചു. ഫെബ്രുവരി 20-ാം തിയതി നടന്ന കാമ്പേഴ്സ് മീറ്റിങ്ങോടെ ഈ അദ്ധ്യയന വർഷത്തെ കർമ്മനിരതമായ എൻ.എസ്സ്.എസ്സ് പ്രവർത്തനങ്ങൾക്ക് ഔപചാരികമായ സമാപനം കുറിച്ചു.

എന്ന്,

രൂപേഷ് കെ.എസ്സ്., വിനു എം., മിനി പി.എഫ്.

കവിത
പി. കെ. വിനോദ്
രണ്ടാം വർഷ പ്രീഡിഗ്രി

# ഒരു സ്വപ്നം

അശ്വമേധത്തിനിറങ്ങിയോരശ്വത്തിൻ
വശ്യമാംശ്വേതവർണ്ണത്തിന്റെ മുൻപിൽ
എൻമിഴിയൊന്നു കുടുങ്ങിയതിൻവശ്യ -
കേശ; ശരീരപ്രകൃതിക്കു മുൻപിൽ
വെറുതെയെന്നറികിലുമെന്നന്താരത്മാവിന്റെ -
യോരത്തിലാശ നുരഞ്ഞുപൊങ്ങി
ഒരു നിമിഷാർദ്ധമതിൻ മുകളിലെത്തുവാൻ
ഒരു നിമിഷാർദ്ധമതിനെ നടത്തുവാൻ
ഇതിനായിരുന്നുവോ കാലങ്ങളിത്രയു -
മിത്താഴ്‌വരയിൽ ഞാൻ കാത്തുമടുത്തതും.
ഇതിനായിരുന്നവോ സ്വപ്നങ്ങളൊരു പിടി
സ്വർഗ്ഗത്തിലെത്തി പരന്നു നിറഞ്ഞതും.
വശ്യമുള്ളശ്വമവൻ തൻ വഴിയറി -
ഞ്ഞെന്നെച്ചവിട്ടി മെതിച്ചു കടന്നതും
ആരോരുമില്ലാതെ ആത്മസംഘർഷത്തിനു -
ടമയായ് ഞാനിന്നു കാലം കഴിപ്പതും .
ഉത്തരമല്ലിതു ദക്ഷിണവുമല്ല
ഉത്തരമില്ലിതിൽ ചോദ്യവുമില്ല.
ആരോരുമറിയാത്ത, അന്തരാത്മാവിന്നു
നോവുപകരുന്ന ഒരു ചെറു സ്വപ്നം



ഉദ്ഘാടകൻ :
ഡോ: കെ. ബാബു ജോസഫ്



മുഖ്യാതിഥി:
ശ്രീ. കാവാലം ശ്രീകുമാർ



ആശംസ
സിനിമാതാരം ചഞ്ചൽ



കോളേജ് ദിനാഘോഷം ഉദ്ഘാടനം
കൊച്ചിൻ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ
ഡോ: കെ. ബാബു ജോസഫ് നിർവ്വഹിക്കുന്നു

# കോളേജ് ദിനാഘോഷങ്ങൾ



അദ്ധ്യക്ഷപ്രസംഗം
റെജിൻ ജോർജ്ജ്



റിപ്പോർട്ട്
ഡെൽസൺ ദേവസി

## ഞങ്ങളുടെ ആയുർക്ലിനിക്കുകളിൽ
## നിങ്ങൾക്ക് ഉപേക്ഷിച്ചു പോകാവുന്നവയുടെ പട്ടിക.

സന്ധിവാതം
സ്പോണ്ടിലിറ്റിസ്
ആസ്തമ
ത്വക്ക് രോഗങ്ങൾ
പേശിവേദന
അസംസ്കൃതം
ചെന്നിക്കുത്ത്
സൈനസൈറ്റിസ്
വിട്ടുമാറാത്ത നടുവേദന
പൈൽസ്
ക്ഷീണം

നിങ്ങളനുഭവിക്കുന്നത് മഹാവ്യാധിയായാലും ക്ഷീണമായാലും കേരളആയുർവേദഫാർമസിയുടെ ആയുർക്ലിനിക്കിലേക്ക് വന്നാൽ മാത്രം മതി. ആയുർവേദത്തിന്റെ പുരാതന മേന്മയും ഏറ്റവും പുതിയ ചികിത്സാവിധികളും ഒന്നിച്ചു ചേർത്ത്, വിദഗ്ദ്ധ ഡോക്ടർമാർ രോഗനിർണയം ചെയ്ത് സമഗ്രമായ പരിചരണം നൽകി രോഗം സുഖപ്പെടുത്തുന്നു.

KAPL

# ആയുർക്ലിനിക്ക്

### കേരള ആയുർവേദ ഫാർമസി ലിമിറ്റഡ്

ഫോൺ : (0484) 623578, 625562, 62574. ഫാക്സ്: (0484) 625491
- E-mail:kapl.aluva @ sme.sprintrpg.ems.vsnl.net.in
Website : http"//www.winglobe.com/kapl

ചെന്നൈ - കുമാരൻ ഹോസ്പിറ്റൽ ഫോൺ : 641489, ടി നഗർ- ഫോൺ : 8267492, അണ്ണാനഗർ ഫോൺ :6214903, ട്രിച്ചി - സിഹോഴ്സ് ഹോസ്പിറ്റൽ ഫോൺ : 462660 ബാംഗ്ലൂർ - ശിവാജി നഗർ ഫോൺ : 5591825, യശ്വന്ത്പൂർ ഫോൺ : 337269 മംഗലാപുരം - ഫോൺ : 427180, ആന്ധ്രപ്രദേശ് - പുട്ടപർത്തി ഫോൺ : (പി.പി.) 87286, ഹൈദരബാദ് - ഫോൺ : 4652846, വിശാഖപട്ടണം ഫോൺ : 556490, കാസർഗോഡ് - ഫോൺ : 772035, കോഴിക്കോട് - ഫോൺ : 722605, കാപ്പാട് ഫോൺ: 683760, മലപ്പുറം - ഫോൺ : 34286, മഞ്ചേരി ഫോൺ : 66132, കൊച്ചി - ഫോൺ : 361202, ആലുവ - ഫോൺ : 626119, തിരുവനന്തപുരം - ഫോൺ : 480089

## EXCLUSIVE MEN'S WEAR COLLECTIONS

PAN AMERICA Jeans
NEW PORT Jeans
OXEMBERG Jeans
ARMOUR Jeans

### SHIRTS

OXEMBERG
PAN AMERICA
CAMBRIDGE
Officer
Premier
PASSION

*Trousers, T.Shirts, Bermudas, Belts, Vest, Briefs, Tie etc.*
*Available at*

CLASSIC DRESS PALACE
**Aluva Road, Angamaly**
**Ph: 454614**

കഥ

സി.എൻ. ശ്രീജിത്
മൂന്നാം വർഷ ഇംഗ്ലീഷ് ബിരുദം.

# സമയം, വേഗത, എന്റെ സമാധിയും



സമയം വിലപ്പെട്ടതാണെന്ന് മഹാന്മാർ പറയുന്നു.

എന്തുകൊണ്ട്?

അതാർക്കു വേണ്ടിയും കാത്തു നിൽക്കാത്തത് കൊണ്ട്.

അതിന് അനിയന്ത്രിതമായ വേഗതയുള്ളതുകൊണ്ട്.

സമയത്തിന് വിലയില്ലാത്ത ഒരു സ്ഥലമുണ്ട് - എന്റെ മുറി.

ഇവിടുത്തെ സമയത്തിന് വിലയില്ല.

എന്തുകൊണ്ടെന്നറിയില്ല, ഇവിടുത്തെ സമയം ആർക്കോ വേണ്ടി കാത്തുനിൽക്കുന്നത് പോലെ, അതിന് തീരെ വേഗതയില്ലാത്തത് പോലെ.

അജന്തയുടെ സംഗീതഘടികാരം ഒരു പാട്ട് പാടി. പിന്നെ അഞ്ച് തവണ മുഴങ്ങി. അത് നാല് തവണ മുഴങ്ങിയപ്പോഴാം ഞാൻ സ്ത്രീപർവ്വത്തിന്റെ 45-ാം പേജിലായിരുന്നു. ഇപ്പോഴാം പേജ് നമ്പർ 47.

ഒഴിഞ്ഞ ചായ ഗ്ലാസ് തട്ടി മറിഞ്ഞു. എന്റെ പൂച്ചകുഞ്ഞ് അതിൽ നിന്നൊഴുകി വന്ന മട്ട് നക്കിത്തീർത്തു.

ഈ മുറിയിൽ സമയത്തിന് മാത്രമല്ല വേഗതയില്ലാത്തത്. എന്റെ പാംസ് 36 തവണയേ മിടിക്കുന്നുള്ളൂ. ബ്രിട്ടന്റെ ചരിത്രത്തിൽ നിന്ന് ഒരു ഇരട്ടവാലൻ ഇറങ്ങി വന്നു. നിരങ്ങി നിരങ്ങി അവൻ യതിയുടെ '.......നളിനി എന്ന കാവ്യശില്പ'ത്തിൽ പ്രവേശിച്ചു.

ഞാൻ പൊട്ടിച്ചിരിച്ചു. സമയത്തിന് സ്പീഡ് കൂടി. ചിരിയവസാനിക്കും മുമ്പ് ആ ഇരട്ടവാലൻ തിരിച്ചിറങ്ങി വന്നു. റോട്ടോമാക് പേനയുടെയും റീഡേഴ്സ് ഡൈജസ്റ്റിന്റെയും ഇടയിൽ കിടന്ന് സമാധിയടഞ്ഞു.

സമയം വീണ്ടും വേഗത കുറച്ചു.

"വൈചിത്രവീര്യനായുള്ള മഹീപതേ!
വൈചിത്ര്യമെത്രയുമിത്തൊഴിൽ താവകം!!"

ഭ് വീക്കിന്റെ സൗജന്യമായി കിട്ടിയ ഇയർപ്ലാനറിൽ എന്റെ ശ്രദ്ധ പതിഞ്ഞു. എന്റെ പിറന്നാൾ ഒരു ചൊവ്വാഴ്ചയാണ് എന്ന് കാക്കത്തൊള്ളായിരാമത്തെ തവണ ഞാൻ മനസ്സിലാക്കി.

അലങ്കോലമായികിടക്കുന്ന കട്ടിലിലേക്ക് ഞാൻ ദൃഷ്ടി പായിച്ചു. ഗായത്രിയുണ്ടായിരുന്നെങ്കിൽ എല്ലാം അടുക്കിപ്പെറുക്കി വെച്ചേനെ.

സ്ത്രീപർവ്വത്തിന്റെ 47-ാം പേജിൽ ഒളിച്ചു കളിക്കുന്ന രണ്ട് പൂച്ചക്കണ്ണുകൾ ഞാൻ പ്രതിഷ്ഠിച്ചു. സമയം ജഗത് നമ്പ്യാരെപ്പോലെ പാഞ്ഞു.

ഒളിച്ചു കളിക്കുന്ന കണ്ണുകൾ,
കണ്ണിനു താഴെ മൂക്ക്,
മൂക്കിനു താഴെ ചുണ്ട്,
ചുണ്ടിന് താഴെ താടി,
താടിയുടെ താഴെ കഴുത്ത്,
കഴുത്തിന് താഴെ മാല,
മാലയ്ക്ക് താഴെ...........

"മന്നവ! നീയിത് ചെയ്യുമെന്നുള്ളത്
മുന്നമേയുള്ളിലറിഞ്ഞിതു ഞാനെടോ"

സമയം വീണ്ടും K.S.R.T.C. ബസ്സിനെപ്പോലെ.

പേപ്പർ വെയ്റ്റിനുള്ളിലെ കൊഴുത്ത ദ്രാവകത്തിൽ

തിളങ്ങുന്ന ഉണ്ടകൾ, മഞ്ഞ, ചുവപ്പ്, പച്ച, നീല, വെള്ള.......

ഞാൻ പൊട്ടിച്ചിരിച്ചു.

അവരുടെ സമയവും എന്റേത് പോലെ പതുക്കെയായിരുന്നു. പൊട്ടിച്ചിരിച്ച നിമിഷത്തിൽ മാത്രം സമയത്തിന് അല്പം വേഗത കൂടി.

"മന്നവ! നീയിത്..."

മുഷിഞ്ഞ തുണികൾക്കിടയിൽ എന്റെ കറുത്ത റൈഡിങ് ജാക്കറ്റ്. എന്റെ ഹൃദയം 72 തവണ വെച്ച് മിടിച്ച് തുടങ്ങി.

അതിന്റെ പോക്കറ്റിൽ ഉറങ്ങിക്കിടക്കുന്ന താക്കോൽ. ഞാനെന്റെ പൂച്ചക്കുട്ടിയെ അനുകരിച്ച് നടന്നു. ഹൃദയത്തിൽ 144.

കറുത്ത മുഖത്തെ പച്ചക്കണ്ണ് തുറന്നു. സമയത്തിന് ഇപ്പോൾ പ്യൂഷോ സ്പോർട്സ് കാറിന്റെ വേഗത. 334 kmph.

പാദങ്ങൾക്കിടയിൽ എഞ്ചിൻ മുരണ്ടു. അടുക്കളയിൽ അമ്മയുടെ തലതിരിഞ്ഞു. സമയത്തിനിപ്പോൾ ശബ്ദവേഗത 300mps.

ഞാനിപ്പോൾ രണ്ട് വേഗതകളെക്കുറിച്ച് പറയേണ്ടിയിരിക്കുന്നു.

ഞാൻ പൊട്ടിച്ചിരിച്ചു.

അവരുടെ സമയവും എന്റേത് പോലെ പതുക്കെയായിരുന്നു. പൊട്ടിച്ചിരിച്ച നിമിഷത്തിൽ മാത്രം സമയത്തിന് അല്പം വേഗത കൂടി.

"മന്നവ! നീയിത്..."

ഭൂമി കറങ്ങു
ന്നില്ല.
അല്ല......
അതിവേഗ
ത്തിൽ കറങ്ങു
ന്നു. നക്ഷത്ര
ങ്ങളും കറങ്ങു
ന്നു.
സൂര്യാ!....
യാഥാസ്ഥിത
കനായ
നീയും കറ
ങ്ങുന്നോ!!

സമയത്തിന്റേയും എന്റെയും.

സമയത്തിന്റെ വേഗത കൂടുതലാണെന്നും എന്റെ വേഗത കുറവാണെന്നും തോന്നി.

എന്റെ വേഗത ഞാൻ കൂട്ടി. സമയത്തിന്റെ വേഗത കുറയ്ക്കാൻ കഴിയുന്നില്ല.

നഗരം നിറയെ കണ്ണുകളാം. എല്ലാം എന്നെ നോക്കുന്നു.

തീക്ഷ്ണമായ വെള്ളക്കണ്ണുകളാം, "കുരുത്തം കെട്ടവൻ" എന്നെന്നെ വിളിച്ചു.

സ്വപ്നം മയങ്ങുന്ന ചുവന്ന കണ്ണുകളാം,
ഉയരത്തിൽ ഒരു പച്ചക്കണ്ണ്,
ചഞ്ചലമായ മഞ്ഞക്കണ്ണുകളാം,
ഇടയ്ക്കെവിടോ രണ്ട് പൂച്ചക്കണ്ണുകളാം.
"പൂച്ചക്കണ്ണുകളാം"

എന്റെ വേഗത സമയത്തിന്റേതിനേക്കാൾ ഏറെ.

ടപ്പ്.

വേഗത പെട്ടെന്ന് കുറഞ്ഞു. ഭൂമി കറങ്ങുന്നില്ല. അല്ല...... അതിവേഗത്തിൽ കറങ്ങുന്നു. നക്ഷത്രങ്ങളും കറങ്ങുന്നു.

സൂര്യാ!.... യാഥാസ്ഥിതികനായ നീയും കറങ്ങുന്നോ!!

* * *

ഇപ്പോഴും വീണ്ടും പഴയ വേഗത. നേർക്ക് നേരെ പൂച്ചക്കണ്ണുകളാം. ഹൃദയത്തിൽ 144. ചുറ്റും കാണാവുന്ന വെള്ള തടവറ. അതിനപ്പുറം കാണാനാവാത്ത തടവറ.

വലത്തേ കൈ ചങ്ങലയ്ക്കിട്ടിരിക്കുന്നു.

ചങ്ങലയ്ക്ക് ഇളം ചൂട്. ആ ചൂടിൽ "നളിനി എന്ന കാവ്യശില്പം" വായിച്ച ഇരട്ടവാലനെപ്പോലെ ഞാൻ സമാധി അടഞ്ഞു.

*Compliments from:*

# CENTRAL MOTORS

Thottakkattukara
Aluva

# AT LAST! A COMPLETE FARMING UNIT

Specially designed for small and marginal farmers, KAMCO's multi purpose power tillers are used for **tilling, ploughing, pudding, levelling, ridging, weeding, pumping, spraying, hulling** and **transporting.** The perfectly designed vibration-free tillers are easy to operate. Reliable safety features help prevent accidents. An advanced fuel control system conserves precious fuel. A unique radiator cooling system makes long hours of non-stop operations possible.

Now you know why thousand of farmers were right in choosing the KAMCO power packed tillers. Contact your nearest dealer for more details.

**KAMCO**

**Kerala agro machinery corporation Ltd.,**

**(A Government of Kerala Undertaking)**

Regd. Office: Athani-683 585, Ernakulam Dist., Kerala.

Tel: 0484-474301 (5 Lines), Fax: 0484-474589.

**A BOON FOR THE FARMER, A GAIN FOR THE NATION**

**KAMCO THE POWER PACKED TILLER**



കവിത
സി.വി.അനിൽ
രണ്ടാം വർഷ ചരിത്രബിരുദം

# മനസ്സംസ്കാരം

എന്റെ മനസ്സ് ദിവംഗതനായി
ദുഃഖത്തിന്റെ അക്ഷയപാത്രം
ആരോ നിലത്തിട്ടു
പുലമ്പുന്ന തേങ്ങുന്ന-
വിപ്ലവ ചിന്തകളും
വിഹാരങ്ങളും
ആശയങ്ങളും.



ഉദ്യാനത്തിന് നടുവിൽ കുടുംബസമേതം വന്ന് തൃപ്തിയോടെ ആഹാര പദാർത്ഥങ്ങൾ
കഴിക്കുവാനും ആനന്ദിക്കുവാനും ഉതകുന്ന ആലുവായിലെ ഏകസ്ഥാപനം

# SALVA

*Family Restaurant*
*Paravoor Junction*
*Aluva Phone - 62123*

Indian, Chainese, Keral continental , വിഭവങ്ങൾ
വരുവിൻ ആസ്വദിക്കുവിൻ
നിങ്ങൾക്കേവർക്കും സാൽവയിലേക്ക് സ്വാഗതം
Party- കം പരിസരത്തും, പുറത്തും ചെയ്തു കൊടുക്കുന്നു
Parcel Service ഞങ്ങളുടെ പ്രത്യേകത

**Working time - 11.30 am to 9.30**
**Sunday 5.00 pm. 9.30 pm.**

*Salva- Salva- Salva*

ആശംസകൾ :

# അന്നപൂർണ്ണ

**ബാങ്ക് ജംഗ്ഷൻ, ആലുവ**

**ഫോൺ : 624105**

---

PHONE : 444942

# The Gate

Opp. to Govt. High School
**N.PARAVOOR**

**Tution for**
**PLUS 2 / PDC/ B.SC**

**Subject tought:**

PHYSICS, CHEMISTRY, MATHEMATICS & BIOLOGY
MBBS / ENGG ENTRANCE

**Long term & Sheet course**

With best compliments :
**Microtek Computer Center**

പൂവണിയാത്ത ദുഃഖിതമായ
സ്വപ്നങ്ങളും.
ചതുർമുഖ വിളക്കിലെ ചോര-
കോരി കുടിക്കുന്ന അഗ്നിയെ
നാണം മറപ്പിക്കുന്ന തുണിത്തുണ്ടും.
കൈകാൽ ഒരു തുണ്ട്
ചരടിനാൽ ബന്ധിതം.
പുകയുന്ന കുന്തിരിക്കം
മരണത്തിന്റെ ഗന്ധം.
കറുത്ത ചന്ദനത്തിരി
ആത്മാവിന്റെ നീർപ്പുക.
എള്ളും പൂവും പച്ചരിയും
മരണാനന്തര ഭക്ഷണം.
വീടിന്റെ പിന്നാംപുറത്ത്
തിളച്ചു പൊന്തുന്ന രക്തവാർപ്പ്
ഇതിലെന്റെ അന്ത്യകുളിയും
മനസ്സിന്റെ മോചനവും :
മുറ്റത്ത് ആരോവിരിക്കുന്ന
പച്ചപ്പുതപ്പ്, അതിൽ
ചലനമറ്റ മനഃശരീരം.
കർണ്ണങ്ങളിലെല്ലാം
കർമ്മിയുടെ മന്ത്രോച്ചാരണം.
രക്തബന്ധുക്കളുടെ കൂട്ടബലിയും
കൈ വെള്ളയിൽ ഉരുളുന്ന പിണ്ഡവും
അരിയും വെള്ളവും അവസാനത്തെ അന്നം.
ആശയങ്ങളും പ്രതീക്ഷകളും
ചിന്തകളും കിനാക്കളും
ശവത്തെ തോളിലേറ്റി
ശ്മശാന മൂകതയിലേക്ക് -
നടന്നു നീങ്ങുന്നു.

ചുടലപ്പറമ്പിൽ
ചുറ്റും തിങ്ങി വളരുന്ന
തുടലിക്കാടിനുമിടയിൽ.

മൂന്നടി താഴ്ചയിൽ
പൂവന്നു തുടുത്ത വരമ്പിയിൽ
വിഴുങ്ങുന്ന ചിരട്ടക്കരിയിൽ
പച്ചമാവിൻ മുട്ടിയിൽ
രാമച്ചമെത്തയിൽ
മെല്ലേകിടത്തി.
നെയ്യിൽ മുക്കിയ മാവിൻ കൊമ്പ്
ക്രമത്തിൽ വെക്കുന്നു ശവത്തിനുമീതെ
നിറകുടമേന്തിയ ചിന്താധാര
വലയം ചെയ്യുന്നു.
വൈക്കോലും പശവച്ച മണ്ണും
തേച്ചു പിടിപ്പിക്കുന്നു മമ
ഹൃദയ സുഹൃത്തുക്കൾ.
മോക്ഷത്തിന്റെ തീജ്വാല
കയ്യിലേന്തി മൂന്ന് വട്ടം
വലയം വെച്ച്-
നിറകണ്ണോടെ തീകൊളുത്തി.
മനസ്സിന്റെ സിരയിലെ
രക്തത്തിന് തീജ്വാല പടർപ്പ്.
ചങ്ക് പൊട്ടിത്തെറിക്കുന്നു
പടരുന്നു അശുദ്ധ ഗന്ധം.
നിമിഷത്തിനുള്ളിൽ
എന്റെ ആശയങ്ങളും
പ്രതീക്ഷകളും
കിനാക്കളും
ചിന്തകളും
ഒരു പിടി ചാരമായി;
പുകയായി......
നീരാവിയായി........
അഗ്നിയായി...........
വായുവായി..........
ജലമായി.........
മണ്ണായി..........
തീർത്തും നിശ്ചലമായി.

# എസ്. സി. എഫ്. റിപ്പോർട്ട് 1997-'98

| | | |
|---|---|---|
| പ്രസിഡന്റ് | - | ബൈജു ഗോപാൽ |
| വൈസ് പ്രസിഡന്റ് | - | ഷേബ എലിസബേത്ത് കോവൂർ |
| സെക്രട്ടറി | - | സാറാ പോൾ |
| സ്റ്റാഫ് അഡ്വൈസർ | - | ശ്രീമതി ലിസ്സി മേരി ജോർജ്ജ് |

സ്വത്വബോധം നശിച്ച് ജീവിതത്തെക്കുറിച്ച് വ്യക്തമായ ദർശനങ്ങൾ രൂപപ്പെടുത്താൻ കഴിയാതെ പകച്ചു നിൽക്കുന്ന വിദ്യാർത്ഥികളെയാണിന്ന് കലാലയങ്ങൾ സമൂഹത്തിന് സംഭാവന ചെയ്യുന്നത്. പച്ചയായ ജീവിത യാഥാർത്ഥ്യങ്ങൾക്കു മുമ്പിൽ ഇവർ തളർന്നു വീഴുന്നു. ഇവിടെ നമ്മൾ ശബ്ദിച്ചില്ലെങ്കിൽ ആര് ശബ്ദിക്കും? ഈ ചോദ്യത്തെ തിരിച്ചറിയുന്നിടത്താണ് ക്യാമ്പസിൽ SCF പ്രസക്തമാവുന്നത്. പ്രകൃതിയുടെയും ജീവന്റെയും നിലനില്പിനും സാമൂഹിക നീതിയ്ക്കും വേണ്ടിയുള്ള സമരങ്ങളിലെ പക്ഷം ചേരലുകളാണ് SCM-നെ ചരിത്രത്തിൽ എന്നും കർമ്മനിരതമാക്കിയിട്ടുള്ളത്. നമ്മുടെ വിശ്വാസത്തിന്റെ ആവിഷ്ക്കരണം സാമൂഹിക വെല്ലുവിളികളെ ഏറ്റെടുക്കുന്നിടത്താണ് പൂർണ്ണമാവുന്നത്. ഇതാണ് ഞങ്ങളുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനം. ഈ വിശ്വാസം, വിമോചനം സാദ്ധ്യമായ ഒരു ജനസമൂഹത്തെയും ഭൂമിയെയും സ്വപ്നം കാണാൻ ഞങ്ങളെ പ്രേരിപ്പിക്കുന്നു

<u>SCF പ്രവർത്തനങ്ങൾക്ക് തുടക്കമായി</u>

1997 ആഗസ്റ്റ് 29 ന് പ്രസിഡന്റ് ബൈജു ഗോപാലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രശസ്ത ഗാന്ധിയനും പരിസ്ഥിതി പ്രവർത്തകനുമായ ശ്രീ ജേക്കബ് വടക്കാഞ്ചേരി ഉദ്ഘാടനം ചെയ്തതോടെ 97-98 വർഷത്തെ SCF പ്രവർത്തനങ്ങൾ ആരംഭിച്ചു. പ്രസ്തുത യോഗത്തിൽ കേരള SCM ന്റെ സെക്രട്ടറി ഷേബാ എലിസബേത്ത് കോവൂറും പ്രിൻസിപ്പാൾ ഡോ: രാജൻ വർഗ്ഗീസും യൂണിറ്റിന് ആശംസകളർപ്പിച്ചുകൊണ്ട് സംസാരിച്ചു.

<u>വിവിധ ചർച്ചകൾ</u>

മാതൃകാ രാഷ്ട്രീയവും യൂണിയൻ പ്രവർത്തനങ്ങളും : - ഈ ചർച്ചയിൽ SCF സംഘടിപ്പിച്ച ചോദ്യാവലി നേരത്തെ തന്നെ വിദ്യാർത്ഥികളിൽ എത്തിക്കുകയും ഈ ചോദ്യങ്ങൾക്ക് വിവിധ രാഷ്ട്രീയ സംഘടനകളിലെ വിദ്യാർത്ഥികൾ മറുപടി പറയുകയും ചെയ്തു

<u>ക്യാമ്പസ് പ്രണയം - പഴയതും പുതിയതും :-</u>

ഈ വിഷയത്തെ ആസ്പദമാക്കി നവംബർ 6ന് നടത്തിയ ചർച്ചയിൽ വിദ്യാർത്ഥികളും അദ്ധ്യാപകരും പങ്കെടുത്തു. സാമൂഹികവും സംസ്ക്കാരികവുമായ മാറ്റങ്ങൾ ക്യാമ്പസ് പ്രണയത്തെ കാര്യമായി സ്വാധീനിയ്ക്കുന്നുവെന്ന പൊതുവായ അഭിപ്രായം ചർച്ചയിലൂടെ ഉരുത്തിരിഞ്ഞു വന്നു.

<u>ഉന്നത വിദ്യാഭ്യാസ രംഗത്തെ പുന : സംഘടന : -</u>

ഡോ: രാജൻ വർഗ്ഗീസ് നേതൃത്വം നൽകിയ പ്രസ്തുത ചർച്ചയിൽ ഉന്നത വിദ്യാഭ്യാസ രംഗത്തു നടന്നുകൊണ്ടിരിക്കുന്ന പുന:സംഘടനയുടെ ആവശ്യവും വിദ്യാഭ്യാസമണ്ഡലം നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളും പ്രതിപാദിക്കപ്പെട്ടു.

<u>വിശ്വാസവും പ്രത്യയ ശാസ്ത്രവും : -</u>

കോളേജ് യൂണിയനും SCF ഉം സംയുക്തമായി നടത്തിയ ചർച്ചയിൽ മുൻ നക്സൽ നേതാവ് ശ്രീ. വെള്ളത്തൂവൽ സ്റ്റീഫൻ പങ്കെടുത്തു. കനൽവഴികൾ പിന്നിട്ട അദ്ദേഹത്തിന്റെ അനുഭവം വിദ്യാർത്ഥികളുമായി പങ്കു വച്ചു.

<u>പഠന ക്ലാസ്സുകളും പ്രഭാഷണങ്ങളും</u>

എയ്ഡ്സ് - ഒരു സാമൂഹിക പ്രശ്നം : - ഈ വിഷയത്തെ ആസ്പദമാക്കി പ്രൊഫ. പി. ആർ. രാജു പ്രഭാഷണം നടത്തി. എയ്ഡ്സ് ഒരു രോഗമെന്നതിലുപരി ഒരു സാമൂഹിക പ്രശ്നമാണെന്ന് അദ്ദേഹം വ്യക്തമാക്കി.

An Introduction to Meditation : - പ്രസ്തുത പഠനക്ലാസ്സിന് സഹജമാർഗ്ഗ സംഘത്തിലെ ശ്രീ. മധു സൂദനൻനായർ നേതൃത്വം നൽകി.

<u>പ്രത്യേകദിനങ്ങളുടെ ആചരണം</u>

ഒക്ടോബർ 2 ഗാന്ധിജയന്തി : - മനശാസ്ത്ര വിഭാഗവും SCF ഉം സംയുക്തമായി സേവനദിനം ആചരിച്ചു. ഒമ്പതരയോടു കൂടി തുടങ്ങിയ ശുചീകരണ പരിപാടിയിൽ മുപ്പതോളം വിദ്യാർത്ഥികളും അദ്ധ്യാപകരും പങ്കെടുത്തു. അന്നേ ദിവസം കോളേജിന്റെ വിവിധ ഭാഗങ്ങൾ ശുചിയാക്കാൻ സാധിച്ചു.

**ഒക്ടോബർ 16 ലോകഭക്ഷ്യദിനം :-**

ഇതിനോടനുബന്ധിച്ച് 'ദാരിദ്ര്യം പങ്കുവെക്കുക' എന്ന മുദ്രാവാക്യത്തോടെ നാല്പതോളം വിദ്യാർത്ഥികൾ ഉപവാസമനുഷ്ഠിക്കുകയും ക്യാമ്പസ്സിനുള്ളിൽ ഒരു പ്രതിഷേധപ്രകടനം നടത്തുകയും ചെയ്തു. ഉപവാസമനുഷ്ഠിച്ച വിദ്യാർത്ഥികളിൽ നിന്നു ലഭിച്ച തുക ബ്ര.മാവേരൂസിന്റെ സാധുജന സേവനത്തിലേക്ക് സംഭാവന ചെയ്യുകയും ചെയ്തു.

**ഡിസംബർ 10 ലോകമനുഷ്യാവകാശ ദിനം :-**

യു.എൻ. മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ പ്രസക്തഭാഗങ്ങൾ ലഘുലേഖകളാക്കി വിതരണം ചെയ്യുകയും മനുഷ്യാവകാശം നിഷേധിക്കപ്പെടുന്നവരുടെ ശബ്ദമാവാൻ ആഹ്വാനം ചെയ്യുകയും ചെയ്തു.

**ക്രിസ്തുമസ് കരോൾ സർവ്വീസ്**

ഡിസംബർ 7-ന് കോളേജ് ചാപ്പലിൽ വച്ച് നടത്തപ്പെട്ടു. കരോൾ സർവ്വീസിൽ പ്രൊഫ.തോമസ് ഫിലിപ്പിന്റെ നേതൃത്വത്തിൽ SCF കൊയർ ഗാനങ്ങൾ ആലപിച്ചു. തുടർന്ന് ശ്രീ.പൗലോസ് മാർ മിലിത്തിയോസ് തിരുമേനി ക്രിസ്തുമസ്സ് സന്ദേശം നല്കി. ജനുവരി 23-ന് മംഗലപ്പുഴ സെമിനാരിയിൽ നടന്ന എക്യുമെനിക്കൽ കരോൾ സർവ്വീസിലും SCF കൊയർ പങ്കെടുത്തു.

**ഡോ. എം. എം. തോമസ് അനുസ്മരണ സമ്മേളനം**

SCM കുടുംബത്തിന്റെ കാരണവരായിരുന്ന എം.എം.ജിയുടെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് കോളേജ് ചാപ്പലിൽ ചേർന്ന യോഗത്തിൽ റവ:തോമസ് ജോൺ എം.എം.ന്റെ ജീവിത രീതി നമ്മെ ഉദ്ബോധിപ്പിക്കുന്ന സാമൂഹിക പ്രതിബദ്ധതയെക്കുറിച്ച് സംസാരിച്ചു. എം.എം.-നെക്കുറിച്ചെഴുതിയ 'നമോവാകം' എന്നാരംഭിക്കുന്ന ഗാനത്തോടെ യോഗം അവസാനിച്ചു.

**വേദപഠനക്കളരികൾ**

ഒക്ടോബർ 24,25 തീയതികളിൽ Rev. T.V. തോമസിന്റെ നേതൃത്വത്തിൽ ഒരു റിട്രീറ്റ് കോളേജ് ചാപ്പലിൽ വച്ചു നടത്തി. കൂടാതെ വിവിധ ഹോസ്റ്റലുകളിൽ പ്രൊഫ. മാത്യു കോശി, പ്രൊഫ. കെ.കെ. എബ്രഹാം, റവ. തോമസ് ജോൺ എന്നിവരുടെ നേതൃത്വത്തിൽ നടക്കുന്ന ബൈബിൾ പഠനങ്ങൾ കൂടുതൽ അന്വേഷണങ്ങൾക്ക് വഴിതെളിക്കുന്നു.

**കേരള SCM-ന്റെ SET പരിപാടി**

ഈ വർഷത്തെ കേരള SCM-ന്റെ SET പരിപാടിക്ക് ആതിഥ്യമരുളാൻ ഈ യൂണിറ്റിന് സാധിച്ചു. 'TOWARDS DECOLONIZING EDUCATION AND FAITH' എന്ന വിഷയത്തെ മുൻനിർത്തിയുള്ള പഠന ശിബിരം യൂണിറ്റിന് ഉന്മേഷവും ഉണർവ്വും പകർന്നു നല്കി. കൂടാതെ, കേരള SCM സംഘടിപ്പിച്ച വിവിധപരിപാടികളിൽ ഈ യൂണിറ്റിന്റെ പ്രാതിനിധ്യമുണ്ടായിരുന്നു.

**ഹോസ്റ്റൽ അംഗങ്ങൾക്കായുള്ള കൂടിവരവ്**

ആഗസ്റ്റ് 23-ന് വിവിധ ഹോസ്റ്റലുകളിലെ അംഗങ്ങൾക്കായുള്ള കൂടിവരവ് ക്രമീകരിച്ചു. ഗ്രൂപ്പ് ഗെയിംസിലൂടെ നടത്തപ്പെട്ട സാമൂഹികവിശകലനങ്ങൾക്ക് റവ.തോമസ് ജോൺ, Mrs.ഗ്ലോറി മേരി ജോർജ്ജ്, Mr.ഫിലിപ്പ് മാത്യു എന്നിവർ നേതൃത്വം നൽകി.

**ഏരിയാ കമ്മറ്റി**

ജനുവരി 23-26 തീയതികളിൽ തിരുവനന്തപുരം വച്ചു നടന്ന ഏരിയാകമ്മറ്റിയിൽ ബൈജു ഗോപാലിനെ കേരളാ SCM-ന്റെ സ്റ്റുഡന്റ് സെക്രട്ടറിയായും, ഷേമാ എലിസബേത്ത് കോവൂരിനെ വൈസ് ചെയർപേഴ്സണായും തെരഞ്ഞെടുത്തു.

**ഇന്റർ കോളേജിയേറ്റ് നേതൃത്വശില്പശാലയും മുഖാമുഖം പരിപാടിയും**

ഫെബ്രുവരിമാസം 14-ാം തീയതി മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ നടത്തിയ പ്രസ്തുതപരിപാടിയിൽ Dr.സെബാസ്റ്റ്യൻപോൾ, Mr.നിമ്മി ജോർജ്ജ് (ജേർണലിസ്റ്റ്) എന്നിവർ നേതൃത്വ പരിശീലനശില്പശാലയ്ക്ക് നേതൃത്വം നൽകി. തുടർന്നു നടന്ന മുഖാമുഖം പരിപാടിയിൽ കേരളത്തിലെ സാമൂഹികരാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിലെ പ്രമുഖർ തങ്ങളുടെ ജീവിതാനുഭവങ്ങൾ വിവിധകലാലയങ്ങളിൽ നിന്ന് എത്തിച്ചേർന്ന വിദ്യാർത്ഥികളോട് പങ്കുവെച്ചു. ശ്രീ.എം.എ. ബേബി, Mr.ബാബു രാജീവ്, പ്രൊഫ. ജയലക്ഷ്മി, Mr.കോശി ജോൺ, കലാമണ്ഡലം കേശവൻ, Mr.സേവ്യർ പുൽപ്പാട്ട്, Mr.ബിനോയ് ജേക്കബ് എന്നിവരടങ്ങിയ പ്രതിഭകളുടെ നിരയോട് വിദ്യാർത്ഥികൾ വിവിധചോദ്യങ്ങളുന്നയിക്കുകയും തുറന്ന ഒരു ചർച്ചയ്ക്ക് വഴിയൊരുക്കുകയും ചെയ്തു.

ഈ യൂണിറ്റിന്റെ പ്രവർത്തനങ്ങളോട് സഹകരിച്ച പ്രിൻസിപ്പാൾ Dr.രാജൻവർഗ്ഗീസ് സാറിനോടും കോളേജ് മാനേജ്മെന്റിനോടും അദ്ധ്യാപക അനദ്ധ്യാപക സുഹൃത്തുക്കളോടും വിദ്യാർത്ഥികളോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു. സംഘബോധത്തിന്റെ ശക്തിയുമായി വിശ്വാസത്തിന്റെ പുതിയ അദ്ധ്യായങ്ങൾ ചരിത്രത്തിൽ എഴുതിച്ചേർക്കുന്ന ഒരു കൂട്ടമായി ഈ പ്രവർത്തനങ്ങൾ വളരട്ടെ.

ശ്രീ അർച്ചന

റെഡിമെയ്ഡ്സ്

[illegible] നോർത്ത് പറവൂർ, ഫോൺ : 442814,448083, വസതി : 443421,

അംഗീകൃത വ്യാപാരി :-

V.star, Angelformbra, Dash, D.H., Carloman, Prepa, Independence Shirts etc..

ആശംസകൾ

പറവൂർ മെഡിക്കൽസ്

നോർത്ത് പറവൂർ

ഫോൺ – 442552

lotto

DRESS MAKERS

Near Janatha Hospital

KACHERIPADY. N. PARAVOOR

With best compliments from:

SCIENCE ACADEMY

COLLEGE OF COMPETITIVE STUDIES IN ARTS & SCIENCE

ERNAKULAM, PH : 390351, 391508 ✦ ALUVA, PH : 626410

കഥ

ബച്ചൻ എസ്. തോപ്പിൽ

# പകൽക്കിനാവ്

ചാരുകസേരയിൽ, ദീർഘശ്വാസത്തിനു ശേഷം ചാരിക്കിടന്നു, ചലിക്കുന്ന ഫാനിൽ നോക്കി അനന്തരാമൻ കിടന്നു. പച്ചപ്പിനിടയിലൂടെ ദീർഘദൂരം സഞ്ചരിച്ച ഒരു അനുഭൂതിയായിരുന്നു, അദ്ദേഹത്തിനപ്പോൾ.

പ്രഭാതത്തിലെ നനുത്ത മഞ്ഞിന്റെ കുളിർമ്മയിൽ ബാല്യത്തിലേക്ക് ഓടിപ്പോകുകയായിരുന്നു തന്റെ മനസ്സ് എന്നു അനന്തരാമൻ അറിഞ്ഞു തുടങ്ങിയിരുന്നു. ഒത്തിരി കളിക്കൂട്ടുകാരുടെ നടുവിൽ നിന്നും ഗ്രാമത്തിന്റെ വിശാലമായ സൗഹൃദത്തിൽ നിന്നും തന്റെ കുട്ടിക്കാലം നഗരത്തിലെ തിരക്കേറിയ ഫ്ളാറ്റിനുള്ളിലേക്ക് ചേക്കേറിയപ്പോൾ തനിക്ക് നഷ്ടമായത് ബാല്യത്തിലെ തുടിപ്പുകൾ തങ്ങിനിന്നിരുന്ന ഒരായിരം സ്വപ്നവർണ്ണങ്ങളായിരുന്നു.

വെറുതെ ഒന്നു ഓർത്തു, തന്റെ ക്യാൻവാസിൽ സുഹൃത്തുക്കളുടെ മുഖങ്ങൾ ഇപ്പോൾ മങ്ങിത്തുടങ്ങിയിരിക്കുന്നു. ജീവിതത്തിന്നും വേദനയ്ക്കുമിടയിൽ കിടന്നു മനസ്സ് ഉരുകുന്നത് അനുഭവിച്ചറിയാൻ അനന്തരാമന് ഒട്ടും ആയാസമുണ്ടായിരുന്നില്ല.

'അന്നൊക്കെ വിശാലമായി പരന്നു കിടക്കുന്ന പാടങ്ങളുടെ അതിർവരമ്പുകളിൽ അങ്ങ് എവിടെയോ പോയി ഒളിക്കുന്ന സൂര്യന്റെ ശോഭ കൂട്ടുകാരുമൊത്ത് നോക്കിനിൽക്കുമായിരുന്നു. ഇന്ന് ഏകാന്തതയിൽ കോൺക്രീറ്റ് കാടുകൾക്കിടയിൽ തലതല്ലി മരിക്കുന്ന വിരസമായ പകലുകൾ' എന്താ, എല്ലാം അനന്തരാമന് അരോചകമായി തോന്നിത്തുടങ്ങിയിരിക്കുന്നു.

നിറഞ്ഞ കണ്ണുകളുമായി ചാരുകസേരയിൽ കിടക്കുന്ന അനന്തരാമനെയാണ് ഞാൻ ആദ്യം കണ്ടത്. എത്രയോ വർഷത്തിനു ശേഷമാണ് താൻ അവിടെ കടന്നു ചെല്ലുന്നത്. ചുവരുകളുടെ നിറം മങ്ങിത്തുടങ്ങിയെങ്കിലും, മേൽക്കൂരയിൽ ചിതൽ കയറിട്ടില്ല. പടവുകൾ കയറി എത്തിയ എന്നെ അനന്തരാമൻ കണ്ടിരിക്കയില്ല, തീർച്ച.

മുറ്റത്തെ തേൻമാവിൽ നിന്നും അടർന്നു വീഴുന്ന കരിയിലകൾക്കിടയിലൂടെ ഒച്ചവെയ്ക്കാതെ ഞാൻ വരാന്തയിൽ എത്തിയപ്പോഴേക്കും ഏതോ ലോകത്തിൽ നിന്നും ഉണർന്നത് പോലെ അനന്തരാമൻ മുഖമുയർത്തി നോക്കി.

'ഉം.........?!' ഗൗരവമാർന്ന മുഖത്തു നിന്ന് ചോദ്യചിഹ്നം പോലെ ഉയർന്ന ഒരു മൂളൽ.

'അല്ല, എന്നെ മനസ്സിലായില്ല എന്നു തോന്നുന്നു.' ഞാൻ ചോദിച്ചു.

'കുട്ടി ഏതാ? മുൻപിവിടെ കണ്ടിട്ടില്ലല്ലോ?'

എനിക്ക് പൊട്ടിക്കരയാനാണ് തോന്നിയത്, എന്നെയും കൊണ്ട് വെച്ച് തൊടിയിലൂടെ നടക്കുമ്പോൾ എനിക്ക് പറഞ്ഞു തന്നിട്ടുള്ള സ്വർണ്ണമുട്ടയിടുന്ന താറാവിന്റെ കഥയും, കുട്ടിക്കാലത്ത് താലോലിച്ച് വളർത്തിയിരുന്ന തന്റെ താറാവ് പൊൻമുട്ടയിടുന്നുണ്ടോ എന്ന് ആകാംക്ഷയോടെ കാത്തിരുന്ന ബാല്യത്തെ കുറിച്ചും എല്ലാം എല്ലാം.......

ഇപ്പോഴും എന്റെ കാതിൽ മുഴങ്ങികേൾക്കുന്നു.

നിറഞ്ഞ കണ്ണുനീർത്തുള്ളികൾക്കിടയിലൂടെ ഞാൻ വീണ്ടും നോക്കിയപ്പോഴേക്കും എന്റെ കണ്ണുകൾക്ക് വിശ്വസിക്കാൻ സാധിക്കുന്നില്ല.

ഒഴിഞ്ഞ ചാരുകസേര വരാന്തയിൽ നിശ്ചലമായി കിടക്കുന്നു.









# സ്പോർട്സ് ഫെസ്റ്റ്

## *University Players*



Raji Rajan
Cricket



Abdul sherif
Cricket



Smitha.G.
Cricket



Najeeb
Hockey



Shiju
College Athletic
Champion



Manju Joy
Basket Ball



U.C. College Basket Ball Tournament Men Runnerup Team



Hockey (W) Team
M.G. University Winners

കോ



Hockey (W) Team
University Players

ളേ

ജ്



Softball Women
College Team

ടീ
മു
ക
ൾ



College Chess Team



College Cricket Team (W)
University Third Place



Dr. A.K. Baby Memorial Hockey
Turnament Winner

പ്രകൃതി സൗകുമാര്യത്തിന്റെ നിറതാലവുമായി കേരളം ..............

കായലും കാടും മലയും കടലോരവും ചേർന്നൊരുക്കുന്ന ചാരുത .........

ഈ സൗകുമാര്യത്തിലും സംസ്കാരത്തിന്റെ വശ്യതയിലും

മയങ്ങി ലോകമെങ്ങുനിന്നും സഞ്ചാരികൾ

ഇവിടേയ്ക്ക് ഒഴുകിയെത്തുന്നു. ഈ പ്രശാന്തതീരം തേടിയെത്തുന്നവരെ

ഒരു സുന്ദരസുസ്മിതത്താൽ സ്വാഗതമോതി നമുക്ക് സ്വീകരിക്കാം.




ടൂറിസം കേരളത്തിലെ പ്രമുഖ വ്യവസായമായി മാറിക്കൊണ്ടിരിക്കുന്ന

ഈ വേളയിൽ, ആതിഥ്യമര്യാദയിൽ

നമുക്ക് പുതിയ അദ്ധ്യായങ്ങൾ എഴുതിച്ചേർക്കാം.

സൗഹൃദത്തിന്റെ സുസ്മിതവുമായി നമുക്ക് അതിഥിയെ സ്വീകരിക്കാം.

പ്രിയ ബന്ധുവിനെയെന്നപോലെ ഇനിയും

വരികയെന്നു ചൊല്ലി യാത്രയാക്കാം

kerala

God's Own Country.

കേരളം - ദൈവത്തിന്റെ സ്വന്തം നാട്

ടൂറിസം - പുരോഗതിയുടെ പുഷ്പകവാടം

വിനോദസഞ്ചാരവകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം, കേരളം.

Phone : 0471 - 321132, 326579

Fax : 0471-322279, emailO deptour@md2.net.in

കഥ

ജോൺസൺ ജോസഫ്
ഒന്നാം വർഷ മനശ്ശാസ്ത്ര ബിരുദം

# ബുദ്ധനെ തിരയുന്ന ബോധി

'ഞാൻ മയങ്ങുകയായിരുന്നുവോ?' ബോധി തന്നോടു തന്നെ ചോദിച്ചു. തനിക്കു ചുറ്റും മുഴങ്ങുന്ന ശബ്ദകോലാഹലങ്ങളിലും പ്രാകൃതമായ താളബോധമുണ്ടായിരിക്കാം. ഈ ശബ്ദസാഗരത്തിൽ താൻ മയങ്ങിയില്ലെങ്കിലേ അതിശയമുള്ളൂ. എന്നാൽ ഈ മയക്കത്തിനിടയിലെങ്ങാനും ആ കുമാരൻ വന്നാലോ? എത്ര നീണ്ട കാലങ്ങളായി താനിവിടെ ആ കുമാരന് വീണ്ടും തണലേകുവാൻ കാത്തിരിക്കുന്നു. ആ അരയാൽ ഓർക്കുകയായിരുന്നു. നീണ്ട കാത്തിരിപ്പിന്റെ പ്രതീക്ഷയും നിരാശയും അതിന്റെ ശിഖരങ്ങൾക്ക് പല രൂപങ്ങൾ നല്കിയിരിക്കുന്നു.



എന്നാൽ ഇപ്പോൾ ഇതാ താടിയും ജടപിടിച്ച മുടിയും ക്ഷീണിച്ച കൈകാലുകളും ഉള്ള ഒരു യുവചിത്രകാരൻ തന്റെ തണൽത്തേടി എത്തിയിരിക്കുന്നു. തന്റെ ചുറ്റും കെട്ടപ്പെട്ടിരിക്കുന്ന പായൽപിടിച്ച സിമന്റ് തറയിലിരുന്ന് വർണ്ണക്കൂട്ടുകളിളക്കുന്ന കലാകാരനെ ബോധി ശ്രദ്ധിച്ചു. ഏറെ നാളുകളായി അയ്യാൾ തന്റെ പാദങ്ങളിൽ, തന്റെ നിഴലിൽ മദ്ധ്യാഹ്നസൂര്യന്റെ അത്യുഗ്രതയിൽ നിന്നും നിശയുടെ യാമങ്ങളിൽ പെയ്തിറങ്ങുന്ന ഹിമധൂളികളിൽ നിന്നും മാഞ്ഞു നിൽക്കുന്നു. സൃഷ്ടിയെത്തേടിയുള്ള സ്രഷ്ടാവിന്റെ വേദനയിൽ ഭാഗഭാക്കാവുകയായിരിക്കാം ഇയാൾ......

ചിത്രകാരൻ തന്റെ ക്ഷീണിച്ച ദുർബ്ബലമായ വിരലുകൾക്കിടയിൽ ബ്രഷുറപ്പിച്ചുകൊണ്ട് ക്യാൻവാസിൽ രണ്ടുമൂന്നു വരകൾ അലക്ഷ്യമായി കോറിയിട്ടു. ക്യാൻവാസിന്റെ ധാവള്യ ശൂന്യതയ്ക്ക് ഇങ്ങനെയും ഒരു അന്ത്യമാകട്ടെ എന്ന് അയാൾ ചിന്തിച്ചിരിക്കാം. അയാൾക്ക് ചിത്രങ്ങളൊന്നും വരയ്ക്കാൻ അറിയില്ലെന്നുണ്ടോ? ഒരു പക്ഷെ അയാൾ തന്റെ ഭാവനയിൽ ഒരു ഉത്തമ കലാസൃഷ്ടിയെ തിരയുകയായിരിക്കും. ബോധി വീണ്ടും ഓർക്കുകയായിരുന്നു: ഹൊ! എന്തൊരു വേഗതയാണ് ഈ കാലമാകുന്ന രഥചക്രങ്ങൾക്ക്. തന്റെ ജനനവും ബാല്യവും കൗമാരവും യൗവ്വനവുമെല്ലാം താൻ ഈ പാതയരികിൽ തന്നെയായിരുന്നു. എന്തെല്ലാം കണ്ടു, കേട്ടു; എന്തൊക്കെയോ പിടിച്ചടക്കാനായി ഉന്മത്തരായി പാഞ്ഞുപോകുന്ന രാജാക്കന്മാരുടെ രഥചക്രങ്ങളിൽ പുതഞ്ഞ മൺപൊടികൾ തന്റെ ദേഹമാകെ പുരളുന്ന കാലമൊക്കെ എന്നോ കഴിഞ്ഞു! എന്നാൽ ഇന്നും അതെല്ലാം നവീന ഭാവ

ത്തിൽ വേഷം ധരിച്ചാടുന്നുണ്ടെന്നു മാത്രം.....

'ധർമ്മം ശരണം ഗച്ഛാമി'- ആ മന്ത്രങ്ങൾ ഇന്നും കാതുകളിൽ വന്നലയ്ക്കുന്നുണ്ടോ? ഒരു പക്ഷേ തോന്നലായിരിക്കാം. എങ്കിലും അന്ന് തന്റെ തണലിൽ ഇരുന്ന ആ സിദ്ധന്റെ മുഖത്തെ പ്രകാശത്തിന് എന്തൊരു പ്രഭയായിരുന്നു, എന്തൊരു ശാന്തതയായിരുന്നു! എന്നാൽ ഇന്നു തന്റെ മുമ്പിൽ വിശ്രമിക്കുന്നവർ തങ്ങളുടെ മുഖങ്ങളൊക്കെ എവിടെയോ മറന്നുവച്ചിരിക്കുന്നു, പരസ്പരം തൊടാതെ ഒഴുകിയൊഴുകി പോകുന്ന അവരുടെ ഇരുണ്ട മുഖങ്ങൾക്ക് നഷ്ടബോധത്തിന്റെ കഥകളാണ് പറയുവാനുള്ളത്.

ബോധി ആ ചിത്രകാരന്റെ ക്യാൻവാസിലേക്ക് ഇടംകണ്ണിട്ടു നോക്കി. അയാളും എന്തോ ചിന്തിക്കുകയാണ്. ഒരു പക്ഷേ അയാളിലെ ഭാവനാ സൃഷ്ടിയും ഇരുട്ടിലായിരിക്കാം. അയാളുടെ മുഖവും തീർത്തും നിർവ്വികാരമാണ്. ശോഷിച്ച ആകൃതിയില്ലാത്ത അയാളുടെ കൈവിരലുകൾ പോലെ രണ്ടു മൂന്നു വളഞ്ഞ വരകളിൽ അയാളുടെ സൃഷ്ടി കുരുങ്ങി കിടക്കുന്നു. ദിനങ്ങളും മാസങ്ങളും വർഷങ്ങളും കടന്നു പോയാലും കലാകാരന് തന്റെ സൃഷ്ടി നടത്തുവാൻ കഴിഞ്ഞേക്കുമോ?

ഒരു പക്ഷെ ചിത്രകാരൻ ഇന്നിന്റെ വക്താവായിരിക്കാം. വർണ്ണക്കൂട്ടുകൾ പാത്രത്തിൽ ഒട്ടിപ്പിടിച്ചിരിക്കുന്നു. ഇന്നത്തെ മനുഷ്യന്റെ മറ്റൊരു ഭാവം........ കടും നിറങ്ങളുണ്ട്, പക്ഷെ അവ സൃഷ്ടിയിലേർപ്പെടുന്നില്ല. തലയില്ലാത്ത മനുഷ്യനെയും മുഖമവ്യക്തമായ ജീവികളെയും വരയ്ക്കുന്ന ഈ ചിത്രകാരൻ ജ്ഞാനത്തിന്റെ മറ്റൊരു രൂപം കാണിച്ചുതരികയായിരിക്കും. ബോധി സ്വയം സമാധാനിക്കുവാൻ ശ്രമിക്കുകയായിരുന്നു. എങ്കിലും ഈ ഇരുട്ടിനെ വീണ്ടും അകറ്റുവാൻ പ്രകാശമുള്ള മുഖത്തെ അവൾ പ്രതീക്ഷിച്ചുകൊണ്ടിരുന്നു.




കവിത

പി.എൻ. മായ
ഒന്നാം വർഷ ഭൗതികശാസ്ത്രം

# ശില്പി



കലിതുള്ളിയാർത്തു പെരുമഴവന്നു
കടൽ പോലായിതാ നിരത്തുകളെല്ലാം
ഉണങ്ങുവാനുള്ള പുതുമൺ ശില്പ
ങ്ങാം
ഉറങ്ങുന്നെന്നുടെ മനസ്സിലിപ്പൊഴും

ഇരുട്ടു നല്കിയ വിചിത്രലോകത്തി-
ലിരുന്നു നെയ്തിടുമപൂർവ്വ സ്വപ്ന
ങ്ങാം
ഇനിയും മൂർത്തമായിടാതെയെൻ മന-
സ്സുഴലുന്നൂയിത് വിധിയെന്നോ
മേലിൽ?

ഒരൊറ്റക്കൊമ്പിലെ നടരാജശില്പം
ഉണർന്നു മുന്നിലായ് വിഹരിച്ചീടുന്നു
പുതുമണ്ണിൻ ഗന്ധമുണർന്നു കൂടെയാ
യ്
പുതുശില്പങ്ങാംക്കായ് കൊതിച്ചു
കൈകളും

ഒരിക്കലുമൊടുങ്ങിടാത്ത പേമഴ
വിതച്ച നാശത്തിൻ കരിങ്കണക്കുകാം
ചുഴിയായിട്ടെന്റെ മനോജ്ഞ ജീവിതം
ഇരുട്ടിൽ മുക്കിയങ്ങിഴച്ചിടുന്നിപ്പോാം

അജയ്യനാം ശില്പി ചമച്ച രൂപങ്ങാം
ഉദിച്ചതും പിന്നെ മറഞ്ഞതുമെല്ലാം
അതീവഹൃദ്യമായറിയുന്നുണ്ടു ഞാൻ
അവയെച്ചൊല്ലുന്ന മഹാജനങ്ങളും

തിരയടിക്കുന്ന സമുദ്രവും പിന്നെ
മിഴിചിമ്മീടുന്ന മഹാത്ഭുതങ്ങളും
ഹിമാലയത്തിന്റെ മനോജ്ഞസാനുവും
അവയെ വെല്ലുന്ന മഹാട്ടഹാസവും

സമത്വവാദികളും, നിഷേധികളും പിന്നെ
കുറച്ചു ജന്മത്തെ നശിപ്പിച്ചീടുന്നൊ-
രനുയായികളെ പുലർത്തും നേതാക്ക-
ളലറുന്ന ശബ്ദം ഭയന്നു ജീവിക്കു-
ന്നവർ തൻ ശബ്ദവുമറിയുന്നുണ്ടു ഞാൻ.

'റിമോട്ടു'കളും ഞെങ്ങി ധരയെയാകവേ-
യരക്ഷണം കൊണ്ടു നശിപ്പിച്ചീടുവാ-
നൊരുങ്ങി നില്ക്കുന്ന മഹാമനസ്കർ തൻ
ദയയെപ്പറ്റുന്ന ദരിദ്രരാഷ്ട്രങ്ങളും.

അരവയർ വിശപ്പൊതുക്കിടാനായി-
ട്ടുഴലുന്ന മർത്ത്യർ കരയുന്ന ശബ്ദം
ശ്രവിച്ചു ദുഃഖിച്ചു കരയും ഭൂമിയു-
മവർതൻ ശബ്ദവുമറിയുന്നുണ്ടു ഞാൻ.

സുരക്ഷയില്ലാതെ ഭയന്നു ജീവിക്കും
മുയൽക്കുഞ്ഞുങ്ങളും കലമാൻപേടയും
അവരെപ്പറ്റിക്കും സമത്വവാദികളും
പരിസ്ഥിതി വാദപ്രമുഖർ വേറെയും.

ലഭിച്ചിടാത്തൊരു ഫലത്തെ ചിന്തിച്ചി-
ട്ടനുദിനമോടും തുടരുന്നു ചിലർ
ഇടയ്ക്കു പാദങ്ങൾ തളരുന്നോർക്കിനി-
യൊരിക്കലും ലഭിച്ചിടാത്ത പുണ്യങ്ങൾ.

വിലാപഗീതങ്ങൾ മുഴക്കി മാനവ-
മനസ്സാക്ഷിയേതും മരവിപ്പിക്കുന്ന
ദുരന്തവാർത്തകളനുക്ഷണം കേട്ടി-
ട്ടവർ തൻ ശബ്ദവുമറിയുന്നുണ്ടു ഞാൻ.

കളിമണ്ണിൽ കുഴച്ചെടുത്തു നിർമ്മിക്കും
കലതുല്യമാമെൻ പുതുശില്പങ്ങളാ-
ലിവയെയൊക്കെയുമറിയുന്നുണ്ടു ഞാ-
നിരുട്ടിൻ ലോകത്തെ വെറുക്കുന്നുണ്ടു ഞാൻ.

ഇവിടെ ഞാൻ ചമച്ചിടുന്ന ലോകത്തിൽ
ഒരു ദുഃഖത്തിനും പ്രവേശനമില്ലാ
അശരണരാകുന്നവർക്കഭയത്തെ-
ക്കൊടുത്തു സന്തുഷ്ടി വളർത്തും ലോകത്തെ
വരുവിൻ കൂട്ടരെ വളർത്തിടാം നവ്യ
നവങ്ങളാം ഭാവം പ്രയത്നിക്കാമിനി!

# ചെയർമാന്റെ കത്ത്

ഒ.വി. വിജയന്റെ 'കുറിപ്പുകൾ' എന്ന പുസ്തകത്തിൽ നിന്നും ഒരു കഥ:

'ഒരു കോഴി കൂട്ടിലടയ്ക്കപ്പെട്ടു. ദിവസവും ഒരു നേരം കൂടിന്റെ വാതിൽ തുറക്കുന്നതും ഒരു കൈ കൂട്ടിൽക്കടന്ന് നെൻമണി നിക്ഷേപിക്കുന്നതും കോഴി കണ്ടു. കൈയിനും നെൻമണിക്കും തമ്മിലുള്ള ബന്ധം കോഴിയുടെ ശ്രദ്ധയിൽ പെട്ടു. തൊണ്ണൂറ്റിയൊമ്പതു ദിവസം തൊണ്ണൂറ്റിയൊമ്പതു പ്രാവശ്യം, കോഴി ഈ ഭൗതിക പ്രതിഭാസത്തെ പഠിച്ചു. തൊണ്ണൂറ്റിയൊമ്പതാം ദിവസം തന്റെ യുക്തി ഉപയോഗിച്ച്, കോഴി ഒരു ചരിത്രസത്യത്തിലെത്തിച്ചേർന്നു: കൂട്ടു തുറന്ന് കൈ അകത്തേക്കു വരുമ്പോഴം നെൻമണി ഉതിരുന്നുവെന്ന്. നൂറാം ദിവസം കൈ അകത്തു വന്നപ്പോഴം കോഴി പ്രസാദവതിയായി കഴുത്ത് നീട്ടി. കൈയിൽ നെൻമണിയുണ്ടായിരുന്നില്ല. കോഴിയുടെ അന്ധാളിപ്പിനെ വകവെയ്ക്കാതെ കൈ അതിന്റെ കഴുത്ത് ഞെരിച്ചു. തന്റെ ചരിത്രാനുഭവത്തിന് അപ്പുറമുള്ള ഒരു തീൻമേശയിൽ കോഴി അന്നു രാത്രി തീൻപണ്ടമായി പ്രത്യക്ഷപ്പെട്ടു എന്നതല്ല ഈ കഥയുടെ കാതൽ. യുക്തിക്ക് പരിമിതികളുണ്ടെന്നാണ് ഗുണപാഠം. കോഴിക്ക് തന്റെ 'ലൈൻ' തിരുത്താൻ അവസരം കിട്ടിയില്ലെന്നുള്ളതും.'

ആ അവസരം മനുഷ്യവർഗ്ഗത്തിനും അപ്രാപ്യമായേക്കുമെന്നുള്ള വിഷാദചിന്തയോടെ വിജയൻ ഈ കുറിപ്പ് അവസാനിപ്പിക്കുന്നു.

ഒട്ടനവധി ശുഭാശംസകളോടെ,

(ഒപ്പ്)

ചെയർമാൻ

കെ. ടോണി ജോസ്

ലേഖനം

ബ്രൂസ്‌ലി കുരുവിള തോമസ്
രണ്ടാംവർഷ എം. എ. മലയാളം

# ഈ ക്ലിന്റൺ സായ്‌വ് നമ്മുടെ ആരാണ്...?

നാട്ടുകാർ പറയുന്നത് ലോകപോലീസാണ് അമേരിക്ക എന്നാണ്. പക്ഷേ ഞാൻ കരുതുന്നത് അമേരിക്ക ലോകദാദയാണെന്നാണ്. ഒറ്റ വാചകത്തിൽ ഇങ്ങനെ പറഞ്ഞതുകൊണ്ടായില്ലല്ലോ. നമ്മുടെ കുട്ടികൾ പഠിച്ചുതുടങ്ങേണ്ട ആദ്യാക്ഷരം മുതൽ നമ്മുടെ ദൈനംദിന ഭക്ഷണക്രമം വരെ നിശ്ചയിക്കുന്നത് അമേരിക്കയുടെ ക്ലിന്റൺ സായ്‌വ് ആണ്. ഇതിനെതിരെ ധാർമ്മികരോഷം കൊള്ളുന്നവരും ഓലപ്പടക്കങ്ങൾ വലിച്ചെറിഞ്ഞ് തെളിയുന്നവരും അതിനെ വിമർശിക്കുന്നവരും എല്ലാവരും കൂടി ഗീർവാണങ്ങളിൽ സ്വയം മറക്കുമ്പോൾ നമ്മളിങ്ങനെ നമ്മുടേതല്ലാത്ത ആദ്യാക്ഷരങ്ങൾ പഠിച്ച്, പേരറിയാത്ത അരിയുടെ ചോറുണ്ട്, ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രത്തിൽ കഴിഞ്ഞ്കൂടിപ്പോകുന്നു. അല്ല.... നമുക്ക് അതെങ്കിലുമാവുന്നുണ്ട്. മറ്റുള്ളവർക്കോ....? നോക്കാം...

തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വിഘാതമെന്ന് കണ്ടാൽ ലോകത്തിലെ ഏതൊരു ജനവിഭാഗത്തെയും - പ്രത്യേകിച്ച് മൂന്നാം ലോകരാജ്യങ്ങളെ - പുഴുക്കളെപ്പോലെ കാണാനും ചവിട്ടിയരയ്ക്കാനും യാതൊരു ഉളുപ്പും കാണിക്കാത്തൊരു രാജ്യമാണ് അമേരിക്ക. മറ്റ് രാജ്യങ്ങൾക്ക് മേലുള്ള ഇത്തരം കടന്ന് കയറ്റങ്ങൾക്ക് 'മനുഷ്യാവകാശ സംരക്ഷണം' എന്നതുപോലുള്ള ആദർശവത്കൃത പരിവേഷം നൽകാനുള്ള ചങ്കൂറ്റവും അവർക്കുണ്ട്. പക്ഷെ, കഴിഞ്ഞ ഒരു ദശകത്തോളമായി എവിടെയൊക്കെയോ അമേരിക്കയ്ക്ക് തിരിച്ചടികളേൽക്കുന്നുണ്ട്. ഒന്നുമില്ലെങ്കിലും നമ്മുടെ കൊച്ചുകുട്ടികൾപോലും അമേരിക്കയെ ഒരു മൂരാച്ചിയായി കാണുകയും അതിനോട് ഒരു ഹിംസാത്മക പ്രവണതയെ വളർത്തുകയും ചെയ്യുന്നുണ്ട്. അതുകൊണ്ടാണ് നമ്മുടെ അണുസ്ഫോടനം രാജ്യമെങ്ങും ഒരു 'ചീപ്പ് പോപ്പുലാരിറ്റി' യെ ഉയർത്തിയത്.

അമേരിക്കയുടെ സൈനിക ഇടപെടലുകളുടെ പൊള്ളത്തരങ്ങൾ വ്യാപകവും ശക്തവുമായ പ്രതിഷേധങ്ങൾക്കിടയായിത്തുടങ്ങിയത് ഗൾഫ് യുദ്ധത്തോടെയായിരുന്നു. യുദ്ധത്തിന്റെ സാഹചര്യങ്ങൾ സൃഷ്ടിച്ചത് മുതൽ ഇറാഖിനെ തോല്പിച്ചത് വരെയുള്ള നാളുകളിൽ ലോകത്തിന്റെ മുന്നിൽ പുതിയ പുതിയ വിശദീകരണങ്ങൾ നിരത്താൻ അമേരിക്ക എത്രയോ തത്രപ്പെട്ടിരിക്കുന്നു. അമേരിക്കയുടെ വിദേശനയത്തിൽ രാഷ്ട്രീയത്തോടും സാമ്പത്തികത്തോടും ഒപ്പം തന്നെ വർഗ്ഗീയതയ്ക്കും ഒരു സ്ഥാനമുണ്ട്. ഗൾഫ് യുദ്ധത്തിൽ ഈ മൂന്ന് താല്പര്യങ്ങളുടെയും പിന്നണിയുണ്ടായിരുന്നു താനും.

മിഡിൽ ഈസ്റ്റിൽ അമേരിക്കയുടെ സാമ്പത്തിക താല്പര്യങ്ങൾക്ക് വെല്ലുവിളിയുയർത്തിയ ആയത്തുള്ള ഖുമൈനിയെ അമർച്ച ചെയ്യാൻ അമേരിക്കയുടേയും പ്പടെയുള്ള പടിഞ്ഞാറൻ രാജ്യങ്ങൾ വളർത്തിക്കൊണ്ടുവന്ന വില്ലനായിരുന്നു സദ്ദാംഹുസൈൻ. അന്ന് ഇറാനെതിരെ സദ്ദാമിനെ സഹായിക്കുന്നതിൽ കുവൈറ്റും സൗദിയും പടിഞ്ഞാറൻ രാജ്യങ്ങൾക്കൊപ്പമുണ്ടായിരുന്നു താനും. എട്ട്വർഷം നീണ്ടുനിന്ന ഇറാൻ-ഇറാഖ് യുദ്ധം തീർന്നപ്പോൾ സദ്ദാം സൈനികമായി വളർന്നതോടൊപ്പം സാമ്പത്തികമായി തളരുകയും ചെയ്തിരുന്നു. യുദ്ധം വരുത്തിയ ദാരിദ്ര്യത്തിൽ നിന്ന് കരകയറാനുള്ള ആഗ്രഹവും സൈനിക ശക്തിയിൽ നേടിയ കരുത്തുമാണ് സദ്ദാമിനെ കുവൈറ്റിലേയ്ക്ക് പടയോട്ടാൻ പ്രേരിപ്പിക്കുന്നത്. ഇത്തരമൊരു പ്രകോപനം സൃഷ്ടിക്കുന്നതിൽ പോലും അമേരിക്കയുടെ പങ്ക് മുഖ്യമായിരുന്നുവെന്ന് നിരീക്ഷകർ വില

യിരുന്നു. കാരണം, തങ്ങൾ തന്നെ വളർത്തി വലുതാക്കിയ സദ്ദാം തങ്ങളുടെ കൈയ്യിൽ ഒതുങ്ങുന്ന ഒരാളല്ലെന്ന് അപ്പോഴേയ്ക്കും അമേരിക്കയും കൂട്ടാളികളും മനസ്സിലാക്കിക്കഴിഞ്ഞിരുന്നു.

സൗദിയുടെയും കുവൈത്തിന്റെയും എണ്ണസമ്പത്ത് കൈയാളുക എന്ന സാമ്പത്തിക ലക്ഷ്യവും മിഡിൽ ഈസ്റ്റിന്റെ സന്തുലനത്തെ തകർക്കും വിധം, വളരുന്ന സദ്ദാമിനെ നശിപ്പിക്കുക എന്ന രാഷ്ട്രീയ ലക്ഷ്യവും ജൂതരാഷ്ട്രമായ ഇസ്രായേലിനെ സംരക്ഷിക്കുക എന്ന വർഗ്ഗീയ ലക്ഷ്യവുമായിരുന്നു അമേരിക്കയുടെ ഡെസർട്ട് സ്റ്റോം എന്ന സൈനിക ഇടപെടലിന് പിന്നിലെ മൗലിക പ്രേരണകൾ.

അമേരിക്കയുടെ ഇടപെടലിനെത്തുടർന്ന് സംഗതി പന്തിയല്ലെന്ന് കണ്ട സദ്ദാം പിൻമാറാൻ ഉപാധിയായി പലസ്തീൻ പ്രശ്നത്തിന്റെ പരിഹാരം മാത്രമേ അമേരിക്കയോടും യു.എന്നിനോടും ആവശ്യപ്പെട്ടുള്ളൂ. പക്ഷേ അമേരിക്ക അതിനെ പുച്ഛിച്ചു തള്ളി. അവർക്ക് യുദ്ധമായിരുന്നു ആവശ്യം. പലസ്തീനികളോട് മൃഗീയമായി പെരുമാറിയിരുന്ന ജൂതന്മാരെയും ഇസ്രായേലിനെയും അത്യന്തം സഹായിച്ചുകൊണ്ടിരുന്ന അമേരിക്കയുടെ നയം അമേരിക്കൻ ജൂതന്മാരുടെ വർഗ്ഗീയത യല്ലാതെ മറ്റൊന്നുമായിരുന്നില്ലതാനും. തങ്ങൾക്ക് അപ്രിയനായി മാറിയ ഒരാളെ തോല്പിക്കാൻ ഒരു രാജ്യത്തെ ജനങ്ങളെ മുഴുവനും ചുട്ടുകൊല്ലാനുള്ള വൻശക്തികളുടെ നീക്കം, ലോകം മുഴുവൻ സദ്ദാമിന് അനുകൂലമായ പുതിയൊരു വീരസഹതാപസമ്മിശ്ര തരംഗം സൃഷ്ടിക്കുന്നതിന് ഇടനൽകി. കുവൈത്ത് എന്ന ഒരു ചെറു രാജ്യത്തെ ആക്രമിച്ച് കീഴടക്കാൻ ശ്രമിച്ച സദ്ദാമിനെപ്പോലുള്ള ഏകാധിപതികൾ തീർച്ചയായും നശിപ്പിക്കപ്പെടേണ്ടവരാണ്. പക്ഷേ, അത് രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും മരുന്നും ഭക്ഷണവും നിഷേധിച്ച് കൊണ്ടാവണം എന്ന് ആർക്കാണ് പറയാൻ കഴിയുക? തന്നേയുമല്ല, ബർമ്മയിലും നൈജീരിയയിലും, അൾജീരിയായിലും ബോസ്നിയയിലും നടക്കുന്ന മനുഷ്യക്കുരുതികൾ കണ്ണുംകെട്ടി നോക്കിനിൽക്കുന്നതും ഇതേ അമേരിക്ക തന്നെയാണ്. അതുകൊണ്ടാണ് പറഞ്ഞത് തങ്ങളുടെ ആധിപത്യമനോഭാവത്തിനും സുഖലോലുപതയ്ക്കും പ്രയോജനപ്പെടാത്ത ജനവിഭാഗങ്ങളെ പുഴുക്കളായി കാണുകയും താല്പര്യങ്ങളെ തടസ്സപ്പെടുത്തുന്നവരെ ചതച്ചരയ്ക്കയും ചെയ്യുന്ന ചെകുത്താന്റെ സ്വഭാവമുള്ള ഭാദയാണ് ഈ അമേരിക്ക എന്ന്. കഴിഞ്ഞ ഏഴ് വർഷമായിട്ടും ഇറാഖിലെ ദുരിതമനുഭവിക്കുന്ന മനുഷ്യരാശിയോട് തെല്ലും കരുണ കാണിക്കാത്ത ഇതേ അമേരിക്കയെ ആണ് നമ്മളിപ്പോൾ ബോംബ് പൊട്ടിച്ച് പ്രകോപിപ്പിച്ചിരിക്കുന്നത്.

ബോംബ് പൊട്ടിച്ചതിൽ രാജ്യം മുഴുവനും കൈകൊട്ടി ആഹ്ലാദിക്കുമ്പോൾ ചിലർ പറയുന്നു ഇത് വലിയ ആപത്തായിപ്പോയെന്ന്. അതെന്താണ് കാര്യം? പൊട്ടി എന്ന് കേൾക്കുമ്പോൾ സന്തോഷാശ്രു പൊഴിക്കാനും ലഡു തിന്നാനും തോന്നേണ്ടുന്ന ഒരു സംഭവമല്ല ഈ അണുബോംബ് എന്നത് തന്നെ കാര്യം.

അണുബോംബ് ഉണ്ടാക്കാനും പരീക്ഷിക്കാനും സംരക്ഷിക്കാനും വേണ്ട ഭാരിച്ച ചെലവ് താങ്ങാൻ കഴിയുന്നൊരു രാജ്യമല്ല ഭാരതം. മരുന്നിനും ഭക്ഷണത്തിനും പ്രാഥമിക സൗകര്യങ്ങൾക്കും എന്തിന്, വീട്ടിൽ ചെടിയും മരവും വെച്ച് പിടിപ്പിക്കുന്നതിന്റെ പേരിൽ വരെ മറ്റ് രാജ്യങ്ങളെ ആശ്രയിക്കേണ്ടുന്ന നമ്മൾക്ക് മനുഷ്യനെ നിഷ്ഠൂരമായി നശിപ്പിക്കാൻ ഉപയോഗിക്കുന്ന അണുബോംബുകളെക്കൊണ്ട് എന്താണൊരു നേട്ടം? എത്രായിരം കോടിരൂപയാണ് ഈ രംഗത്ത് ചെലവഴിക്കേണ്ടി വന്നിരിക്കുന്നത്?

50 രൂപകൂലി കിട്ടിയ ഒരാൾ 49 രൂപയ്ക്ക് പടക്കം വാങ്ങി പൊട്ടിച്ച് അയൽക്കാരനെ പേടിപ്പിച്ച്, ഒരു രൂപയ്ക്ക് ലഡു വാങ്ങി കഴിച്ച് സന്തോഷിച്ച് കിടന്നുറങ്ങി, അയൽക്കാരൻ പടക്കം പൊട്ടിക്കുന്നത് കേട്ട് പാതിരായ്ക്ക് ഞെട്ടിയെഴുന്നേറ്റ് വിശന്ന് കരയുന്നതിലെ ദയനീയതയും പരിഹാസ്യതയും നമുക്ക് സങ്കൽപ്പിക്കാനാവുമോ? എങ്കിൽ അതാണ് നമ്മൾ പറ്റിച്ച പണി. ഇതുകൊണ്ട് നമ്മളാകെക്കൂടി നേടിയൊരു കാര്യം പാക്കിസ്ഥാനെ പേടിപ്പിക്കാൻ കഴിഞ്ഞെന്നതാണ്. പക്ഷേ അവർ ഒന്നുകൂട്ടി ആറെണ്ണം തിരിച്ചിങ്ങോട്ട് പൊട്ടിച്ചപ്പോ വേണ്ടാത്തോടത്ത് ചുണ്ണാമ്പ് വെച്ച് പൊള്ളിച്ച് പോലെയായി നമ്മുടെ അവസ്ഥ. എന്നിട്ട് കുട്ടികൾ പരാജയം മറയ്ക്കാൻ പറയും പോലെ, ആ സാങ്കേതിക വിദ്യ കട്ടതാണ്, മേടിച്ചതാണ്, ശക്തിയില്ലാത്തതാണ് എന്ന് കുശുമ്പ് പറഞ്ഞുകൊണ്ടിരിക്കുന്നു. എന്റെ ദൈവമേ, ഇതെന്തൊരു രാജ്യം?

അമേരിക്കയേയോ നമ്മൾ അവകാശപ്പെടും പോലെ ചൈനയേയോ പേടിപ്പിക്കാൻ ഇതിന് കഴിയില്ല. അവരുടെ കൈയിൽ ഇതുപോലത്തെ നൂറ് കണക്കിനുണ്ട്. ആർക്കും നേരെ ഇത് പ്രയോഗിക്കാനുമാവില്ല. എന്തിന്, അങ്ങനെയൊന്ന് സങ്കൽപ്പിക്കാൻ പോലും കഴിയില്ല. പിന്നെ..... പിന്നെന്തിനാണിത്?

അവിടെയാണ് ശരാശരി ഇന്ത്യക്കാരന്റെ മാനസികാവസ്ഥകളെ ഉത്തേജിപ്പിക്കുകയും ആവേശം കൊള്ളിക്കുകയും അതിനെ പിന്തുണയാക്കി മാറ്റുകയും ചെയ്യാമെന്ന തട്ട് പൊളിപ്പൻ ഇൻഡ്യൻ രാഷ്ട്രീയക്കാരന്റെ പാഴ്സ്വപ്നങ്ങൾക്ക് നിറം വച്ച് തുടങ്ങുന്നത്. വേണ്ടായിരുന്നെന്ന് പറയുന്നവരുടെ ഉള്ളിൽപ്പോലും ഇത്തരമൊരു സ്വപ്നതകർച്ചയുടെ വേദനയുണ്ട്. വെറും രണ്ട് മാസത്തെ പരിശ്രമങ്ങൾക്കകലെയായി ഇങ്ങനെയൊരു പടക്കമിരുന്നിട്ടും അത് പൊട്ടിക്കാൻ മെനക്കെടാതെ പേടിച്ചിരുന്നിട്ടിപ്പോൾ ഇന്നലെ വന്നവൻ പൊട്ടിച്ചും കൊണ്ട് പോയല്ലോ എന്ന നിരാശയാണ് കോൺഗ്രസ്സിന്റെ പരാതിയിൽ നിഴലിക്കുന്നത്. ഇന്നുവരെ പൊട്ടിക്കാതിരുന്നവരെല്ലാം തന്നെ അമേരിക്കയെ പേടിച്ചിട്ടാണ് അത് ചെയ്യാതിരുന്നതെന്ന് തീർച്ചയാണ്. റാവുപോലും ഒരിക്കൽ ശ്രമിച്ചിട്ട് ഉപേക്ഷിച്ചതാണ്. ഇന്ദിരാഗാന്ധി 74-ഓടു കൂടി നിർത്തിയതും പേടിച്ചിട്ട് തന്നെയാണ്. പൊട്ടിച്ചത് വലിയ ധീരതയായിപ്പോയെന്നല്ല പറഞ്ഞ് വരുന്നത്. പൊട്ടിച്ചതിനെക്കുറ്റപ്പെടുത്താൻ ധാർമ്മികമായ അവകാശമൊന്നും കുറ്റപ്പെടുത്തുന്നവർക്കില്ലെന്നാണ്. അവരുടെയൊക്കെ വേദന പോപ്പുലാരിറ്റി തങ്ങൾക്ക് നഷ്ടമായിപ്പോയതിലെ നിരാശ മാത്രമാണ്.

ഞങ്ങൾ അഞ്ചുപേരൊഴികെ (അമേരിക്ക, ഫ്രാൻസ് ബ്രിട്ടൺ, ജർമ്മനി, ചൈന) മറ്റാരും അണുബോംബ് പരീക്ഷിക്കാൻ പാടില്ലെന്ന് പറയുന്ന സി.ടി.ബി.ടി.യിൽ ഇന്ത്യ ഒപ്പിടണമെന്ന അമേരിക്കൻ വാദം അസ്സൽ ദാദായിസമാണെന്ന് കേൾക്കുന്ന ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. സ്വന്തം കൈയിലുള്ള ആയിരക്കണക്കിന് അണുബോംബുകൾക്ക് മേൽ അടയിരുന്നു കൊണ്ടാണിവരിത് പറയുന്നതെന്നുമോർക്കണം. യു.എന്നും ഐ.എം.എഫും ഈ നയത്തെ ഒരു പരിധിവരെ പ്രത്യക്ഷമായിത്തന്നെ പിന്തുണയ്ക്കുന്നവരുമാണ്.

ഇത്തരമൊരു ചുറ്റുപാടിൽ ഇന്ത്യയുടെ വാദങ്ങൾക്ക് എന്ത് പ്രസക്തിയാണുള്ളത്? നമ്മൾ പട്ടിണിപ്പാവങ്ങളാണെന്നത് പോകട്ടെ, ലോകരാഷ്ട്രങ്ങൾക്ക് മുൻപിൽ നമുക്കൊരു ആധികാരിക ശബ്ദമില്ലെന്നത് പോകട്ടെ, ഈ അണുശക്തികളുൾപ്പടെയുള്ളവരുടെ കാരുണ്യം കൊണ്ടാണ് നമ്മൾ കഴിഞ്ഞ് കൂടിപ്പോവുന്നതെന്നെങ്കിലും ഓർത്തിരുന്നെങ്കിൽ ഇത്തരമൊരു പുലിവാല് പിടിക്കില്ലായിരുന്നു.

ഇനി ഇന്ത്യക്ക് മുൻപിലുള്ളത് രണ്ട് വഴികളാണ്. ഒന്നുകിൽ അമേരിക്കയ്ക്ക് പൂർണ്ണമായും കീഴടങ്ങി അടിമയാവാൻ തയ്യാറെടുക്കുക - അതിനുള്ള ഒരു ചുറ്റുവട്ടമൊക്കെ കണ്ട് തുടങ്ങിയിട്ടുണ്ട്. ചർച്ച, സംഭാഷണം എന്നൊക്കെപ്പറഞ്ഞ് - അല്ലെങ്കിൽ ധീരമായി ചെറുത്ത് നിൽക്കുക. "പോടാ പുല്ലേന്ന്" പറഞ്ഞുകൊണ്ട്. പക്ഷേ അതിനുള്ള ഇച്ഛാശക്തി നമ്മുടെ ഭരണാധികാരികൾക്കുണ്ടാവുമോ?

അണുബോംബുയർത്തുന്ന ദാർശനിക പ്രശ്നങ്ങളെക്കാൾ പ്രാധാന്യം അതുയർത്തുന്ന സാമ്പത്തിക-സ്വാതന്ത്ര്യ പ്രശ്നങ്ങൾക്കാണ്. അണുബോംബിനല്ലാതെ തന്നെ, മനുഷ്യരെ കൊല്ലാൻ ഉപയോഗിക്കുന്ന ആയുധങ്ങൾ വാങ്ങിക്കൂട്ടാൻ നമ്മൾ ആയിരക്കണക്കിന് കോടിരൂപ ഓരോ ബജറ്റിലും നീക്കിവെയ്ക്കുന്നുണ്ട്. അത്തരമൊരു നീക്കം കൊണ്ടുയരാത്ത ദാർശനിക പ്രശ്നങ്ങളൊന്നും തന്നെ അണ്വായുധം കൊണ്ടും ഉയരുന്നില്ല. അയാൾ മരിച്ചോട്ടെ ഞാൻ പാടില്ലെന്നത് കേവല സ്വാർത്ഥത മാത്രമാണ്. (അണുബോംബിന്റെ സംഹാരശേഷി കൂടുതലാണല്ലോ) എന്നാൽ അനാവശ്യമായ ഒരു വെല്ലുവിളി ഉയർത്തുക വഴി കുനിഞ്ഞ് മാത്രം നിൽക്കേണ്ടിയിരുന്ന അമേരിക്കയുടെ മുൻപിൽ സാഷ്ടാംഗം പ്രണമിക്കേണ്ട ഗതികേടുണ്ടായിത്തീർന്നാൽ അതാണ് കൂടുതൽ ലജ്ജാകരം.

ജീവൻ നിലനിർത്തിപ്പോവാനുള്ള ഭക്ഷണവും മരുന്നും വസ്ത്രവും പാർപ്പിടവും ഉൾപ്പെടെയുള്ള ആവശ്യസൗകര്യങ്ങൾ വൻ ശക്തികൾക്ക് മുൻപിൽ ഇരക്കാതെ നമ്മുടെ സഹോദരങ്ങൾക്ക് ലഭ്യമാക്കാനും അത്യാവശ്യം സഹായങ്ങൾ മറ്റ് രാജ്യങ്ങൾക്ക് നൽകാനും വരെ പര്യാപ്തമായതിന് ശേഷം, അമേരിക്കയും പാകിസ്ഥാനും ചൈനയും പേടിക്കുമെങ്കിൽ ദിവസവുമോരോ ബോംബ് പൊട്ടിക്കുന്നതിനോട് എനിക്ക് യോജിപ്പാണ്. പക്ഷേ അത്രയുമേ പാടുള്ളൂ.

തുറന്ന് വച്ച് കൊടുത്തിരിക്കുന്ന വാതിലുകൾ കൂടുതൽ മലർക്കെ തുറക്കാനും യൂറോപ്യൻ സായ്പുമാരുടെ റാൻമൂളികളാകാനുമുള്ള ഒരു രണ്ടാം തയ്യാറെടുപ്പിലേയ്ക്ക് വരെ വഴിതെളിച്ചേക്കാവുന്ന ഈ പടക്കം പൊട്ടിക്കൽ ഇച്ഛാശക്തിയും ആർജ്ജവത്വവുമില്ലാത്ത നമ്മുടെ ഭരണകർത്താക്കളെക്കുറിച്ചോർത്ത് ലജ്ജിക്കാനുള്ള അവസരമേ ഉണ്ടാക്കുന്നുള്ളൂ. ക്ലിന്റൺ സായ്പിന്റെ സംസ്കാരത്തോടും അളിഞ്ഞ സമ്പത്തിനോടും സ്വത്വബോധമില്ലാത്ത നമ്മുടെ ജനത കാണിക്കുന്ന വിധേയത്വം കൂടിയാവുമ്പോൾ രാജ്യത്തിന്റെ ചിത്രം ഏതാണ്ട് പൂർണ്ണമാകുന്നുണ്ട്.

കഥ

ആതിര
രണ്ടാം വർഷ മലയാള ബിരുദം

# കാത്തിരിപ്പ്



പുലർച്ചയ്ക്കുള്ള വണ്ടിയിൽ കയറി ഇരുന്നപ്പോഴും എനിക്ക് ഉറക്കച്ചടവ് മാറിയിരുന്നില്ല. എങ്കിലും എന്തിനോ വേണ്ടിയുള്ള ഉത്സാഹത്തിന്റെ നേർത്ത നിഴൽ എന്നിൽ തിരിനീട്ടിനിന്നു. മഞ്ഞ് വീണ് കുളിർത്ത് കിടന്ന പാതയിലൂടെ ബസ്സ് നീങ്ങുമ്പോഴും മനസ്സിൽ ഒരായിരം സ്വപ്നങ്ങൾ കലമ്പൽ കൂട്ടി. ബസ്സിന്റെ വേഗത വർദ്ധിച്ചപ്പോഴും, വഴിയോരവൃക്ഷങ്ങൾ മത്സരബുദ്ധിയോടെ ഭൂതകാലം തിരയുകയാണോ എന്നെനിക്കു തോന്നി.

'അവനെക്കുറിച്ചുള്ള ചിന്തകൾ........ അതെ, വർഷങ്ങൾക്കു മുമ്പ്.....'

എന്റെ മനസ്സ് ഞാൻ കടന്നുവന്ന വഴികളിലൂടെ വീണ്ടും സഞ്ചരിക്കാൻ വെമ്പിനിന്നു.

അതെ, ഇന്നത്തെ എന്റെ ഈ യാത്രയ്ക്ക് അർത്ഥമുണ്ട്. വളരെ കാലമായി ഞാൻ കാത്തിരുന്ന ഒരസുലഭമുഹൂർത്തമാണ് ഇന്നെനിക്ക് ലഭിക്കാൻ പോകുന്നത്. ഈ സമയം വണ്ടിയുടെ വേഗതയ്ക്കുമപ്പുറം എന്റെ മനസ്സിന്റെ വേഗത വർദ്ധിക്കുന്നതായി തോന്നി.

എന്റെ വഴിയിൽ എനിക്കിത്തിരി സാന്ത്വനത്തിന്റെ തെളിനീർ പകർന്നു തന്നവൻ.... എന്റെ മനസ്സിലെ വ്യഥകളുടെ മുൾപ്പടർപ്പുകൾക്കിടയിൽ വസന്തം നിറച്ചവൻ.... ഓരോ ദിനവും പൊട്ടിത്തകരുമ്പോഴും അതിന്റെ സത്ത ഊറ്റി നീറുന്ന കവിതകൾ രചിച്ചിരുന്ന എന്റെ പ്രിയപ്പെട്ടവൻ..... അതെ, അവനായിരുന്നു എന്റെ എല്ലാം.

ഇതെന്റെ വെറും തോന്നലായിരുന്നുവോ...? എനിക്ക് നേരെ സാന്ത്വനത്തിന്റെ കരങ്ങൾ നീട്ടി അവൻ എന്നെ വെറും വിഡ്ഢിയാക്കുകയായിരുന്നുവോ.....?

ഒരു പക്ഷെ ഇതെല്ലാം എന്റെ തോന്നലുകൾ മാത്രമാവാം.

അവനൊരിക്കൽ പറഞ്ഞു: "എല്ലാം അവസാനിക്കുകയാണ്. ഈ ജീവിതവും......"

ഇതുകേട്ട് ഞാനവനെ പരിഹസിച്ചു. "നീ എന്താണീ പറയുന്നത്. നിനക്ക് വട്ടാണ്. നിനക്ക്......."

അതുകേട്ട് അവനെന്നെ ദൈന്യതയോടെ നോക്കി പുഞ്ചിരിച്ചു. ആ വരണ്ട ചിരിയിൽ എന്തൊക്കെയോ രഹസ്യങ്ങളൊളിച്ചിരുന്നു.

എന്നും നിഗൂഢതകളിലൊളിച്ചിരുന്ന അവൻ എന്നോടൊരു വാക്ക് പോലും പറയാതെ ഒരു ദിവസം എവിടേയ്ക്കോ പോയി. സാന്ത്വനത്തിന്റെയും സ്നേഹത്തിന്റേയും കരങ്ങൾ നഷ്ടമായ ഞാൻ ഏകാന്തതയുടെ തടവറയിലായി. അവിടെ ഞാനും എന്റെ ചിതലരിച്ച ഓർമ്മകളും........

ഒരുപാട് നാളുകൾക്ക് ശേഷം, ഒരു ദിവസം യാദൃച്ഛികമായി ഒരു കത്തു കിട്ടി. അവന്റെ കൈപ്പടയോടു കൂടിയ ഒരു കത്ത്. അത് പൊട്ടിച്ച് വായിക്കുമ്പോൾ ഹൃദയം വീർപ്പുമുട്ടുന്നതായി തോന്നി. അവൻ എന്നെ കാണാൻ വരുന്നു........ അതെ, എന്റെ ഏകാന്തതയ്ക്കൊരറുതി കുറിച്ചുകൊണ്ടവൻ......

കടങ്കഥകൾക്കപ്പുറത്തു നിന്നും ദുരൂഹമായ വഴികൾ താണ്ടി അവനെന്നെ തേടി വരുന്നു, വീണ്ടും രഹസ്യങ്ങളുടെ കനത്ത ഭാണ്ഡവും പേറി അവൻ...... ഓരോ ദിനവും എന്റെ ഹൃദയഗതി കൂട്ടിക്കൊണ്ടിരുന്നു.

ഒടുവിൽ ആ ദിനം വന്നു.

ബസ്സ് റെയിൽവേ സ്റ്റേഷൻ സ്റ്റോപ്പിലെത്തിയത് ഞാനറിഞ്ഞില്ല. സ്വപ്നലോകത്തായിരുന്ന എന്നെ ആരോ തട്ടിവിളിച്ചപ്പോഴാണ് ഉണർന്നത്. ബസ്സിൽ നിന്നിറങ്ങി ഞാൻ വെയിറ്റിങ് ഷെഡിൽ പോയിരുന്നു. അവിടെ ഞാൻ എത്രനേരം ഇരുന്നുവെന്നറിയില്ല. ഇതിനിടയിൽ വണ്ടികൾ വരികയും പോവുകയും ചെയ്തു. പക്ഷേ, അവൻ മാത്രം വന്നില്ല.

അവസാന വണ്ടിയും വന്നു, ആ വണ്ടിയിലും അവനില്ലെന്നറിഞ്ഞ് ഞാൻ തളർന്നുപോയി. കണ്ണുകൾ നിറഞ്ഞൊഴുകി. ഹൃദയത്തിൽ വേദനയുടെ നീറ്റൽ.

ഈ സമയം അവൻ.... അതെ, നിഗൂഢതകളിലൊളിച്ച് അവൻ എവിടെയോ ഒരിടത്തിരുന്ന് കളിയാക്കിച്ചിരിക്കുന്നുണ്ടാവും. ഒരുപാട് രഹസ്യങ്ങൾ അടക്കിയ ഒരു വിഡ്ഢിച്ചിരി.........

KURIAN'S COMPUTERISED EYE CLINIC
DISPENSING OPTICIANS
CATHOLIC CENTRE
ALUVA
PHONE : 623911

നിങ്ങൾ സങ്കൽപ്പിക്കുന്നു !!!
ഞങ്ങൾ യാഥാർത്ഥ്യമാക്കുന്നു !!!!
മൂലൻസ് ഗ്രൂപ്പിന്റെ
ഒരു നൂതന സംരംഭം

MOOLANS SHOPPING CENTRE

മൂലൻസ് ഷോപ്പിംഗ് സെന്റർ
കെ. എസ്. ആർ.ടി. സി. ബസ് സ്റ്റാൻഡിന് എതിർവശം.
ഹൈവേ റോഡ്, അങ്കമാലി (ഫോൺ : 452561)
★ സൂപ്പർ മാർക്കറ്റ് ★ സ്റ്റേഷനറി ★ ബ്യൂട്ടി പെയിഡ് ഷോപ്പ് ★ ജോക്കറി ★ ലേഡീസ് സെന്റർ ★ കോൾഡ് സ്റ്റോർ
★ ഗിഫ്റ്റ് ആർട്ടിക്കിൾസ് ★ ക്രോക്കറി
N.B: ഡോർ ഡെലിവറി സൗകര്യം ഉണ്ടായിരിക്കുന്നതാണ്

കഥ
ജി. സംഗീത
രണ്ടാംവർഷ ഇംഗ്ലീഷ്
എം. എ.

# കണ്ണീരിന്റെ ബന്ധങ്ങൾ

നക്ഷത്രങ്ങളെ നോക്കിക്കിടക്കുമ്പോൾ അവളെന്റെ അരികിൽ വന്നിരുന്നു. നക്ഷത്രങ്ങൾ കാർമേഘപാളികൾക്കിടയിലേക്ക് മറഞ്ഞപ്പോൾ നീണ്ട ഒരു മൗനം മുറിച്ചുകൊണ്ട് ഞാൻ പറഞ്ഞു, 'അവയ്ക്ക് എന്നോട് പരിഭവമെന്ന് തോന്നുന്നു.' വളരെ ലാഘവത്തോടെ അതു പറയുമ്പോഴും ഉള്ളിൽ ഞാൻ കരഞ്ഞുകൊണ്ടിരുന്നു. അന്നും എന്റെ മോഹങ്ങൾ കൊല്ലപ്പെട്ടിരുന്നു. അവളെന്നെയൊന്ന് പാളിനോക്കി. സ്നേഹവും കടമയും തുലാസ്സിൽ തൂങ്ങുമ്പോൾ ഞാൻ, എന്റേയും അവളുടേയും ആദർശങ്ങൾ പണയം വച്ചിരുന്നു. അന്നത്തെ ആ തീപാറുന്ന നോട്ടമായിരുന്നില്ല ഇത്.

* * *

മോഹങ്ങൾ കൊല്ലപ്പെട്ട് നീറിപ്പിടഞ്ഞ് മരിച്ചുകൊണ്ടിരുന്ന ആ സന്ധ്യയിൽ ഞാൻ ആർക്കൊക്കെയോ വേണ്ടി പുഞ്ചിരിച്ചുകൊണ്ടിരുന്നു. അവൾ എന്റെ കണ്ണുകളിൽ നോക്കിപ്പറഞ്ഞു, 'ഞാനും നീയുമൊക്കെ ഓരോ ഫൊണിക്സ് ആണ്. മോഹങ്ങളുടെ വടവൃക്ഷം കടപുഴകി വീഴുമ്പോൾ, എന്നും കൊല്ലപ്പെടാനും വീണ്ടും അടുത്ത മരണത്തിനായ് ജനിക്കാനും വിധിക്കപ്പെട്ടവർ.' തികച്ചും പ്രതീക്ഷിക്കാതെ അത് കേട്ടപ്പോൾ ഓർത്തു, 'നീ എന്നും ഞാൻ പറയാതെ പോയ എന്റെ വാക്കുകൾ മോഷ്ടിക്കുന്നു. എന്റെ ആത്മാവ് നീ അറിയുന്നതുപോലെ.' അതു ഞാൻ പറഞ്ഞില്ല. 'മോഹങ്ങളെ സ്വയം കൊല്ലാനുള്ള ശക്തി കൈവരിക്കുമ്പോൾ നിത്യവുമുള്ള ഈ മരണത്തിൽ നിന്നു ഞാൻ രക്ഷപ്പെടും.' അതൊരു പ്രതീക്ഷ മാത്രമാണെന്നറിയാമായിരുന്നിട്ടും ഞാനങ്ങനെ പറഞ്ഞു. പിന്നേയും വളരെനേരം ഞങ്ങൾ വാക്കുകളോടൊപ്പം അലഞ്ഞു നടന്നു. വാക്കുകൾക്ക് മുറിവുണക്കാൻ കഴിയുമെന്ന് ഞാൻ പറയാറുണ്ടായിരുന്നെങ്കിലും ഇത്തവണ നിന്റെ കണ്ണുകൾ നിറഞ്ഞു. നീ പറഞ്ഞു, 'നിർത്താം.' ഞാൻ മരണവേദന അനുഭവിച്ചുകൊണ്ടിരുന്നു, അപ്പോഴും.

* * *

കാർമേഘങ്ങളുടെ ഇടയിൽ നിന്നും നക്ഷത്രങ്ങൾ ഇറങ്ങി വന്നു. അപ്പോൾ അവൾ പറഞ്ഞു: 'ഒരിക്കൽ നീ പറഞ്ഞു, നീ എന്നിൽ നിന്നെത്തന്നെ കാണുന്നുവെന്ന്. അന്ന് നീ എനിക്കു തന്ന വിശ്വാസം..... അതിനുമേലെയായി എനിക്ക് ഒന്നും വേണ്ട.' ഏതു സ്നേഹബന്ധത്തേക്കാളും വിലപ്പെട്ടത്, എനിക്ക് നീയാണെന്റെ അനുജത്തി എന്ന് ഞാൻ, പക്ഷെ എന്തുകൊണ്ടോ പറഞ്ഞില്ല.

Story
Neelima Ravi Kumar
I BA English



# Of Dreams and Dreamers

Every little thing in life starts with a dreams. An illusion shapes up in the mind and somewhere in the distance lies an island of joy. Great men have strived to make their dreams come true while the rest admire them for their glory.

We all have dreams . Simple hardworking men would dream that they will get a reasonable salary, purchase a cottage in the countryside, marry, rear children and live to see their grand children. The artist would dream of living a life devoted to the canvas just as the musician would desire an existence of a musical kind. Then there are the fanciful variety of dreams. I knew an Anglo Indian man of age fifty something, and one of the most jovial hearts on earth. He envisioned a day when he would dance with the Princess of Wales. It never materialised of course.

Let's look at the more ambitious dreams. History boasts of many castle

builders. Alexander the great, at the tender age if seventeen, wished to conquer the world. Through he died soonafter he had commenced on a merciless conquest, he set a good example to the many warriors after him. Subhash Bose had a dream to liberate India from the clutches of foreign rule and despite every obstacle in his path, he had the conviction to carry out his ideas until his dying day.

Today the river of dreams in man's life seems to have dried up. A routine timetable has been set and everyone moves accordingly. No time to contemplate and no time to wonder. It would make a world of difference it people would dream of the books they've read, the sights seen and music heard. Life would lose its worldly strain and take on a new, more challenging hue.

The earth we live on today is very different from what our ancestors have seen. All the scientific advances that have provided so much comfort to the common man, are the products of thinking minds. The problems India faces today are a reminder of the lack of visionaries in our country. Why is it that many educated Indians leave their home country?. Isn't it obvious that India is no longer a haven for dreams to come true? Here there prevails a society that is afraid to take risks and abhors impediments in life. If only the average Indian could rise above the norms of his society and venture out into the world with fresh new ideas, then India would stand the chance of becoming one of the finest nations on earth.

When Christopher Columbus set out to discover India, all he had before him was a small group of sailors on one side and the vast, roaring ocean on the other. After his triumphant discovery of America he returned to spain a broken man and strange enough, the died penniless. The tragedy of Columbas's life lay in the fact that none cared to recognise his dream until it was much too late. This is the case in India too. Men with even a hint of a dream are not allowed to grow and broaden their horizons. Traditions bar the thinker as well as unnecessary social pressures. The United States is called the land of opportunity since there the dreamers are respected and not dismissed as irrresponsible eccentrics. The Japanese even respect those dreamers who have failed . We as Indians must have dreamers for a cleaner, safer, less corrupt country and choose those leaders who have a vision worthwhile.

If man stopped a while and began to think, for himself, his town, his nation and the world in general, much would be acquired. Only dreams can create a brighter future and only a dreamer can shatter the shackles of the age .............. and achieve.

ആശംസകൾ:

വെയിലിനും മഴക്കുമെതിരെ,
ഈടുറ്റതും മനോഹരവുമായ

# ഫാംകോ കുടകൾ

ചിൽഡ്രൻസ്, ജൻറസ്, ലേഡീസ്, ടൂഫോൾഡ്,
ത്രീഫോൾഡ് കുടകൾ. സംസ്ഥാന ഫാമിംഗ്
കോർപ്പറേഷന്റെ മറ്റൊരു ഉൽപ്പന്നം

സമീപിക്കുക - :

## ദി കേരള സംസ്ഥാന ഫാമിഗ്

**കോർപ്പറേഷൻ ക്ലിപ്തം,**

**നെല്ലിപ്പള്ളി, പി.ഒ പുനലൂർ**

**ഫോൺ : 222252/222245**

Poem
Kamal Menon
II PDC

# HIGHLIGHTS OF MY LIFE



*On a cold November morn,*
*With the moon about to set*
*A cry announced*
*The birth of me.*

*Days and months passed by,*
*And I stood on my feet*
*And slowly began to walk,*
*With the whole world under my feet*

*One day I opened my mouth*
*And spoke*
*In the language of Angels*
*I called my mother "mo"*

*And then I went to the school*
*Looking strange in strange attire*
*A big bag on my back*
*To spend part of my life in it.*
*Years rolled by and I have grown*
*And I am here now, in this great Institution*
*With pride in my heart and thoughts*
*of a future*
*A future brighter then the past*

Poem
Brijeshlal V.B.
III BSc. Chemistry

# Poem

Now in this land
One cannot speak aloud
So poem
Like a flower I sport with you.
Before my eyes, incident up on incident
Awesome trembling
Walking yet sleeping, eyes open but dreaming
Standing yet seeing nightmares
In dreams in reality
Only fearsome shivering instances
So around me closing eyes
Palms on ears
moulding the heart to a mere thing of clay
I write poems about flowers
Now in this land,
One should only think of flowers
Dreams of flowers
For my brothers, my lover, for my job
To protect myself from harm.

അര നൂറ്റാണ്ട് കാലത്തെ സേവന പാരമ്പര്യമുള്ള
അങ്കമാലി സിറ്റി ലെതർ വർക്സിന്റെ പുതിയ സംരംഭം

City Wear

**GENTS READYMADE**

ANGAMALY

**jeans :- newport, triger, oxemberg, sunnex, best waist Ruf& tuf**
**Shirt :- Zodiac, dh, peter england, independence, premier, zero, oxemberg**

**Wit**
Merin M. Koshy
I DC Zoology





# Laugh *it out*

*1. A nervous father - to - be telephoned to the hospital and announced frantically*

*I am bringing my wife in. She is going to have a baby"*
*"Is this her first baby?" asked the nurse who was on the phone*

*" Of course not" stammered the distraught young man. " This is her husband"*



2. *When the gardener suddenly took ill, the wealthy matron decided to visit him in the hospital. Approaching the visitor's desk, she announced "I have come to see Mr.Johnson in Room Number Six-One-Three.*
*"Are you his wife?" asked the nurse on Duty.*
*"Certainly Not!" retorted the haughty dowager.*
*"I am his mistress"*

# UNION CHRISTIAN COLLEGE, ALWAYE - 2

## REPORT OF SD NCC - 1997-'98



Dr. David Saj Mathew
N.C.C. Officer



Anila E.I.
N.C.C. Officer

Total 123 cadets were enrolled for this training period, Training started from August onwards.

Camps:

1. ATC - 50 cadets participated ir three ATC camps.
2. Army Attachment - 3 cadets attended the regular army attachment camp held at Belgaum during Onam Vacation.
3. Sgt.Jayram Kallidikkil participated in BLC Delhi.
4. 100 cadets participated in the Social Service conducted in connection with Sandhi Jayanthi in co-operation with Aluva Municipality - Cleaning Government Hospital premises, cleaning roads, etc.
5. 12 cadets render the volundership to a medical camp conducted by Lion's Club, Aluva at Chowwara on 2nd January 1998.
6. 30 cadets participated in NCC day camp at Maharaja's College ground on 27th November 1997.
7. 25 Cadets participated in Republic Day Parade conducted by Ernakulam Group at Maharaja's College ground on 26th January 1998.



Sgt.Smitha Thomas C.
Best turn out
IInd Year



Varghese K.A.
J.U.O.



U.O. Meena M.
BLC Cadet

Cadets Appointment:

| | | | |
|---|---|---|---|
| 1. | CSU | - | Prem Varghese |
| 2. | CSU | - | Alias V.K. |
| 3. | CMO | - | Varghese K.A. |
| 4. | CMO | - | Eledo David |
| 5. | CMO | - | Nizar M.A. |
| 6. | CSM | - | Prejesh C Kumar |
| 7. | SQMS | - | Jimu Paul |
| 8. | Sgt. | - | Manoj Kumar K.M. |
| 9. | Sgt. | - | Jayaram Kallidikil |

7th February 1998 was observed on sub units training closing camp. Commanding officer of 22 (K) Bn. NCC and Principal of the college were attended the function. The programme begins with photo session. A formal meeting in which prize were distributed to cadets also were achieved and render good service cadet was given to Sgt.Jayram Kallikikil who pariticpated in BLC Delhi. Colourful cultural program and camp was arranged in this day. But girls and boys submi participated in this closing camp.

Five cadets got 'B' certificate and 2 cadets got 'C' certificate during 1996-'97 training period.

1997'98 - 19 cadets appearing for 'B' Certificate examination.

1997-'98 -6 cadets appearing for 'C' Certificate examination.

## T(K) GIRLS BN. NCC TRICHUR

| | | |
|---|---|---|
| NCC officer | - | 2/Lt. Anila E.I. |
| SUO | - | Sreevidya C.G., III D.C. Economics |
| UO | - | Meena. M, I D.C. Economics |
| UO | - | Lenizabeth, I D.C. Economics |

*To shoulder the responsibilities of nation building and to activiate the dyanamism among girls were the principles behind the formation of the girl wing of NCC in UCC. this year also we adhered to the same spirit and launched our projects and practices.*

***Parades and Camps***

*24 parades were conducted. Our cadets participated in the ATC-Elthuruth, NIC, pondicherry, Trekking -*


U.O. Lenizbeth
Best Cadet


Sgt.Serin Yohannan
Best Cadet


Sgt. Merin M.
BLC Cadet


Sreevidya C.G.
SUO


Sheena Varghese
Cadet


Sgt. Jayaram
Kallidukkil


Eldo


Nizar M.A.
C.U.O.


Sgt. Smitha K.N.
Best Cadet


V.K. Aiias

*Ootty and Hospital attachment camp at Naval Base Cochin, U.C Meena. M and Sgt. Merrin M. Koshy attended BLC Delhi. UO Meena. M Annexed gold medal in the intergroup competetion in signals. Sgt. Serin Yohannan attended mountaniering expedition in Uttarkashi. 20 cadets participated in the parasailing/gliding camp organised by the national adventure foundation. Our cadets actively took part in the socials ervice organised by Aluva Municipality. We are thankful to our principal and college authorities for giving support and guidance. We are determined to achieve mere heights in the following years.*

### Awards for the Year '97-'98

***Best Cadets***

| | | |
|---|---|---|
| *Ist Year* | - | *Cdt. Sheena Varghese* |
| *IInd Year* | - | *Sgt. Smitha K.N.* |
| *IIIrd Year* | - | *UO Lenizabeth Mathew* |

***Best Turn Out***

| | | |
|---|---|---|
| *Ist Year* | - | *Cdt. Lehara S. Pillai* |
| *IInd Year* | - | *Sgt. Serin Yohannan & Cpl. Smitha Thomas* |
| *IIIrd Year* | - | *UO Meena M.* |

***Best Cadet in Use of FIre-Arms***

*Sgt. Merin M. Koshy & SUO. Sreevidya C.G.*

Poem

Jinu Rajeev.P.

II PDC

# A Smile

( In the memory of some of unforgettable smiles)

*A smile, it's the magic of life,*
*A light from the heart,*
*A way to the heart*
*And much more ..........*

*Let the pain go away,*
*Let us gain something*
*Just keep smiling.*

*Forget the sweetness of love;*
*Just keep smiling*

*To forget the past,*
*To live in the present,*
*Just keep smiling*

*To untie the knots of problems,*
*To live a life of freedom*
*Just keep smiling*

*Wipe off the clouds of sorrow*
*Spread the sunshine of glee*
*Just keep smiling*

*Not to rust friendships*
*To keep them burnished with smiles,*
*Just keep smiling*

*To one brought down by loss*
*A little drop of kindness*
*A tiny trickle of love*
*Just keep smiling*

*There's nothing to lose*
*But a lot to win;*
*Just keep smiling*
*Billions can't measure a smile.*



ഒടുവിൽ
അനിവാര്യമായ ചരിത്രസന്ധിയിൽ
ആചാര്യൻ അരങ്ങൊഴിഞ്ഞു.
ചരിത്രസ്രഷ്ടാവ്
സ്വയം ചരിത്രമായി മാറി......
എങ്കിലും നമുക്ക് സന്തോഷിക്കാം,
ആ മഹാതേജസ്സിന്റെ പ്രകാശപഥത്തിൽ
ജീവിക്കാനായതിന്.....
നമുക്ക് നന്ദിയുള്ളവരായിക്കാം,
നാം നാമായതിന്.

# UNION CHRISTIAN COLLEGE ALWAYE

## PRINCIPAL'S REPORT

Principal's Report to the Annual Meeting of the Standing Council of the Union Christian College Association on 21st March, 1998.

I have great pleasure to present this report for the period: 1 April, 97 - 21 March. 98.

### Analysis of results of University Examination April/May 1997

| Class & Group | No. Students presented | No. appeared | Rank | Dist | Ist | 2nd | 3rd | Total | Percentage |
|---|---|---|---|---|---|---|---|---|---|
| Pre-Degre | | | | | | | | | |
| Gr. I | 157 | 150 | | 45 | 70 | 17 | 04 | 136 | 91 % |
| Gr. II | 159 | 159 | | 10 | 74 | | | | |
| Gr. III | 154 | 154 | | 00 | 06 | 28 | 54 | 088 | 67.1% |
| B.A. Degree | | | | | | | | | |
| History | 28 | 25 | | | 2 | 12 | 8 | 22 | 88% |
| Economics | 53 | 50 | | | 13 | 9 | 21 | 43 | 86% |
| Psychology | 22 | 22 | | | 10 | 3 | 8 | 21 | 95% |
| English | 37 | 36 | | | 2 | 10 | 13 | 25 | 69% |
| Malayalam | 33 | 33 | | | 12 | 11 | 8 | 31 | 94% |
| BSc. Degree | | | | | | | | | |
| Mathematics | 35 | 34 | | | 26 | 3 | 2 | 31 | 91% |
| Physics | 27 | 27 | 1st | | 20 | 4 | 1 | 25 | 93% |
| Chemistry | 28 | 26 | | | 19 | 4 | | 23 | 88% |
| Botany | 28 | 27 | | | 17 | 8 | 2 | 27 | 100% |
| Zoology | 17 | 16 | | | 9 | 2 | 1 | 12 | 75% |
| M.A. Degree | | | | | | | | | |
| History | 13 | 12 | | | 3 | 5 | 3 | 11 | 85% |
| Economics | 14 | 13 | 1st | | 1 | 4 | 4 | 10 | 71% |
| English | 16 | 15 | 1st | | 1 | 11 | 2 | 15 | 94% |
| Malayalam | 15 | 15 | | | | 9 | 3 | 12 | 80% |
| MSc. Degree | | | | | | | | | |
| Mathematics | 13 | 11 | | | 4 | 2 | 1 | 7 | 64% |
| Physics | 13 | 12 | 2nd | 2 | 10 | | | 12 | 92% |
| Chemistry | 11 | 11 | | | 7 | 2 | | 9 | 82% |
| Botany | 12 | 11 | | | 5 | 3 | | 8 | 73% |

The college secured sixth Position in the Pre-Degree Examination of the MG University held during March-April 1997

Rank Holders:

.Miss.Manju U secured 1st Rank for B.Sc. Physics

.Miss.Manju Mathew secured 1st rank for B.A Final Psychology

.Miss.Sonia Chacko secured first rank in M.A. (English)

.Miss.Shaila Beevi A secured first rank in M.A. (Economics)

.Miss.Santhi A. and Miss.Nanditha A. secured second and third ranks in the M.Sc. (Physics) examination of the M.G. University during April-May 1997.

**Scholarships and prizes**

| | | |
|---|---|---|
| *English:* | | |
| Smt.Saraswathi Amma Scholarship | 500.00 | K Honey Alex |
| | 500.00 | Sonia Chacko |
| Alexander Marthoma Endowment | 150.00 | * |
| Rev.T.V.John Memorial | 200.00 | * |
| Aravamutham Iyyengar Memorial | 200.00 | * |
| *History:* | | |
| Fr.T.K.Elias Endowment Prize | 250.00 | Jinu Rajeev |
| T.I.Poonen Mem. Prize for World History | 200.00 | Bindu P S |
| Dr.A.K.Baby Memorial Scholarship | 500.00 | Sony C Raghavan |
| Dr.A.K.Baby Memorial Scholarship | 500.00 | P C Jaiju |
| *Psychology:* | | |
| K.Jacob Memorial Prize | 200.00 | S a n d y |
| Chandrasekharan | | |
| K Jacob Memorial Scholarship | 160.00 | Reni Ravi |
| Dr.V.K.Alexander Memorial Prize | 75.00 | Anju Anna John |
| *Zoology:* | | |
| Prof.N.C.Chacko Endowment Prize | 500.00 | Nitha Thampi |
| *Physics:* | | |
| P.G.Kesavan Potti End. Scholarship | 500.00 | Shanthi A |
| D.Sunil Memorial Prize | 400.00 | Manju U |
| K.Govindankutty Menon End. Scholarship | 250.00 | Geetha K |
| | 250.00 | Rajesh R |
| T.B.Thomas Prize for MSc Physics | 150.00 | Neena P |
| T.B.Thomas Prize for BSc Physics | 250.00 | Geetha K |
| T.B.Ninan Prize for BSc Physics | 200.00 | * |
| Dr.P.M.Mathai End. Scholarship | 500.00 | * |
| *Botany:* | | |
| T.C.Joseph Prize | 100.00 | Sumitha P V |
| Dr.Joyce Mathew End.Prize | 400.00 | Tessy Jose |
| Dr.Kuruvilla Memorial Prize | 1000.00 | Tessy Jose |
| Dr.Kuruvilla End. Prize | | Tessy Jose |
| T.C.Joseph Endowment Prize | 400.00 | * |
| Dr.O.M.Mathen Prize | 350.00 | * |
| Dr.G. Velayudhan Thampi End. Prize | 400.00 | Meena K Cheruvathur |
| *Chemistry:* | | |
| T.R.Anatharaman Prize | 140.00 | Jayaraj N C |
| Mrs.Sheshammal Anantharaman Prize | 100.00 | Mary Sony |
| Dr.A.M.Chacko End.Prize | 1000.00 | Elizabeth Joseph |
| Dr.Ramachandran Nair End.Sch | 1000.00 | |
| Do | 1000.00 | |
| Do | 1000.00 | |
| Do | 1000.00 | |
| Do | 1000.00 | |
| M.A.Krishnakumar Mem.End. scholarship | 750.00 | |
| *Malayalam:* | | |
| Prof. Kuttipuzha Krishnapillai End.Prize | 1000.00 | Thahira Beevi P A |
| Do (Chechamma) | 200.00 | * |

| | | |
|---|---|---|
| Prof. Varghese IttiavirahPrize | 125.00 | Sr. Biji M P |
| D.P.Unni Memorial Prize | 100.00 | Assira Beevi K M |
| | 100.00 | Jayaraj N C |
| *Economics:* | | |
| M.M.Cherian Memorial Prize | 500.00 | A Shaila Beevi |
| M.M.Cherian Memorial Prize | 500.00 | Annie Thomas |
| Mrs.Baby Kakkunni Memorial Prize | 50.00 | Jayalakshmi G Nair |
| Dr.M.V.Kurian End.Prize | 400.00 | Jisha Rajan |
| Smt.Leela Menon Prize | 400.00 | * |
| *Hindi:* | | |
| Prof.P K Narayanan Menon Mem.Prize | 105.00 | * |
| *Mathematics:* | | |
| Alexander Marthoma End.Prize | 150.00 | Anupama M |
| T.S.Venkataraman Mem.Prize | 100.00 | Indu Puthenveettil |
| Prof.C.P.Achuthan Pillai Mem.Prize | 500.00 | Shiby Joseph |
| Kakkunni Memorial Prize | 50.00 | Anupama M |
| T.S.Venkataraman Mem.Prize | 200.00 | Manju K Menon |
| K.P.Mathew End.Prize | 500.00 | * |
| *Physical Education:* | | |
| *Physical Education:* | | |
| T.B.Thomas Prize | 100.00 | Muhammed Amjad V A |
| C.P.Andrews Memorial Prize | 100.00 | Ajesh P B |
| C.P.Andrews Memorial Prize | 100.00 | Kavitha C |
| Prof.C.G.Varghese End. Sports Scholarship | 100.00 | Ajesh P B |
| *Pre-Degree:* | | |
| Jeevan Mathew Memorial Prize | 100.00 | * |
| M.Thommen Memorial Prizes | 300.00 | Ramesh K R |
| | | Siyad C A |
| | | Jinu Rajeev P |
| Bobby John Varghese Memorial | 500.00 | * |
| Bobby John Varghese Memorial | 400.00 | * |
| Ajoy Joseph Memorial Endowment | 500.00 | * |
| *General:* | | |
| Boobilee Scholarship | 235.00 | Somy John |
| Kunchiamma Mem.Scholarship | 525.00 | Sunitha R |
| Lekshmykutty Amma | 500.00 | Ranesh Joy |
